5. *a)* അതു എനിക്കു ഇല്ല. *b)* അവന്നു വിട്ടു (കാണാതെ) പോയി (lost it); *c)* എനിക്കു മാർഗ്ഗം ഉപദേശിച്ചു he taught me the way; സങ്കടം അവർക്കു തീർക്ക. In these examples the Dative expresses *Authority*, *Ownership*, or has Genitive meaning. This is also the reason why we say അവന്നു ലഭിച്ചു, സാധിച്ചു (succeed), കിട്ടി, അറിഞ്ഞു (see § 103. 126), മറന്നു (forgot); എനിക്കു പാടുണ്ടു (see § 107) etc.

As to the Postpositions in general construed with the Dative Case see § 220.

## Exercise 1.

Where is the gardener? He has gone to repair the hedge. Which plants will he take for that? I suppose he simply plants in some new Arippu (American wild sage, *Lantana aculeatà*), and shoeflowers; as to creepers, they will grow without special care. Tell him to tar all the sticks, else the white ants will have them eaten up ere long. Where shall I dig the holes for these young cocoanut-trees? Dig the holes there and cover them properly. Go down to the judge's house and ask for some cuttings. From which trees? I would like to get some from mango-trees and jack-trees. Our plantains grow very nicely; it seems their time to bear fruit is near. Gardener! are there country beans in this garden? Pluck some of them and bring them here. See that the mud-wall, round our garden, is properly made, every night wild pigs and porcupines come in, dig out the potatoes and do much mischief amongst all the shrubs and flowers. Do you see that monkey climbing up

the stem of a tree? In case he reaches the top of that tree the swarm of bees up there will attack him and sting him dreadfully. As he did not take care, he has to suffer all this now. Do not expose yourself to the sun without an umbrella. Going out with my father I always take an umbrella. As it is so hot this year, a great many of our young trees will wither away. Look at that rose bush, how many buds are there! I am at a loss to count them. To-morrow morning 5 of them will be open. What a delicious scent; That mango-tree stands there full of fruits. That is a very sweet kind of fruit. Is it not marvellous how the root, the stump of the tree, its stem, branches, leaves, sprouts, blossoms and fruits all these spring up from a little seed! Let us take a little rest under the shade of that Casuarina.

*Translation.*

തോട്ടക്കാരൻ എവിടേ? അവൻ ആ വേലിയെ നന്നാക്കുവാനായിട്ടു പോയി. അതിന്നായി അവൻ ഏതു മാതിരി ചെടികൾ ഉപയോഗിക്കും? അവൻ ചില പുതിയ അരിപ്പൂക്കളും ചെമ്പരത്തികളും മാത്രം നടും എന്നു എനിക്കു തോന്നുന്നു; വള്ളികൾ പ്രത്യേകമായ പണി കൂടാതെ തന്നാലേ വളരും. നാട്ടുകൾ ഒക്കെയും താർകൊണ്ടു തേപ്പാനായി അവനോടു പറ; അല്ലെങ്കിൽ ചിതല്കൾ വന്നു അല്പസമയം കഴിഞ്ഞശേഷം എല്ലാം നശിപ്പിക്കും. തെങ്ങിന്റെ തൈകൾക്കായി ഞാൻ എവിടേ കുഴികളെ കുഴിക്കേണം? അവയെ അവ്വിടത്തു തന്നേ കുഴിച്ചു നല്ലവണ്ണം മൂടേണം. നീ ന്യായാധിപതിയുടെ വീട്ടിൽ ചെന്നു മരത്തിന്റെ ചില കൊമ്പുകളെ ചോദിക്ക! ഏതു മരങ്ങളിൽനിന്നു അവയെ എടുക്കേണം? മാവിൽനിന്നും പിലാവിൽനിന്നും ചിലതു കിട്ടുവാൻ എനിക്കു ഇഷ്ടം. നമ്മുടെ വാഴകൾ നല്ലവണ്ണം വളരുന്നു, കുലെപ്പാൻ കാലം അടുത്തിരിക്കുന്നു എന്നു തോന്നുന്നു. തോട്ടക്കാരാ! ഈ തോട്ടത്തിൽ അവര ഉണ്ടോ? ചിലവ പറിച്ചു കൊണ്ടു വാ! നമ്മുടെ തോട്ടത്തിന്റെ ചുററിലുമുള്ള കിള അവർ നന്നാക്കിയോ എന്നു നോക്ക! എല്ലാ രാത്രിയും കാട്ടുപന്നികളും മുള്ളന്മാരും അകത്തു വന്നു കിഴങ്ങുകളെ കിളെച്ചു ചെടികളിലും പൂക്കളിലും വളരേ ചേതം വരുത്തുന്നു. മരത്തിന്റെ തണ്ടിന്മേൽ മേലോട്ടു കയറുന്ന ആ കുരങ്ങിനെ കാണുന്നുവോ? അതു മരത്തിന്റെ മുകളിൽ എത്തിയാൽ (§ 129) അവിടേയുള്ള തേനീച്ചക്കൂട്ടം അതിനെ അതിക്രമിച്ചു ഭയങ്കരമായി കടിക്കും. അതു സൂക്ഷിച്ചില്ല, അതുകൊണ്ടു ഇപ്പോൾ ഇതൊക്കെയും സഹിക്കേണ്ടി വന്നു. കുട കൂടാതെ വെയിലിൽ പോകരുതു! അച്ഛനോടു കൂടേ പോകുന്ന സമയത്തു ഞാൻ എപ്പോഴും ഒരു കുട എടുക്കുന്നു. ഈ കൊല്ലത്തിൽ ഇത്ര ഉഷ്ണം ഉണ്ടാകകൊണ്ടു നമ്മുടെ തൈകളിൽ പലവ ഉണങ്ങി പോകും. പനിനീർപ്പുഷ്പത്തിന്റെ ആ ചെടിയെ നോക്ക, അതിൽ എത്ര മൊട്ടുകൾ ഉണ്ടു! അവ എനിക്കു എണ്ണിക്കൂടാ. നാളെ രാവിലേ ഇവയിൽ അഞ്ചു മൊട്ടു വിടൎന്നിരിക്കും. എത്ര വിശേഷമായ ഒരു വാസന! ആ മാവു നിറെച്ചു കാച്ചിരിക്കുന്നു. അതു വളരേ മധുരമുള്ള ഒരു ഫലമാകുന്നു. മരത്തിന്റെ വേരും മുരടും തണ്ടും കൊമ്പും ചില്ലും തളിരും പൂവും കായും എല്ലാം ചെറിയ ഒരു വിത്തിൽനിന്നു ഉത്ഭവിക്കുന്നതു എന്തൊരു ആശ്ചര്യം! (ആശ്ചര്യമല്ലയോ? or ആശ്ചര്യമുള്ളതല്ലയോ?) ആ ചവോക്കിന്റെ തണലിൽ നാം ഒരല്പം സുഖം എടുക്ക!

## Exercise 2.

*Plants and their parts.*

| | |
|---|---|
| Plant; Tree | ചെടി (സസ്യം); മരം, വൃക്ഷം. |
| Root; to root; uproot | വേർ; വേരൂന്നുക, വേർ പിടിക്ക, വേർ ഇടുക; വേരോടു കൂടേ പറിച്ചെടുക്ക (ഉന്മൂലം ചെയ്ക). |
| Stem; under the tree; trunk of a tree | തണ്ടു, മരക്കാൽ; വൃക്ഷത്തിന്റെ ചുവട്ടിൽ; തായ്മരം. |
| Stump; to dig out a stump | മുരടു; മുരടു പൊരിക്ക. |
| Leaves; to grow green | ഇലകൾ, ചപ്പുകൾ; പച്ചലിക്ക. |
| Leaves or fruits dropping | കൊഴിയുക (ഉതിരുക). |
| Flower; flower leaf | പൂ, പുഷ്പം; ഇതൾ. |
| Fruit; Harvest | കായി, ഫലം, പഴം; കൊയ്ത്തു. |
| Fruit to ripen; corn to ripen | മൂക്കുന്നു, പഴുക്കുന്നു, പഴുത്തു; വിളയുക *f. e.* വിളഞ്ഞ നെല്ലു. |
| Kernel; stone of mango; young fruit just set | കുരു; അണ്ടി; പിഞ്ചു. |
| Seed; to sow; to plant | വിത്തു (കുരു); വിതെക്ക, (വാളുക); നടുക (നട്ടു). |
| Tubercle or bulb | കിഴങ്ങു. |
| Bark; outer bark; pith | തോൽ (തൊലി); മൊരി; കാതൽ (കാമ്പു). |
| Germ; bud; shoot | മുള (മുളക്കുന്നു); മൊട്ടു; തളിർ (തളിൎക്ക). |
| Fibres of a leaf | നാർ (ഞരമ്പു). |
| Calyx; Pollen; Anthers and Stamen | മൊത്തി; പരാഗം (പൂമ്പൊടി, പൂമ്പരാഗം); അല്ലി. |
| To blossom; flower-bunch | പുഷ്പിക്ക (പൂക്കുന്നു); പൂങ്കുരൽ (പൂന്തൊത്തു). |
| The male of plants | പൂവൻ. |
| Inward decay of trees | പൂതൽ (പൂതലിക്ക). |
| To bear fruit | കായ്ക്കുന്നു (കാച്ചു, കാച്ചക്കായി ripe fruit). |
| Vegetables; Greens | കായ്കറി; ചീര. |
| A nursury of palm plants | തേങ്ങാ പാകുന്ന സ്ഥലം. |

*For Names of Plants see Appendix!*

87. നീ എന്റെ കല്പന അനുസരിക്കാതെ പട്ടണത്തിലേക്കു പോയതുകൊണ്ടു ശിക്ഷിക്കപ്പെടും as you went to the town without my permission, you shall be punished.

88. കാപ്പിപ്പണിയെ കുറിച്ചു ഒന്നും അറിയാത്ത ഒരാൾ ഇങ്ങോട്ടു വന്നതുകൊണ്ടു ഞാൻ അവന്നു പണി കൊടുക്കാതെ വിട്ടയച്ചു as a man came here, who did not know anything about the management of coffee-works, I sent him away without giving him employment.

89. നീ എന്നെ ഒട്ടും സ്നേഹിക്കാത്തവൻ ആകകൊണ്ടു എപ്പോഴും എന്നിൽ സംശയം ഉണ്ടാകും as you are one who does not love me in the least, you will always mistrust me.

ഒട്ടും ഇല്ല not at all, not the least, not a moment (ഒട്ടു a little) എപ്പോഴും = എല്ലാപ്പോഴും.

90. നിങ്ങൾക്കു പതിനെട്ടു വയസ്സു മാത്രം ഉള്ളതുകൊണ്ടു അതു ചെയ്വാൻ നിങ്ങൾക്കു ശക്തി പോരാ as you are only 18 years of age, your strength is not sufficient to do that.

§118. Ex. 87. 89 show the *Negative form of the Adverbial Participle* (§76), *of the Adjective Participle* (§88) *and of the Personal Noun* (96). As to the Negative form of the Adverbial Participle (അനുസരിക്കാതെ) ആതെ is added to the Infinitive (ക്ക) of the Verb. Thus: സ്നേഹിക്കാതെ, വായിക്കാതെ etc. അവൻ എന്റെ അടുക്കൽ വരാതെ വേറെ കുട്ടികളോടു കളിച്ചു without coming to me he played with the other children. Verbs ending in ക (വരുക, ഓടുക, കഴിയുക, തുടങ്ങുക etc.) drop ക and join ആതെ to the crude form (old Infinitive). Like the Positive Adverbial Participle also the Negative one has a temporal or instrumental signification (or points out the mode, in which something has been done) and is followed by a finite Verb. This shows, that the Adverbial കൂടാതെ (§116) is only the Negative Adverbial Participle of കൂടുക used as an Adverb.

In ex. 88 we have the *Negative Adjective Participle* (അറിയാത്ത). In all these forms ആ indicates the Negation and instead of തെ here ത or ത്ത (more frequently) is added to the Negative Infinitive അറിയാ, വരാ, സ്നേഹിക്കാ, thus അറിയാത്ത, വരാത്ത, സ്നേഹിക്കാത്ത. In English this Participle corresponds to the Participle (സ്നേഹിക്കാത്ത ഒരു അച്ഛൻ not loving a father) or to an Adjective clause (വേദപുസ്തകം വായിക്കാത്ത മനുഷ്യൻ the man, who does not read the Bible).

Ex. 89 introduces the *Negative Personal Noun* സ്നേഹിക്കാത്തവൻ. It is formed from the Adjective Participle by adding the Personal Pronoun അവൻ, അവൾ, അതു (thus: വായിക്കാത്തവൻ, അറിയാത്തവൻ, ചെയ്യാത്തതു; plural വായിക്കാത്തവർ, ചെയ്യാത്തവർ). Of course also the Negative Participial Noun can be declined and is rendered in English by a Negative Participle with a Noun (a man not loving), or by an Adjective clause containing "not" (she, who does not know).

§119. പോരാ (ex. 90) is derived from പോരുക (പോരുന്നു, പോന്നു, പോരും) to come, go along, suit, suffice. പോരാ like കൂടാ is the Negative Future (പോരും, കൂടും), and means: does not suit, not suffice. So it is the contrary of മതി enough: *f. e.* അതു മതി, ഇനി ഒന്നും വേണ്ട it is enough, I do not want anything more; ഇതു ചെയ്വാൻ രണ്ടാൾ മതി to do this two men are sufficient.

§120. In ex. 87 we meet the first time with a *Passive Voice.* The Passive Voice is very seldom used in Malayalam especially in the North of Malabar. In translations from Sanskrit and English it is more frequently employed. To express a Passive the Auxiliary Verb പെടുക (പെടുന്നു, പെട്ടു, പെടും) is employed. This is affixed to the Infinitive of the Active Verb. Thus: സ്നേഹിക്കപ്പെടുക, കൊടുക്കപ്പെടുക, രക്ഷിക്ക

പ്പെടുക, അറിയപ്പെടുക, കൊല്ലപ്പെടുക (Infinitive കൊല്ല to be killed). The Passive will be conjugated like the Active Verb. Thus: സ്നേഹിക്കപ്പെടുന്നു (Present Tense), സ്നേഹിക്കപ്പെട്ടു (Past Tense), സ്നേഹിക്കപ്പെടും (Future Tense).

## EXERCISE 1.

*Passive Voice.*

| | |
|---|---|
| *Pres. Tense* | ഞാൻ സ്നേഹിക്കപ്പെടുന്നു I am loved. |
| *Past* „ | „ സ്നേഹിക്കപ്പെട്ടു I was loved. |
| *Perf.* „ | „ സ്നേഹിക്കപ്പെട്ടിരിക്കുന്നു I have been loved. |
| *Plupf.* „ | „ സ്നേഹിക്കപ്പെട്ടിരുന്നു I had been loved. |
| *Fut.* „ | „ സ്നേഹിക്കപ്പെടും I shall be loved. |
| *Adv. Part. Past* | സ്നേഹിക്കപ്പെട്ടു having been loved. |
| *Adv. Part. Fut.* | സ്നേഹിക്കപ്പെടുവാൻ for to be loved. |
| *Adv. Part. Pres.* | സ്നേഹിക്കപ്പെടുന്ന being loved. |
| „ „ *Past* | സ്നേഹിക്കപ്പെട്ട having been loved. |
| „ „ *Fut.* | സ്നേഹിക്കപ്പെടും will have been loved. |
| *Pers. Noun Pres.* | സ്നേഹിക്കപ്പെടുന്നവൻ, —ൾ, —തു one being loved. |
| *Pers. Noun Past* | സ്നേഹിക്കപ്പെട്ടവൻ, —ൾ, —തു one having been loved. |
| *Progressive* | സ്നേഹിക്കപ്പെടുന്നുണ്ടു (സ്നേഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നു etc.) |
| *Potential Pres.* | സ്നേഹിക്കപ്പെടുവാൻ കഴിയുന്നു. |
| „ *Past.* | „ കഴിഞ്ഞു. |
| „ *Fut.* | „ കഴിയും. |
| (*Permission*) | സ്നേഹിക്കപ്പെടാം it may be loved. |
| *Necessity* | സ്നേഹിക്കപ്പെടേണം must be loved. |
| | സ്നേഹിക്കപ്പെടേണ്ടു ought to be loved. |
| *Inf.* | സ്നേഹിക്കപ്പെടുക to be loved. |
| *Imp. I.* | സ്നേഹിക്കപ്പെടുക be loved. |
| „ *II.* | സ്നേഹിക്കപ്പെടുവിൻ be you loved. |
| „ *III.* | സ്നേഹിക്കപ്പെടട്ടെ he, they shall be loved. |
| *Prohibition I.* | സ്നേഹിക്കപ്പെടേണ്ടാ shall not be loved. |
| „ *II.* | സ്നേഹിക്കപ്പെടരുതു (—പ്പെടൊല്ലാ etc.) |

[*Negat. Adv. Part. Past.* സ്നേഹിക്കപ്പെടാതെ.
„ „ „ *Fut.* (സ്നേഹിക്കപ്പെടായ്വാൻ).
„ *Adj. Part. Pres.* (സ്നേഹിക്കപ്പെടായുന്ന).
„ „ „ *Past.* സ്നേഹിക്കപ്പെടാത്ത.
„ „ „ *Fut.* (സ്നേഹിക്കപ്പെടായും).
„ *Personal Noun* സ്നേഹിക്കപ്പെടാത്തവൻ —ൾ —തു. etc. see § 118. 124.]

## EXERCISE 2.

Where do you go to? I go to school. You are very late, I think. I left my house without having taken my breakfast. At what time do you take your breakfast? At

10 o'clock. I suppose, one who goes to school without having taken his breakfast, will not learn too much. I took something, but it was not sufficient. After the lessons are finished, you will be very hungry (I am hungry = എനിക്ക വിശക്കുന്നു വിശന്നു or എനിക്ക വിശപ്പുണ്ടു). A young man (ബാല്യക്കാരൻ) who studies earnestly is able to endure that. May I give you something? (വല്ലതും). No, I do not like (that) at all. Now I must go. Yesterday having come to school too late, the schoolmaster was very angry with me. Did you get a beating? No, we never get corporal punishment. It was not so in my time. Once having come to school too late, I got a very severe flogging. Now get off quickly! Alas I am afraid I shall be too late, what shall I do then!

*Translation.*

നീ എവിടേക്ക പോകുന്നു? ഞാൻ എഴുത്തുപള്ളിയിലേക്ക പോകുന്നു. നീ വളരേ താമസിച്ചുപോയി എന്നു എനിക്ക തോന്നുന്നു. ഞാൻ മുത്താഴം കഴിക്കാതെ (വീട്ടിൽനിന്നു) പോന്നു (പോരുക). ഏതുസമയം നീ മുത്താഴം കഴിക്കുന്നു? രാവിലേ പത്തുമണിക്ക തന്നേ. മുത്താഴം കഴിക്കാതെ എഴുത്തുപള്ളിയിലേക്ക പോകുന്നവൻ അവിടേനിന്നു വളരേ പഠിക്കയില്ല എന്നു ഞാൻ വിചാരിക്കുന്നു. ഞാൻ ഒരല്പം കഴിച്ചു എങ്കിലും അതു പോരാതെ പോയി. പാഠം കഴിഞ്ഞ ശേഷം നിണക്ക വളരേ വിശക്കും. ഉത്സാഹത്തോടേ പഠിക്കുന്ന ഒരു ബാല്യക്കാരന്നു അതു സഹിപ്പാൻ കഴിയും. ഞാൻ നിണക്ക വല്ലതും തരാമോ? (§ 111). എനിക്ക അശേഷം ഇഷ്ടമില്ല. ഞാൻ ഇപ്പോൾ പോകേണ്ടതു. ഞാൻ ഇന്നലേ എഴുത്തുപള്ളിയിൽ താമസിച്ചു ചെന്നതുകൊണ്ടു ഗുരുനാഥൻ എന്റെ നേരേ വളരേ കോപിച്ചു. നിണക്ക അടികിട്ടിയോ? ഇല്ല, ഞങ്ങൾക്ക ഒരിക്കലും അടി കിട്ടുകയില്ല. എന്റെ കാലത്തു അങ്ങിനേ അല്ലായിരുന്നു (or ആയിരുന്നില്ല). ഞാൻ ഒരിക്കൽ എഴുത്തുപള്ളിക്ക താമസിച്ചു പോയതുകൊണ്ടു കഠിനമായ അടികൊണ്ടിരിക്കുന്നു. ഇപ്പോൾ വേഗം പോയിക്കൊൾക! (see § 202). അയ്യോ ഞാൻ താമസിച്ചു പോകും എന്നു ഭയപ്പെടുന്നു; പിന്നേ ഞാൻ എന്തു ചെയ്യും!

## Exercise 3.

ഒരു ഗ്രാമത്തിൽ[1)] രണ്ടു ചെറുക്കന്മാർ[2)] ഉണ്ടായിരുന്നു. അവരിൽ ഒരുവൻ വിവേകി[3)] മറെറവൻ അവിവേകി[3)]. ഒരു നാൾ ആ ചെറുക്കന്മാർ ഒരു തോട്ടത്തിലേക്ക പോയി. അവിടേ അവൎക്ക ഒരു തേങ്ങ കിട്ടി. ബുദ്ധിയുള്ളവൻ[4)] അതിനെ ഉടെച്ചു[5)], ഉള്ളിൽ[6)] ഉണ്ടായിരുന്നതെല്ലാം[7)] താൻ[8)] തിന്നു, ചിരട്ട ബുദ്ധിയില്ലാത്തവന്നു[9)] കൊടുത്തു. അവൻ ഒരു കഷണം[10)] വായിൽ ഇട്ടാറെ അതു കല്ലുപോലേ കട്ടിയായിരുന്നു[11)]. അപ്പോൾ തന്റെ സ്നേഹിതൻ തന്നെ ചതിച്ചു[12)] എന്നു അറിഞ്ഞു. ഇനി എപ്പോൾ എങ്കിലും[13)] ഇങ്ങിനേ തഞ്ചം[14)] വരുമ്പോൾ അവൻ ചെയ്തു പോലേ ചെയ്യേണം എന്നു നിശ്ചയിച്ചു. പിന്നേ കുറയ നാൾ കഴിഞ്ഞ ശേഷം അവൎക്കിരുപേൎക്കും[15)] കൂടേ[16)] ഒരു മാങ്ങ കിട്ടി. അപ്പോൾ ആ ബുദ്ധിയില്ലാത്തവൻ മറേറവൻ[17)] ചെയ്തതിന്നു പകരം[18)] ചെയ്യേണം എന്നു വെച്ചു[19)] ബുദ്ധിമാനായ[20)] ചെറുക്കനെ നോക്കി "എനിക്ക അകത്തുള്ളതു[21)] തന്നു പുറത്തുള്ളതെല്ലാം[21)] നീ എടുക്കേണം" എ

1) Village. 2) Boy. 3) Judicious, അ = not (privative). 4) ബുദ്ധി + ഉള്ള (Adj. Part.) + അവൻ, see § 96. 5) ഉടെക്കുന്നു to break. 6) ഉള്ളു inside. 7) ഉണ്ടായിരിക്കുന്നതു + എല്ലാം (all what is inside). 8) Himself. 9) See § 118. 10) A piece. 11) കട്ടിയായി hard. 12) Deceive. 13) എപ്പോൾ എങ്കിലും whensoever. 14) Opportunity. 15) അവൎക്ക + ഇരു (2) + പേൎക്ക; പേർ here = individuals. 16) See § 116. 17) The other. 18) In return; in

ന്നു പറഞ്ഞു. അപ്പോൾ അവൻ സന്തോഷിച്ചു നല്ലതു എന്നു വെച്ചു[19], പുറത്തെ (പുറത്തുള്ള) മാംസം[22] എല്ലാം താൻ തിന്നു ബുദ്ധിഹീനനായ[23] തന്റെ ചങ്ങാതിക്കു[24] അകത്തെ അണ്ടി[25] കൊടുത്തു. അതുകൊണ്ടു ബുദ്ധിയില്ലാത്തവർ പലപ്പോഴും തങ്ങളെ തന്നേ ചതിക്കുന്നു.

---

# Thirteenth Lesson.

## Reason or Cause (*II. Part*).

91. ഇടവിടാതെ കള്ളു കുടിക്കുന്നതിനാൽ നിങ്ങൾ ഒടുക്കം നശിച്ചുപോകും in drinking toddy continually you will be ruined at last.

ഇടവിടുക = to be interrupted.

92. അവർ ഇരുവർ ദിവസേന പെരുത്തു പ്രയത്നം ചെയ്കതിനാൽ ധനവാന്മാരായി തീൎന്നു greatly exerting themselves every day both of them became rich men. (Indem die Beiden.)

ധനവാന്മാരായി = ധനവാന്മാർ + ആയി.

93. ഈ ആൾ എല്ലായ്പോഴും അനുസരിക്കാതെ ഇരുന്നതിനാൽ ഏററവും ദരിദ്രനായ്പോയി by continual disobedience this man has become very poor. (Durch nicht gehorchen.)

§ 121. *The Instrumental Case* (§ 73) may also be employed in connexion with the Participial Noun (*cf.* the Preposition "by" or "in" before a Participle in English). "Instrument" and "Reason" or "Condition" are similar notions, and so in changing the instrumental phrases above into subordinate clauses, we have to begin with "because" ("weil" and "indem"). Thus the Instrumental Particle ആൽ may also be employed to indicate a Reason (ex. 85. 86. § 113). In the same manner, in which the Instrumental Case of the Participial Noun is formed all the remaining cases can be employed: കുടിക്കുന്നതിനെ, കുടിക്കുന്നതിന്നു, കുടിക്കുന്നതിന്റെ, കുടിക്കുന്നതിൽ(നിന്നു), കുടിക്കുന്നതോടു, കുടിക്കുന്നതിന്നു പകരം, കുടിക്കുന്നതിൻ നിമിത്തം, കുടിക്കുന്നതിന്നു മുമ്പേ.

We sum up, what we have come to know about the *Instrumental Case* (തൃതീയ).

1. നാം കണ്ണാലേ കാണുന്നു, ചെവിയാലേ കേൾക്കുന്നു (oculis videmus, auribus audimus). സ്നേഹത്താലല്ല വാളാലേ തന്റെ ശത്രുക്കളെ ജയിച്ചു not by love by the sword only he conquered his enemies. This is the Instrumental expressed in English by "with", "by", "by means", "through" (in German "mit", "mittelst", "durch").

---

exchange with Dat. 19) See § 114 as much as വിചാരിച്ചു (thought) here. 20) Wise, intelligent. 21) അകത്തു ഉള്ളതു see § 118; അകത്തു inside; പുറത്തു outside; inflected form: അകത്തുള്ള or അകത്തെ. 22) Flesh. 23) ബുദ്ധിയില്ലാത്തവൻ, see § 187. 24) Friend. 25) The stone of a mango.

2. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഈ ഭൂമിയിൽ പാൎപ്പാൻ ഞാൻ അയോഗ്യൻ I am unworthy to live upon this earth created by God. The "author of an action" in a sentence, with the Predicate in the Passive Voice, takes the Instrumental Case (Engl. "by", German "von", Greek ὑπό and πρός with Genitive or Dative. *Bonus* discipulus laudatur *a* praeceptoribus). As to Passive see § 120.

3. ഇനി മേലാൽ ഞാൻ അതിനെ നോക്കും in future I shall look after that. എന്റെ പിന്നാലേ വാ follow me. In some phrases (പിന്നാലേ, മേലാൽ, ക്രമത്താലേ) the Instrumental shows the character of a Locative (പിമ്പിൽ, മേലിൽ) or stands in the place of an Adverb of Manner (ക്രമപ്രകാരം).

4. ആശാരി ഈ മേശ ജാതിമരത്താൽ ഉണ്ടാക്കി. Instrumental denoting the material, of which something is made (English "of"; German "von" or "aus"; Lat. Ablative; Greek Genitive). But കൊണ്ടു with Accusative or Nominative is more generally used.

§ 122. In ex. 65. 91. 93. we met the first time with *the Auxiliary Verb* പോക, which cannot always be translated by "to go". In general it indicates, that the action has been perfected in the Past Tense, so that it is something like ഇരിക്കുന്നു forming a Perfect. In മരിച്ചുപോയി, നശിച്ചുപോയി the word indicates, that the action has taken place or will take place without our control, so that we are at a loss to alter anything in the matter. After ആയി it is very similar to തീരുക (ex. 92. § 87), only that തീരുക seems to indicate an "unfolding", "coming into existence", പോക the accomplishment of the action.

ആയിപ്പോയി it is finished, it is done.
ആയിത്തീൎന്നു it became, came to existence.

## Exercise.

*Dwellings.*

From what do people build their houses in this country? They use mud, stones and chunam. As to the timber they take Teak, Irul (a red timber, Dalbergia Sisu), the Jack-tree and Ayini. The verandah and the porch in front of this house make it look very pretty. How do you call the house of a Brahman and of a king? The house of a Brahman we call Illam and that of a king Kōvilagam. The house of a Pariah is a Chēri, the Cheruman lives in a Chāḷa. The blacksmith, the goldsmith, the carpenter, the weaver and the toddy-drawer inhabit a Pura or Kuṭi; the temple-servant resides in a Vāriyam (Pishāram or Pumaṭham), the ordinary Nāyar in a Vīṭu (or Bhavanam), the man in authority of his caste dwells in a Iṭam. The Brahman lives in a Illam. Nambūtiris call their houses also Mana. The Nambūtiri is at home. Tell the sweeper to clean the gateway and the front-yard. The main building is called Paḍiṅṅāťťappura. It must face the rising

sun. How are the three rooms in a native-house called? Vaṭakkina, Tekkina and Paḍiṅńāťťa. The Chāypu is a small room behind these. Take care, else his hand will be squeezed in the hinge of that door.

*Translation.*

ഈ ദേശത്തിൽ ആളുകൾ തങ്ങളുടെ വീടുകളെ ഏതിനെക്കൊണ്ടു പണിയിക്കുന്നു? മൺകൊണ്ടും കൽകൊണ്ടും കുമ്മായംകൊണ്ടും തന്നേ. മരമായി അവർ തേക്കിനെയും ഇരുവിളി (ഇരുളി)നെയും പിലാവിനെയും ആയിനിയെയും എടുക്കുന്നു. ഈ വീട്ടിന്നു കോലായും പൂമുഖവും ഉണ്ടാകുന്നതിനാൽ അതു കാഴ്ചെക്കു എത്രയോ നല്ലതു. ഒരു ബ്രാഹ്മണന്റെ വീട്ടിന്നും രാജാവിന്റെ പാൎപ്പിടത്തിന്നും പേർ എന്തു? ബ്രാഹ്മണന്റെ വീട്ടിന്നു ഇല്ലം, രാജാവിന്റെ വാസസ്ഥലത്തിന്നു കോവിലകം എന്നു നാം പറയുന്നു. ഒരു പറയന്റെ പാൎപ്പിടം ചേരി ആകുന്നു; ചെറുമൻ ചാളയിൽ പാൎക്കുന്നു. കൊല്ലനും (കരുവാൻ) തട്ടാനും ആശാരിയും ചാല്യനും തീയനും പുരയിലോ കുടിയിലോ വസിക്കുന്നു; അമ്പലവാസി (വാരിയൻ) വാരിയത്തിലും (പിഷാരം അഥവാ പൂമഠം), സാധാരണ നായർ ഒരു വീട്ടിലും (അഥവാ ഭവനം), സ്ഥാനികനായ നായർ ഇടത്തിലും, ബ്രാഹ്മണൻ ഇല്ലത്തിലും പാൎക്കുന്നു. നമ്പൂതിരിമാർ തങ്ങളുടെ വീടുകളെ മന എന്നു പറയുന്നു. നമ്പൂതിരി മനയിലുണ്ടു. അടിച്ചുവാരുന്നവനോടു പടിവാതിൽവഴിയും മുററവും അടിച്ചുവാരുവാൻ പറക. വീട്ടിന്റെ വലിയ എടുപ്പിന്നു പടിഞ്ഞാററപ്പുര എന്നു പേർ. അതിന്റെ മുഖം സൂൎയ്യോദയത്തിന്നു നേരേ ആയിരിക്കേണം. ഒരു നാട്ടുകാരന്റെ വീട്ടിലേ മൂന്നു മുറികളുടെ പേരുകൾ ഏവ? വടക്കിനി, തെക്കിനി, പടിഞ്ഞാററ. ഇവററിന്നു പിമ്പിലുള്ള ഒരു ചെറിയ മുറി ചായ്പാകുന്നു. സൂക്ഷിക്ക! അല്ലെങ്കിൽ അവന്റെ കൈ ആ വാതിലിന്റെ ഉരൽക്കുററിയിൽ കുടുങ്ങി (get in) ഇറുങ്ങിപ്പോകും.

## Exercise 2.

### *Church and School.*

### *a.* Church.

| | |
|---|---|
| Church | പള്ളി, ദൈവാലയം. |
| To ring the bell | മണി അടിക്ക (മുട്ടുക). |
| Public worship | പരസ്യമായ ആരാധന, പൊതു ആരാധന. |
| Pulpit | പ്രസംഗപീഠം. |
| Divine Service | ദൈവാരാധന. |
| The Lord's Supper | തിരുവത്താഴം, രാത്രിഭോജനം (—കഴിക്ക, —കൊണ്ടാടുക). |
| Baptism (to baptize, be baptized) | സ്നാനം, (സ്നാനം കൊടുക്ക, —ഏല്ക്ക). |
| Prayer | പ്രാൎത്ഥന, (പ്രാൎത്ഥിക്ക, പ്രാൎത്ഥന കഴിക്ക). |
| Let us pray | നാം പ്രാൎത്ഥിക്ക. |
| Hymn; verse; to sing a hymn | പാട്ടു, ഗീതം; ശ്ലോകം; പാട്ടുപാടുക. |
| Sermon | പ്രസംഗം, (പ്രസംഗം കഴിക്ക to preach). |
| Text | ആധാരവചനം. |
| Sexton | പള്ളിമൂപ്പൻ. |
| To take the collection | ശേഖരം പിരിപ്പിക്ക. |
| Marriage | വിവാഹം, കല്യാണം, (വിവാഹാചാരം). |
| Funeral; coffin | ശവസംസ്കാരം; ശവപ്പെട്ടി. |
| Cemetery; tomb | ശ്മശാനസ്ഥലം; കല്ലറ. |

| | |
|---|---|
| To dig a grave | ശവക്കുഴി കുഴിക്ക. |
| To bury somebody | കുഴിച്ചിടുക, അടക്കം ചെയ്ക. |
| Benediction (at the end of service) | ആശീർവ്വാദം, അനുഗ്രഹം. |
| To kneel down | മുട്ടുകുത്തുക. |
| Elders of the church; Presbytery | സഭാമൂപ്പന്മാർ; മൂപ്പയോഗം (മൂപ്പയോഗം കൂടുന്നു the Presbytery meets). |
| Reading lesson | വേദപാഠം (വേദവായന). |
| To excommunicate; Church discipline | സഭാഭ്രഷ്ടനാക്കുക; സഭാശിക്ഷ. |
| Catechisation | ബാലോപദേശം. |

*b*. School.

| | |
|---|---|
| Black board | കറുത്ത എഴുത്തുപലക. |
| Schoolmaster | ഗുരുനാഥൻ, എഴുത്തച്ഛൻ, (ഗുരിക്കൾ). |
| To make one write and read | എഴുതിക്കയും വായിപ്പിക്കയും ചെയ്ക. |
| Copy this lesson | ഈ പാഠം പകർക്ക. |
| Commit it to memory | മനഃപാഠം ചെയ്ക, മുഖപാഠം ആക്ക. |
| Stand! Sit down! | നില്ക്ക; ഇരിക്ക! |
| Be quiet | മിണ്ടാതിരിക്ക, മൌനമായിരിക്ക, അടങ്ങിയിരിക്ക. |
| Do not be idle | മടിയനാകരുതു, മടിവു കാണിക്കരുതു, മടിയനാകൊല്ലാ. |
| Map-drawing | പടം വരെക്ക. |
| Be attentive | ശ്രദ്ധയോടിരിക്ക, ശ്രദ്ധിക്ക. |
| Do not whisper into your neighbour's ear | നിന്റെ അയല്ക്കാരന്റെ ചെവിയിൽ മന്ത്രിക്കൊല്ലാ. |
| Bring pencil, paper, ink and pen | പെൻസിലും (ഇറുക്കോൽ), കടലാസ്സും, മഷിയും, തൂവലും കൊണ്ടു വാ. |

94. നീ അനുസരിക്കാത്തതു എന്തുകൊണ്ടു എന്നു അച്ഛൻ എന്നോടു ചോദിച്ചപ്പോൾ, നിങ്ങളുടെ കല്പന എനിക്കു ബോധിക്കായ്കകൊണ്ടു അനുസരിക്കാതെ ഇരുന്നതത്രേ എന്നു ഞാൻ ഉത്തരം പറഞ്ഞു when my father asked me, why do you not obey, I answered: Only because I could not understand what you meant.

95. ഇന്നലേ ഏഴു മണിക്കു പനി വിട്ടു മാറി എന്നു അമ്മ പറകയാൽ വൈദ്യൻ മുമ്പേ പറഞ്ഞ സമയം അതു തന്നേ എന്നു എല്ലാവരും അറിഞ്ഞു the mother said: "Yesterday at about 7 o'clock the fever became less and (he) recovered". From this everybody came to know, that this was just the time, of which the physician had spoken before.

96. എന്റെ രാജ്യത്തിൽ കൂടി പോകുന്ന സമയം നിന്നെ രക്ഷിക്കേണ്ടതിന്നു ആവശ്യപ്പെട്ടതെല്ലാം ഞാൻ ചെയ്യും എന്നു രാജാവു പറകകൊണ്ടു നീ ഭയപ്പെടുവാൻ ആവശ്യമില്ല whilst thou art passing through my kingdom I shall do anything necessary to save thee; such being the word of the king, you need not be afraid.

97. അവൻ പട്ടണത്തിൽ കൂടി നടക്കുന്നതിന്നിടയിൽ വീടുകളെ നോക്കി സംസാരിച്ചു സൂക്ഷിക്കായ്കയാൽ കാൽ തടഞ്ഞു വീണു പോയി talking and looking at all the houses as long as he walked through the streets (town), he was careless, stumbled and fell down.

നടക്കുന്നതിന്നിടയിൽ = നടക്കുന്നതിന്റെ (നടക്കുന്നതിൻ) + ഇടയിൽ; ഇട interval of time or space, occasion.

98. നേരം ഇനിയും അധികം ഉണ്ടാകയാലും നിങ്ങളുടെ സൌഖ്യക്കേടു നിമിത്തം പണി ചെയ്വാൻ കഴിയായ്കയാലും നമുക്കു വളരേ ദൂരത്തിൽ നടക്കാം as we have still more time before us and you, being ill, cannot do any work, we may walk to a further distance.

99. അവൻ ഒരു വെള്ളക്കാരനാകകൊണ്ടും അവന്നു ചെരിപ്പു ഉണ്ടാകകൊണ്ടും അവന്നു ഭസ്മക്കുറിയും കുടുമയും ഇല്ലായ്കകൊണ്ടും ആളുകൾ അവനെ നോക്കി ആശ്ചര്യപ്പെട്ടു being a European, wearing shoes, being without the sign of ashes (on the forehead) and the tuft of hair (worn as a caste distinction), people looked at him and wondered.

100. ഈ ആൾ ഒരു ധനവാൻ അല്ലായ്കയാലും അവന്നു ഭക്ഷണ പാനങ്ങൾ ഇല്ലായ്കയാലും അവൻ ജീവനെ രക്ഷിപ്പാൻ വേണ്ടി തനിക്കായി ഒരു വഴി അന്വേഷിക്കും as this man is not wealthy and has nothing to eat or to drink, he will seek for himself a way to save his life.

§ 123. Ex. 89. 90. 94—97 represent a new form of the Verb; it is called the *Verbal Noun*, bearing the double character of a Verb and of a Noun. It expresses an action, but is employed as a Noun (ആക, സൂക്ഷിക്ക, ബോധിക്ക, പറക). As to its form this Verbal Noun is identical with the Infinitive of the Verb. The examples show, that these Verbal Nouns are governed by a subject (അമ്മ ex. 95; അവൻ ex. 97; രാജാവു ex. 96; കള്ളൻ ex. 94), that they have even an object (എന്നെ ex. 95. ex. 96 എനിക്കു ex. 94) and so partake of the character of a Verb. They are rendered best in English by a finite Verb. Nevertheless they are considered to be Nouns in Malayalam, for by adding ആൽ or കൊണ്ടു we form Instrumental Cases (§ 73. Ex. 51). (For other cases see § 129 etc.) Thus: ഞാൻ ഈ പുസ്തകത്തെ വായിക്കയാൽ നിങ്ങൾക്കു തന്നു കൂടാ. Here we may see very clearly, that the Verbal Noun as a Verb has its subject (ഞാൻ) and its object (പുസ്തകത്തെ). still it is in the Instrumental Case.

§ 124. In § 118 we met with the Adverbial Participle (വരാതെ), the Adjective Participle (വരാത്ത) and the Participial Noun (വരാത്തവൻ) of the *Negative Verb*. All these forms are taken from the Negative Future (വരാ), which is used but seldom in colloquial language and poetry. To fill up the want of other forms and to enable us *to*

*conjugate the Negative Verb* the ending of the Present Tense ഉന്നു (formerly ഊന്നു) is affixed to the Future വരാം; (derived from a Second Future വരു). വരാം + ഉന്നു = വരായുന്നു I cannot come (Present Tense). The Negative Verb വരായുന്നു is conjugated according to the rule laid down in § 75; hence Past Tense വരാഞ്ഞു I did not come. In the next chapter we shall hear about other forms needed sometimes. Ex. 98—100 show the Infinitive or the *Verbal Noun of the Negative Noun* വരായ്ക, shortened into വരായ്കു. So also സൂക്ഷിക്കായ്കു, ബോധിക്കായ്കു, സ്നേഹിക്കായ്കു, അറിയായ്കു, കഴിയായ്കു, പറയായ്കു etc. As the Negative Verb of ആക is അല്ലാ (usually shortened into അല്ല), its Negative Verbal Noun is അല്ലായ്കു, and in the same manner the Negative Verbal Noun of ഉണ്ടു (ഉണ്ടാക) ഇല്ലായ്കു (ex. 99. 100).

§ 125. To express Cause or Reason കൊണ്ടു as well as ആൽ may be added to the Verbal Noun (ex. 94. 100). So again, what in English must be translated by an Adverbial clause is only an Instrumental Case in Malayalam (ആകയാൽ) or an Adverbial phrase formed by a Verbal Noun and an Adverbial Participle (ആകകൊണ്ടു). Ex. 97—100 show, that ആൽ and കൊണ്ടു may be used in exchange (just so in connexion with the Noun § 73). Still there is a slight difference: ആൽ especially points out an instrument (rendered in English: "by saying", "from that", ex. 94. 95, "in saying" etc. German: durch, indem er das sagt അതു പറകയാൽ), by which something has occurred or been done; കൊണ്ടു points at the reason, cause (English: "on account of the saying", "because"; German: "wegen", "weil").

§ 126. There appear again (§ 87) some Verbs, which govern another Case as in English. ബോധിക്ക is construed with Dative: I understand എനിക്കു ബോധിക്കുന്നു; നോക്കുക with Accusative: I look at this ഞാൻ അതിനെ നോക്കുന്നു; അനുസരിക്ക with Accusative: ഞാൻ അവനെ അനുസരിക്കുന്നു, I obey him, എനിക്കു വിശക്കുന്നു I am hungry. എനിക്കു ദാഹിക്കുന്നു I am thirsty. എനിക്കു അറിയുന്നു (seldom), in general ഞാൻ അറിയുന്നു, but of course എനിക്കു അറിഞ്ഞു കൂടാ (എനിക്കു + കൂടാ).

§ 127. To the Future of the Adverbial Participle (രക്ഷിപ്പാൻ *cf.* § 69) വേണ്ടി may be added ex. 100. This Adverb വേണ്ടി ("for", "für") is added to the Dative to complete its meaning (അവൻ അതു എനിക്കു വേണ്ടി ചെയ്തു he did it for me § 115. 117); so it is also joined to the second Adverbial Participle to lay a stress on the design or intention contained in this Participle. നമ്മെ രക്ഷിപ്പാൻ വേണ്ടി യേശു മരിച്ചു Jesus died to save us.

In ex. 96 we see, that by using the Dative of അതു in connexion with the form രക്ഷിക്കേണ്ടു (= രക്ഷിക്കേണം § 52) Intention may be expressed, thus രക്ഷിക്കേണ്ടതിന്നു, തുടങ്ങേണ്ടതിന്നു is nearly as much as രക്ഷിപ്പാൻ വേണ്ടി, തുടങ്ങുവാൻ വേണ്ടി.

These two forms must be employed for all the English sentences, denoting an intention or a purpose, in general introduced by the Conjunction "that", "in order that", *f. e.*

1. ഞാൻ ഈ പുസ്തകം അവനു കാണിക്കേണ്ടതിന്നു അവൻ വന്നു ചോദിച്ചു.
2. ഞാൻ ഈ പുസ്തകം അവനു കാണിപ്പാൻ വേണ്ടി അവൻ വന്നു ചോദിച്ചു.

He came, that I might show him this book.

But in English "that" may be omitted and in Malayalam the pure Adverbial Participle may do; *f. e.*

അവൻ എന്നെ കാണ്മാൻ വന്നു he came to see me. For കാണ്മാനായി and കാണ്മാനായിട്ടു see § 138. 143. 109. Remark.

§ 128. Ex. 96. 97. The Past Tense (or the Adverbial Participle) of the Verb കൂടുക (§ 116) (like കൊണ്ടു and കഴിച്ചു) കൂടി takes the place of the Preposition "through" in English. In connexion with the Social Case it is like കൂടെ and കൂട and means "along with", "with", after the Locative it is "as much as", "through", "by way of". Thus: ഈ ചരക്ക പുഴയിൽ കൂടി കൊണ്ടുപോക bring away this cargo by way of the river (പുഴ)! Also കൂടെ instead of കൂടി may be employed.

Ex. 97 shows further, that the Locative of ഇട (see ex. 95) ഇടയിൽ in connexion with a Genitive means referring to Time "during", "whilst" (സംസാരിക്കുന്നതിന്നിടയിൽ whilst he speaks; ഇതിൻ ഇടയിൽ during this); in reference to place it means "among", "between": അവൻ കള്ളന്മാരുടെ ഇടയിൽ പാൎത്തു he lived among thieves; നമ്മുടെ ഇടയിൽ അവൻ നിന്നു he stood between us.

## Exercise 1.

*Negative Verb.*

സ്നേഹിക്കാ—.

| | |
|---|---|
| *Pres. Tense* | സ്നേഹിക്കായ്യുന്നു (*seldom used*). |
| *Past* „ | സ്നേഹിക്കാഞ്ഞു did not love. |
| *Fut.* „ | സ്നേഹിക്കായ്യും (*seldom used*); സ്നേഹിക്കാ. |
| *Perf.* „ | സ്നേഹിക്കാഞ്ഞിരിക്കുന്നു. |
| *Pluperf.* „ | സ്നേഹിക്കാഞ്ഞിരുന്നു. |
| *Adv. Part. Past* | സ്നേഹിക്കാതെ. |
| *Adv. Part. Fut.* | സ്നേഹിക്കായ്വാൻ. |
| *Adj. Part. Pres.* | സ്നേഹിക്കാത്ത. |
| „ „ *Past* | സ്നേഹിക്കാഞ്ഞ. |
| „ „ *Fut.* | സ്നേഹിക്കായ്യും. |
| *Part Noun Pres.* | സ്നേഹിക്കായ്യുന്നവൻ. |
| „ „ *Past* | സ്നേഹിക്കാഞ്ഞവൻ. |

| | |
|---|---|
| *Verbal Noun* | സ്നേഹിക്കൊല്ല. |
| *Infinitive* | " |
| *Imperf. I.* | " |
| " *II.* | സ്നേഹിക്കൊല്ലിൻ. |
| " *III.* | സ്നേഹിക്കൊല്ലട്ടേ. |
| *Potential* | സ്നേഹിക്കൊല്ലാൻ കഴിയുന്നു etc. |
| *Prohibitive* | സ്നേഹിക്കൊല്ല, സ്നേഹിക്കൊല്ലിൻ, സ്നേഹിക്കരുതു, സ്നേഹിക്കേ[ണ്ട. |
| *Passive voice* | സ്നേഹിക്കപ്പെടാഞ്ഞു etc. |

## Exercise 2.

*Measure*

### 1. *Of Length* നീളം.

*a*) For timber etc. മരം മുതലായവ.

Measuring rod = കോൽ (28 inches).
1 Kōl = 24 വിരൽ.
1 Foot = അടി.

*b*) Cloth തുണി.

Length from the elbow to end (forearm) = മുളം (മുളം ഇടുക, വെക്ക).
2 muḷam = 1 വാര.

c) A general measure.

A hand's length = കൈ നീളത്തിൽ.
The measure of a man's extended arms = മാറു (fathom).
1 span = ചാൺ.
2 spans = 1 മുഴം (മുളം).

*d*) Distance.

1 Mile = 1 നാഴിക (കല്ലു) etc.
4 നാഴിക (5 Engl. miles) = 1 കാതം or യോജന (called a Coss).
5 or 6 നാഴിക = 1 തപ്പാൽ.

### 2. *Of Surface* ഉപരിഭാഗം.

Square = ചതുരശ്രം.
15 കോൽ ചതുരശ്രം = 15 square kōl.

### 3. *Cubic* കണ്ടി.

1 kōl നീളം (length), 1 kōl വീതി (breadth) and 1 kōl കനം (depth);
also ആഴം = depth; അകലം = breadth.

### 4. *Measure of corn etc.* ധാന്യാദി അളവു.

360 നെന്മണി (Nenmaṇi) = 1 ചുവടു (čuvaḍu).
5 Čuvaḍu = 1 ആഴക്ക (āḻakku).

2 Aḻakku = 1 ഉഴക്കു (uḻakku).

2 Uḻakku = 1 ഉരി (uri).

2 Uri = 1 നാഴി (nāḻi).

2 Nāḻi = 1 സേർ (sēr).

4 Nāḻi = 1 ഇടങ്ങഴി (iḍaṅgaḻi).

8 or 10 Idaṅgaḻi = 1 പറ (pa̓ra).

25 Idaṅgaḻi or 50 sēr = 1 മൂട (mūḍa).

50 Idaṅgaḻi or 100 sēr = 1 ചാക്കു (čākku).

## 5. *Liquids* ദ്രാവികൾ.

For measuring milk, oil etc. പാൽ, എണ്ണ മുതലായവ അളക്കുവാൻ.

4 Aḻakka = 1 ഉരി (uri).

2 Uri = 1 നാഴി (nāḻi).

4 Nāḻi = 1 കുററി (kuťťi).

16 Kuťťi = 1 പാടം (pāḍam).

## 6. *Weights* തൂക്കം.

1 Nenmaṇi (corn of rice) = 1 വീശം (vīśam).

4 Nenmaṇi or vīśam = 1 കുന്നി (kunni) *one small seed.*

2 Kunni = 1 മഞ്ചാടി (maṅǰāḍi) *a kind of bean.*

2 Maṅǰāḍi = 1 പണത്തൂക്കം (paṇattūkkam) *weight of a gold fanam.*

10 or 12 Paṇattūkkam = 1 കഴഞ്ചു (kaḻaṅču), *a drachm.*

3 Kaḻaṅču = 1 കൎഷം (karsham).

4 Karsham = 1 പലം (palam).

4 Palam = 1 റാത്തൽ (rāttal) *a pound of* 12 *ounces.*

25 Rāttal = 1 തുലാം (tulām).

20 Tulām = 1 ഭാരം (bhāram).

28 Tulām = 1 കണ്ടി (kaṇḍi).

## 7. *Money* നാണ്യം.

### *a*) നാട്ടുമുറ.

2 Vīśam = 1 റേസ്സ് (rēss).

2 Rēss = 1 കാസ്സ് (kāss).

4 Kāss = 1 പൈസ്സ (peissa) 4 pies.

10 Peissa = 1 പണം (paṇam) 3 as. 4 pies.

5 Paṇam = 1 ഉറുപ്പിക (rupee).

3½ Rupees = 1 വരാഹൻ (pagoda).

### *b*) സൎക്കാർമുറ.

12 Pies = 1 അണ (aṇa).

16 Aṇas = 1 ഉറുപ്പിക (u̓ruppika).

### *c*) South of Malabar.

1½ Čakram = 1 പണം (പുത്തൻപണം = പുതിയ പണം).

3½ Puttanpaṇam = 1 ഉറുപ്പിക.

## 8. *Time* സമയം.

The real word for day is ദിവസം (നാൾ, തിയ്യതി and പക്കം used besides), തിയ്യതി is the word for *date* and പക്കം means a lunar day.

| | | |
|---|---|---|
| | 1 കൊല്ലം (വർഷം, സംവത്സരം) | = 12 മാസം (month). |
| | 1 മാസം (തിങ്ങൾ) | = 30 ദിവസം. |
| | 1 ആഴ്ചവട്ടം (week) | = 7 ദിവസം. |
| | 1 ദിവസം | = 60 നാഴിക (= 24 Engl. minutes). |
| *Modern:* | 1 ദിവസം | = 24 മണി നേരം (hours) മണിക്കൂർ. |
| | 1 യാമം (watch) | = 3 മണിക്കൂർ. |
| | 1 മണിക്കൂർ | = 60 നിമിഷം (minutes). |
| | 1 നിമിഷം | = 60 വിനാഴിക (seconds). |

For "hour" also മുഹൂർത്തം is employed.

| | |
|---|---|
| Half an hour | അരമണിക്കൂർ. |
| Quarter of an hour | കാൽമണിക്കൂർ. |
| What o'clock is it? | എത്ര മണിയായി? |
| 4 o'clock | നാലു മണി ആയി (നാലു മണി അടിച്ചു). |
| Come at 2 o'clock | രണ്ടു മണിക്കു വരണം. |

Also: അഞ്ചടി സമയത്തു (from അടി measure of a foot) = at 2 o'clock in the afternoon, 5 Indian hours after the turn of noon.

Hindus have also a fixed measure of time for God's one *period*, being called യുഗം.

| | |
|---|---|
| 30 years | = one month of the Gods. |
| 12 such months | = one year ,, ,, ,, |

There are 4 യുഗങ്ങൾ:

1. കൃതയുഗം = 4,800 divine years (also സത്യയുഗം).
2. ത്രേതായുഗം = 3,600 ,, ,,
3. ദ്വാപരയുഗം = 2,400 ,, ,, ("binate" age).
4. കലിയുഗം = 1,200 ,, ,, (iron age).

Besides: കല്പം = a day of Brahma, namely a period of 4 (or even 100) യുഗങ്ങൾ = 420,000,000 years.

## Exercise 3.

### *Cultivation of land.*

Malabar is divided into Taluks, the Taluks are again divided into Amshams. To this Amsham belong 8000 Paras. 5000 Paras are at present under cultivation, the remaining land is at present uncultivated. Rice is chiefly cultivated in this part of

Malabar. In general we have rain for six months without intermission. The rain does generally commence in the beginning of May and ends in October. The riots plough and manure the fields by the end of January, and after they are well moistened with rain they sow their seeds. From the beginning of April to the end of May they transplant the young paddy. When the rain fails in October and November they water the crops from the ponds. About the same time or a little before they weed the lands. The crops are generally ripe in the month of January. Then they reap and store them. The hill-rice is sown from the 25th of April to the 15th of May. It is not transplanted. There are three kinds of land in this Amsham. They are divided into 1st class, 2nd class and 3rd class. The first class yields twenty-fold, the 2nd fifteen-fold and the 3rd ten-fold; thus in a good season a land of the first sort yields with its two crops 40 paras, one of the 2nd sort 30 paras, and one of the 3rd sort 20 paras. Sesamum (gingely) is also cultivated here. It is sown in August. People take oil from it. This oil is used for rubbing. The seed is very small, and so Sesamum is proverbial for everything slight. Land is measured with a rod of six feet. On Sesamum, hill-rice, cocoanut tree, betel and jack-tree revenue is assessed and collected in money. Revenue is not levied on any other trees in Malabar.

*Translation.*

## കൃഷിപ്പണി.

മലയാളം താലൂക്കുകളായി വിഭാഗിക്കപ്പെട്ടിരിക്കുന്നു, താലൂക്കുകൾ അംശങ്ങളായും വിഭാഗിക്കപ്പെട്ടിരിക്കുന്നു. ഈ അംശത്തിൽ എണ്ണായിരം പറ നിലം ഉണ്ടു. അയ്യായിരം പറ നിലത്തു ഇപ്പോൾ കൃഷി ചെയ്തുവരുന്നു (see § 204). ബാക്കി നിലം തൽക്കാലം തരിശായി കിടക്കുന്നു. മലയാളത്തിലേ ഈ ഭാഗത്തു മുഖ്യമായി നെല്ല് കൃഷി ചെയ്തുവരുന്നു. സാധാരണമായി ആറു മാസത്തോളം ഇടവിടാതെ മഴ പെയ്യുന്നു. മഴ സാധാരണമായി മെയിമാസത്തിന്റെ ആദിയിൽ ആരംഭിക്കുകയും ഒക്ടോബർമാസത്തിൽ അവസാനിക്കുകയും ചെയ്യുന്നു (see § 186). കൃഷിക്കാർ ജനവരിമാസത്തിന്റെ അന്ത്യത്തിൽ വയലുകളെ ഉഴുതു വളമിടുന്നു. മഴ പെയ്തു പൃവൽ ഇറങ്ങിയാൽ (നന്നായി നനഞ്ഞാൽ) വിത്തു വിതെക്കുന്നു. ഏപ്രിൽമാസത്തിന്റെ ആരംഭംമുതൽ മെയിമാസത്തിന്റെ അവസാനം വരേ അവർ ഞാറു പറിച്ചു നടുന്നു. ഒക്ടോബർ മാസത്തിലും നവെമ്പർമാസത്തിലും മഴ ഇല്ലാഞ്ഞാൽ കുണ്ടുകളിൽനിന്നു വെള്ളം കോരി നനെക്കുന്നു (തേകുന്നു). ആ സമയത്തു തന്നേയോ അല്പം മുമ്പെയോ അവർ കള (പുല്ലു) പറിക്കുന്നു. ജനവരിമാസത്തിൽ വിള സാധാരണമായി വിളയുന്നു. അപ്പോൾ അതിനെ കൊയ്തു അറയിൽ കൂട്ടിവെക്കുന്നു. പുനനെല്ലു ഏപ്രിൽമാസം ഇരുപത്തഞ്ചാം തിയ്യതി തുടങ്ങി മെയിമാസം പതിനഞ്ചാം തിയ്യതി വരേ വിതെക്കുന്നു. അതു പറിച്ചു നടുകയില്ല. ഈ അംശത്തിൽ മൂന്നു വിധമായ നിലങ്ങളുണ്ടു. ഒന്നാന്തരം രണ്ടാന്തരം മൂന്നാന്തരം എന്നു വിഭാഗിക്കപ്പെട്ടിരിക്കുന്നു. ഒന്നാന്തരം ഇരുപതു മേനിയും രണ്ടാന്തരം പതിനഞ്ചു മേനിയും മൂന്നാന്തരം പത്തു മേനിയും വിളയിക്കുന്നു. ഇങ്ങിനേ ഒരു ശുഭകാലമായാൽ ഒന്നാന്തരം നിലത്തു രണ്ടു വിളയും കൂടി നാല്പതു പറയും രണ്ടാന്തരം നിലത്തു മുപ്പതു പറയും മൂന്നാന്തരം നിലത്തു ഇരുപതു പറയും വിളയും. ഇവിടേ എള്ളും കൃഷി ചെയ്യുന്നു. ആയതു ആഗസ്റ്റ് മാസത്തിൽ വിതെക്കുന്നു. ആളുകൾ അതിനെ കൊണ്ടു എണ്ണ ഉണ്ടാക്കുന്നു. ഈ എണ്ണ ശരീരത്തിന്മേൽ തേപ്പാനായിട്ടു ഉപയോഗിക്കുന്നു. വിത്തു വളരേ ചെറുതാകകൊണ്ടു എള്ളു ലഘുവായ എല്ലാ വസ്തുക്കൾക്കും ഒരു പഴ

ചൊല്ലായിരിക്കുന്നു. നിലം അറുവടി നീളമുള്ള കോൽകൊണ്ടു അളക്കുന്നു. എള്ളു, പുന നെല്ലു, തെങ്ങു, വെററില, പിലാവു ഇവററിന്നു നികുതി കെട്ടുകയും പണമായി പിരിക്കയും ചെയ്യുന്നു. മലയാളത്തിൽ മററു യാതൊരു (= ഏതൊരു) മരങ്ങൾക്കും നികുതി ഇല്ല.

*Revision:*

Name the Present Tense, Past Tense, Future, Perfect, Pluperfect, the three Imperatives, the Adverbial Past and Future Participles, the Adjective Participles, Personal Noun and Verbal Noun of the following Verbs:

1. ഉറങ്ങുക, 2. എഴുതുക, 3. കാണുക, 4. കിടക്ക, 5. കൊടുക്ക, 6. പറക, 7. തൊടുക, 8. സ്നേഹിക്ക, 9. വരുക, 10. തിന്നുക, 11. ചെയ്ക.

---

# Fourteenth Lesson.

## Condition (*I. Part*).

101. പാവുമുണ്ടു മുതലായ വിശേഷവസ്ത്രങ്ങളെ അവൻ നെയ്തിരിക്കുന്നു എങ്കിലും അതുകൊണ്ടു അവന്നു ഏതും ഫലം കിട്ടായ്കയാൽ ഉപജീവനത്തിന്റെ കാൎയ്യം വളരെ പ്രയാസമായി തീൎന്നു he has woven fine long cloths and other superior cloths, but as he did not gain anything in doing so, the earning of his livelihood has become very difficult for him.

പാവു a weaver's *warp*, a fine cloth; പാവിടുക പാവോടുക to make a warp; പാവാറുക (വീശുക) to straighten the threads of a warp with a brush; അച്ചു weaver's reed or stay; ഓടം weaver's shuttle; നല്ലി reel; പാവുമുണ്ടു a fine long cloth; വിശേഷം superior, extraordinary; നെയ്യുന്നു, നെയ്തു, നെയ്യും to weave; നെയ്ത്തു weaving; നെയ്ത്തുകാരൻ a weaver; *woof* ഊട; loom മഗ്ഗം; ഏതും see § 137; കിട്ടായ്ക not to receive; ഉപജീവനം, അഹോവൃത്തി livelihood; ആയി തീരുക see § 87.

102. "കക്കുവാൻ പഠിച്ചാൽ ഞേലുവാൻ പഠിക്കേണം" എന്നുള്ള പഴഞ്ചൊൽ പ്രകാരം ഓരോരുത്തൻ തന്റെ കുററത്തിന്നു വരുന്ന ശിക്ഷ അനുഭവിക്കും "he who learns to steal must learn to be hanged" according to this proverb everybody will have to suffer a punishment corresponding to his crime.

ഞേലുന്നു, ഞേന്നു, ഞേലും; പഴഞ്ചൊൽ = പഴയ + ചൊൽ, ചൊൽ from ചൊല്ലുക (ചൊന്നു) to speak = old saying, proverb.

103. "ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട" എന്നു പറഞ്ഞാൽ നമുക്കു ഒരു നല്ല സ്നേഹിതനുണ്ടെങ്കിൽ അവൻ നമ്മുടെ അവസ്ഥയെ വേണ്ടുവോളം കാണിക്കുന്നതുകൊണ്ടു കണ്ണാടിയിൽ നോക്കുവാൻ ആവശ്യമില്ല. ഈ ചങ്ങാതി തന്നേ മതിയാകും "if you have a good friend, you do not need a looking glass", this means: if we have an upright friend, we will not require to look into a mirror, as he (the friend) will show us our appearance as far as necessary. Thus the friend will be sufficient.

മതി enough; മതിയാക to be sufficient; മതിയാക്ക to make an end, put a stop to something.

§ 129. To form a *Conditional Sentence* the syllable ആൽ and the Particle എങ്കിൽ are employed. ആൽ is only used in connexion with the Adverbial Participle Past Tense (അവൻ എന്നെ സ്നേഹിച്ചാൽ ഞാൻ അവനെ വീണ്ടും സ്നേഹിക്കും. നല്ല കുട്ടി ആയാൽ ശിക്ഷിക്കയില്ല). So in Malayalam even condition may be expressed by mere flexion of the Verb, without employing a Conjunction ("if", "in case of"). എങ്കിൽ may be added to Verbs in any Tense, as it means "so if" (see § 134). Ex. 103 shows the Conditional Particle after a Present Tense. But we can also hear: ഇവന്റെ മേൽ ദയവിചാരിച്ചു എങ്കിൽ വളരെ സന്തോഷം ഉണ്ടാകും we shall be very glad, if you will be favourably inclined towards him; *lit.* if you show a kindness (thought a kindness) towards this man, there will be great joy. നീ ഇതു ചെയ്താൽ ഞാൻ നിന്നെ ശിക്ഷിക്കും if you do this, I shall punish you. In Past Tense ആൽ occurs more frequently than എങ്കിൽ. As the original design of ആൽ is to denote an Instrument or a Cause (§ 121. 73) ആൽ also in connexion with a condition points out *rather the reason*, on account of which the action of the Finite Verb can be performed or not; എങ്കിൽ expresses the pure *condition on* or the case in which something will happen (*f. e.* കക്കുവാൻ പഠിച്ചാൽ ഞേലുവാൻ പഠിക്കേണം means the reason, why many people are hanged, is that they learn to steal). But although reason and condition are relatives, we must be careful in distinguishing ആൽ and കൊണ്ടു if added to a Verb; *f. e.* കക്കുവാൻ പഠിച്ചതുകൊണ്ടു means: because he learned (in reality) to steal etc. If we use ആൽ there is not a real statement, but only a statement in supposition; *f. e.* അവൻ ഈ ദോഷം (sin) ചെയ്താൽ ഇനി അവനെ സ്നേഹിപ്പാൻ എനിക്കു പാടില്ല. As the fulfilment in *Time* with respect to an action may form also the condition under which the action will take place, ആൽ may often be used in place of "when", "as soon as" (just as the German "wenn" sometimes is employed instead of "so bald als"); *f. e.* എന്റെ ജ്യേഷ്ഠൻ വന്നാൽ നാം കാര്യത്തെ കുറിച്ചു ആലോചിക്കും when (as soon as) my elder brother has arrived we shall take the matter into consideration. But never use ആൽ for "when" as indicating a *Succession* of Time, meaning as much as "as" (als). So it is wrong to say: എന്റെ അമ്മ വന്നാൽ എനിക്കു ഒരു നല്ല സമ്മാനം കൊണ്ടു വന്നു (instead of: വന്നപ്പോൾ or വന്നാറെ). This new form of the Verb is called *the Conditional*, *f. e.* സ്നേഹിച്ചാൽ is called the conditional of സ്നേഹിക്ക.

§ 130. *Indefinite Numerals* as well as Adjectives, Adverbs and Adjective Participles may be used as Nouns or Pronouns simply by affixing the Personal Pronoun. Thus: ഒരു (a, an) becomes ഒരുവൻ (or ഒരു

ത്തൻ ex. 68), ഒരുവൾ (ഒരുത്തി): ഒന്നു a man, a woman, a thing. ഓരോ (or ഓരോരോ) every, each becomes ഓരോരുത്തൻ (ex. 102), ഓരോരുത്തി (§ 85), ഓരോന്നു every one (man or woman), every thing; എല്ലാ (all), എല്ലാവർ all people; പല (many), പലർ (many people); ചില (some, before a Noun), ചിലർ (some people); വല്ല (any, before a Noun), വല്ലവൻ, വല്ലവൾ, വല്ലതു any one (man or woman), any thing; അല്പം (little), അല്പന്മാർ (low people, low castes), അല്പത (littleness, meanness); *f. e.* ഞങ്ങൾ അല്പന്മാർ എന്നുവെച്ചു ഞങ്ങൾ എല്ലാവരെയും നിരാകരിച്ചു taking us for low people (he) disregarded us. The Pronoun യാതൊരു consists of യാതു + ഒരു. യാതു as much as ഏതു (see § 97) and യാതൊരു means "what a, which a", before a Noun ഏതൊരു and യാതൊരു also may be used as Indefinite Numerals or Pronouns = any (thus: യാതൊരു ഫലം any fruit); യാതൊരുത്തൻ, യാതൊരുത്തി, യാതൊന്നു any one (man or woman), anything. Therefore യാതൊന്നും ഇല്ല nothing at all. ഉം in എല്ലാവരും, എല്ലാം, പലരും, വല്ലതും, യാതൊന്നും etc. is generalizing. See § 137.

§ 131. എന്നു പറഞ്ഞാൽ are the introducing words for giving the definition of a word or sentence; *f. e.* വിശ്വാസം എന്നു പറഞ്ഞാൽ ദൈവത്തിലുള്ള ആശ്രയം faith means ("if one says so") confidence in God.

In a similar manner also the phrase എന്നുവെച്ചാൽ (of § 114) may be employed; *f. e.* കരുണാകരൻ എന്നുവെച്ചാൽ the meaning of the name Karuṇāgaran. Also എന്നതു may be taken for introducing an explanation or the definition of a word.

As to the Auxiliary Verb വെക്ക we may continue what was begun in § 114.

1. ആ പൎവ്വതത്തെ ദൂരെ എവിടെ എങ്കിലും എടുത്തുകൊണ്ടുപോയി വെച്ചുവരിക എന്നു കല്പിച്ചു he ordered him to take that mountain, carry it to some place far away, place it there and come here.—This example shows, that as a real Verb it means: "to put", "lay down", "place", "deposit". അവൾ വെച്ചതു തിന്നാ കൂടാ one cannot eat, what she *cooked.* ഈ പണിക്കു മൂന്നാളെ വെക്കേണം (we) must *retain* three men for this work. There are further phrases like: വെടിവെക്ക (shoot); പുഷ്ടി വെക്ക (get fat); ബലം വെക്ക (get strong) etc. These examples show some of the meanings of വെക്ക as a common Verb.

2. വെക്ക as an Auxiliary Verb:

*a)* സൎവ്വവും കട്ടുകൊണ്ടു പോകേണം എന്നുവെച്ചു അവന്റെ വീട്ടിൽ കള്ളന്മാർ തുരന്നു കേറി having made up their mind to steal away everything in the house, the thieves made a hole in the wall and entered his house.

ഈ ജന്തു തന്റെ കുഞ്ഞിനെ കൊന്നുകളഞ്ഞു എന്നു വെച്ചു ദുഃഖപ്പെട്ടു (she) being under the impression that this animal had killed her child, was grieved.

ഇതു പൊൻ എന്നു വെച്ചു taking it for (supposing it was) gold. i. Petr. 2, 11.

In all these instances the meaning is: "being under the impression", "supposing" etc.

*b*) എന്നുവെച്ചാൽ = എന്നു പറഞ്ഞാൽ or എന്നതു, see above. Now and then it is also as much as എന്നാൽ; *f. e.* പണി കിട്ടുന്നില്ല എന്നു വെച്ചാൽ എന്റെ കാൎയ്യം എത്രയോ പ്രയാസമായിതീരും how difficult my circumstances will become in case I do not get work:

*c*) It serves to intimate, that an action has been completed "so as not to be undone"; *f. e.* രാജാവു ഈ മത്സരത്തെ അമൎത്തുവെച്ചു the king has put down the rebellion decisively. In the same manner: പറഞ്ഞുവെച്ചു spoke decidedly. Especially in connexion with ആക്കി and ആയി വെച്ചു is frequently to be seen. അവനെ മന്ത്രി ആക്കി വെച്ചു appointed him a councellor.

*d*) Very often വെച്ചു implies "to leave" (*cf.* കളക) after having performed an action; so especially in the phrase: വെച്ചേക്ക = വെച്ചുവെക്ക. അവർ ശവങ്ങളെ കുഴിച്ചു വെച്ചേച്ചു they left the dead bodies burried; പണം അവന്റെ കൈയിൽ കൊടുത്തേച്ചു (കൊടുത്തു + വെച്ചു) deposited the money in his hands; വിട്ടേച്ചു gave it up; കൊന്നേച്ചു പോയി after having performed the murder they ran away; as much as: കൊന്നു പോയിക്കളഞ്ഞു. ദൈവം നിന്നെ അപ്രകാരം തന്നേ വെച്ചേക്കട്ടേ God may keep (retain) you so. ചോദിച്ചേച്ചു പോയി asked and went away (not waiting for an answer).

§ 132. യാത്രയാകും (ex. 86) മതിയാക (ex. 103) show, that the Copula ആകുക is also employed to form Compound Verbs, thus യാത്രയാക means to set out, മതിയാക to be sufficient, ഭേദമാക to be healed, തൃപ്തിയാക to be satisfied. Even a Noun in the Locative Case is made a Verb by affixing ആകുക, namely: മനസ്സിലായി as much as ബോധിച്ചു. Also the transitive forms of all these Verbs may be used; thus മതിയാക്ക to let suffice, to make an end of; മനസ്സിലാക്കി made himself acquainted with. Mark the phrase അവനു പത്തു വയസ്സായി (er ist 10 Jahr alt; he is ten years of age).

In a similar way ആക is affixed to the Infinitives of some Verbs in order to form Compound Verbs; *f. e.* കാണായി (became visible), കേൾക്കായിവന്നു (came to hear). Frequently after Negative Adverb അതു സാധിക്കാതേ ആയി തീൎന്നു. In a similar way also ചെയ്ക serves to procure Compound Verbs: നീക്കം ചെയ്തു (നീക്കുക to remove), അദ്ധ്വാനം ചെയ്തു (അദ്ധ്വാനിക്ക to take exertion), കല ചെയ്തു (to murder). In Sanskrit ഭവിക്ക, and കരിക്ക serve the same purpose (see § 221).

§ 133. In the phrase കുറ്റത്തിന്നു വരുന്ന ശിക്ഷ (ex. 102) വരുക is an Auxiliary Verb and expresses as much as "answering to" ("entsprechend") or as much as കുറ്റത്തിന്റെ ശിക്ഷ or കുറ്റത്തിന്നുള്ള ശിക്ഷ (see § 204).

### Exercise.

*On Proverbs.*

Are there many proverbs in the Malayalam language? There are a great many of them indeed. Can you tell me some of them? With much pleasure, I shall tell some— അകത്തിട്ടാൽ പുറത്തറിയാം. What is the meaning of (അൎത്ഥം, താല്പൎയ്യം) this?

The meaning of അകത്തു and പുറത്തു you know I think. ഇടുക (ഇട്ടു, ഇടും) means as much as വെക്ക. Therefore the meaning of this proverb is this: "If we put something inside, people may see and know it from outside." I like to hear these proverbs very much; do you know another one? അഭ്യസിച്ചാൽ ആനയെ എടുക്കാം ("Uebung macht den Meister"). അഭ്യസിക്ക means "practise" (ശീലിക്ക). (ആന) Elephant is the biggest animal in this country. Only some days ago on the way, which leads (goes) to Cannanore, a man met (meet എതിരേല്ക്ക, എതിരേല്ക്കുന്നു, എതിരേററു, എതിരേല്ക്കും) an elephant; the elephant pierced (കുത്തുന്നു, കുത്തി, കുത്തും) him through with his teeth and killed him. And now hear a third proverb ഈർ എടുത്താൽ പേൻ കൂലിയോ? I cannot understand this. The sense of this is not difficult (difficulty പ്രയാസം). ഈർ means the egg (മുട്ട) of a small animal, which uses to inhabit the hair of a man's head. പേൻ (louse) means the animal itself. The meaning of the proverb is this: Some people do only little work, but they expect a great reward.

*Translation.*

The swine grunts പന്നി ക്രുക്കു ഇടുന്നു.

The cow mues പശു കരയുന്നു.

The sheep bleats ആടു കരയുന്നു.

The elephant roars ആന ഉറുമ്മുന്നു.

The cat mews പൂച്ച കരയുന്നു.

The bird sings പക്ഷി പാടുന്നു.

The cock crows പൂവങ്കോഴി കൂകുന്നു.

The hen cackles (cluck) കോഴി കൊക്കുന്നു.

The turtle cooes ചെങ്ങാലി കുറുങ്ങുന്നു (കുറുക്കുന്നു).

The snake hisses പാമ്പു ചീറുന്നു.

The frog croaks തവള കൊക്കുന്നു.

The bee (fly) buzzes തേനീച്ച മൂളുന്നു.

*c.*

The hole of a jackal കുറുക്കന്റെ മാളം.

The hole of a mouse എലിമട.

The cobra went into that hole സൎപ്പം ആ തോട്ടയിൽ (മാളിയിൽ) പോയി.

The nest of a bird പക്ഷിക്കൂടു.

Young ones of an animal—calf കുട്ടികൾ—പശുക്കിടാവു (കടച്ചി).

Young ones of a bird പക്ഷിക്കുഞ്ഞുകൾ.

To bring forth പെറുക, പെററു.

To lay eggs മുട്ടയിടുക.

To sit on eggs, brood, hatch പാടു ഇരിക്ക, പൊരുന്നു ഇരിക്ക, കൊത്തിപ്പിരിക്കുക (മുറിക്ക).

To get hatched പൊരുന്നു വെക്ക, മുറിപ്പിക്ക.

To carry in the claws റാഞ്ചിക്കൊണ്ടുപോക.

The peacock spreads the tail മയിൽ ആടുന്നു.

Bees or birds to sip നുകരുക, (നുകൎന്നു).

The crow moults കാക്കയുടെ തൂവൽ ഉതിരുന്നു.

The hen scratches പിടക്കോഴി ചിള്ളുന്നു.

The pig scratches (with nails, claws and hands) പന്നി മാന്തുന്നു.

The mouse gnaws ചുണ്ടെലി കരളുന്നു (കരണ്ടു).

*d.*

The claws of a tiger നരിയുടെ നഖങ്ങൾ.

The trunk of an elephant ആനയുടെ തുമ്പി ക്കൈ. [മം.

The mane of a horse കുതിരയുടെ കുഞ്ചിരോ

The hoofs of a buffalo പോത്തിന്റെ കുളമ്പു (പോത്തുങ്കുളമ്പു).

The hump of a camel ഒട്ടകത്തിന്റെ കൂഞ്ഞു (പൂഞ്ഞു, കൂൻ).

The hump of a bull കകുൽ (കകുദം, പൂഞ്ഞു).

The horns of a goat കോലാടിന്റെ കൊമ്പു.

The wings of a kite പരുന്തിന്റെ ചിറകുകൾ.

The bill of an eagle കഴുകിന്റെ കൊക്കു.

The feathers of an owl കൂമന്റെ തൂവൽ.

The body of a stork കൊക്കിന്റെ (ബകം) ഉടൽ.

The hood of a cobra സൎപ്പത്തിന്റെ പടം (ഫണം) or പത്തി. [ൾ.

The sting of a scorpion തേളിന്റെ വിഷമു

The fins of a sardine മത്തിയുടെ ചിറക്.

The bones of a fish ഒരു മീനിന്റെ മുള്ളുകൾ.

The scales of a shark സ്രാവിന്റെ ചെതുക്ക (ചെതുമ്പൽ, തൂളി).

The gills of a fish (Kiemen) ചെകിള.

The tiger caught a wild buffalo നരി ഒരു കാട്ടുപോത്തിനെ പിടിച്ചു.

While eating it one of its bones stuck in his jaws അതിനെ തിന്നുമ്പോൾ അതിന്റെ ഒരു കൊട്ടു താടിയെല്ലിൽ തറെച്ചു.

Blood and matter collected there and caused him great pain ചോരയും ചലവും അവി ടേ കെട്ടിനിന്നതുകൊണ്ടു വളരേ വേദന ഉണ്ടായിരുന്നു.

How shall I extract this bone? ഞാൻ ഈ എ ല്ലിനെ എങ്ങിനേ പറിച്ചെടുക്കും?

The monkies shivered with cold കുരങ്ങുകൾ (വാനരന്മാർ) കുളിർകൊണ്ടു വിറെച്ചു.

The mad dog will leap at you and bite you ഭ്രാന്തൻനായി നിങ്ങളുടെ മേൽ ചാടി നി ങ്ങളെ കടിക്കും.

(Birds) to pick up or (snakes) to bite കൊത്തുക.

Some fish, usually brought on table.

മത്തി sardine, chiefly used for curry (also as manure).

ഐല (or അയില) cat-fish.

നോങ്ങൽ white-fish.

ആകോലി (ആവോലി) pomphlet (Stromateus).

അയക്കൂറ "a certain fish"; somewhat smaller: വരിയങ്കുട്ടി.

കനിമീൻ butter-fish.

മാലാമീൻ the mullet-fish (also മാലാൻ).

എട്ടു kind of sheat-fish (with dangerous spines), ഏരി.

ആരൽ an eel.

---

# Seventeenth Lesson.

## How to co-ordinate Words and Sentences.

131. അവൻ ഉഷ്ണശീതരോഗശത്ര്വാദി തടസ്ഥങ്ങളെ ആദരിയാതെ സകലജാതിഗോത്രഭാഷാവംശങ്ങളിൽ ഈ സദ്വൎത്തമാനം അറിയിച്ചു not regarding heat, cold, sickness, enemy and other obstacles he declared the good news amongst all nations, tribes, tongues and people.

ഉഷ്ണശീതരോഗശത്ര്വാദി തടസ്ഥങ്ങൾ = ഉഷ്ണം + ശീതം + രോഗം + ശത്രു + ആദി + തടസ്ഥങ്ങൾ. ആദി beginning, here as much as "et cetera"; ജാതിഗോത്രഭാഷാവംശങ്ങൾ = ജാതികൾ + ഗോത്രങ്ങൾ + ഭാഷകൾ + വംശങ്ങൾ. ശത്ര്വാദി = ശത്രു + ആദി, see §247, 3.

In the same manner കഷ്ടമരണങ്ങൾ = കഷ്ടം + മരണങ്ങൾ; പാപമരണപിശാചാദിബന്ധനങ്ങൾ = പാപം + മരണം + പിശാച് + ആദി + ബന്ധനങ്ങൾ.

132. മനുഷ്യർ സന്തോഷം, സ്നേഹം, ഭക്തി, സമാധാനം, സുഖം മുതലായവറ്റെ വിട്ടു ദൈവസ്തുതിയെ തള്ളിക്കളഞ്ഞു ലോകത്തിൽ ഗൎവ്വം, പക, വ്യഭിചാരം, ചതി, കളവു, കുല, ദൂഷണം മുതലായ പാപങ്ങളെ നിറെച്ചു ദുഃഖം, കഷ്ടം, പീഡ, രോഗം, മരണം എന്ന സമുദ്രത്തിൽ മുഴുകി കിടക്കുന്നു men parting with joy, love, piety, peace, happiness and the like and giving up the praise of God, filled the world with pride, hatred, adultery, deceit, lie, murder, blasphemy and other sins and they sank down into an ocean of sorrow, trouble, torture, sickness, death and the like.

തള്ളുന്നു, തള്ളി to throw; ചാടുന്നു, ചാടി. തുടങ്ങിയുള്ളവറ്റെ = വയെ.

133. പൊൻ, വെള്ളി, ഗുരുതമം, രസം, ഇരിമ്പു, ചെമ്പു, ഈയം എന്നീ ലോഹങ്ങളിൽ വെച്ചു ഏററവും പ്രയോജനമുള്ളതു ഏതു? which is the most useful amongst the following metals: gold, silver, platinum, mercury, iron, copper and lead?

In the same manner: കണ്ണൻ, രാമൻ, കേളൻ എന്നിവർ.

§ 178. Ex. 131 shows that in *copulating two Nouns* sometimes the second one will be in the Plural. We observe this kind of connexion chiefly in the case of Personal Nouns (അമ്മയച്ഛന്മാർ, മാതാപിതാക്കന്മാർ parents; സഹോദരിസഹോദരന്മാർ brother and sister; Geschwister). Neutral Nouns also may be copulated this way കൈകാലുകൾ. This union seems to be less complete than by using Singular; *f. e.* അന്നവസ്ത്രങ്ങൾ എന്റെ അമ്മയച്ഛന്മാർ തരും food and raiment (അന്നം + വസ്ത്രം) my parents will give. In the same way ഭക്ഷണപാനങ്ങൾ eating and drinking. By this copulation two persons or things are to be joined so as *not* to form one person or notion; *f. e.* മരക്കഷണം (piece of wood), പൊൻസൂചി (gold needle) form *one* notion, whilst അമ്മയച്ഛന്മാർ (parents), കഷ്ടമരണങ്ങൾ (കഷ്ടവും മരണവും) are only a combination of two notions, still existing separately (as if ഉം—ഉം would be employed).

§ 179. Different from this external copulation or co-ordination of two and more words, which also after they have been combined form separate notions, is such a combination of words, by which only one notion will be formed (പൊൻസൂചി, അമ്മാമൻ etc.). But whether the combination takes place for brevity's sake (അന്നവസ്ത്രങ്ങൾ) or for euphony's sake (നല്ലതും) or in order to get a compound, implying any modification of the original notion, (പൊൻസൂചി) in any case certain rules as to the *Junction of Letters* must be observed.

## I. *Junction of two Vowels:*

1) The last vowel of the word is dropped or 2) the two vowels are connected with each other by യ and വ.

1. The final vowel is a short അ, the initial vowel a short അ or ഉ: വന്ന + അതു = വന്നതു; നല്ല + അന്നം = നല്ലന്നം; ചെയ്യ + ഉപകാരം = ചെയ്യുപകാരം; അമ്മ + അച്ഛൻ = അമ്മച്ഛൻ (mother's father); അമ്മമ്മ (her mother) (but അമ്മയച്ഛനാർ why?) ഇളയ + അപ്പൻ = ഇളയപ്പൻ uncle.

2. യ is employed:

*a)* The first word ends with a short "അ", the second commences with a long vowel: വന്ന + ആൽ = വന്നയാൽ; അല്ല + ഓ = അല്ലയോ (but also നല്ലാകൃതി or നല്ല + ആകൃതി).

**Remark:** Some forms, permanently used, show that formerly വ instead of യ was employed in such cases; *f. e.* അവിടം, ഒക്കവേ, ചെയ്യുവാറേ (shortened into ചെയ്യാറേ).

*b)* The first word ends in ഇ, ഈ, എ, ഏ, ഐ (the five palatal letters); *f. e.* നോക്കി + ഇരിക്കുന്നു = നോക്കിയിരിക്കുന്നു; വഴി + അരികേ = വഴിയരികേ; വില + ഏറിയ = വിലയേറിയ; നീ + അല്ലോ = നീയല്ലോ; ഏറേ = അല്ല + ഏറേയല്ല; കൈ + അല്ല = കൈയല്ല etc. Instead of ഇയി we see now and then ഈ, *f. e.* കിട്ടീട്ടില്ല. As to *long* ആ, formerly വ was employed (വൃഥാ + ആക്കി = വൃഥാവാക്കി), but now യ is in general use, *f. e.* ഒല്ലാ + ഇതു = ഒല്ലായിതു.

3. വ is employed after full ഉ, ഊ and ഓ. *f. e.* പോകുന്നു + ഓ = പോകുന്നുവോ; തുറന്നു + എങ്കിൽ = തുറന്നുവെങ്കിൽ; തിരു + എഴുത്തു = തിരുവെഴുത്തു. But you may also hear: ചെയ്യെന്നു, തുറന്നെങ്കിൽ etc. ഗോ (cow) + ഉം = ഗോവും; (but also ഉണ്ടോയെന്നു). പൂ + ആട = പൂവാട (fine flowered cloth). But short ഉ is dropped, *f. e.* കണ്ടു + എത്തി = കണ്ടെത്തി; അവന്നു + അല്ല; അവന്നല്ല; ചെയ്തു + ഇല്ല = ചെയ്തില്ല; ചെയ്തു + എന്നു = ചെയ്തെന്നു (but also ചെയ്തുവെന്നു). തിരിച്ചു + അറിവാൻ = തിരിച്ചറിവാൻ; മനസ്സു + ഇല്ല = മനസ്സില്ല.

## II. *As to the Junction of Consonants.*

1. Some stereotype combinations of final and initial Consonants must be borne in mind (see § 14—16). ൻ + ക = ങ്ക (വൻ + കാൎയ്യം = വങ്കാൎയ്യം; വൻ + കലം = വങ്കലം); ൻ + ത = ന്ത (താൻ + തോന്നിതം = താന്തോന്നിതം; പിൻ + തുണ = പിന്തുണ; ൻ + പ = മ്പ (വൻ + പാപം = വമ്പാപം); ം + ത = ന്ത (വരും + തോറും = വരുന്തോറും); ൻ + ക = ല്ക്ക (മുൻ + കാഴ്ച = മുല്ക്കാഴ്ച preconception); ൽ + മ = ന്മ (നെൽ + മണി = നെന്മണി rice-corn); ൾ + മ = ണ്മ (ഉൾ + മോഹം = ഉണ്മോഹം inward lust; എൾ + മണി = എണ്മണി corn of sesam).

2. The following alterations are of importance:

*a)* Something is omitted; *f. e.* അങ്ങു + നിന്നു = അങ്ങുന്നു; എങ്ങു + നിന്നു = എങ്ങുന്നു; എഴുന്നു + നില്ക്ക = എഴുന്നീല്ക്ക; കൊടുത്തു + വിട്ടു = കൊടുത്തുട്ടു; ഇട്ടു + വെച്ചു = ഇട്ടേച്ചു.

*b)* Here we may also explain ഓടു (see ex. 57) at the end of so many Adverbs denoting *direction*. ഓടു is originally the first Adverbial Participle of പടുക (പെടുക) = പട്ടു to fall or to get into a direction; hence, *f. e.* മേൽ (above, up) + പട്ടു = മേലോട്ടു upwards; പടിഞ്ഞാറു + പട്ടു = പടിഞ്ഞാറോട്ടു westward; കീഴ + പട്ടു = കീഴോട്ടു downwards. It occurs

even in connection with a Locative; *f. e.* അവൻ വെള്ളത്തിലോട്ടു കുനിഞ്ഞു നോക്കി he stooped and looked down into the water.

*c)* Between a final long ഊ and an initial ത, ന is inserted; *f. e.* പൂ + തോട്ടം = പൂന്തോട്ടം; പൂ + തേൻ = പൂന്തേൻ (nectar of flowers).

Special care must be taken with the *final* അം.

*a)* Before ഉം it is changed into അവ; *f. e.* പാപം + ഉം = പാപവും. In the same manner also: വസ്ത്രം + എല്ലാം = വസ്ത്രവെല്ലാം; ഓട്ടം + ഒഴുക്കം = ഓട്ടവൊഴുക്കം shipping and timber floating.

*b)* Before ആ in ആക്കുന്നു (or ആകുന്നു) and other long vowels it is simply changed into മ; *f. e.* അവൻ എല്ലാം നാനാവിധമാക്കിക്കളഞ്ഞു (വിധം + ആക്കി he wasted everything); എന്റെ കൈവശമായ്പോയി (വശം + ആയി) it came into my possession; ഇമ്പമേറിയ (ഇമ്പം + ഏറിയ) full of delight.

*c)* Before consonants and short vowels (with the exception of അ) അം is simply dropped; *f. e.* സ്നേഹപ്രവൃത്തി (സ്നേഹം + പ്രവൃത്തി) work of love; സന്തോഷകരമായ വൎത്തമാനം (സന്തോഷം + കരം) a message conveying joy; സ്നേഹശാലി (സ്നേഹം + ശാലി) one endowed with love; മാറ്റൊലി (മാറ്റം + ഒലി) echo; സത്യശീലൻ (സത്യം + ശീലൻ) honest, sincere; മരക്കലം a wooden bowl; വെളിച്ചെണ്ണ lamp-oil; but also പണയമോല a document of mortgage.

*d)* Before short അ and long ആ, അം is dropped, but അ is lengthened into ആ, *f. e.* സന്തോഷാതിശയം (സന്തോഷം + അതിശയം) high delight; ന്യായാധിപതി (ന്യായം + അധിപതി) judge; ദ്രവ്യാഗ്രഹം (ദ്രവ്യം + ആഗ്രഹം) covetousness etc.

Such compounds will especially occur when positive and negative qualities (words of Sanskrit origin being employed) are connected with each other. Mark: ന്യായാന്യായം (right and wrong); ശുദ്ധാശുദ്ധഭേദം (difference between pure and impure); സത്യാസത്യഭേദം (difference between truth and untruth).

3. The initial consonant is doubled especially after short അ, ആ, ൽ, ൾ, ഇ, ഉ, ർ; *f. e.* (മഴക്കാലം rainy season); പടജ്ജനം (troops); കൊള്ളക്കൊടുക്ക (buying and selling); കനല്ക്കട്ട (live coals); പാല്ക്കടൽ (the milk ocean); ഉൾക്കൊണ്ടു (having); ഉൾക്കൈ (help); മുലക്കുട്ടി (infant); പുലിത്തോൽ (skin of leopard); പുതുച്ചൊൽ (a new word); പോൎക്കളം (battle-field); സ്വൎല്ലോകം (heavenly world). പെടുക, പാടു and പോൾ in general have their first consonant doubled: ഭയപ്പെട്ടു, ചെയ്യപ്പെട്ടു, ചെയ്യുപ്പോൾ, പുറപ്പാടു etc. Exceptions are: വഴിപോക്കൻ (wanderer); മക്കൾ + തായം = മക്കൾത്തായം = മക്കത്തായം (the right of sons to inherit).

## III. Some Sanskrit junctions of vowels and consonants are in general use.

1. The final അ and the initial ഇ blend into ഏ: മഹാ + ഈശ്വരൻ = മഹേശ്വരൻ (Great God).

2. The initial ഉ after അ is changed into ഓ, *f. e.* സൂൎയ്യ + ഉദയം = സൂൎയ്യോദയം (sunrise); കേരള + ഉപകാരി = കേരളോപകാരി (friend of Malabar); ലോക + ഉല്പത്തി = ലോകോല്പത്തി (genesis of the world); in the same manner: കേരളോല്പത്തി, ലോകോപദ്രവം (oppression of the world); സത്യോത്തരം; പൎവ്വതോദരം (mine). മഹോത്സവം (great festival).

3. The final short അ is lengthened before an initial consonant; *f. e.* കരുണ + നിധി = കരുണാനിധി (treasure of mercy) കൃപ + ദിവസം = കൃപാദിവസം (day of grace) see § 247.

§ 180. Ex. 131 shows further, that Compound Nouns are not always co-ordinate notions, but that very often the last word is subordinated to the Nouns before. So we may connect (as in ex. 131) three and more Genitives (or Locatives) with the governing Noun. The meaning of our expression is ഉഷ്ണത്തിന്റെ തടസ്ഥങ്ങളെയും ശീതത്തിന്റെ തടസ്ഥങ്ങളെയും രോഗത്തിന്റെ തടസ്ഥങ്ങളെയും ശത്രുവിന്റെ തടസ്ഥങ്ങളെയും മുതലായ തടസ്ഥങ്ങളെയും ആദരിച്ചിട്ടില്ല. Instead of this we place all these Genitives as Nominatives together and combine them by ആദി, മുതലായ, തുടങ്ങിയുള്ള with the governing Noun (തടസ്ഥങ്ങളെ). Hence these copulating words are translated best by "and the other", "and the rest of". If there is only one Genitive, we simply form a Compound Noun, as in English and German, thus: പാപബന്ധം (Sündenband); കടൽവഴി sea-way, (Seeweg). Ex. 132 shows, that the meaning of മുതലായതു (വ), തുടങ്ങിയുള്ളതു (വ) and ഇത്യാദി is also sometimes "et cetera" or "and so on".

If a series of Nouns shall be summed up, എന്നി with a following Noun or Pronoun in any case may be employed. നരി സിംഹം ആന എന്നി മൃഗങ്ങൾക്കു (എന്നി = എന്ന + ഇ) എത്രയും ശക്തി ഉണ്ടു how strong are the tiger, the lion, and the elephant! ക്ഷാമം, രോഗം, യുദ്ധം, അഗ്നിഭയം എന്നിവ ഒരുമിച്ചു വന്നാൽ എന്തു ചെയ്യേണ്ടു if famine, sickness, war, fear of fire come all together, what shall we do!

§ 181. വരുവാനുള്ള (ex. 133). The second Adverbial Participle may be changed into an Adjective Participle by adding ഉള്ള; if അവൻ, -ൾ, -തു is affixed, a Participial Noun will be formed. വരുവാനുള്ളവൻ, -ൾ, -തു he who shall come or has to come; *f. e.* എത്തുവാനുള്ള മറുപടി കിട്ടിയാൽ തീൎച്ച പറയും if I get the reply, which I expect, I shall give a deciding answer. വരുവാനുള്ളവൻ നീയോ? ഞങ്ങൾ മറെറാരുവനെ കാത്തിരിക്കയോ? art thou he that should come or do we look for another (wait)?

§ 182. With regard to the *Past Tense of Verbs* (§§ 62. 74. 84. 158) we learn further: രുന്നു (വരുക, തരുക) is changed into ന്നു (വന്നു, തന്നു), but ഉയരുന്നു, ഉയൎന്നു. ഉന്നു (62) preceded by എ ചെയ്യുന്നു, പെയ്യുന്നു (pour down), മഴ പെയ്യുന്നു (it rains) take തു (ചെയ്തു, പെയ്തു), but not after a long ഏ (മേയുന്നു, മേഞ്ഞു) to graze.

*Flexion of the Verb.*

I. The Past Tense is formed by adding ഇ.

1. The Crude-form ends in a double consonant:

താങ്ങുന്നു, താങ്ങി. വെട്ടുന്നു, വെട്ടി.
മങ്ങുന്നു, മങ്ങി. തുള്ളുന്നു, തുള്ളി.
കാച്ചുന്നു, കാച്ചി. തെററുന്നു, തെററി.

കത്തുന്നു, കത്തി. മിന്നുന്നു, മിന്നി.
എണ്ണുന്നു, എണ്ണി. ചീന്തുന്നു, ചീന്തി.
തുള്ളുന്നു, തുള്ളി. തല്ലുന്നു, തല്ലി etc.

*Exceptions:* കൊല്ലുന്നു, കൊന്നു. ചൊല്ലുന്നു, ചൊന്നു.
ഉണ്ണുന്നു (eat), ഉണ്ടു. തിന്നുന്നു, തിന്നു.
കൊള്ളുന്നു, കൊണ്ടു. ചെല്ലുന്നു, ചെന്നു.

2. The Crude-form consists of one syllable with a long vowel.

കൂചുന്നു (bend), കൂചി. മേവുന്നു (dwell), മേവി.
കൂടുന്നു, കൂടി. മാറുന്നു, മാറി.
കോലുന്നു (to have to do), കോലി. കാളുന്നു (burn), കാളി etc.

*Exceptions:* ആളുന്നു (rule), ആണ്ടു; നീളുന്നു, നീണ്ടു; വീളുന്നു (get back), വീണ്ടു; ആഴുന്നു (sink) ആണു.

ഇ and ണ്ടു are employed in വാളുന്നു (വാളി sow, വാണ്ടു scratched); മാളുന്നു (മാളി and മാണ്ടു); പൂളുന്നു (in the North പൂണ്ടു; South പൂളി) take out the eatable part of a stone-fruit. ചാരുന്നു (lean against) takes ചാരി and ചാൎന്നു; ഈരുന്നു (saw) ഈൎന്നു; പോരുന്നു, പോന്നു.

3. The Crude-form consists of two syllables, both of which are short.

ഉരസുന്നു (wear off), ഉരസി. കരുതുന്നു, കരുതി.
മുരടുന്നു (to be knotty), മുരടി. ചിതറുന്നു, ചിതറി.
മരുവുന്നു (abide), മരുവി. അലസുന്നു (be tired), അലസി.

*Exceptions;* വറളുന്നു (grow dry), വറണ്ടു.
അകലുന്നു (be distant), അകന്നു.

4. Intransitive Verbs ending in ക or ങ്ങ and the Transitive Verbs formed from them, ending in ക്ക.

ആകുന്നു, (ആകി) ആയി. ആക്കുന്നു, ആക്കി.
പോകുന്നു, പോയി. പോക്കുന്നു, പോക്കി.
ഇളകുന്നു, ഇളകി. ഇളക്കുന്നു, ഇളക്കി.
തൂങ്ങുന്നു, തൂങ്ങി. തൂക്കുന്നു, തൂക്കി.
വിളങ്ങുന്നു, വിളങ്ങി. വിളക്കുന്നു, വിളക്കി etc.

## II. The Past Tense is formed by the affix തു.

1. In the case of Crude-forms ending in യ് or ഴ് and ര്.

എയ്യുന്നു, എയ്തു (cast, throw). ചെയ്യുന്നു, ചെയ്തു.
നെയ്യുന്നു, നെയ്തു. പെയ്യുന്നു, പെയ്തു.
കൊയ്യുന്നു, കൊയ്തു (reap). പൊരുന്നു, പൊരുതു (fight).
ഉഴുന്നു, ഉഴുതു (plough). തൊഴുന്നു, തൊഴുതു (adore).

*Exceptions:* വരുന്നു, വന്നു. തരുന്നു, തന്നു.

2. Strong Verbs take ത്തു instead of തു.

*a)* If the Crude-form ends in ആ, ഊ, എ, ഓ:

കാക്കുന്നു, കാത്തു; പൂക്കുന്നു, പൂത്തു (blossom).
മൂക്കുന്നു (ripen), മൂത്തു; ഒക്കുന്നു, ഒത്തു (be equal).
കോക്കുന്നു (thread a needle) കോത്തു; തോക്കുന്നു, തോത്തു (bore a hole into a fruit); but: തൊക്കുന്നു (support) തൊക്കി.

*b)* If the Crude-form ends in ർ, ൾ and ഴ:

പാൎക്കുന്നു, പാൎത്തു; തീൎക്കുന്നു, തീൎത്തു.

ചേൎക്കുന്നു, ചേൎത്തു; കോൎക്കുന്നു, കോൎത്തു.

വിയൎക്കുന്നു, വിയൎത്തു; മധുൎക്കുന്നു, മധുൎത്തു (become sweet).

ഇഴ്ക്കുന്നു, ഇഴ്ത്തു (to drag); വീഴ്ക്കുന്നു, വീഴ്ത്തു (throw down).

*c)* Some of the Crude-forms ending in ഉ, with the exception of those under I. 4.

പകുക്കുന്നു, പകുത്തു; എടുക്കുന്നു, എടുത്തു.

തണുക്കുന്നു, തണുത്തു; പൊറുക്കുന്നു, പൊറുത്തു (bear, sustain).

*d)* Some Crude-forms ending in അ and derived from Nouns:

ഉറക്കുന്നു (ഉറം), ഉറത്തു (to be strong); മണക്കുന്നു (മണം) മണത്തു.

കനക്കുന്നു (കനം), കനത്തു (to be heavy); ബലക്കുന്നു (ബലം), ബലത്തു (to be strong).

3. Strong Verbs ending in a palatal Vowel take ച്ചു instead of ത്തു.

*a)* Ending in ഇ:

ഇടിക്കുന്നു, ഇടിച്ചു (to be bruised); വലിക്കുന്നു, വലിച്ചു.

**Remark:** In this class belong also all Sanskrit Verbs and most Causative Verbs:

*(a)* സ്നേഹിക്കുന്നു, സ്നേഹിച്ചു. *(b)* അറിയിക്കുന്നു, അറിയിച്ചു.

*b)* Ending in എ:

വിരെക്കുന്നു, വിരെച്ചു; വെക്കുന്നു, വെച്ചു.

*c)* Ending in ഈ, ഏ, ഐ and യ:

ചീക്കുന്നു, ചീച്ചു (squeeze); കൈക്കുന്നു, കൈച്ചു (to be bitter).

തേക്കുന്നു, തേച്ചു (rub); മേയ്ക്കുന്നു, മേച്ചു (to graze).

But തേക്കുന്നു, തേക്കി belck.

4. ത്തു is changed into ട്ടു or റ്റു in the case of weak Verbs ending in ടു or റു, or of strong Verbs ending in ൾ or ൽ.

*a)* Ending in ടു and ൾ:

1. നടുന്നു, നട്ടു (plant); ചുടുന്നു, ചുട്ടു (burn).
   തൊടുന്നു, തൊട്ടു; പെടുന്നു, പെട്ടു (happen).
2. കേൾക്കുന്നു, കേട്ടു; കക്കുന്നു (കൾക്കുന്നു), കട്ടു (steal).

*b)* Ending in റു and ൽ:

1. അറുന്നു, അറ്റു (broke off); പെറുന്നു, പെറ്റു (bring forth).
2. വില്ക്കുന്നു, വിറ്റു; ഏല്ക്കുന്നു, ഏറ്റു (hit, receive).
   വല്ക്കുന്നു, വറ്റു (catch); നോല്ക്കുന്നു, നോറ്റു (fast); തോല്ക്കുന്നു, തോറ്റു (be defeated) etc.

*Exception:* നില്ക്കുന്നു, നിന്നു, but എഴുന്നീറ്റു, തറുന്നു, തററി to put the tail between the legs.

## III. Past Tense formed by the affix ന്തു.

1. Under the form of ന്തു it occurs in a few Verbs only.

നോകുന്നു, നൊന്തു (to pain); വേകുന്നു, വെന്തു (burn).

2. ന്തു becomes ന്നു after crude forms ending in അ.

കിടക്കുന്നു, കിടന്നു; പരക്കുന്നു, പരന്നു.

ചുമക്കുന്നു, ചുമന്നു; അളക്കുന്നു, അളന്നു.

വിശക്കുന്നു, വിശന്നു; പിറക്കുന്നു, പിറന്നു.

3. ന്തു is changed into ഞ്ഞു after crude forms ending in palatal vowel (or യുന്നു in Present Tense).

കരിയുന്നു, കരിഞ്ഞു (charred); ചീയുന്നു, ചീഞ്ഞു (rotten).
പറയുന്നു, പറഞ്ഞു പായുന്നു, പാഞ്ഞു.
മേയുന്നു, മേഞ്ഞു (grazed); ആരായുന്നു, ആരാഞ്ഞു (ask).

4. ന്തു following roots ending in ര, ൽ, റ, ഴ and ൾ.

*a)* ര + ന്തു = ൎന്നു.

ചേരുന്നു, ചേൎന്നു; തീരുന്നു, തീൎന്നു.
ചോരുന്നു, ചോൎന്നു (leak);

*Exception* പോരുന്നു, പോന്നു.

*b)* ൽ + ന്തു = ന്നു:

ആലുന്നു, ആന്നു (spread); ഞാലുന്നു, ഞാന്നു (hang).
ഞേലുന്നു, ഞേന്നു (hang); അകലുന്നു, അകന്നു (see I. 3.).
ചുഴലുന്നു, ചുഴന്നു (surround); ചെല്ലുന്നു, ചെന്നു (see I. 1.).
കൊല്ലുന്നു, കൊന്നു (I. 1.).

*c)* ൾ + ന്തു = ണ്ടു:

ആളുന്നു, ആണ്ടു (rule); നീളുന്നു, നീണ്ടു (I. 2.).
വീളുന്നു, വീണ്ടു (get back); വറളുന്നു, വറണ്ടു (I. 3.).
ഇരുളുന്നു, ഇരുണ്ടു (get dark); കൊള്ളുന്നു, കൊണ്ടു (I. 1.).

*d)* ഴ + ന്തു = ണു or ണ്ണു:

1. ചൂഴുന്നു, ചൂണു (surround); വീഴുന്നു, വീണു.
ആഴുന്നു, ആണു (sink); കേഴുന്നു, കേണു (weep).
നൂഴുന്നു, നൂണു (creep in); വാഴുന്നു, വാണു (rule).
2. അമിഴുന്നു, അമിണ്ണു (sink); കവിഴുന്നു, കവിണ്ണു (be overturned).
പുകഴുന്നു, പുകണ്ണു (praise); ഉമിഴുന്നു, ഉമിണ്ണു (spit).

## IV. The Vowel of the root shortened in the Past Tense.

കാണുന്നു, കണ്ടു (see I. 2.); വേകുന്നു, വെന്തു (III. 1.).
നോകുന്നു, നൊന്തു (III. 1.); ചാകുന്നു, ചത്തു.

## V. The Past Tense formed by the affix ക്കു.

പുകുന്നു, (പൂകുക) പുക്കു (enter); മികുന്നു, മിക്കു (increased) from which മിക്ക "most" is derived. തകുന്നു, തക്കു (fit).

**Remark:** The last two words are chiefly used as Adjective Participles: മിക്ക greater part, chiefest; തക്ക fit.

### Exercise.

പലവിധമുള്ള (വിധം kind) നെല്ലുകൾ കൂടാതെ (നെൽ or നെല്ലു rice as growing) മറ്റും ചില ധാന്യങ്ങൾ (corn) മലയാളത്തിൽ വളരുന്നുണ്ടു. കന്നി വിള (കന്നി September, വിള crop; കന്നിയിലുള്ള വിള) തീൎന്ന ശേഷം പല വയലുകളിലും (വയൽ field) മുതിര (horse gram), ഉഴുന്നു (kidney bean), ചെറുപയറു (small peas), അരിപ്പയറു, അമര (country

bean) എന്ന പയറുകളും പലവിധമുള്ള ചേമ്പുകളും (*Caladium esculentum*), വത്തക്ക (water-millet), വെള്ളരിക്ക (cucumber), കുമ്പളങ്ങ (pumpkin), പുകയില (പുക = smoke, ഇല = leaf: tobacco) ഇത്യാദികളും നട്ടുവരുന്നു. വെണ്ടക്ക, പടോലങ്ങ (bitter cucumber), മുള്ളങ്കി, ചേന (a kind of yam), ചീര (greens, used like spinage) മുതലായ പച്ചക്കറിസാധനങ്ങൾ (കറി + സാധനം = materials) കൂടാതെ ഈ നാട്ടിൽ പ്രത്യേകമായി കുരുമുളക് (pepper) വളരേ ഉണ്ടു അതു മലയാളത്തിൽ എന്നപോലേ എവിടേയും (§ 137) നന്നായി വരായ്കയാൽ പ്രത്യേകമായി ഇവിടേനിന്നു കയററി (the Transitive Verb of കയറുക) കൊണ്ടുപോകുന്നു. കപ്പൽമുളകു പൊത്തുഗീസുകാർ അമേരിക്കയിൽനിന്നു കൊണ്ടുവന്നിരിക്കുന്നെങ്കിലും ഇപ്പോൾ ഈ നാട്ടിൽ സപ്രദേശത്തിൽ എന്ന കണക്കേ വളൎന്നു പെരുത്തു ഉപകരിക്കുന്നു (benefit). ഇഞ്ചി (ginger), മഞ്ഞൾ (saphron), ഏലം (cardamoms, ഏലത്തരി seed) എന്നിവയെ രാജ്യത്തിൽ ഉപയോഗിക്കുന്നതിന്നു പുറമേ വിലാത്തിയിലേക്കും അയക്കും. തെങ്ങു, പന (palmyra), കഴുങ്ങു (areca-nut tree), മാവു, പിലാവു, പുളി (tamarind) ആൽ (*Ficus Indica*) മുതലായ വൃക്ഷങ്ങളെ കുറിച്ചു നാം മുമ്പേ കേട്ടുവല്ലോ!

Remark: പുറമേ occasionally used instead of കൂടാതെ, അല്ലാതെ meaning "besides", "additionally".

134. എത്രയും ഭംഗിയുള്ളതും വിലയേറിയ കല്ലുകളെക്കൊണ്ടു പണിയിക്കപ്പെട്ടതുമായ ഈ ഭവനത്തിൽ മൂന്നാൾ നിൎഭാഗ്യരും ദുഃഖപരവശരുമായി പാൎക്കുന്നു in this beautiful house, built up with precious stones, there are living three persons quite unhappy and immersed in sorrow.

ദുഃഖപരവശൻ one absorbed by from sorrow.

135. കുട്ടി മരിക്കുമാറായി എന്നു അച്ഛൻ കാണുകയിൽ അമ്മയെ ധൈൎയ്യപ്പെടുത്തിയതല്ലാതെ പൈതലിന്നു മരുന്നു കൊടുത്തതിനാൽ രോഗം മാറി കുട്ടിക്കു സൌഖ്യം വരികയും ചെയ്തു; അന്നുതൊട്ടു പനി വരാറില്ല when the father saw that his child was on the point of death, he did not only encourage the mother, but in giving medicine to the infant the sickness ceased and the child recovered; from that time the fever is not setting in.

മരിക്കുമാറായി = മരിക്കും + ആറു + ആയി; ആറു = way, manner; മാറുന്നു, മാറി = change, here as much as "to be healed"; വരാറില്ല = വരും + ആറു + ഇല്ല.

136. "സ്ത്രീകളെ കൊണ്ടു നടക്കും പുമാന്മാൎക്കു വേഗപ്രയോഗം ശുഭമല്ല" എന്നു ശിവപുരാണത്തിൽ വായിക്കുന്നതു എല്ലാ മൎയ്യാദസ്ഥരും പ്രമാണിക്കേണ്ടതു "it is not becoming to gentlemen to walk fast when accompanying ladies"; all gentlemen ought to make this saying of the Shiva-Purāṇam their maxim. (*Lit.* what we read thus in the Shiva-Purāṇam all gentlemen etc.)

നടക്കും see § 91; പുമാൻ = പുരുഷൻ; വേഗപ്രയോഗം application (use) of haste; ശുഭം fine, good; പുരാണം one of the mythological treatises ascribed to Vyāsa; മൎയ്യാദസ്ഥൻ one who possesses മൎയ്യാദ (civility); see § 278, 1. ആകേണ്ടതു = ആക + വേണ്ടതു, see § 139.

§ 183. ഭംഗിയുള്ളതും പണിയിക്കപ്പെട്ടതുമായ ഭവനം (ex. 134) shows the way in which *two or more Attributes are copulated* and joined to their Noun or Pronoun. Not to the Attributes themselves ഉം—ഉം

is added. As Nouns, Neuter Nouns (formed from Verbs or Adjectives പണിയിക്കപ്പെട്ടതു, നല്ലതു) or Verbal Nouns only (§ 123) can be co-ordinated, the Attributes must be joined together as such. Therefore Adjectives derived from Nouns drop ഉള്ള or ആയ and take ഉം to the Original Noun itself. (ഭംഗിയും ബുദ്ധിയും instead of ഭംഗിയുള്ള, ബുദ്ധിയുള്ള) Adjective Participles change into Neuter Nouns (പണിയിക്കപ്പെട്ടതും from പണിയിക്കപ്പെട്ട) and after having thus combined two Nouns we affix to the last of them the termination of an Attribute ഉള്ള or ആയ, what transforms both of the Nouns again into Adjectives or Attributes. Thus: അഞ്ചു ബുദ്ധിയുള്ളവരും അഞ്ചു മൂഢരുമായ കന്യകമാർ പുറപ്പെട്ടു പോയി. (Why not ബുദ്ധിയും?) Five wise and five foolish virgins went out. ചെറിയതും ദാരിദ്ര്യമുള്ളതുമായ ഒരു കുട്ടി a small and poor child.

§ 184. In the same way also *Adverbs are combined* (നിർഭാഗ്യത്തും സുഖപരവശരുമായി) only instead of ആയ or ഉള്ള ആയി is added to the combined Nouns. But in general, Adverbs are combined by ഉം—ഉം; *f.e.* അവൻ താല്പൎയ്യത്തോടും വേഗതയോടും തൻ്റെ പണി ചെയ്യും he will do his business diligently and quickly. നീ ഈ കാൎയ്യം നന്നായും പൂൎണ്ണമായും സമൎപ്പിക്കേണം you ought to accomplish this matter nicely and perfectly.

§ 185. മരിക്കമാറായി, വരാറില്ല (ex. 135) point out a new use of the Noun ആറു "way", "manner" (see ആറേ § 86). മരിക്കമാറായി means literally: He is one, who is in the way of dying; he is about dying; is on the point of death. വരാറില്ല is the short form of വരുമാറില്ല, this means: "the fever is not about coming; it does not come now and then as formerly". We see this form is chiefly used in connexion with the Future Participle (Second Future as well as the first; see the examples at the end of this Para.). അച്ഛൻ വന്നോ? അവർ എത്തുമാറായി did the father come? He is arriving (is about arriving, this means: we can see now that he is coming) നിങ്ങൾ പുറപ്പെട്ടുമാറായി you were going away (on the way going out). ആറു may also be employed before the Transitive ആക്കുക; *f. e.* അവൻ അവനെ സംസാരിക്കുമാറാക്കി they made him (by and by) speaking; അവർ രോഗിക്കു ശക്തി വരുത്തുമാറാക്കി they strengthened (by and by) the patient.

The meaning of ആറു in these examples is either *a)* that something only "gradually comes to existence", "was done" or *b)* that an action has taken place repeatedly.

In colloquial language this form is very frequently used, especially in connexion with ആകു, ഉണ്ടു, ഇല്ല.

ആനകൾക്കു യുദ്ധാഭ്യാസം ശീലിപ്പിച്ചു യുദ്ധത്തിൽ കൊണ്ടുപോകുമാറുണ്ടു (used to bring).

കുതിര പശുക്കൾ തുടങ്ങിയുള്ളവയെ പോലേ തേക്കിയരെക്കുമാറില്ല (not accustomed to ruminate).

യഹൂദന്മാർ ആട്ടുകളെ ബലി കഴിച്ചു ഭക്ഷിക്കുമാറുണ്ടായിരുന്നു (used to eat).

ഭൂമിയിൽ മഴ ഇല്ലാഞ്ഞാൽ യാതൊന്നും മുളെക്കാറില്ലല്ലോ.—മരിപ്പാറായി (see § 74) is dying.

ശബ്ദം ഉച്ചരിപ്പാൻ കൂടേ അറിയുന്നില്ല; അറിവാറായെങ്കിൽ വിക്കി വിക്കി പറയുന്നു (knowing them gradually, almost).

ഇതിൽ രുചി കൂടാറായവൻ കാണിക്കേണ്ടും സൂക്ഷ്മം (one who gradually relishes this).

കാണ്മാറാവു (കാണ്മ + ആറു + ആവു) may I come to see!

These expressions will furnish us with a third form of *the Progressive* (മരിക്കും and മരിക്കുന്നുണ്ടു) see § 106. 135.

§ 186. വരികയും ചെയ്തു (ex. 135) വെളിപ്പെടുത്തുകയും അയക്കുകയും ചെയ്തു represent a very important construction in Malayalam. The Infinitive or Verbal Noun is used very often together with an Auxiliary Verb to complete a long sentence. Frequently it is employed in this manner at the end of a long sentence or at the conclusion of any exposition, where we would begin a new line in English or German. Besides ചെയ്തു also വേണം or വേണ്ടു, ഇരിക്ക, ആക and their Negatives may be employed to join a number of Verbal Nouns.

The second example shows, that in a compound sentence ചെയ്തു is used to combine two and more Predicates. The Verbal Nouns are copulated by ഉം and ചെയ്തു, or the Auxiliary Verbs mentioned above take the place of the Finite Verb. ഞാൻ തന്നേ കാണ്കേ നിങ്ങളുടെ കുട്ടി കളിക്കയും ചിരിക്കയും ചെയ്തിരിക്കുന്നു in my very presence your child played and laughed; കടലിൽ കുളിക്കയും എണ്ണ തേക്കുകയും വേണം (കുളിക്ക bathe); എണ്ണ oil; തേക്കുന്നു, തേച്ചു (to rub).—It is necessary to bathe in the sea and to rub (the body) with oil.

§ 187. In adding ഹീനത, കേടു, ഇല്ലായ്മ, ഭംഗം to a word or putting അ, നിർ before a word we get its negative meaning; *cf.* in English "less" (los) in carelessness, "dis", "un" in unbelief, unthankfulness—Unglauben, Undankbarkeit). Thus ഭക്തിഹീനത (want of piety), ക്രമക്കേടു (disorder), സ്നേഹമില്ലായ്മ (want of love), രക്ഷാഭംഗം (want of help), അവിശ്വാസം (unbelief), നിൎദ്ദോഷത (innocence); see § 268. ഹീനത derived from ഹീനം (a Sanskrit Past Participle = deprived of) means deficiency. Its Masculine is ഹീനൻ, *f. e.* ബുദ്ധിഹീനൻ one foolish.

കേടു (Malayalam) loss, want; ഒരുക്കക്കേടു want of readiness. ഭംഗം (Sanskrit) breaking, loss; *f. e.* ആശാഭംഗം disappointment.

അ is the Sanskrit Privative.

As to നിർ see § 268, 11.

§ 188. ധൈൎയ്യപ്പെടുത്തുക (ex. 135). The Transitive or *Causative form of Verbs* ending in പ്പെടുക is formed by inserting ത്തു (Past Participle ത്തി) after പെടു; *f. e.* വെളിപ്പെടുക reveal, show one self വെളിപ്പെടുത്തുക to lay open (see § 154). Thus: സ്നാനപ്പെടുക (സ്നാനം baptism) to receive baptism; സ്നാനപ്പെടുത്തുക to baptize. The syllable ത്തു is also employed in the Causative

of Verbs ending in ക്കുന്നു; *f. e.* ചുമക്ക to bear, ചുമത്തുക to lay a burden on somebody; നടക്ക, നടത്തുക to lead, besides Verbs ending in രുന്നു take ൎത്തുന്നു: ഉയരുന്നു, ഉയൎത്തുന്നു to lift up, ഉണരുക, ഉണൎന്നു awake, ഉണൎത്തുന്നു awaken; see Flexion of the Verb, page 141 ff.

§ 189. കാണുകയിൽ (ex. 135). This Locative of the Verbal Noun denotes simultaneousness of the two actions in the chief sentence (ധൈൎയ്യപ്പെടുത്തുക) and in the depending sentence (കാണുക) and corresponds to the English Conjunction "whilst" ("während" in German) "സംസാരിച്ചുതൎക്കിക്കയിൽ അവൻ വന്നു"; *cf.* ഇരിക്കേ, കാണ്കെ, see Page 124. § 169.

Mark: In dropping the "അ" of the Verbal Noun (or modern Infinitive) and adding ഇൽ we get the Conditional instead of the Locative; thus: കാണുകിൽ, കൊടുക്കിൽ, ചെയ്കിൽ or the contracted forms മടങ്ങിൽ, തുടങ്ങിൽ etc. This Conditional ought not to be confounded with the Locative: കാണുകയിൽ, കൊടുക്കയിൽ, ചെയ്കയിൽ, *cf.* § 134.

§ 190. വായിക്കുന്നതു (ex. 136) shows that also a Subjunctive clause (Noun clause) is rendered in Malayalam by the Neutral Verb (for the Objective-clause, see § 157). So also in the following sentences: നിന്നെ കാത്തിരിക്കുന്നവർ ആരും നാണിക്കയില്ല whosoever waits for thee shall not be ashamed; ആശ്വാസം വരുത്തുവാൻ നോക്കുന്നതു ദൈവത്തിന്റെ സ്വഭാവം it is God's nature to look out for imparting consolation; *cf.* the Infinitive in Greek "τὸ ὑπὲρ τῆς πατρίδος ἀποθανεῖν καλόν ἐστι"—it is beautiful to die for one's fatherland.

## Exercise 1.

*Human body (continued).*

To blow the nose മൂക്കു ചീന്തുക.

To poke the nose മൂക്കു തുളെക്കുന്നു.

The bite of a snake പാമ്പിന്റെ കടി (കൊത്തു) കടിവായി.

He was bitten അവനെ കടിച്ചു.

The poison has spread (has taken effect) വിഷം ഏറാു (തീണ്ടി).

To extract the poison വിഷം ഇറക്കുക.

To commit suicide ആത്മഹത്യ ചെയ്യുക.

To feel pains in the stomach വയറു വേദന എടുക്ക.

The pains are griping അതു കടിക്കുന്ന വേദന തന്നേ ആകുന്നു.

To be in labour പ്രസവവേദനപ്പെടുക.

He is dying അവൻ മരിപ്പാറായി.

He breathes his last അവൻ ഊൎദ്ധ്വശ്വാസം വലിക്കുന്നു.

Do not always scratch your legs നിന്റെ കാലുകൾ എപ്പൊഴും ചൊറിയല്ല (മാന്തല്ല).

It is only a cramp അതു ഒരു വിലക്കമത്രേ.

Take sulphur to get rid of your itch ചിരങ്ങു (ചൊറി) മാറുവാൻ ഗന്ധകം പ്രയോഗിക്ക.

If these spasms in the extremities come on, you must rub his legs well കൈകാലുകളിൽ മീൻപ്പാച്ചൽ (ഞരമ്പുവലി) വരുമ്പോൾ നിങ്ങൾ പാദങ്ങളെ നല്ലവണ്ണം തിരുമ്മേണം.

To dislocate the thigh തുട ഉളുക്കി പോക.

What a boil is this, I hope it is not cancer or a carbuncle or an abscess ഇതു എന്തൊരു കുരു! അതു അൎബ്ബുദമോ രാജകുരുവോ വിദ്രധിയോ അല്ല എന്നു ഞാൻ ഊഹിക്കുന്നു.

He suffers from a sore throat അവനു തൊണ്ടവേദന ഉണ്ടു (കഫം കുടുക്കി വലിക്കുന്നു).

The ankle has been sprained നരിയാണി ഉളുക്കി പോയി.

Look at that hump-back ആ കൂനനെ (കൂനൻ) നോക്കു.

He has broken his neck അവന്റെ കഴുത്തു ഒടിഞ്ഞു പോയി.

He has got sore eyes, but I hope it will not turn out to be *gutta serena* അവന്നു ചെങ്കണ്ണു ഉണ്ടു എന്നാൽ അതു തിമിരമായി തീരുകയില്ല എന്നു ഞാൻ ആശിക്കുന്നു.

He has got squint eyes അവന്നു കോങ്കണ്ണുകളുണ്ടു (കോങ്കണ്ണൻ, കോങ്കണ്ണി).

Clean your ears with this syringe ഈ പിസ്ക്കാരികൊണ്ടു ചെവിയിൽ വെള്ളം അടിക്ക.

You better take a purgative നീ ഒന്നു വയറിളക്കിയാൽ നല്ലതു.

I suffer from giddiness എനിക്കു തലതിരിച്ചൽ ഉണ്ടു.

This is not a common cough, it is hooping cough അതു സാധാരണമായ കുരയല്ല, അതു കൊക്കിക്കുര തന്നേ ആകുന്നു (കൊക്കുര).

I do not know whether it is colic or spasm in the bowels അതു കുടർവാതമോ കുടലേററമോ എന്തോ എന്നു ഞാൻ അറിയുന്നില്ല.

The itch has been drawn in ചൊറി വലിഞ്ഞു പോയി.

There are pains, heat, swelling and fever കുടച്ചലും പുകച്ചലും വീക്കവും പനിയുമുണ്ടു.

To have a strong appetite മൂലാഗ്നി കത്തുന്നു.

To yawn ആവി ഇടുക, കോട്ടുവായി ഇടുക.

To stretch one self മൂരി വിടുക, നിവിൎന്നു ഞെളിയുക, വിജൃംഭിക്ക.

To sneeze തുമ്മുക, (തുമ്പുക).

To cough കുരെക്ക.

To gnash the teeth, to grin പല്ലിറുമ്മുക, പല്ലിളിക്ക (പല്ലുകാട്ടുക).

To take breath ശ്വാസം വലിക്ക.

To breathe out ശ്വാസം വിടുക.

To breathe with difficulty ഏങ്ങുക (വിമ്മുക).

To be stifled ശ്വാസം മുട്ടിപ്പോക.

He is bilious അവന്നു പിത്തം ഇളകി.

Sweat to break out വിയൎപ്പു പൊട്ടി.

To be unconscious കഥയില്ല (ബോധക്കേടു).

Impoverished blood രക്തക്ഷയം.

Hiccup എക്കിട്ട (to hiccough എക്കളിക്ക).

Phlegmatic fever ശ്ലേഷ്മവ്യാധി.

Asthma ഏക്കം.

To belch ഏമ്പൽ ഇടുക.

A cold ജലദോഷം.

Diabetes നീൎവ്വീഴ്ച (നീരഴിവു) പ്രമേഹം.

Hemorrhage രക്തപിത്തം.

Spasmodic cholera വിഷൂചിക.

Walk upon all fours നീന്തി നടക്ക.

Relapse of a fever മറുപനി.

Cancer കവിളരച്ചി (കവിൾവാൎപ്പു, ചോരവാൎച്ചു).

Rheumatism, bile and phlegm are called the three roots of disease വാതം, പിത്തം, കഫം എന്നീ മൂന്നിന്നു ത്രിദോഷങ്ങൾ എന്നു പേർ ഉണ്ടു.

## Exercise 2.

നമുക്കുള്ളതിൽ അധികം വേണമെന്നു ആഗ്രഹിക്കുന്നതിനാൽ[1] നമുക്കുള്ളതും പോയ്പ്പോകും. കൎമ്മം ഇല്ലാത്തവർ[2] എവിടേ എല്ലാം പോയാലും എന്തെല്ലാം പ്രയത്നിച്ചാലും[3] അവൎക്കു വിശേഷമായി[4] ഒന്നും കൂടി വരികയില്ല. ബ്രഹ്മാവു തലയിൽ എഴുതിയിരിക്കുന്നതിനെ മാററുന്നതിന്നു യാതൊരുത്തരാലും കഴിയുന്നതല്ല. യോഗ്യന്മാർ[5] തങ്ങളെ വിശ്വസിക്കുന്നവരെ രക്ഷിപ്പാൻ വേണ്ടി തങ്ങളുടെ പ്രാണനെ[6] പോലും (§ 210) ലക്ഷ്യമാക്കുകയില്ല[7]. കറുത്ത വാവിൻ[8] ദിവസം കലകൾ[9] അത്രയും പോയി ചന്ദ്രൻ ക്ഷയിക്കുന്നുവല്ലോ[10], പിന്നേ വെളുത്ത

1) Desire. 2) Unlucky. 3) Take great pains. 4) Something extraordinary. 5) Worthy people. 6) Life. 7) ലക്ഷ്യം deserving to be regarded, hence ലക്ഷ്യമാക്കുകയില്ല will not regard ആദരിക്കയില്ല, വിലമതിക്കയില്ല. 8) New moon. 9) Particle, $\frac{1}{16}$ of the moon's diameter. 10) Wane.

പക്ഷത്തിൽ[11] ആ ചന്ദ്രൻ വൃദ്ധിയാകുന്നില്ലേ[12]; എന്നതു പോലേ നമുക്കു നല്ലകാലം വരുമ്പോൾ ദൈവസഹായത്താൽ എല്ലാ കാൎയ്യങ്ങളും നന്നായി വരും.

അവൻ ന്യായാധിപതിയെ നോക്കി ഇവൻ മോഷ്ടിച്ച സംഗതി തെളിയിപ്പാൻ ഞാൻ സാക്ഷികളെ ചേൎത്തുവെച്ചുകൊള്ളേണ്ടതിന്നു (§ 202. 203) ഇവൻ എന്റെ വീട്ടിൽ കേറി മോഷണം ചെയ്വാൻ ഭാവിച്ചിരുന്ന വിവരം അതിന്നു മുമ്പേ തന്നേ എന്നെ അറിയിച്ചില്ല, അതുകൊണ്ടു അടിക്കുന്നു എന്നു ബോധിപ്പിച്ചു.

**Remark:** This sentence may help to show, that on the whole the construction of a Malayalam sentence is the reverse of the construction in English. (He told the judge, that he beats him, because he had not communicated to him beforehand his intention of robbing his house in order that he might have had witnesses ready to prove his villany.)

137. ആയവൻ എന്റെ സംബന്ധക്കാരൻ എന്നും മുമ്പേത്ത സമയത്തിൽ അവൻ എനിക്കു എപ്പോഴും വലിയ ഉപകാരം ചെയ്തു എന്നും ഞാൻ ഓൎക്കുന്നു, അതുകൊണ്ടു അവന്നു പ്രത്യുപകാരം ചെയ്വാൻ ഞാൻ വളരേ താല്പൎയ്യപ്പെടുന്നു I remembered that he is a relation of mine and that formerly he used to do many a favour to me, therefore I desire very much to do a favour to him in return.

പ്രത്യുപകാരം = പ്രതി + ഉപകാരം; പ്രതി towards, against, for, in exchange of.

138. ആത്മാവു ശരീരത്തെക്കൊണ്ടു നടത്തിച്ച നന്മകൾക്കെങ്കിലും തിന്മകൾക്കെങ്കിലും തക്ക പ്രതിഫലം കിട്ടേണ്ടതിന്നു നാം സ്വൎഗ്ഗത്തിലോ നരകത്തിലോ പോകേണ്ടി വരും. ആകയാൽ വലിയവനാകട്ടേ ചെറിയവനാകട്ടേ കിഴവനാകട്ടേ ബാല്യക്കാരനാകട്ടേ മോക്ഷം കിട്ടുവാൻ കഴിയുന്നേടത്തോളം ശ്രമിക്കേണ്ടതാകുന്നു in order to get the proper recompense for the good as well as for the evil, the spirit has done through the agency of the body, we shall have to go either to heaven or to hell. Hence one being great or little, an old man or a youth, he ought to try his uttermost to obtain eternal bliss.

നന്മകൾക്കെങ്കിലും തിന്മകൾക്കെങ്കിലും = നന്മകൾക്കു + എങ്കിലും etc. നടക്ക walk. 1. നടത്തുക (ത്തി) direct, rule. 2. നടത്തിക്ക to get one to carry on a work, direct (§ 188).

139. സംസാരിക്കുന്നതിനെക്കാൾ പ്രവൃത്തിക്കുന്നതു പ്രയാസം എന്നതു അവനെ പറ്റി പലപ്പോഴും കാണായ്വന്നിട്ടുണ്ടു. എന്നാൽ നാണിച്ചുപോകായ്വാൻ നാം എന്തു ചെയ്യേണ്ടു? as to him we have seen often, that it is more difficult to carry out something than to talk about it, but what shall we do so as not to be put to shame?

പോകായ്വാൻ is the Second Participial Adverb of the Negative Verb (§ 118). The Positive Verb would be പോകുവാൻ (പോവാൻ).

---

11) Full moon. 12) Increase.

140. എത്ര പണി ചെയ്യുന്നുവോ അത്ര കൂലി കിട്ടും. അല്ലെങ്കിൽ ഏതു പ്രകാരം നീ ഉത്സാഹിക്കുന്നുവോ അതേപ്രകാരം നിനക്കു ലാഭം വരും എന്നു നീ നല്ലവണ്ണം അറിയുന്നുവല്ലോ; എന്നിട്ടും (എന്നാലും) നീ വെറുതേ എന്റെ വാതില്ക്കൽ കിടന്നുറങ്ങുന്നതത്രേ do you not know very well, that in proportion to the work you do you will be rewarded or that in the same manner in which you show yourself diligent you will earn a profit (it will come profit to you). In spite of all this you do nothing, but lay yourself down before my door and sleep.

വാതില്ക്കൽ = വാതിലുടെ അടുക്കൽ; in the same manner we say കാല്ക്കൽ = കാലുടെ അടുക്കൽ; *f. e.* കാല്ക്കൽ വീണു; വഴിക്കൽ = വഴിയിൽ; വായ്ക്കൽ = വായിൽ. § 171. I. 1.

§ 191. Two or more sentences subordinate to a Verb of saying or thinking are connected to each other and to the chief sentence by എന്നും (ex. 137). On this occasion we also may state, that besides the Neuter Noun and പ്രകാരം (§ 157) also എന്നു is employed to form *Objective sentences* അവൻ എന്റെ തൊപ്പിയെ കട്ടു എന്നു (കട്ടതു or കട്ടപ്രകാരം) ഞാൻ കണ്ടു I saw, that he has stolen my hat. Thus: എന്നും may serve also to join two and more Objective sentences with the principal sentence (തൊപ്പി കട്ടു എന്നും പോയിക്കളഞ്ഞു എന്നും ഞാൻ കണ്ടു).

§ 192. വന്നിട്ടുണ്ടു (ex. 139) shows the positive form of the *Perfect* we met with in § 143 (ചെയ്തിട്ടില്ല). ഇടുക is employed to form this Perfect and ഓൎത്തിട്ടുണ്ടു is as much as ഓൎത്തിരിക്കുന്നു. The Pluperfect is ഓൎത്തിട്ടുണ്ടായിരുന്നു; *f. e.* മഴ എത്ര പെയ്യുങ്കിലും ഞാൻ അതിന്നു മുമ്പേ തന്നേ പട്ടണത്തിൽ എത്തീട്ടുണ്ടായിരുന്നു (എത്തിയിരുന്നു) though it rained very much I had reached the city before that.

§ 193. എങ്കിലും—എങ്കിലും; ഓ—ഓ; ആകട്ടേ—ആകട്ടേ (ex. 138) are employed as Conjunctive Particles (§ 147). എങ്കിലും means "even if so", "though so", "although" (see § 134), if repeated = "either—or"; "as well as"; "just so". Besides ഒന്നിക്കിൽ—അല്ലെങ്കിൽ or ഒന്നിൽ—അല്ലയാങ്കിൽ in one case—or; ഒന്നുകിൽ—അല്ലെങ്കിൽ, or only: അല്ലെങ്കിൽ or even അല്ല "if not so", "or" may be employed; *cf.* besides § 216; *f. e.* ഒന്നുകിൽ പണം കൊടുക്കാം അല്ലെങ്കിൽ പറമ്പുമടക്കി കൊടുക്കേണം either (in one case) you may give the money or you have to return the compound. In the same manner: ഒന്നിൽ (and ഒന്നിക്കിൽ or ഒന്നിൽ)—അതല്ല എങ്കിൽ; or ഒന്നിക്കിൽ അതല്ല എന്നു വരികിൽ. Frequently the first part is to be understood: ഞാൻ ഇന്നു വൈകുന്നേരത്തു നിങ്ങളെ കാണ്മാൻ വരും; അല്ല നിങ്ങൾ ഇങ്ങോട്ടു വന്നിട്ടു കാൎയ്യം തീൎക്കാമല്ലോ! (either) I shall go to see you, or you will come here this evening and settle the matter. ആകട്ടേ, the Imperative third person of ആകുന്നു, serves the same purpose. കിഴവൻ ആകട്ടേ ബാല്യക്കാരൻ ആകട്ടേ *lit.* Let it be an old man, let it be a young man or "an old man, as well as a young one".

Remark: A curious distinction as to ഇല്ല and അല്ല may be mentioned in this connexion. If any discussion takes place as to the amount of something and one suggests less than others suppose to be right, they will introduce their opposition by saying അല്ല: (അഞ്ചു ഉറുപ്പിക) അല്ല ഏഴുണ്ടാകും; if they are of opinion, that too much has been suggested, they will oppose, commencing with ഇല്ല: (പതിനെട്ടുകോൽ) ഇല്ല പതിനഞ്ചേത്രേ.

§ 194. There is no real difference between അതുകൊണ്ടു and ആകയാൽ (ex. 138). Both forms are used as Illative Conjunctions, co-ordinating principal sentences. In Malayalam as well as in English *Subordinate Sentences* easily *may be transformed into Co-ordinate Sentences.* മഴപെയ്യുതുകൊണ്ടു ഞാൻ പോയിട്ടില്ല (because it was raining I did not go) or മഴപെയ്തു അതുകൊണ്ടു ഞാൻ പോയിട്ടില്ല (it was raining, hence I did not go). In using അതുകൊണ്ടു a stress may be laid upon അതു so as to exclude any other cause; *f.e.* It rains, therefore I do not go (and not on account of any other reason) മഴപെയ്തു അതുകൊണ്ടു ഞാൻ പോയിട്ടില്ല (ഞാൻ വേറൊരു കാൎയ്യം നിമിത്തമായി പോയിട്ടില്ല).

Thus in separating the affixes of Subordinate Sentences from their Verb we get Co-ordinate Sentences (ചെയ്കയാൽ subordinate ചെയ്യുന്നു ആകയാൽ co-ordinate sentence). This holds true also for നിമിത്തം and Adverbial Clauses of *Time.* വിളിച്ചപ്പോൾ—ആറേ—വിളിച്ചതിൽ പിന്നേ—വിളിച്ച ശേഷം അവർ വന്നു Subordinate Sentences. വിളിച്ചു—അപ്പോൾ, എന്നാറേ, അതിൽ പിന്നേ, അതിന്റെ ശേഷം അവർ വന്നു Co-ordinate Sentences.

As to *Mode* in the same manner by a slight change Subordinate Sentences may be changed into Co-ordinate and the reverse. പറഞ്ഞ പ്രകാരം (പറഞ്ഞതു പോലേ, കണക്കേ), പറഞ്ഞതിന്നൊത്തവണ്ണം ചെയ്ക may be made Co-ordinate: പറഞ്ഞു, അതിൻപ്രകാരം—അതുപോലേ—അതിന്നൊത്തവണ്ണം etc.

*Conditional Sentences:* അതു ചെയ്കിൻ—അതു ചെയ്താൽ ഞാൻ നിന്നെ ശിക്ഷിക്കും, changed into അതു ചെയ്യുന്നു എങ്കിൽ etc. അതു ചെയ്തു എന്നാൽ etc.

*Concessive Sentences:* അതു അറിഞ്ഞിട്ടും—അറിഞ്ഞെങ്കിലും—അറിഞ്ഞാലും ചെയ്തതു എന്തുകൊണ്ടു? changed into: അതു അറിഞ്ഞു എന്നിട്ടും—അറിഞ്ഞു എങ്കിലും—അറിഞ്ഞു എന്നാലും എന്നാറേയും).

Remark 1. Beginners are apt to confound ആകയാൽ and ആയാൽ, the first being the Instrumental Case of the Verbal Noun ആക (as much as ആകകൊണ്ടു) means: "since it is so", "therefore", the latter being the Conditional (= ആകിൽ), meaning "if so", "be it so". In the same manner പിന്നേ and എന്നാൽ ought to be kept asunder, പിന്നേ ("further", "moreover", "then") introducing a succession of time (അതിന്റെ ശേഷം), എന്നാൽ a logical consequence.

Remark 2. The spirit of the language prefers long periods consisting of subordinate Sentences to small independent sentences or to Co-ordinate Sentences. Long articles in Malayalam newspapers not seldom consist of 3 or 4 huge Compound Sentences, which style, most perplexing to an European, is highly appreciated by the native reader.

§ 195. കാണാവുന്നു (ex. 130. 139) shows that the Auxiliary Verb ആകുന്നു added to the Infinitive of a Verb forms a Compound Verb. Thus: കാണാകുന്നു, കാണാക to be seen, become visible. Usually, but not necessarily, വരിക is joined to the compound (*cf.* § 138); *f. e.* കേൾക്കായ്വരു, കേൾക്കായിരുന്നു. Besides the passive meaning it may also convey a precative sense; *f. e.* ഞാൻ അനുഗ്രഹം ചെയ്യാകേണം may I be enabled to be a blessing, or a potential meaning, *cf.* കൊള്ളായിരുന്നു § 140. 141. Besides it is connected with the different tenses of the Verb to produce various shades of meaning (Perfect and Pluperfect § 83. 94. 192), with the *Present Tense* even; *f. e.* പള്ളിയിൽ ഇരിക്കുന്നതായിരുന്നു we were sitting in church, with *Future:* ചാകുമായിരുന്നു being in a dying state. In connexion with the *Negative Verb:* തക്ക സമയത്തു എത്തിയാൽ ഇത്ര നഷ്ടം വരികയില്ലായിരുന്നു if you had arrived in proper time, the loss would not have been so great (*cf.* § 141); *Negative Adverb* അവനു മാനം ഇല്ലാതെ ആയിച്ചമഞ്ഞു he has become dishonourable; അവർ ചെയ്യാകുന്ന പ്രവൃത്തി നടക്കയില്ല (what they may do), *cf.* § 212, *b.*

§ 196. ആയവൻ (ex. 137) denotes, that even *Adjective Sentences* may be changed into independent sentences; *f. e.* ഞാൻ എത്രയും ദയയോടേ പോററി വളൎത്തിയ കുട്ടി എന്നെ ഉപേക്ഷിച്ചു പോയ്ക്കളഞ്ഞു the child that I had nourished and brought up so kindly, despised me and ran away. The Adjective clause made independent, the sentence will run thus: എന്റെ കുട്ടി എന്നെ ഉപേക്ഷിച്ചു പോയ്ക്കളഞ്ഞു, ആയവനെ ഞാൻ എത്രയും ദയയോടേ പോററി വളൎത്തിയിരുന്നു. In Malayalam ആയ (Adjective Participle) before അവനെ joins the second sentence to the first one (ആയവൻ "that one", pointing back). We may also say in sentences of this kind എന്നവൻ (എന്നവനെ).

## Exercise 1.

*Perfect* സ്നേഹിച്ചിരിക്കുന്നു or സ്നേഹിച്ചിട്ടുണ്ടു I have loved.
*Pluperfect* സ്നേഹിച്ചിരുന്നു or സ്നേഹിച്ചിട്ടുണ്ടായിരുന്നു I had loved.

## Exercise 2.

*Nouns of Relationship.*

| Masculine. | Feminine. |
| --- | --- |
| എന്റെ മൂത്തച്ഛന്നു എഴുപതു വയസ്സായി (മൂത്ത prior) (മൂത്തച്ഛൻ or മൂത്തപ്പൻ, പേരപ്പൻ). | എന്റെ മൂത്തമ്മയെ അറിയുന്നുവോ? (മൂത്തമ്മ, മൂത്താച്ചി, മൂത്തശ്ശി). |
| അപ്പൂപ്പൻ grand father. | അപ്പായി grand mother. |
| പിതാമഹൻ paternal grand father (പ്രപിതാമഹൻ paternal great grand father). | മാതാമഹൻ mother's father. |
| അച്ഛൻ മീൻ പിടിക്കുന്നു. | അമ്മ തുന്നൽപ്പണി ചെയ്യുന്നു (needle work, also: (തൈക്കുപണി), തൈപ്പു, തൈയൽപ്പണി etc.). |

പിതാവു (ജനകൻ) father.

വലിയച്ഛൻ വന്നോ? വലിയച്ഛൻ or അമ്മാമൻ father's elder brother: besides കാരണവൻ ഇളയച്ഛന്റെ വീട്ടിൽ പാൎത്തു (ഇളയച്ഛൻ, കുഞ്ഞച്ഛൻ) father's younger brother, younger aunt's husband.

കൊച്ചമ്മാമൻ younger maternal uncle.

ജ്യേഷ്ഠനെ കാണ്മാൻ പോയി.

ജ്യേഷ്ഠൻ, അണ്ണൻ elder brother (also ചേട്ടൻ).

അനുജൻ കളവു പറഞ്ഞു younger brother.

എനിക്കു ആങ്ങളമാർ നാലുണ്ടു (brothers in general, a term used by sisters).

കൊച്ചാങ്ങള a sister's younger brother.

അച്ഛച്ഛൻ എത്രയും ധനവാൻ (അച്ഛച്ഛൻ or പെണ്ണച്ഛൻ, അമ്മാവിയച്ഛൻ) father-in-law.

മാതാവു (ജനനി) mother.

വലിയ അമ്മായി maternal aunt; uncle's wife; mother-in-law (also അമ്മാമി, അമ്മാവി) ഇളയമ്മ മരിച്ചുപോയി younger aunt; wife of father's younger brother (also കൊച്ചമ്മ).

ജ്യേഷ്ഠത്തി പോയ്ക്കളഞ്ഞു.

ജ്യേഷ്ഠത്തി or അക്ക elder sister (also ചേട്ടത്തി). [sister.

അനുജ or (അനുജത്തി) നാളെ വരും younger പെണ്ണുങ്ങൾ including sometimes all the females in a family (പെങ്ങൾ).

കൊച്ചുപെങ്ങൾ a brother's younger sister.

അച്ചി ദരിദ്രയാകുന്നു (poor) (അച്ചി, അമ്മാവിയമ്മ, പെണ്ണമ്മ) mother-in-law.

Husband and wife ദമ്പതികൾ.

ഭൎത്താവു വീട്ടിൽ ഉണ്ടു.

ഭൎത്താവു, കെട്ടിയവൻ, വല്ലഭൻ husband (കെട്ടുക to bind, marry).

മകൻ ഞങ്ങളെ വളരെ ദുഃഖിപ്പിച്ചു (son).

മകൻ, പുത്രൻ, കുമാരൻ, ജനിതൻ, നന്ദനൻ.

അളിയൻ മിനിഞ്ഞാന്നു (the day before yesterday) കല്യാണം കഴിച്ചു brother-in-law.

അളിയൻ is also called in South-Malabar the "son-in-law".

ദേവരൻ husband's brother. Hence: ദേവരവിവാഹം levirate (now an abolished custom).

ഭാൎയ്യക്കു സൌഖ്യമില്ല.

ഭാൎയ്യ, കെട്ടിയവൾ, വല്ലഭ, കളത്രം, ജായ wife.

മകളെ കൊണ്ടു പലപ്പോഴും കേട്ടു.

മകൾ, പുത്രി, കുമാരി, നന്ദനി, ജനിത, ദുഹിതാവു daughter.

നാത്തൂൻ a husband's sister, brother's wife, besides the daughter of the maternal uncle. If the speaker is younger than this sister-in-law or first cousin, she will say നാത്തൂനമ്മ (besides ചേട്ടത്തിയാർ elder sister-in-law).

**Remark**: Low castes will not use the expressions "husband" and "wife", but a തീയൻ will say: എന്റെ തീയത്തി (and she: എന്റെ തീയൻ), a ചാലിയൻ: എന്റെ ചാലിയത്തി, and so on.

നിങ്ങൾക്കു പൌത്രന്മാർ ഉണ്ടു.

പൌത്രൻ (പേരൻ) grand-son; *Sans.* നപ്താ (nepos).

കേരളത്തിൽ മരുമകൻ[1] അവകാശി തന്നേ (inheritor).

എന്റെ പൌത്രി എത്തിപ്പോയി—പൌത്രി grand-daughter; *Sans.* നപ്ത്രീ.

മരുമകൾ ഇങ്ങോട്ടു വരേണ്ട.

[1] മരുമക്കത്തായം inheritance in the female line; മക്കത്തായം the right of sons to inherit; തായം from ദായം gift (see § 179, II. 3).

മരുമകൻ sister's son.

മരുമകൾ sister's daughter.

ജാമാതാ son-in-law.

മച്ചുനൻ (മച്ചൂനൻ) the son of an uncle (mother's brother) or of father's sister.

മച്ചുനിച്ചി daughter of mother's brother or father's sister (regarded as the proper bride for her cousin.

മായാളികൾ cousins.

ഭിന്നോദരൻ a step-brother (having different mothers).

ഭിന്നോദരി a step sister.

Father ബാപ്പാ (ബാവ) (amongst Moplas)
Mother's brother (കാരണവൻ) „
കാക്ക (കാക്കാൻ); elder brother ഇക്ക „

Mother ഉമ്മ; grand-mother ഉമ്മാന്റെ ഉമ്മ.

## Exercise 3.

മലയാം പ്രവിശ്യയിൽ[1)] അസിസ്റ്റാണ്ട് മജിസ്ത്രേട്ട്[2)] മഹാരാജശ്രീ[3)] യജമാനൻ കൊലേട്ട് (Collet) സായ്പ് അവർകളുടെ[4)] സന്നിധാനത്തിങ്കലേക്ക്[5)].

വള്ളുവനാട്ടു താലൂക്ക് ഹേഡ് പൊലീസാപ്സർ നമ്പന്തൂര കോമൻ നായർ ബോധിപ്പിക്കുന്ന ഹരജി[6)] ആഗുസ്റ്റ് ൨-ാം൹-[7)]ത്തേ സൎക്കലർ[8)] ൧൦-ാം നമ്പ്രായി[9)] ഉണ്ടായ കല്പന കിട്ടി.

അതിൽ പറയുന്ന പ്രകാരം ഇപ്പോഴത്തേ[10)] ക്ഷാമത്തിന്റെ അവസ്ഥക്കു ഒരാൾക്കു ഒരു ദിവസം രണ്ടു നേരത്തിന്നു ഒരണ നാല് പൈ ചെലവു വേണ്ടതായും, അപ്രകാരം വരുന്ന സപ്തെമ്പ്ര് മാസം ൧൫-ാം൹-വരെക്കു ഏകദേശം വേണ്ടിവരുമെന്നും എനിക്കു തോന്നിയിരിക്കകൊണ്ടു വസ്തുത[11)] ബോധിപ്പിച്ചിരിക്കുന്നു. എന്നു കൊല്ലം[12)] ൧൦൨൯-ാമത് കൎക്കിടകമാസം[13)] ൨൨-ാം൹-ക്ക് ൧൮൫൪-ാമതു ആഗുസ്റ്റ് മാസം ൫-ാം൹- എഴുതിയതു.

*Collet's Malayalam Reader*, 1856.

---

1) *Engl.* province. 2) *Engl.* Assistant Magistrate. 3) രാജശ്രീ His Excellency. 4) See § 81. 5) To your honour (presence). 6) or ഹൎജി a petition, memorial. 7) The Malayalam signs for the Numbers are the following: ൧ = 1; ൨ = 2; ൩ = 3; ൪ = 4; ൫ = 5; ൬ = 6; ൭ = 7; ൮ = 8; ൯ = 9; ൧൦ = 10. ൹ = തിയ്യതി day of the month, date. 8) Circular. 9) As number. 10) See § 213. 11) See § 229. 12) Native era, 825 years less than Christian era. 13) The Malayalam Months are the following: 1. മേടം commencing in the midst of April (from മേഷം, *Aries*, ram); 2. ഇടവം (*Taurus*, bull) second month, May-June; 3. മിഥുനം (*Gemini*, twins) June-July; 4. കൎക്കിടകം (from കൎക്കടം, *Cancer*, crab) July-August, considered to be the worst season through famine, disease and demoniac influences; 5. ചിങ്ങം (from ചിങ്ങം, *Leon*, lion) August-September; 6. കന്നി (*Virgo*, virgin) Sept.-October; 7. തുലാം (*Libra*, balance) October-November; 8. വൃശ്ചികം (*Scorpio*, scorpion) November-December; 9. ധനു (*Segittarius*, bow) December-January; 10. മകരം (*Capricornus*, goat) January-February; 11. കുംഭം (*Aquarius*, water-bearer) February-March "കുമ്പവെയിൽ" is considered to be dangerous; 12. മീനം (*Pisces*, fish) March-April.— A month is sometimes also called തിങ്ങൾ.

# Eighteenth Lesson.

## Something of the ornaments of speech (*Request etc.*).

141. "തന്റെ മീടാകാഞ്ഞിട്ടു, ആരാന്റെ കണ്ണാടി പൊളിക്കൊല്ലാ" എന്ന ചെറു വാക്ക നീ അനുസരിച്ചില്ല, മറന്നു കളഞ്ഞു താനും. അതു അരുതാത്ത കാൎയ്യം തന്നേ "although your face may look very bad, do not break anybody's looking-glass"; this little word you did not obey, but you have forgotten it entirely. This is as it ought not to be.

ആരാൻ whosoever; it can be declined.

142. "പൊൻസൂചി കുത്തിയാലും കണ്ണുപോം"; "മുൻവില പൊൻവില"; "യഥാ രാജാ തഥാ പ്രജാ"; "ഈച്ചെക്ക പുണ്ണു കാട്ടല്ല, പിള്ളെക്ക നൊണ്ണു കാട്ടല്ല"; "ഉലക്കെക്ക മുറിച്ചു കുറുവടിയായി"; "വഴിമൊഴിയെങ്കിൽ മുരിക്ക് ഉരുക്ക് ആം" എന്നീ പഴഞ്ചൊല്ലുകൾ എന്റെ അച്ഛൻ ദിനമ്പ്രതി പറഞ്ഞു പോന്നു "even if you would pierce your eye with a golden needle, it would be lost". "First price, best price". "As the king so the subjects". "Never show wounds to a fly, and never show your toothless mouth to children". "The broken pestle (for pounding rice) may be taken as a cudgel". "If custom means the same as right, then *Erithrina* (a very weak wood, useless as timber) will be the same as steel";—these were the proverbs my father used to say every day.

യഥാ—തഥാ are the Sanskrit Correlative Pronouns for ഏതുപ്രകാരം—അതേപ്രകാരം (or അപ്രകാരം); ദിനമ്പ്രതി = ദിവസേന.

143. നിങ്ങൾ പോയി കോലായിൽ നില്ക്കുന്ന അന്യായക്കാരനെയും പ്രതിക്കാരനെയും വിളിച്ചു പ്രതിക്കാരനു അന്യായം വായിച്ചു കേൾപ്പിപ്പിൻ! അവൻ മോഷണത്താൽ അത്രേ ഉപജീവനം കഴിച്ചുകൊണ്ടിരുന്നു go and call in the plaintiff and defendant standing on the verandah and read the charge to the defendant! He was in the habit of earning his livelihood by theft only.

അന്യായക്കാരൻ plaintiff; പ്രതിക്കാരൻ defendant; അന്യായം charge; മോഷണം theft.

§ 197. ആകാ, ഒല്ലാ, അല്ല, അരുതാത്ത are four negative forms, which in this connexion want some further explanation.

1. ആകാ is the Negative Future of ആകുക and means "is not that", "ought not to be thus". The Adjective Participle is ആകാത്ത bad, and the Verbal Noun ആകായ്മ wickedness. This future form of the Negative is especially used in proverbs, expressing a habit or repeated action; *f. e.* ഏറിയതും കുറഞ്ഞതും ആകാ too much and too little will not do; കണ്ട മീൻ എല്ലാം കറിക്കാകാ not all the fish you see, you can take for the curry; ഇളമാൻ കടവറിയാ, മൂത്തമാൻ ഓട്ടം വല്ലാ the young deer does not know the ford, and the old one is unable to run. (വല്ലു to be able; വല്ലാ is not strong, not able; വല്ലാതെ disabled; വല്ലാത്ത helpless, bad; വല്ലായ്ക trouble; വല്ലായ്മ distress, crime).

*The particle* അ we have come to know in two different significations:

*a)* Used interjectionally or demonstratively: *cf.* അതാ, ഇതാ (see § 108), അപ്പാ, അമ്മേ അപ്പാ! oh, ah! and in Vocatives like സഹോദരാ! (see § 264.)

*b)* It possesses negative power, *cf.* all what has been said on the Negative Verb, also വേണ്ട, ഇല്ല and അല്ല may be strengthened into വേണ്ടാ, ഇല്ലാ, അല്ലാ.

2. ഒല്ലാ is again a Negative Future of the Verb ഒല്ലുക, the Positive form of which is never used. ഒല്ലാ (= വല്ലാ see above!) means: "must not", "ought not" and is frequently used in prayers, rules, commands, proverbs. എന്നെ കൈ വിടൊല്ലാ do not forsake me. ഇണ ഇല്ലാത്തവന്റെ തുണ കെട്ടൊല്ല do not enter into friendship with the friendless! The Verbal Nouns ഒല്ലായ്ക and ഒല്ലായ്മ signify as much as അരുതായ്മ.

3. അല്ല, the negative of ആക, assumes after Verbs (Infinitive or Verbal Noun) an Imperative or Precative meaning, especially in proverbs; *f. e.* കക്കാൻ പോകുമ്പോൾ ചിരിക്കല്ല do not laugh whilst going to steal; വിശ്വസിച്ചോനെ ചതിക്കല്ല, ചതിച്ചോനെ വിശ്വസിക്കല്ല (ച്ചോനെ = ച്ചവനെ see § 254) do not deceive one who was faithful towards you, and do not trust one who has deceived you. This prohibitive meaning may be strengthened still by affixing ഏ, *f. e.* ചെയ്യല്ലേ do not! കരയല്ലേ don't cry! പോകല്ലേ don't go away! This അല്ലേ not to be confounded with the Interrogative അല്ലേ (see § 213. 8). As for അല്ല taking in the place of a Conjunction (in English), see § 193.

4. "അരുതാത്ത". We know already, that അരുതു meaning: "*ought not to be*" serves chiefly as a Negative Imperative of ആക ("to be thus") taking the place of ആകായ്ക. As to the origin of the form above, it is the Neuter of the Adjective അരു "rare", "unusual", "impossible" (the Noun being അരുമ or അരിമ importance, difficulty). It corresponds to ഒല്ലാ and stands behind Nouns or Pronouns; *f. e.* ഈ ഭാവം അരുതു I do not want such a mind; അതരുതു do not want this. After Personal Nouns in *Dative,*—*f. e.* അതു ഞങ്ങൾക്കരുതു we don't want that, would be wrong for us to do. Especially after Infinitives or Verbal Nouns; *f. e.* നിങ്ങൾ പാതിവഴിയിൽ നിന്നുതാമസിക്കരുതു do not stop half-way; ദേഷ്യപ്പെട്ടടിക്കരുതു do not be angry and beat me. With ഏ the Negative is rendered more emphatic; *f. e.* കുട്ടികളെ വഷളാക്കരുതേ do not spoil children; ആ സായ്പിനെ ദുഷിക്കരുതേ do not abuse that gentleman. In connexion with the second Adverbial Participle അരുതു expresses *Impossibility*; *f. e.* അവൻ മറപ്പാനരുതാതവണ്ണം എന്നെ അപമാനിച്ചു he has dishonored me in a way never to be forgotten. അരുതാഞ്ഞാൽ ആചാരമില്ല (prov.) if there is no possibility there will be no custom (propriety) or "Not kennt kein Gebot".—Farther "അനുസരിക്കരുതോ?" ought you not to obey?

Mark, that even a Defective Negative Verb has been formed from this Adjective (അരുതായ്ക) and all the usual forms of such a one may be employed: hence the Adjective Participle അരുതാത്ത, *f. e.* അരുതാത്ത കാൎയ്യം a wrong forbidden thing. The Past Tense അരുതാഞ്ഞു we met with above. അരുതാഞ്ഞാൽ ആചാരമില്ല, ഇല്ലാഞ്ഞാൽ ഓശാരവും ഇല്ല (prov.) if in a state of extreme perplexity (impossibility) no civility, and if without (money) no complimentary present.—Also in connexion with the Second Adverbial we see it employed: മറപ്പാനരുതാതവണ്ണം in a way never to be forgotten.—Mark the Dative in

connexion with അരുതു (ഗുരുനാഥൻ ex. 170; ഇവർ ഒരുനാളും സാക്ഷിക്കരുതു) must not be taken for a witness). The first Adverbial Participle അരുതാതെ, *f. e.* in നീക്കരുതാതെ ചമഞ്ഞു he became irremovable. Mark 2, 26. There is further the Personal Noun അരുതാത്തവർ; *f. e.* in ഇളക്കരുതാതവർ the unshaken, and finally we meet with the Verbal Nouns: അരുതായ്ക and അരുതായ്മ impropriety and impossibility.

§ 198. The Auxiliary Verb കളക (കളഞ്ഞു) we met with already in ex. 119 and in the exercise after § 148. കളയുക as a Finite Verb means "put off, lose, get rid of, abolish", and added to a Verb it signifies not only that the action has been completed entirely, but also that it was done with some intensity, impulsiveness, if not violence. So, of course, it is more frequently used after Transitive Verbs; *f.e.* തള്ളിക്കളക, ആട്ടിക്കളക (drive away). യാതൊരു സംഗതി കൂടാതെ അവർ അവനെ കൊന്നുകളഞ്ഞു they killed him without any reason whatever; നുള്ളിക്കൊട്ടു, ചൊല്ലിക്കൊട്ടു, തല്ലിക്കൊട്ടു, തള്ളിക്കളെ (prov.) first give a pinch, then teach, then punish and then cast off. But also after Intransitive Verbs this Auxiliary may be employed; *f.e.* അവൻ പോയ്ക്കളഞ്ഞു he ran off; അവൻ അന്നു മരിച്ചുകളഞ്ഞു he did away with himself or he committed suicide. We see that in many cases it may be translated best by "of" or "away", thus പോയ്ക്കളഞ്ഞു went away, നീക്കിക്കളഞ്ഞു, എടുത്തുകളക (throw away) etc. As a real Verb we see കളയുക employed in the following instances: ഈ വസ്ത്രം കളഞ്ഞു; നേരം കളയരുതേ!

§ 199. താനും in example 141 is a new form of the Personal Pronoun താൻ (see § 79). We may sum up the different significations of this Pronoun. (In oblique cases it is written തൻ and declined accordingly.) 1. തന്നെത്താൻ അറിയാത്തവൻ one, who does not know *himself*. അച്ഛൻ തന്റെ മകനെ വീട്ടിൽനിന്നു പുറത്താക്കി– (not അവന്റെ but the reflexive തന്റെ). 2. നീ താൻ അതു അനുഭവിക്കേണം you *yourself* must experience this. 3. താന്താൻ കുഴിച്ചതിൽ താന്താൻ വീഴും (prov.) what *one* has dug, in that *he* will fall ("Wer andern eine Grube gräbt, fällt selbst hinein"); തനിക്കു താൻ പുരെക്കു തൂണും *one* must be the pillar of his own house ("let each rely on himself"); hence *any one, each one.* 4. എണ്ണ താൻ നെയി താൻ വെന്തു *either* oil *or* ghee was burnt; കൈ താൻ കാൽ താൻ പൊട്ടീട്ടില്ല *neither* hand, *nor* leg was broken. (The same as ആകട്ടേ, എങ്കിലും, ഓ see § 193). 5. അവർ തമ്മിൽ ചേൎന്നു they joined *each other;* അവർ തമ്മിൽ തമ്മിൽ തൎക്കിച്ചു they argued with each other, *one with the other* (Reciprocal; as much as അന്യോന്യം or പരസ്പരം). തമ്മിൽ is not the regular Locative of താൻ (തന്നിൽ or തങ്കൽ in Singular, തങ്ങളിൽ Plural), but a Locative of a second Plural താം, of which in common language only this Locative is in use, *cf.* § 252. 6. തങ്ങൾ (or താങ്ങൾ) പറഞ്ഞതു ശരി what you (honorific instead of നിങ്ങൾ) said is true. 7. അവൻ താൻ വന്നു or അവൻ താനേ വന്നു he came *alone* (or *by himself*); അവൻ തന്നേ പോയി he went alone *on his own accord* (as much as തന്നാൽ and തന്നാലേ; *f. e.* അവൻ തന്നാലേ വെള്ളത്തിൽ

വീണു ചത്തുപോയി he fell into the water *by himself* and died); ഞാൻ തനിയേ വീട്ടിൽ ഉണ്ടാകും I shall be at home quite *alone;* അവർ തനിച്ചു തോട്ടത്തിൽ പോയി they went *alone* to the garden. [As much as സ്വകാൎയ്യമായി "alone" (see under 2)]. 8. എത്ര തന്നേ പറഞ്ഞാലും അതു സാധിക്കയില്ല *how much soever* you will talk, it is useless. In this case it emphasizes. So we also say: 9. വായിക്ക തന്നേ വേണം *just* reading is what we want (as much as *very, even*). 10. അച്ഛൻ വീട്ടിൽ ഉണ്ടോ? തന്നേ is the father at home? *Yes* (= അതേ). 11. മഴ പെയ്തു, വെള്ളം പൊങ്ങിയില്ല താനും it rained, *notwithstanding* the waters did not rise (this is also the meaning in ex. 141); കാമിച്ചതൊന്നും വരാ, നരകം വരും താനും *nothing* of that you lust for will occur, *but* hell will occur *even*, (*not–but* even, the German: "dagegen", "sogar"); we see it employed especially where an expectation has not only been unfulfilled, but even the contrary has taken place (see § 272).

§ 200. ആം and പോം (ex. 142).

1. ആം as a contracted form of ആകും. With the Infinitive in: സ്നേഹിക്കാം, ചെയ്യാം etc., see § 111. ആം in a more independent form appears in ex. 142. This kind of ആം is very often used in connexion with the Conditional, which gives to the Future the signification of Possibility, in English rendered best by "can" or "may". എഴുതി അയക്കിലും ആം I may write. In connexion with the Infinitive it denotes not only permission (നീ പോകാം = പോക ആകും; പിടിക്കാം = പിടിക്ക ആകും see § 111), but also it serves to strengthen the Future, chiefly in the first Person; *f. e.* കല്പിച്ചപ്രകാരം പ്രയത്നം ചെയ്യാം we shall (most certainly) exert ourselves as you wished us to do; നമ്മുടെ ഹൃദയങ്ങളെ അവന്മുമ്പാകേ തേറുമാറാക്കുകയും ആം (I. John 3, 19) we shall assure our hearts before him.— വീശിയ വലെക്കു ആറു കണ്ണു ഉണ്ടാകും (prov.) the net thrown out may have six meshes.

**Remark:** Also the Ordinal Numbers ഒന്നാം etc. are formed by means of this Future ആം; ഒന്നാക to be one, to be united, ഒന്നായി being one, ഒന്നാം first (see § 98).

2. പോം in the same manner is only the contracted form of പോകും, used very often in proverbs. എലിയെ ചിറ്റിച്ചു ഇല്ലം ചുട്ടാൽ എലി ചാടിയും പോം, ഇല്ലം വെന്തും പോം if one is going to set fire to his house for killing a rat, the rat will run away and the house will be burnt down.

We take this opportunity to sum up, what we have come to learn about the different significations of this Intransitive Verb as an Auxiliary. The meaning of പോക as a Verb is: "to go", "go away", "to be lost" and "to *be able*," *f. e.* ചൊല്ലിക്കൂടാത്തൊന്നു unspeakable; അറിഞ്ഞു പോകാത്ത ignorant.

As an *Auxiliary Verb.*

1. It produces (like ഇരിക്കുന്നു and ഇട്ടുണ്ടു) a kind of *Perfect* with different shades of meaning: *a.* അതു നിശ്ചയിച്ചുപോയി = this *has been* decided (and shall not be put in question again). *b.* നായരെ കൊത്തിക്കൊന്നു പോയി = I stabbed and (unfortunately, "happened") killed that Nayar; ഞാൻ തെറ്റിപ്പോയി I *(unfortunately)* erred; *c.* അവൻ മരിച്ചു പോയി; നീ ദുഷ്ടനായി പോം; hence: with Intransitive Verbs it expresses the

*final turn of an action* (Dr. Gundert). This is especially the case, if പോക is preceded by ആയി (see § 163), which is translated best in English by *become turned out, f. e.* അവൻ കുരുടനായി പോയി; അതു പറയുന്നതു കളവായി പോകും; അശുദ്ധരായി പോയവർ; അവന്റെ അടിമയായി പോകാതിരിപ്പാൻ പോയിക്കള. അവന്റെ കൈകളിൽ ആയിപ്പോയി. In this manner it may also occupy the place of an English *Passive, f. e.* The city was destroyed പട്ടണം നശിച്ചുപോയി. *d.* After a Negative Participle *it strengthens this Negative meaning, f. e.* നീ അതു ചെയ്യാതെ പോയതു എന്തുകൊണ്ടു? why have you not done this? നിണക്ക ഇതിൽ നാണം ഉണ്ടാകാതെ പോയിതോ? are you so shameless, that etc. *e.* അറിഞ്ഞു പോയാൽ if discovered; അതു തൊട്ടു പോയാൽ if you dare to touch this. In these sentences of *warning* the consequences are not stated and something like നോക്കി കൊൾക must be understood.

2. നീ അതു ചെയ്വാൻ പോകുന്നെങ്കിൽ സൂക്ഷിച്ചുകൊൾക take care, if you (proceed to) do this; നീ എന്നെ ചതിപ്പാൻ പോകുന്നുവോ? are you going to cheat me? These examples show, that if the Present Tense of പോക follows a Future Participle the meaning of the whole expression is that of a Future. The second example shows, that in English we have a construction ("you are going to do this and that") almost literally the same as this use of പോക in Malayalam.

Two constructions in connexion with പോക we have to mention in conclusion:

1. അമ്പത്താറു ജാതികളിൽ ഈ നാലും പോകേ ശേഷമെല്ലാം ഇവരിൽനിന്നു പതിതങ്ങൾ ഭവിച്ചു ഉണ്ടായവരാണ amongst these 56 castes all *with the exception* of these four came into existence only by different degradations (പതിതത്വം) from those four. We see that പോകേ "passing by", "deducting", "with the exception" are synonymous with ഒഴികേ, കൂടാതെ, അല്ലാതെ and the like.

2. ഞാൻ പോയി വരട്ടേ may I go (and return some other time). This is the way *to say good bye* in a polite manner. A polite dismissal will be: പോയി വരികേ വേണ്ടു go for this time (you may go, but I hope to see you again), *cf.* § 207.

§ 201. ചെറുവാക്ക, പൊൻസൂചി, മുൻവില, പൊൻവില, കുറുവടി, സുവിശേഷം and other forms give us opportunity to show further, what compensation we have in Malayalam for the almost entire absence of *Adjectives:*

1. In many cases *Compound Nouns* must help to fill up the gap. *a.* The Noun is simply placed before the chief Noun: തോൽത്തുരുത്തി (a leather bottle), പൊൻസൂചി, പൊൻവില, മരക്കഷണം (golden, wooden), കല്ലത്തൊട്ടി (stone-trough). Especially the material of which something is made, or with which we do work usually is prefixed in the Nominative (but also കൊണ്ടുള്ള may be used: പൊൻകൊണ്ടുള്ള സൂചി); in the same manner സ്വഭാവമുഖം natural face. *b.* The first Noun accepts various substitutes or particles. കിഴക്കൻകാററു നിമിത്തം വളരേ സൂക്ഷിക്കേണം you must take much care on account of the east-wind. In the same manner: തെക്കൻ കാററു; വടക്കൻ പാട്ടു (a northern song).

2. മുമ്പേത്ത കാൎയ്യം, അങ്ങിനേത്ത കാൎയ്യം, പാഴേകാടൻ (wild hog), പണ്ടേത്ത ആചാരം, പിന്നേത്ത പ്രാവശ്യം (the next time), തലേ ദിവസം (previous day), ഏഴു മാസത്തേ കുട്ടി (a child 7 months of age), അകത്തേക്കുരു (inward kernel or boil); അരികത്തേ വീടു (house in the neighbourhood), ഒടുക്കത്തേ ദിവസം (the last day) (see § 162). ഏ serves to change Adverbs into a kind of Adjectives. Sometimes also the Locative with ഏ may serve the same purpose: ഇഹത്തിലേ കൎമ്മങ്ങൾ (irdische, earthly); രാവിലേത്ത being still night (രാ). See § 213, 3. 4.

3. ചെറുവാക്ക, കുറുവടി and other examples (*f. e.* വങ്കാൎയ്യം) show that there are still *roots of Adjectives* in use. They combine with Nouns to form Compound Nouns. The most important Adjectives of this kind are: നൽ good (നല്ക്കുളം a fine tank); ചെം red (ചെന്നായി *lit.* red dog, wolf; ചെങ്കണ്ണു sore eyes; ചെങ്കല്ലു laterite; ചെന്താമര red lotus; ചെമ്പരത്തി shoeflower etc.); വെൾ or വെൺ white (വെണ്ണീർ ashes; വെൺനിലാവു full moon and its light; വെള്ളക്കുരു the white of an egg; വെള്ളക്കൊടി a flag of truce; വെള്ളീയം tin, etc.); വൽ or വൻ large (വങ്കാൎയ്യം; വങ്കടൽ great sea; വൻകോപം wrath; വൻഭാരം a great burden; വൻമോഹം excessive lust); പെരു or പെരി great, large [പെരുങ്കാടു; പെരുനാൾ; പെരുമാൻ (പെരുമാൾ) superior, king; പെരുവഴി highway; പെരുവെള്ളം an inundation]; ചെറു small (ചെറുവിരൽ little finger; ചെറുമകൻ slave); കുറു short, little, brief (കുറുവടി; കുറുവഴി shortest way; കുറുവാൾ short sword); നിടു or നെടു long (നിടുങ്കയറു a long cord; നെടുവീൎപ്പു a sigh; നിടുവെല്ലു spine, shin; നിടിയോൻ a tall person; നെടുമ്പക continued enmity; നെടുനാൾ long time; നെടുവട്ടം an ellipsis; നെടൂർ or നിടൂർ one of the 18 passes of Kēraḷa, hill near Tellicherry). വെറു void of, empty, bare (വെറുങ്കഥ a fable; വെറുങ്കാൽ barefoot; വെറുഞ്ചോറു mere rice, without curry; വെറുന്നിലം bare ground; വെറുനീതി legality); ഇള little, young, weak (ഇളങ്കാററു zephyr; ഇളനീർ unripe cocoanut; ഇളയപ്പൻ; ഇളയച്ഛൻ, ഇളയമ്മ); മുതു old (മുതുകാള an old bullock; മുതുക്കുല a choice bunch; ഇളമാൻ കടവറിയാ, മുതുമാൻ ഓട്ടം വല്ലാ the young deer does not know any ford and the old deer is unable to run); പുതു new, fresh (പുതുമഴ first rain; പുതുച്ചേരി Pondicherry; പുത്തരി new rice); പഴ old (പഴക്കുല a bunch of ripe plantains; പഴഞ്ചൊൽ proverb; പഴഞ്ചോറു boiled rice of yesterday; പഴനിലം waste land; പഴന്തുണി old cloth); കടു or കൊടു extreme, excessive (കടുവായി fierce mouth or tiger; കടുന്തൂക്കം precipice; കൊടുങ്കാടു thick jungle; കൊടുങ്കാററു hurricane; കൊടുങ്കൈ bent arm or oppression) etc. തു pure, bright തുമഴ, തുനഖങ്ങൾ, തുനെററി, ഓമനത്തുമുഖം, തുമിന്നൽ. Also മേൽ and കീഴ് employed like Adjectives may form compounds (മേലൂർ, കീഴൂർ etc. *cf.* Oberhausen, Unterhausen).

Also roots of Verbs are employed in a similar manner; *f. e.* പടു (fr. പടുക) in പടുകിണറു blind well; പടുഭാഷ vulgar tongue; പടുഭൂമി barren ground; പടുവാഴ common plantain.— വിടു (fr. വിടുക): വിടുകഥ bad story; വിടുവാക്ക idle talk; വിടുവായൻ babbler, വിടുപണി mean occupation etc.

4. സുവിശേഷം reminds us of some *Sanskrit Adjectives,* which we see employed very often in the place of Malayalam Adjective; the most important of these are:

സു well, good, in: സുകൃതം a good action, virtue; സുഗന്ധം fragrance; സുചേലം silk cloth; സുനിദ്ര sound sleep; സുപ്രകാശം intense light; സുബോധം perfect consciousness, soberness; സുരൂപൻ handsome one; സുവാൎത്ത good news; സുവിശേഷം, സുശീലം good behaviour.

സത്തു or സൽ real, right, good; *f. e.* സൽകഥ a good story; സൽകൎമ്മം a good meritorious action; സൽകാരം hospitable reception; സൽഗുണം virtue; സൽപുത്രൻ a good son; സൽബുദ്ധി sound sense; സത്ഭാവം good nature; സൽസംഗ good society. But: സദാചാരം morality, true religion; സന്മരണം happy death.

ദുർ (from ദുഷ്) bad; *f. e.* ദുരാഗ്രഹം inordinate desire; ദുരാചാരം indecent conduct; ദുരാശ a false hope; ദുൎഗ്ഗതി misery (*cf.* സൽഗതി); ദുൎഗ്ഗന്ധം stench; ദുൎഗ്ഗുണം ill-nature; ദുൎജ്ജനം a mischievous person; ദുൎന്നടപ്പു immoral life; ദുൎബ്ബുദ്ധി folly, malignity; ദുൎമ്മാൎഗ്ഗം vice, bad conduct; ദുൎമ്മോഹം improper desire; ദുൎല്ലഭം what is difficult to be attained, rare, ദുൎവ്വഴി bad way; ദുൎവ്വാശി fanaticism; ദുൎവ്വാസന see ദുൎഗ്ഗന്ധം; ദുൎവ്യയം extravagance. *Before hard Palatals* ര is changed into ശ; *f. e.* ദുശ്ചോദ്യം improper question. *Before* ശ, ർ is dropped and ശ doubled; *f. e.* ദുശ്ശാഠ്യം obstinacy. *Before* ക *and* പ the original ഷ is retained; hence ദുഷ്കൎമ്മം sin, crime; ദുഷ്കാലം hard time; ദുഷ്കീൎത്തി infamy; ദുഷ്പ്രയത്നം malicious endeavour; ദുഷ്പ്രവൃത്തി bad work. *Before hard dentals* (ത), സ is substituted; *f. e.* ദുസ്തൎക്കം unnecessary dispute. *Before* സ double സ്സ is substituted, hence: ദുസ്സമയം bad time; ദുസ്സാമൎത്ഥ്യം misdirected cleverness. *Before* സ്വ, ർ is simply dropped, *f. e.* ദുസ്വഭാവി ill-mannered one; a bad character. See § 276.

§ 202. വായിച്ചുകൊൾവിൻ (ex. 143). The Adverbial Participle of കൊള്ളുന്നു, കൊണ്ടു is employed instead of a Preposition and Conjunction (ex. 51. 118. 124); but the Verb കൊൾക may also be used as an Auxiliary Verb after an Adverbial Participle. The meaning of this Auxiliary Verb is, that the action of the Verb is performed personally and taken in the own hands of the person concerned. Thus നീ സൂക്ഷിച്ചുകൊൾക take care (for thyself); നിങ്ങളുടെ മനസ്സു പോലെ ചെയ്തുകൊൾക do as you like; ആ ദേശക്കാർ അങ്ങിനെചെയ്തു കൊള്ളട്ടെ the people of that country shall do so. എന്നെ കാത്തുകൊണ്ടു രക്ഷിക്കയും ചെയ്തു he guarded and preserved me. അതു തിന്നുകൊള്ളാം I may eat that; വീട്ടിൽ പോയിക്കൊൾവാൻ അനുവദിച്ചു allowed him to run home.

**Remark 1.** In colloquial language we meet very frequently with *Abbreviations of* കൊൾക; *f. e.* ഇവിടേ വെച്ചുക്കോ (= വെച്ചുകൊൾക) put it here; കുട്ടിയെ എന്റെ മടിയിൽ വെച്ചോളി (വെച്ചുകൊൾവിൻ) put the child in my lap (addressing a grown up person or a superior); കടം വീട്ടിക്കോളി pay you my debt; പൊയ്ക്കോ go away (പോയിക്കൊൾക!). Other contractions are: തീൎത്തോളാം = തീൎത്തുകൊള്ളാം; വെച്ചോണ്ടു = വെച്ചു കൊണ്ടു; വെച്ചോളാം = വെച്ചുകൊള്ളാം; നിന്റെ അംശം നീ എടുത്തോ (എടുത്തു കൊൾക); എടുത്തു കൊൾ, എടുത്തോളു take for yourself; നടന്നോളുക behave; കൊടുത്തോളേ = കൊടുത്തു കൊള്ളേണമേ.

**Remark 2.** As a real Verb കൊൾക means:

1. To *hold* (as a vessel), ഈ പാത്രത്തിൽ ഇത്ര വെള്ളം കൊള്ളുന്നില്ല this vessel does not hold so much of water. Such is also the meaning in the well known phrase കൊണ്ടു വരിക, കൊണ്ടു പോക കൊണ്ടു നടക്ക (to walk with).

2. To *receive* (like ലഭിക്ക and കിട്ടുക), *f. e.* അയ്യോ എനിക്ക അടികൊള്ളും Oh I shall get a beating.

3. To *hit, take effect* (എല്ക്ക, ഏറുക), *f. e.* കണ്ടറിഞ്ഞാൽ കൊണ്ടറിയും if you know by seeing, you will also know by the (effect) punishment (prov.); കുറിക്കൊൾക to aim at.

4. To *suit, fit* (= പറ്റുക), *f. e.* അതു അശേഷം കൊള്ളാത്ത കാൎയ്യം that is quite an improper thing; കൊള്ളാവു Noun).

§ 203. കഴിച്ചുകൊണ്ടിരുന്നു (ex. 143) introduces an altogether new meaning of the Auxiliary Verb കൊൾക. It is also added to the Adverbial Participle to express the continuance of an action. This is something like the Imperfect of the Greek language. In English Auxiliary Verbs like "behave", "use", "continue", "was" with Participle, "went on" etc. are employed. Thus കൊള്ളുന്നു again represents a new form of *the Progressive;* see § 106. 135. 185.

ഇപ്രകാരം അവർ ഈ സാധുക്കളെ ഉപദ്രവിച്ചു കൊണ്ടിരിക്കുമ്പോൾ ഒരു സഹായം വന്നു ആ ദുഷ്ടർ പോയ്ക്കളഞ്ഞു when they went on to persecute these poor wretches, there came a help and the rascals ran away.

പോന്നു ex. 142 (past tense of പോരുന്നു) represents another Progressive form. It expresses "custom and habit"; *f. e.* കൈസൎമ്മാർ പിന്നെയും നാടുവാഴികളെ നിയോഗിച്ചു പ്രജകളെ ഭരിച്ചു പോന്നു were in the habit of ruling them through Governors), അവർ നീരില്ലാത്ത സ്ഥലങ്ങളൂടെ തണുപ്പു തിരഞ്ഞു കടന്നുപോരുന്നു they were seeking for a refreshment marching through waterless regions. For strengthening this Auxiliary Verb and for indicating the continuance of an action in the Perfect or Pluperfect Tense ഇരിക്കുന്നു and ഇരുന്നു may be employed (*cf.* കൊണ്ടിരിക്കുന്നു and കൊണ്ടിരുന്നു in § 202), also the Adverbial and Adjective Participles of പോരുക as well as of കൊൾക are in use; *f. e.* നീ വിദ്വാന്മാർ മുതലായവരോടെ നേരെ നടന്നു പോരുന്ന അവമൎയ്യാദക്ക നിണക്ക പാപം സംഭവിക്ക അല്ലാതെ അവരുടെ യോഗ്യതെക്ക ഒട്ടും കുറവു വരികയില്ല the manner in which you (use to) behave towards the learned and others only serves to load you with sin and does not in the least detract from their merits.—നല്ല സംഭാഷണം കഴിച്ചു കൊണ്ടു (Adverbial Participle) പട്ടണത്തിലേക്ക നടന്നു പോയി being engaged into a pleasant conversation (all the way) they went to the town.

## Exercise 1.

### Court കോടതി.

The parties and witnesses are in attendance കക്ഷികളും സാക്ഷികളും ഹാജരുണ്ടു.

The charge has been filed അന്യായം ബോധിപ്പിച്ചിരിക്കുന്നു (കൊടുത്തിരിക്കുന്നു).

Is the statement true? ബോധിപ്പിച്ചതു (വാക്കും) മൊഴി) സത്യം തന്നേയോ?

Ask this witness about his own name, house-name, the name of his Kāraṇavan, religion, caste, place of residence, employment and age ഈ സാക്ഷിയോടു അവന്റെ സ്വന്തപേർ, വീട്ടുപേർ, കാരണവന്റെ പേർ, മതം, ജാതി, പാൎക്കുന്ന സ്ഥലം, ഉദ്യോഗം, വയസ്സ് എന്നിവയെ കൊണ്ടു ചോദിക്ക.

Do swear him! അവനെക്കൊണ്ടു സത്യം ചെയ്യിക്ക.

Are you concerned any way with the plaintiff? തനിക്കു അന്യായക്കാരനുമായി വല്ല സംബന്ധം ഉണ്ടോ?

Are you at variance with the defendant? തനിക്കു പ്രതിക്കാരനോടു വല്ല വിരോധമുണ്ടോ?

A quarrel took place ഒരു കലശൽ ഉണ്ടായി.

He has committed theft അവൻ കളവു ചെയ്തിരിക്കുന്നു.

He has taken bribe (give bribe) അവൻ കൈക്കൂലി വാങ്ങിയിരിക്കുന്നു (കൈക്കൂലി കൊടുക്ക).

Defamation of character മാനനഷ്ടം.

Breach of trust വിശ്വാസവഞ്ചനം.

He took a false oath അവൻ കള്ളസ്സത്യം ചെയ്തു.

He has abused me അവൻ എന്നെ ചീത്ത പറഞ്ഞു (നാണം കെടുത്തി).

He will be mulcted (fined) അവൻ പിഴ കൊടുക്കേണ്ടി വരും.

Transportation for life ജീവപൎയ്യന്തം നാടു കടത്തൽ.

He was condemned to death അവനു മരണശിക്ഷ വിധിച്ചു.

The defendant was acquitted പ്രതിയെ വിട്ടു.

Is this all you know concerning the case? ഈ കാൎയ്യത്തെക്കൊണ്ടു താൻ അറിയുന്നതു ഇതു മാത്രമോ (or ഇക്കാൎയ്യത്തെപ്പററി ഇതു മാത്രമേ നീ അറിയുന്നുള്ളു)?

Did he smuggle tobacco? അവൻ പുകയില ചുങ്കം വീട്ടാതെ (കള്ളച്ചരക്കായി) കൊണ്ടു പോയോ?

He has concealed it in his hut അവൻ അതിനെ തന്റെ കുടിലിൽ ഒളിപ്പിച്ചിരിക്കുന്നു.

The house was searched in presence of witnesses സാക്ഷികൾ കാണ്കെ (സാക്ഷികളുടെ മുമ്പിൽവെച്ചു) വീടു ശോധന കഴിച്ചിരിക്കുന്നു.

The accused was sent to the Cutcherry and examined there കുററക്കാരനെ കച്ചേരിയിലേക്കു അയച്ചു വിസ്തരിച്ചു.

The second prisoner is cognizant of the matter ഇക്കാൎയ്യത്തിൽ രണ്ടാം പ്രതിയുടെ അറിവുണ്ടു.

The charge of theft has been established against all the prisoners എല്ലാ പ്രതികളുടെ മേലും കളവുകുററം തെളിഞ്ഞിരിക്കുന്നു.

On perusal of the proceedings I cannot find them guilty പ്രൊസീഡിങ്ങ്സ് വായിച്ചിട്ടു അവർ കുററക്കാരാകുന്നു എന്നു എനിക്കു തോന്നുന്നില്ല.

Immediately on their apprehension I shall investigate into the matter അവരെ പിടികിട്ടിയ ഉടനെ ഞാൻ കാൎയ്യത്തെ കൊണ്ടു വിസ്താരം കഴിക്കും.

Why did the Adhikāri write such a favorable report regarding them? അധികാരി അവരെക്കൊണ്ടു ഇത്ര അനുകൂലമായ ഒരു റിപ്പോൎട്ട് എഴുതിയ സംഗതി എന്ത്?

Kannan died from the effects of that assault കണ്ണൻ അടികലശൽ കൂടിയതിനാൽ മരിച്ചു പോയി.

The body of the deceased was disinterred മരിച്ചവന്റെ ശവം മാന്തി എടുപ്പിച്ചു.

His death may be due to fever and not to the wounds he received അവൻ മരിച്ചതു ഏററ മുറിവുകൾകൊണ്ടല്ല പനികൊണ്ടായിരിക്കാം.

I do not entertain any suspicion against the accused പ്രതിയുടെ മേൽ എനിക്കു യാതൊരു സംശയവുമില്ല.

Robbers seized me by the throat and demanded money from me കള്ളന്മാർ എന്റെ വേള പിടിച്ചു എന്നോടു മുതൽ ചോദിച്ചു.

They were prevented from plundering the property മുതൽ കവൎച്ച ചെയ്യുന്നതിനു സംഗതിയായില്ല.

Go to the spot and examine the complainant കാൎയ്യം നടന്ന സ്ഥലത്തു ചെന്നു അന്യായക്കാരനെ വിസ്തരിക്ക.

He admitted the charge അവൻ കുററം സമ്മതിച്ചു.

The evidence is insufficient; hence I dismissed the charge തെളിവു പോരാ (മതിയായ തെളിവില്ല) അതുകൊണ്ടു ഞാൻ അന്യായം നീക്കിയിരിക്കുന്നു.

I submit this for Your Honor's information ഇതു അങ്ങേ അറിവിന്നായി ഞാൻ ബോധിപ്പിക്കുന്നു.

## Exercise 2.

*Names of officials.*

There are about six peons in attendance of this Government official ഈ സൎക്കാർ ഉദ്യോഗസ്ഥന്നു പരിചാരകന്മാരായി ഏകദേശം ആറു ശിപായികൾ ഉണ്ടു.

Of course he is the Judge of North-Malabar അദ്ദേഹം വടക്കെ മലയാളത്തിലേ ജഡ്ജി (ന്യായാധിപതി) തന്നെ, സംശയമില്ല.

Take this letter to the officer in charge of the Treasury ഇക്കത്ത് ഖജാൻജിക്ക് (ഭണ്ഡാരവിചാരകൻ, സ്രാപ്പ്) കൊടുക്ക.

The Collector has gone on circuit to the Chirakkal Taluk* കലൿടർസായ്പ് ചിറക്കൽതാലൂക്കിൽ ജമാവന്തിക്ക പോയിരിക്കുന്നു.

All the Courts have been closed for two months കോടതികളെല്ലാം രണ്ടു മാസത്തേക്കു പൂട്ടിയിരിക്കുന്നു.

A new Shirestadar has been appointed പുതിയ ശിരസ്തദാരെ നിശ്ചയിച്ചിരിക്കുന്നു.

The Head Clerk in the Tahsildar's office died by small-pox തഹസ്സിൽദാരുടെ കച്ചേരിയിലേ (താലൂക്കിലെ) ഹെഡ് ക്ലാൎക്ക് (ഒന്നാം ഗുമസ്തൻ) വസൂരിദീനത്താൽ മരിച്ചുപോയി.

The vacancy will be filled up by the Translator or head accountant ട്രാൻസ്ലേററരെയോ പ്രധാന കണക്കപ്പിള്ളയെയോ ആ ഒഴിവിൽ നിശ്ചയിക്കും.

The treasurer has committed theft ഖജാൻജി കളവു ചെയ്തിരിക്കുന്നു.

A heavy fine has been imposed upon the Magistrate of that parish ആ ദേശത്തേ മജിസ്ത്രേററിന്നു വലിയൊരു പിഴ കല്പിച്ചിരിക്കുന്നു.

The officer of this Amsham is a very energetic man ഈ അംശമധികാരി വളരെ ചുറുചുറുക്കുള്ളവനാകുന്നു.

The Munsif of Chavasheri has been appointed as a Sub-Judge of North-Malabar ചാവശ്ശേരി മുൻസിപ്പിനെ വടക്കേ മലയാളത്തിലേ സബ്ജഡ്ജിയായി നിശ്ചയിച്ചിരിക്കുന്നു.

This document was signed by the Sub-Registrar at Ancharakandy ഈ ആധാരത്തിൽ അഞ്ചരക്കണ്ടിയിലേ സബ്റജിസ്ത്രാർ ഒപ്പിട്ടിരിക്കുന്നു.

For surveying these grounds I shall send an Amin ഈ നിലങ്ങളെ അളവുചെയ്വാനായി ഞാൻ ഒരാമീനെ അയക്കും.

---

*The Malabar districts or *Taluks* from North to South are the following: 1. ചിറക്കൽ (with Cannanore); 2. കോട്ടയം (with Tellicherry); 3. കുറുമ്പ്രനാടു (Wadagerry); 4. വയനാടു (Manantoddy); 5. കോഴിക്കോടു (Calicut); 6. ഏറനാടു (Malapuram); 7. പൊന്നാനി (Ponnani); 8. വള്ളുവനാടു (Shoranur); 9. പാലക്കാടു (Palghaut); 10. കൊച്ചി (Cochin). The District of Malabar (ജില്ല) is divided into 10 താലൂക്കുകൾ, one Taluk into അംശങ്ങൾ, and one Amsham into ദേശങ്ങൾ.

The agent of that Rāja intended to bribe me ആ രാജാവിന്റെ കാൎയ്യസ്ഥൻ എനിക്കു കൈക്കൂലി കൊടുപ്പാൻ ഭാവിച്ചു.

Next week we expect the Governor of the Madras Presidency to come here മദ്രാസ് ഗവൎണ്ണർ (മേലാധിപതി) വരുന്ന ആഴ്ചയിൽ ഇവിടെ എഴുന്നെള്ളുമെന്നു ഞങ്ങൾ കാത്തുകൊണ്ടിരിക്കുന്നു.

Next year the Empress will send out a new Viceroy to India വരുന്ന കൊല്ലം ചക്രവൎത്തിനി ഇന്ത്യയിലേക്കു ഒരു പുതിയ വൈസറോയെ (ഉപരാജാവിനെ) പറഞ്ഞയക്കും.

Sovereigns: നാഥകീൎത്ത്യർ.

King.

നാഥൻ, രാജാവു, മഹാരാജാ, ഭൂപതി, അരചൻ besides by adding "പൻ", "പതി", "പാലൻ" and "നാഥൻ" to the different names for "earth" (*f. e.* ഭൂ, മേദിനി, മഹി, ധാത്രി, ക്ഷോണി etc.) or for "man" നൃ and നര (നൃപൻ, നരപതി, നൃപാലൻ) the meaning "king" will be produced.

Queen.

നാഥ, രാജ്ഞി, മഹാരാണി (മാരാണി), മഹിഷി and all the feminines of king may be employed.

Emperor ചക്രവൎത്തി.

Empress ചക്രവൎത്തിനി.

Royal family അരചവംശം (അരചമക്കൾ, രാജകുഡുംബം).

Began to reign അരചാണ്ടു തുടങ്ങി (രാജാധിപത്യം വന്നകൊല്ലം).

Prince and Princess തമ്പുരാൻ, തമ്പുരാട്ടിയും.

144. മലയാളികൾ ആചരിച്ചുവരുന്ന എല്ലാ ആചാരങ്ങളെ നിവൃത്തിപ്പാൻ അന്യൎക്കു പാടില്ല it is not possible for strangers to perform all the customs, which the Malayalis are in the habit to perform.

അന്യൻ a strange one; Plural അന്യർ (from അന്യം other).

145. അവൻ പണകാൎയ്യങ്ങളെ നന്നായി നടത്തിവന്നതിനാൽ അവൾ അവനെ വിശ്വസിച്ചു ഭൎത്താവാക്കിക്കൊൾകയും ചെയ്തു as he ("In Folge davon dass er") managed all the money matters so very well, she trusted in him and made him (her) husband.

വരുന്നതിനാൽ § 121. വിശ്വസിക്ക with Accusative or Locative കൊൾക see § 202.

146. ഞങ്ങൾ സുഖേന വീട്ടിൽ പാൎത്തുകൊണ്ടിരിക്കുമ്പോൾ ഒന്നും അറിയാതേ കണ്ടു ശത്രു പ്രവേശിച്ചു പലവിധേന ഞങ്ങളെ എതിൎത്തു സങ്കടപ്പെടുത്തുകയും ചെയ്തുപോലും whilst we dwelled comfortably in the house without thinking of anything, the enemy came in and even attacked and troubled us in many ways.

147. "ഞങ്ങൾ പോകട്ടേ" എന്നു ചോദിച്ചപ്പോൾ സായ്പു ഈ കത്തു എന്റെ കയ്യിൽ തന്നു അതു പെട്ടിയിൽ ഇടുക എന്നു എന്നോടു ചൊല്ലി ഞങ്ങളെ വിട്ടയക്കയും ചെയ്തു when we asked "may we go," the gentleman gave me this letter, told me to put it into the letter-box and dismissed us.

വിട്ടയക്ക = വിട്ടു + അയക്ക let go.

148. നിന്തലയാണ സത്യം ചെയ്യരുതു എന്നു അവൻ പറഞ്ഞു പോൽ he is reported to have said: "Thou shalt not swear by thy head".

ആണ means oath, to swear ആണയിടുക or സത്യം ചെയ്ക. ആണ is besides used as a Postposition, meaning "by" (*Bei* meinem Bart), *f. e.* ദൈവത്താണ, സ്വൎഗ്ഗത്താണ, കണ്ണാണ, ഗുരുവാണ, എന്നാണ, നിന്നാണ (by God, heaven, eye, teacher, myself, thee).

§ 204. ആചരിച്ചുവരുന്നു (ex. 144), നടത്തിവന്നതിനാൽ (ex. 145) illustrate the use of വരിക (വരുക) *as an Auxiliary Verb*; *cf.* besides കാണായിവന്നു (§ 195).

*a.* In കാണാവുന്നു the meaning is similiar to പോയി (§ 122) or തീരുക (§ 87. ex. 92): *f. e.* ഈ വഴിയിൽ ഭാഗ്യം ഉണ്ടാവുരികയില്ല on this way no happiness will be got. Thus: വരിക like പോക and തീരുക means "coming into existence" and differing from തീരുക it denotes, that the action "by and by", "more and more", "nearer and nearer" reaches the aim. അതു കണ്ടു വന്നിരിക്കുന്നു it has become visible. Thus we see in this use of വരിക another form of *the Progressive* § 106. 185. 203.

സ്നേഹിച്ചുവന്നു—സ്നേഹിക്കുന്നുണ്ടു.
സ്നേഹിക്കുമാറാകുന്നു (സ്നേഹിക്കാറുണ്ടു).
സ്നേഹിച്ചുകൊള്ളുന്നു or സ്നേഹിച്ചുകൊണ്ടിരിക്കുന്നു.
സ്നേഹിക്കും or സ്നേഹിപ്പൂ.
സ്നേഹിച്ചു പോന്നു.

*b.* In ex. 144. 145 the meaning differs from this. വരിക denotes also, that something has been "*done again and again*" and has become a custom (similiar to പോരുക, കൊണ്ടിരിക്ക § 203 or the Fut. § 135). Hence we meet it frequently in connexion with ആചാരം, മൎയ്യാദ etc. In ex. 144 it means, that the Malayalam people perform these customs continually; in ex. 145 the meaning is, that the person carried on the money-affairs very well through all the time he was engaged in the business. വരിക in these cases always is preceded by the Adverbial Participle (ആചരിച്ചു, നടത്തി), *f. e.* നാം കട്ടിക്കു കഞ്ഞികൊടുത്തുവരുന്നു (we give daily). ഒരു കാട്ടിൽ ഒരു പുലി ഉണ്ടായിരുന്നു. അതു അവിടേയുള്ള മൃഗങ്ങളെ ഒക്കെയും കൊന്നു ഭക്ഷിച്ചുവന്നു in a forest there was a tiger, which used to kill and devour all the beasts there. സുൽത്താൻ അന്യദേശത്തു യുദ്ധം ചെയ്തും സ്വദേശത്തുള്ള പ്രജകളെ ഹിംസിച്ചും വന്നിരുന്നു the Sultan used to be engaged in wars abroad and in persecuting his subjects at home.

*c.* In എന്നുവരികിൽ (ex. 105) and in the expression വേണ്ടിവരും, പോകേണ്ടിവരും, ചെയ്യേണ്ടിവരും (§ 115) വരിക is employed in connexion with Defective Verbs (എന്നു see § 134; വേണ്ടി see § 139) to indicate time and mood, as these Defective Verbs in general stand in the Future Tense only; *f. e.* സ്വൎഗ്ഗീയബലങ്ങൾ ഹൃദയത്തിൽ വസിച്ചിരിക്കുന്തോറും പിശാചും അവന്റെ പട്ടാളമാകുന്ന രാഗദ്വേഷാദികളും ഒക്കെത്തക്ക വിട്ടുപോകേണ്ടിവന്നിരിക്കുന്നു the more heavenly powers dwelt in my heart the more Satan and all the passions and the hatred, which form his army, have been turned out.

§ 205. സുഖേന, വിധേന (ex. 146) from സുഖം and വിധം, are *Sanskrit cases,* namely Instrumental Cases used instead of സുഖത്താൽ, വിധത്താൽ സുഖത്തോടേ, വിധത്തോടേ. All the Sanskrit Nouns ending in അം in Malayalam belong to the so-called अ—Declension (Masculine and Neuter Gender) in Sanskrit and form their Instrumental on ഏന or ഏണ. Thus ദിവസേന, ക്രമേണ ("by and by" from ക്രമം order; ദുഃഖേന sorrowfully). These Instrumentals are now employed in Malayalam like Adverbs. See § 257.

§ 206. അറിയാതെ കണ്ടു (ex. 146) also കാണുക may be employed *as an Auxiliary Verb.* Its first Adverbial Participle (കണ്ടു) placed behind the negative Adverbial Participle (അറിയാതെ ചെയ്യാതെ) helps to strengthen the negative meaning of the latter and may be translated into English by "in the least" or "so as" നിന്നെ ശിക്ഷിക്കാതെ കണ്ടു എനിക്കു ക്ഷമിച്ചുകൂടാ it is not possible to me to forgive without punishing you. മുമ്പേ പറഞ്ഞ ഹരജി നീ എഴുതാതെ കണ്ടും കടലാസ്സുകൾ കെട്ടി വെക്കാതെ കണ്ടും എങ്ങോട്ടു പോയി? പറ where did you go without having written the petition I told you about before and without having packed up and put in order (വെക്കാതെ) the papers? Speak!

§ 207. പോകട്ടേ (ex. 147) is a form of *the Optative* in Malayalam. As the form also includes a command (wish and commandment sometimes being almost the same) we mentioned this form already (§ 46). In the examples before us ട്ടേ expresses a request and ഞാൻ പോകട്ടേ means "may I go"? "do you permit me to go"? "please let me withdraw" (the particle ഏ indicating a question). ഞാൻ പോകട്ടേ? is the usual form for taking leave at the close of a visit (see § 200). For expressing the hope of meeting again ("good-bye", "au revoir", auf Wiedersehn) we may say ഞാൻ പോയ്വരട്ടേ may I come after having gone, or will you allow me to call another time? In the same manner പറയട്ടേ or ഞാൻ ഈ കുട എടുക്കട്ടേ? may I take this umbrella? This is a very cordial form of asking permission for doing something, no answer in general being expected, as the form of a question is assumed only for urbanity's sake (*cf.* in German: "Sie erlauben, dass ich mich jetzt empfehle"!—). Anticipating consent one Native passing by another may call out ഞാൻ പോകട്ടേ?

§ 208. ഏല്പിച്ചു കൊടുത്തു (ex. 147). Also the Verb കൊടുക്ക (as well as തരിക) may be employed *as an Auxiliary Verb* to express, that something has been done for the good of another (not for the good of the acting person as in the case of കൊൾക); *f. e.* അവൻ അതു പറഞ്ഞു കൊടുത്ത ശേഷം നാം വാങ്ങിപ്പോയി after he had said this (for our good), we withdrew. അവന്നു കാണിച്ചുകൊടുത്തു showed it to him; നുള്ളിക്കൊടു, ചൊല്ലിക്കൊടു, തല്ലിക്കൊടു, തള്ളിക്കള (prov.) first pinch, then speak, then beat and finally cast off. One may even hear a mother warning her child by saying: നീ വീണു കൊടുക്കും you will fall (implying: "helplessly").

*b*. As to *the difference between* കൊടുക്ക and തരിക we give the following examples:

"അതു അച്ഛൻ എനിക്കു തന്ന പണമത്രെ".
"നീ അതു എനിക്കു തരേണ്ടതു".
"ഞാൻ നിണക്കു ഈ പുസ്തകം തരാം".
"ഞാൻ അവന്നു രണ്ടു ഉറുപ്പിക കൊടുത്തു".
"നീ അതു രാമന്നു കൊടുക്കേണ്ട".

From this we see that, when the first person (I) receives something from the second or third person and when the first person gives something to the second (but not to the third) person, തരിക is used; in all other cases we employ കൊടുക്ക.

§ 209. പറഞ്ഞോ നീ, ഇട്ടുക നീ (ex. 147) shows a construction we very often meet with in colloquial language. If we look at the structure of the whole language, we may see, that the principle sentence is put at the end of a Compound sentence, that the Interrogatives are placed usually at the end of the question (§ 102), that Numbers and Indefinite Numbers very often are put behind their Noun (§ 170), and so on the whole, that there is a tendency to put the most important part of speech at the end. So also in colloquial language even the subject, especially the Personal Pronouns, are sometimes pointed out by placing them back to the end of the sentence; *f. e.* ഈ പാമ്പിനെ പിടിച്ചു ഞാൻ I caught this snake. As this construction renders the sentence more emphatical, it is also very common in poetry.

§ 210. Besides the Infinitive പോലേ of the Verb പോലുക to resemble, there are two other forms in use.

1. The Future പോലും *at least, even.* It is chiefly employed with Negatives; *f. e.* ഭക്ഷണം പോലും എനിക്കു തന്നിട്ടില്ല even my food he did not give me; രണ്ടു മൂന്നു ദിവസമായി നിങ്ങൾക്കു അല്പം പോലും സ്വസ്ഥതയില്ല for 2 or 3 days you did not enjoy even a little rest; അക്ഷരം പോലും അറിയുന്നില്ല he does not even know to read; അങ്ങാടിയിൽ പോലും ഇല്ലാത്തൊരൌഷധം there is no medicine not even in the bazaar.

2. There is farther പോൽ, which besides being used like പോലേ (*f. e.* നല്ലപോൽ സൂക്ഷിക്ക) means in most cases: *it is said; f. e.* ഉത്സവം ഉണ്ടു പോൽ they say, that there is a festival. So we find the word frequently after a quotation to affirm it. എഴുനീല്പാൻ ഒട്ടും വഹിയാത്ത വീഴ്ചകൾ ഉണ്ടു പോൽ it is said, that there are falls, from which it is quite impossible to rise again. But also in colloquial language: തീൻ കൊണ്ടു വരണം പോൽ the butler may say to the cook; പോൽ referring to the master's order, as much: "Master says, that you are to bring the dinner".

In questions the meaning of പോൽ may be expressed by "*possibly*", "at all" (in German "wohl"); *f. e.* അതു ചെയ്തു ആരുപോൽ who possibly can have done this (wer mag *wohl*

22

das gethan haben!)? എന്തുപോൽ വരാഞ്ഞു I wonder why he did not come! (warum mag er wohl nicht gekommen sein!).

Evidently പോൽ and പോലും are now and then used for each other; *f. e.* കത്തു അയക്കും പോലും she says he will send the letter (here we should expect പോൽ); on the other hand Dr. Gundert writes: ഗലീലക്കാരാ നീ ജയിച്ചുപോൽ (the last word of the Emperor Julian, see Dr. Gundert's Church History); here പോൽ seems to mean: "still", "yet", "even", "doch" (പോലും).

§ 211. വിടുക (വിട്ടു) "to leave, let" (ex. 147) may also act as an Auxiliary, and so it denotes the close of an action or the doing it through another one; *f.e.* ദുർദ്ദൂതന്മാരുടെ വ്യൂഹത്തെ (=സമൂഹത്തെ) അവരിൽ അയച്ചൂട്ടു (അയച്ചു + വിട്ടു) he sent his bad angels amongst them (Ps. 78, 49; Luk. 20, 10. 11). കൊടുത്തൂട്ട കത്തു വായിച്ചു I have read the letter you sent me (gave through another). In the same manner പറഞ്ഞൂട്ടു, ചൊല്ലിയൂട്ടാരേ to send for (einen Auftrag geben). Mark the *contraction,* which now and then takes place between the Verb and this Auxiliary; *f. e.* പോടു = പോയി + വിടു; പറഞ്ഞൂട്ടു = പറഞ്ഞു + വിട്ടു; ചൊല്ലിയൂട്ടാരേ = ചൊല്ലി + വിട്ടാരേ; കൊടുത്തൂടാശ്ശു = കൊടുത്തു + വിടാശ്ശു; ചൊല്ലൂട്ടതു = ചൊല്ലി + വിട്ടതു; വിട്ടൂടുകയും ഇല്ല = വിട്ടു + വിടുകയും ഇല്ല. With certain Nouns വിടുക and ഇടുക (see § 143) are used promiscuously; *f. e.* ആവി ഇടുക (വിടുക) to yawn, sigh; ഏമ്പൽ ഇടുക (വിടുക) to belch; ക്രുക്ക ഇടുക (വിടുക, വലിക്ക) to snore; but the proper word in all these examples is ഇടുക. As to വീൎപ്പു mark, that വീൎപ്പു ഇടുക means to take breath (also വീൎപ്പുകൊൾക) and വീൎപ്പു വിടുക means to breathe out (also വീൎപ്പു കളക, കഴിക്ക, അയക്ക).

## Exercise 1.

*The Lion and the Mouse (A Fable).*

A lion, faint with heat and weary with hunting, was lying down to take his repose under the spreading bows of a thick shady oak. It happened that, while he slept a company of strambling mice ran over his nose and waked him; upon which, starting up, he clapped his paw upon one of them and was just about to put it to death, when the little suppliant implored his mercy in a very moving manner, begging him not to stain his noble character with the blood of a despicable and small beast. The lion considering the matter, thought proper to do as he was desired and immediately released his little trembling prisoner. Not long after traversing the forest in pursuit of his prey, he chanced to run into the toils of the hunters, from whence, not able to disengage himself, he set up a most hideous and loud roar. The mouse hearing the voice, and knowing it to be the lion's, immediately repaired to the place and bid him fear nothing, for that he was his friend. Then straight he fell to work, and with his little sharp teeth gnawing asunder the knots and fastenings of the toils, set the royal brute at liberty.

Moral: The least may help the greatest.

*Translation.*

ഒരു സിംഹം ഉഷ്ണത്താലും നായാട്ടിനാലും തളൎന്നു ക്ഷീണിച്ചുംകൊണ്ടു തണലുള്ള തടിച്ച ഒരു കരുവേലകവൃക്ഷത്തിന്റെ വിടൎന്നതായ കൊമ്പുകളുടെ കീഴെ വിശ്രാമത്തിനായി കിട

ന്നിരുന്നു. അവിടെ ഉറങ്ങി കിടക്കയിൽ സംഭവിച്ചിതു: കലഹിച്ചിരുന്ന ഒരു കൂട്ടം ചുണ്ടെലികൾ അതിന്റെ മൂക്കിന്മേൽ ഓടിക്കയറി അതിനെ ഉണൎത്തിപോലും. ആയതുനിമിത്തം നട്ടുങ്ങി അവയിൽ ഒന്നിനെ തന്റെ കൈകൊണ്ടു പിടിച്ചു ചാവാറാക്കി. അപ്പോൾ ചെറിയ ചുണ്ടെലി വളരേ വ്യസനത്തോടേ കരുണ അപേക്ഷിച്ചു: ഇത്ര നികൃഷ്ടവും ചെറുതുമായ ജന്തുവിന്റെ രക്തത്തെക്കൊണ്ടു സിംഹത്തിന്റെ കലീനതെക്കു ഭംഗം വരുത്തരുതു എന്നു പറകയും ചെയ്തു. സിംഹം കാൎയ്യം ആലോചിച്ചു താൻ വിചാരിച്ചപോലേ ചെയ്വാൻ അതിന്നു യോഗ്യതയില്ല എന്നു കണ്ടു വിറക്കുന്ന എളിയ ബന്ധനക്കാരനെ ക്ഷണത്തിൽ വിട്ടുകളകയും ചെയ്തു. ഏറ കാലം കഴിയുംമുമ്പേ തന്റെ ഇരെക്കായിട്ടുള്ള സഞ്ചാരത്തിൽ കാട്ടിലൂടേ പാഞ്ഞപ്പോൾ വേടർ വെച്ച കണിയിൽ കുടുങ്ങുവാൻ സംഗതിയായി. അതിൽനിന്നു വിട്ടുപോവാൻ തനിക്കു കഴിവില്ലായ്കകൊണ്ടു ഏററവും ഭയങ്കരനാദത്തോടേ അലറിക്കൊണ്ടിരുന്നു. ചുണ്ടെലി ഇതു കേട്ടിട്ടു സിംഹത്തിന്റെ ശബ്ദം എന്നറിഞ്ഞതുകൊണ്ടു ഉടനേ ആ സ്ഥലത്തേക്കു ചെന്നു തന്റെ ഉപകാരി ആകയാൽ "ഒന്നും ഭയപ്പെടേണ്ട" എന്നു പറകയും ചെയ്തു. പിന്നേ പെട്ടന്നു തന്റെ പണി തുടങ്ങി: മൂൎച്ചയുള്ള തന്റെ ചെറിയ പല്ലുകളെക്കൊണ്ടു കണിയുടെ കുടുക്കുകളെയും കെട്ടുകളെയും കടിച്ചറുത്തു, കേസരിവീരനെ സ്വാതന്ത്ര്യത്തോടേ വിട്ടയക്കയും ചെയ്തു.

അതുകൊണ്ടു: "പല്ലുകൾകൊണ്ടും ഉപകാരം ഉണ്ടാകും" (Prov.).

## EXERCISE 2.

*The cocoanut-tree.*

തെങ്ങു. tennu

തെങ്ങു മലയാളത്തിലേ മരങ്ങളിൽ മുഖ്യമായതും[1)] ബഹു പ്രയോജനമുള്ളതും[2)] ആകുന്നു. അതിന്നു സംസ്കൃതത്തിൽ "കേരം" എന്നു പേർ. ആകയാൽ തെങ്ങു അധികം ഉള്ള നാട്ടിന്നു "കേരളം" എന്നു പേർ നടപ്പായി. അതു തൃണദ്രുമങ്ങളിൽ[3)] ചേൎന്നതും ഏററവും ഉയരവും വലിപ്പവും ഉള്ളതും ആകകൊണ്ടു "തൃണരാജൻ"[4)] എന്നും പറയാറുണ്ടു[5)]. അതിനാലുണ്ടാകുന്ന അനല്പ[6)] ഉപകാരങ്ങളെ കണ്ടിട്ടു ആളുകൾ അതിന്നു പൊൻ കായ്ക്കുന്ന മരം[7)] എന്നും പേർ ഇട്ടിരിക്കുന്നു. അതിന്നു തുല്യമായ മരം ഇന്ദ്രലോകത്തിൽ[8)] കല്പകവൃക്ഷം[9)] എന്ന ഒന്നു മാത്രമേയുള്ളു എന്നു ഹിന്തുക്കൾ പറയുന്നു.

തെങ്ങു ഈഴദ്വീപിൽനിന്നു[10)] ഈഴവർ കൊണ്ടുവന്നതാകുന്നുവെന്നു വിചാരിച്ചുവരുന്നു[11)]. ലക്ഷ,മലയ,നിക്കബാർ[12)] എന്ന ദ്വീപുകളിൽ ഇതു അനവധിയുണ്ടു. അതു വളരുവാൻ ഉഷ്ണം അത്യാവശ്യം. തെങ്ങു, ചെന്തെങ്ങു,[13)] കൈതത്താളി കാപ്പാടൻ തെങ്ങു[14)] എന്നു നാലു വിധമായ തെങ്ങുണ്ടു.

ഇടവം മുതൽ വൃശ്ചികംവരേയുള്ള (May—December) നല്ല മൂത്തു വരണ്ട[15)] തേങ്ങകളെ പറിച്ചു നിലത്തിടാതെ സൂക്ഷ്മത്തോടേ താഴേ കൊണ്ടുവന്നു കഴിവുള്ളപക്ഷം[16)] നാലഞ്ചു ദിവസം പുക കൊള്ളിച്ചു[17)] 6, 7 ദിവസത്തോളം വെള്ളത്തിൽ ഇട്ട ശേഷം കിണർ കുളം മുതലായതിന്റെ സമീപത്തോ നനവുള്ള മററോരേടത്തോ[18)] മൊത്തി[19)] മേലോട്ടാക്കി പാകേണം[20)]. മൂന്നു നാലു മാസംകൊണ്ടു മുള വരും. ചിലപ്പോൾ 6 മാസത്തോ താമസം ഉണ്ടാകും. മൂന്നു കണ്ണുകളിൽ[21)] ഏററവും വലിയ കണ്ണിൽനിന്നു മുള പുറപ്പെടും, അപൂൎവ്വമായി മൂന്നു കണ്ണുകളിൽനിന്നും മുളകൾ പൊട്ടുന്നതുമുണ്ടു[22)]. മുള വിരിയാതെ ഒററയായി ഇരിക്കുമ്പോൾ അതിന്നു മൊട്ടതൈത്ത[23)] എന്നു പേർ, വിരിഞ്ഞാൽ കിളിയോലതൈത്ത[24)], നാലോ അഞ്ചോ ഊന്നുകൾ[25)] വിടൎന്നാൽ അതിനെ പൊരിച്ചു[26)] മുമ്പുകൂട്ടി അരയോളം[27)] കഴിച്ച വെണ്ണീർ

ഇട്ടു തയ്യാറാക്കിയ കുഴിയിൽ ചോല[28] ഇല്ലാത്ത സ്ഥലത്തു കുഴിച്ചിടും. അപ്പോൾ അതിന്നു കുഴിത്തൈ[29] എന്നു പറയും. കുറേ വളൎന്നു മുരടു പൊന്തിക്കണ്ടാൽ കുതിരക്കൊളമ്പൻ[30] അഥവാ കുതിരയടി[31] എന്നും അതിന്റെ ശേഷം മുരടു ആനയുടെ ചവിട്ടടിയോളം ആയാൽ ആനയടിയൻ എന്നും കുലെക്കുന്നതിന്നു[32] മുമ്പു തൈത്തെങ്ങു എന്നും കുലച്ചാൽ ഫലം എന്നും പറയാറുണ്ടു.

ഒരു തെങ്ങിന്നു നല്ല രക്ഷ ചെയ്താൽ അതു കുലെപ്പാനായിട്ടു 7 വൎഷം മതി, അല്ലാഞ്ഞാൽ 10 വൎഷം വേണ്ടിവരും. ആറുവെപ്പും[33] ശരിയായ രക്ഷയും ഉണ്ടെങ്കിൽ 5 വൎഷവും മതി. കുല മട്ടലുകളുടെ[34] കവിളിൽ[35] നിന്നു പുറപ്പെടുന്നു. അതു എറന്നാൽ[36] മഞ്ഞനിറമുള്ള പൂക്കൾ കാണാം. അതിന്നു അല്ലി[37] അഥവാ അലച്ചിൽ[38] എന്നു പേർ. അതിന്റെ മൂടിക്കു കൊതുമ്പൽ[39] എന്നും അതു ചേൎന്നിരിക്കുന്ന തണ്ടിന്നു കുലച്ചിൽ[40] എന്നും പറയുന്നു. പൂക്കളിൽ ഫലമായിത്തീരാത്തതെല്ലാം വീണുപോയ ശേഷം ശേഷിപ്പുള്ള അലച്ചിലന്മേൽ മുഴെക്കുന്നതു[41] വെളിച്ചൽ[42]. 6 മാസം കഴിഞ്ഞാൽ അതു വെള്ളം പെയ്യു (വെച്ചു) കരിക്കായിത്തീരുന്നു[43]. 7-ാം മാസം പയല[44] വെച്ചു ഇളനീർ[45], 9ഇൽ വന്നങ്ങ[46], 11ഇൽ ഏണ[47] പഴത്തതേങ്ങ,[48] 12ഇൽ ഉണക്കുതേങ്ങ, അഥവാ കൊട്ടത്തേങ്ങ. കവിളിൽനിന്നു എറന്ന ശേഷം 10 മാസം വേണം തേങ്ങയാവാൻ. ഉണങ്ങി പറിപ്പാൻ 12 മാസം വേണം താനും. ഒരു കുലയിൽ 30. 40 ഓളം തേങ്ങകൾ ഉണ്ടാകും.

തെങ്ങിന്റെ സകല സാധനങ്ങളെക്കൊണ്ടും മനുഷ്യൎക്കു വളരേ ഉപകാരം ഉണ്ടു. പച്ചവേർ[49] വെററില തിന്നുന്നവർ അടക്കെക്കു[50] പകരമായും ഉണങ്ങിയതു തീ കത്തിപ്പാനും ഉപയോഗിക്കുന്നു. മൂത്ത തടിമരം വീട്ടിന്റെ കെട്ടിന്നും തുലാത്തിന്നും[51] കഴക്കോലിന്നും[52] നന്നു. ദ്വീപുകാർ അതിനെക്കൊണ്ടു ചെറുതോണികളെ ഉണ്ടാക്കുന്നു. പാത്തി[53], ഉലക്ക[54] ഉരൽ[55] മുതലായവററിന്നും കൊള്ളാം. തോരണങ്ങൾക്കായി[56] കുരുത്തോല[57] വിശേഷം തന്നേ. അതുകൊണ്ടു പായും ഉണ്ടാക്കും. മട്ടൽ[58] കൊണ്ടു തീ കത്തിക്കുന്നു. അതിന്റെ വെണ്ണീർ (ചാമ്പൽ) ക്ഷാരമായിരിക്കയാൽ[59] അതിനെ വെള്ളത്തിൽ കലക്കി തെളിയിച്ചു[60] തെളിനീർ[61] എടുത്തു അലക്കുകാർ വസ്ത്രം വേളിപ്പിക്കുന്നു. ഓല[62] കൊണ്ടു പായി, കരിച്ചൽ[63] കൊട്ട മുതലായതു മടയുന്നു[64]. അതു വിശേഷമായി മടഞ്ഞു വീടുകൾ കെട്ടി മേയുന്നു. തീ കത്തിക്കുകയും രാത്രിയിൽ ചൂട്ടയായി[65] പ്രയോഗിക്കയും ചെയ്യാം. ഈൎക്കിൽ[66] കൊണ്ടു പലമാതിരി മാച്ചിലുകളും കൂട്ടകളും[67] ഉണ്ടാക്കുന്നു. അടിച്ചിപ്പാര[68] അരിപ്പാനും[69] കത്തിപ്പാനും നന്നു. കൊതുമ്പൽ[70] നാരായി പ്രയോഗിക്കുന്നു. അതും കൊലച്ചലും നല്ലവണ്ണം കത്തുന്ന വിറകാകുന്നു. കൊലച്ചിൽ പല്ലുതേപ്പാനും കൊള്ളിക്കുന്നു. മെളിച്ചിലുകളും, കരിക്കും ഔഷധങ്ങളായി പ്രയോഗിക്കാം. കരിക്കിന്റെയും ഇളനീരിന്റെയും വെള്ളം വളരേ ശൈത്യമുള്ളതാകുന്നു. ദാഹം തീൎപ്പാനും ശക്തികൂട്ടുവാനും പെരുത്തു വിശേഷം. അതിന്റെ കഴമ്പു[71] തിന്നുകയുമാം. തേങ്ങ സാധാരണമായി ആളുകൾ കറിക്കരെക്കുന്നു.[72] അതിന്റെ പാൽ എടുത്തു പലവിധമായ പലഹാരങ്ങൾ ഉണ്ടാക്കാം. തേങ്ങ ഉണക്കി ആട്ടിയാൽ[73] അതിൽനിന്നു വെളിച്ചെണ്ണ[74] കിട്ടും. വെളിച്ചെണ്ണ എടുത്ത ശേഷം ബാക്കിയുള്ള പിണ്ടിക്കു[75] പിണ്ണാക്കു[76] എന്നു പേർ. അതു ആടു, കോഴി, പശു, എന്നിവെക്കു തീനാകുന്നു. ചെകരി[77] ഉണങ്ങിയാൽ തീ കത്തിക്കയും അതിന്റെ കരി ചാണത്തോടു[78] കൂടേ കലൎത്തി മെഴുകുവാൻ[79] ഉപയോഗിക്കയും ചെയ്യുന്നു. പച്ച വെള്ളത്തിൽ ഇട്ടു പൊതിൎത്തി[80] തല്ലി[81] ഉണക്കിയാൽ കിടക്കകളെ നിറെക്കാം, അഥവാ പിരിച്ചു ചൂടി[82] ആക്കുവാനും ആ ചൂടികൊണ്ടു കയറുകളും ആലാത്തുകളും[83] ഉണ്ടാക്കുവാനും (മുറുക്കുവാനും)[84] കഴിയും. ചിരട്ട[85] കൊണ്ടു കയിലും[86] പലമാതിരി അലങ്കാരക്കോപ്പുകളും ഉണ്ടാക്കാം. ചിരട്ടക്കരി തട്ടാന്മാർ ലോഹം ഉരുക്കുമ്പോൾ തീ കത്തിപ്പാൻ ഉപയോഗിക്കുന്നു.

തേങ്ങയുടെ പൊങ്ങ[87] തിന്മാൻ ബഹുരുചിയുള്ള ഒരു സാധനം ആകുന്നു. തെങ്ങിന്റെ കല വിടരുന്നതിന്നു മുമ്പായി തെങ്ങേറുന്ന തിയ്യർ അതിനെ കെട്ടി അരിഞ്ഞു[88] അതിൽനിന്നു കള്ളെടുത്തു[89] കള്ളു കുത്തകക്കാൎക്കു[90] വില്ക്കുന്നു. കള്ളുകുടിയന്മാർ അതിനെ കുടിച്ചു മത്തരായി തീരുന്നു[91]. കള്ളു കാച്ചി റാക്കാക്കിത്തീൎക്കുന്നു[92]. ചക്കരക്കള്ളു[93] എന്ന മറെറാരു വിധമുണ്ടു. അതിനെ കുറുക്കി[94] കട്ടിയാക്കിയ ശേഷം ചക്കരയായി വാൎക്കുന്നു. മധുരം വരുത്തുവാൻ ആവശ്യപ്പെടുന്ന സകല പദാൎത്ഥങ്ങളിലും[95] ചക്കര ചേൎക്കുന്നു.

*Contributed by P. A.*

---

Formerly they were the warriors of Malabar instead of the Kshatriyas. Now they are especially engaged in agricultnre, and besides they take Government employment മുമ്പേ അവർ ക്ഷത്രിയൎക്കു പകരം മലയാളത്തിലേ യുദ്ധശാലികളായിരുന്നു. ഇപ്പോഴോ അവർ പ്രത്യേകമായി കൃഷിപ്പണി എടുപ്പിക്കുന്നതു കൂടാതെ സൎക്കാർ ഉദ്യോഗങ്ങളെ ഏല്ക്കയും ചെയ്യുന്നു.

To which caste belong the people who use to take up the work in our houses? നമ്മുടെ വീടുകളിൽ പണി ചെയ്യുന്ന ആളുകൾ ഏതു ജാതിയിലുള്ളവരാകുന്നു?

They are Tīyars. Tiyar and Iḻavar have come from Ceylon; they are the palm cultivators (they renew the cutting of the spadix of palms for drawing toddy), take employment from Government, and are servants in the houses of Europeans അവർ തീയർ തന്നേ. തീയരും ഈഴവരും ലങ്കാദ്വീപിൽനിന്നു വന്നു (ലങ്ക = ഈഴം) അവർ തെങ്ങു ചെത്തുകയും സൎക്കാർ ഉദ്യോഗം ഏല്ക്കയും സായ്പ്പമാരുടെ വീടുകളിൽ പണി എടുക്കയും ചെയ്യുവരുന്നു. (തീയൻ = തീവൻ from തീവു island, an islander, ഈഴവൻ from ഈഴം a Ceylonese).

Do you see that Tīyatti cutting grass with a sickle ആ തീയത്തി അരിവാൾ കൊണ്ടു പുല്ലു അരിയുന്നതു കാണുന്നുവോ?

I see. Which are the names of the chief castes, that earn their livelihood by handicraft? കാണുന്നു. കൈത്തൊഴിൽ കൊണ്ടു അഹോവൃത്തി കഴിക്കുന്ന മുഖ്യജാതികളുടെ പേർ ഏവ?

The carpenters, the goldsmiths, the blacksmiths, the braziers and the coppersmiths are craftsmen and are called Kammāḷar ആശാരി, തട്ടാൻ, പെരിങ്കൊല്ലൻ, മൂശാരി, ചെമ്പോട്ടി എന്നവർ കൈവേല ചെയ്യുന്നവരാകുന്നു. അവൎക്കു കമ്മാളർ (*fem.* കമ്മാട്ടി) എന്ന പേരുണ്ടു.

Is there no caste, which does the work of a weaver? നെയ്ത്തുപണി ചെയ്യുന്ന ഒരു ജാതി ഇല്ലയോ?

The Chāliyars did formerly only this kind of work, but now there are many other weavers മുമ്പേ ചാലിയർ മാത്രം ഈവക പണി ചെയ്തു. ഇപ്പോഴോ മററനേകനെയ്ത്തുകാരും ഉണ്ടു.

Are there some other castes? വേറേ ജാതികൾ ഉണ്ടോ?

The people who dwell near the sea and are engaged in fishing are called Mukkuvars കടപ്പുറത്തു പാൎത്തു മീൻ പിടിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കു മുക്കുവർ എന്ന പേരുണ്ടു.

But those who catch fish in rivers are called Mukayars പുഴയിലോ മീൻപിടിക്കുന്നവൎക്കു മുകവർ (മുകയർ) എന്ന പേർ ഉണ്ടു.

What is the name of those who support their life as astrologers and astronomers? ജ്യോതിഷക്കാരും ഗണിതശാസ്ത്രികളുമായി തങ്ങളുടെ ഉപജീവനം കഴിക്കുന്ന ജാതികളുടെ പേർ എന്തു?

They are called Kaṇishar (in the North) or Paṇikkar (in the South). The same class of people generally also does instruct children അവരെ കണിശർ (*fem.* -ശത്തി, -യാട്ടി, -യാടിച്ചി) എന്നും പണിക്കർ എന്നും പറയാം. ഇവർ സാധാരണമായി കുട്ടികളെ പഠിപ്പിക്കുന്നവരും കൂടേ ആകുന്നു.

Parayars, Puḷiyars, Vēṭṭuvars, Cherumakkaḷs (Pulayar), Nāyāḍigaḷs and some other tribes are at the very bottom of society പറയർ (*fem.* പറയി), പുളിയർ (*fem.* പുളിച്ചി), വേട്ടുവർ (*fem.* വേട്ടുവത്തി), ചെറുമക്കൾ (പുലയർ) (ചെറുമൻ, *fem.* ചെറുമി), നായാടികൾ (*fem.* നായാടിച്ചി) മുതലായ ജാതികൾ ഏററവും താണ സ്ഥിതിയിൽ ഇരിക്കുന്നു പോൽ.

Surely, they are obliged to work like slaves and you scarcely can imagine how far those four caste-people do despise them. Did you never hear how a Brahman seeing at a great distance a Cheruman cries out: "Go away! go away!" അവർ നിശ്ചയമായിട്ടും അടിമകൾ എന്ന പോലേ പണി ചെയ്യേണം. പിന്നേ ആ നാലു വർണ്ണക്കാർ ഇവരെ എത്രോളം നിരസിക്കുന്നു എന്നു നിങ്ങൾക്കു ഊഹിപ്പാൻ പോലും കഴിയാ. ഒരു ബ്രാഹ്മണൻ ഒരു ചെറുമനെ ദൂരത്തു കണ്ടാൽ പോ പോ എന്നു വിളിക്കുന്ന പ്രകാരം ഒരിക്കലും കേട്ടിട്ടില്ലേ?

Yes, I heard so. Why do they do so? കേട്ടു, അതവർ ചെയ്യുന്നതു എന്തുകൊണ്ടു?

If one of the higher caste people would touch one of the people mentioned above from the carpenter downward, he would have to bathe again as he has become unclean ആശാരി തുടങ്ങി മേല്പറഞ്ഞ ആളുകളെ ഉയൎന്ന ജാതികളിൽനിന്നു ഒരുവൻ തൊട്ടാൽ അവൻ അശുദ്ധിയായിപ്പോയി വീണ്ടും കുളിക്കയും വേണം.

Would they pollute themselves by touching an European? ഒരു വെള്ളക്കാരനെ തൊട്ടാൽ തീണ്ടിപ്പോകുമോ?

Surely it will cause pollution തീണ്ടൽ ഉണ്ടാകും നിശ്ചയം!

*b.*

The patrons of temple are in general very rich people അമ്പലങ്ങളിലേ ഊരാളർ സാധാരണയായി വലിയ ധനവാന്മാരാകുന്നു.

In this temple the officiating priest must be an Embrān ഈ ക്ഷേത്രത്തിലുള്ള ശാന്തിക്കാരൻ ഒരു എൻപുരാൻ (എമ്പ്രാൻ my lord) ആയിരിക്കേണം.

As there is a festival in honor of the Bhūdēvi (goddess of earth), people do not work to-day on the field ഇന്നു ഉച്ചാരൻ (ഉച്ചാരൽ, ഉച്ചാൽ) ആകകൊണ്ടു ആളുകൾ വയലുകളിൽ പണി എടുക്കുന്നില്ല (ഉച്ചാൽ വരഞ്ഞുനില്ക്കും).

On the 14th lunar day of the dark fortnight in Māgham Sivarātri is celebrated; people are engaged in reading Sivapurāṇam about this time മാഘമാസത്തിലേ കൃഷ്ണാൎദ്ധചന്ദ്രന്റെ ൧൪-ാം ൹ ശിവരാത്രി കൊണ്ടാടുന്നു. ആ ദിവസത്തിൽ ആളുകൾ ശിവപുരാണം വായിക്കാറുണ്ടു.

The greatest national feast of the Malayāḷis is Ōṇam on new moon of September, lasting ten days, when Paraśurāma is still said to visit Kēraḷa മലയാളികളുടെ ഏററവും സാധാരണമായ പെരുനാൾ ഓണം തന്നേ, സെപ്തെമ്പ്രമാസത്തിന്റെ അമാവാസിയിൽ തുടങ്ങി അതു പത്തു ദിവസത്തോളമുണ്ടു. പരശുരാമൻ ആ ദിവസത്തിലിപ്പോഴും കേരളത്തെ സന്ദൎശിക്കുന്നു പോൽ.

Is now the fortnight of moon's decrease? No, it is the bright lunar fortnight. Full moon, New moon ഇപ്പോൾ കൃഷ്ണപക്ഷം (കറുത്ത പക്ഷം, കൃഷ്ണാൎദ്ധചന്ദ്രൻ) ആകുന്നുവോ? അല്ല ശുക്ലപക്ഷം (ശുക്ലാൎദ്ധചന്ദ്രൻ) വെളുത്ത വാവു തന്നേ. പൌൎണ്ണമാസി, അമാവാസി.

To-morrow rice will be given to the Brahmins in this temple നാളേ ഈ ക്ഷേത്രത്തിൽ ബ്രാഹ്മണൎക്കു ഊട്ടു ഉണ്ടാകും.

On the first of Mēdam (about the 10th of April) V i s h u (or the feast of vernal equinox) is celebrated; the first thing seen on Vishu is considered to be ominous for the whole year മേടമാസത്തിന്റെ ൧-ാം നു- (ഏകദേശം ഏപ്രിൽമാസത്തിന്റെ ൧൦-ാം നു-) വിഷു കൊണ്ടാടും. വിഷുദിവസം ഒന്നാമതു കാണുന്ന വസ്തു (വിഷുക്കണി) മുഴുവൻ കൊല്ലത്തിന്റെ ശകുനം ആയി വിചാരിച്ചു വരുന്നു.

The ceremony of commencing any new work is called Gaṇapatipūja (Gaṇapati, the son of Siva) ഓരോ നൂതനപ്രവൃത്തിയെ ആരംഭിക്കുന്ന സമയത്തിങ്കൽ കഴിക്കുന്ന ആചാരത്തിന്നു ഗണപതിപൂജ എന്നു പറയുന്നു.

About the commencement of October there is also a special worship of Sarasvati, the goddess of speech, called S a r a s v a t i - p ū j a ഒക്ടോബർമാസത്തിന്റെ ആരംഭത്തിലും വാഗ്വൈഭവത്തിന്റെ ദേവിയാകുന്ന സരസ്വതിക്കു പ്രത്യേകമായ ഒരു നമസ്കാരമുണ്ടു അതിന്നു സരസ്വതിപൂജയെന്നു പേരുണ്ടു.

October is also considered to be the proper time for beginning to learn, a feast of 9 days is observed then by Sakti-worshippers, called N a v a r ā t r i വിദ്യാഭ്യാസം ആരംഭിപ്പാൻ ഒക്ടോബർമാസം പറ്റുന്ന സമയമാകുന്നു. അപ്പോൾ ശാക്തേയപൂജാരികൾ ൯ ദിവസത്തേക്കു ഉത്സവം കൊണ്ടാടും. അതിന്നു നവരാത്രി (നവമി, വിദ്യാരംഭം, ത്രിരാത്രി) എന്നു പേരുണ്ടു.

Māpiḷḷas observe fasting during Ramazān റംസാൻ എന്ന മാസത്തിൽ മാപ്പിളമാർ നോമ്പു എടുക്കും.

Māpiḷḷas do not join the M u h a r̄ a m festival of the Muhammedans മുസല്മാനരുടെ പെരുനാളാകുന്ന മുഹറത്തിൽ മാപ്പിളമാർ ചേരുന്നില്ല.

He has taken the v o w of a B r a h m a n student അവൻ ബ്രഹ്മചൎയ്യവ്രതം ദീക്ഷിച്ചിരിക്കുന്നു.

He has been d i s p e n s e d f r o m h i s v o w അവൻ നേൎച്ച കഴിച്ചിരിക്കുന്നു (തികെച്ചു).

He went to the temple to make an offering there ഒരു കാഴ്ച വെക്കേണ്ടതിന്നു (തിരുമുല്കാഴ്ച) അവനമ്പലത്തിലേക്കു ചെന്നു.

Rāman asked leave to perform the f u n e r a l o b s e q u i e s of his father അഛ്ശന്നുവേണ്ടി ശേഷക്രിയ ചെയ്യാൻ രാമൻ കല്പന ചോദിച്ചു.

I have to c e l e b r a t e a m a r r i a g e in my f a m i l y to-morrow; hence I cannot attend work നാളേ തറവാട്ടിൽ ഒരടിയന്തരം കഴിപ്പാനുള്ളതുകൊണ്ടു എനിക്കു പണിക്കു വരുവാൻ കഴിവില്ല.

Those mendicants wearing red d y e d c l o t h s, having a rosary round their neck and a Kāvaḍi on their shoulders are going on pilgrimage to Paḷani; the temple there is dedicated to Subrahmanya (God of war) ആ സന്ന്യാസികൾ കാവിവസ്ത്രം ധരിച്ചു കണ്ഠത്തിന്റെ (കഴുത്തു) ചുററിലും രുദ്രാക്ഷ (ജപ)മാല കെട്ടി തോളിന്മേൽ കാവടി വെച്ചു പഴനിയിലേക്കു തീൎത്ഥയാത്ര ചെയ്യുന്നു (അവിടേയുള്ള ക്ഷേത്രം സുബ്രഹ്മണ്യനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു). ആ ക്ഷേത്രത്തിൽ സുബ്രഹ്മണ്യപ്രതിഷ്ഠ ആകുന്നു ഉള്ളതു.

In this temple of Gaṇapati they are beating large drums all the night ഗണപതിയുടെ ഈ അമ്പലത്തിൽ അവർ രാത്രി മുഴുവനും ചെണ്ട മുട്ടുന്നു (കൊട്ടുന്നു).

In the house of that Nāyar they are muttering the name of Rāma every evening വൈകുന്നേരം തോറും ആ നായരുടെ വീട്ടിൽ വെച്ചു അവർ രാമ രാമ എന്നു ജപിക്കാറുണ്ടു.

He prostrates himself at the feet of an idol ഒരു ബിംബത്തിന്റെ (വിഗ്രഹം) കാല്ക്കൽ (കാലിന്നു) സാഷ്ടാംഗമായി നമസ്കരിക്കുന്നു.

That Māpiḷḷa goes to his mosque to offer prayer and recite portions of the Koran നിസ്കരിക്കേണ്ടതിന്നും (നിക്കാരം) മുസ്സാവിൽനിന്നു ഓരോ അംശങ്ങളെ ഓതേണ്ടതിന്നും ആ മാപ്പിള പള്ളി (സ്രാമ്പി) യിലേക്കു പോകുന്നു.

## Exercise 2.

*On Rice-Cultivation.*

വയൽ (കണ്ടം) ഒന്നാമതു നല്ലവണ്ണം ഉഴുതു അരുവും[1] മൂലയും[2] കൊത്തി കട്ടതച്ചുടച്ചിട്ടു[3] വളം[4] കൂട്ടി രണ്ടാമതും ഉഴുത ശേഷം വിത്തിറക്കേണ്ടതു[5]. രണ്ടു വിധമായ വിതയുണ്ടു. ഉഴുതു തയ്യാറായാൽ കൈകൊണ്ടു വാരി വിതറുന്നതിന്നു[6] വാളൽ[7] എന്നു പറയും. മറേറതു ഉഴുകുന്ന സമയം ഉഴവുചാലിൽ[8] വിത്തിട്ടുംകൊണ്ടു പോകുന്നതാകുന്നു. അതിനെ പിന്നേത്തതിൽ പറിച്ചു നട്ടും[9]. മേടമാസത്തിലേ (ഏപ്രിൽ) വിഷു[10] കഴിഞ്ഞ ശേഷം തൊണ്ണൂറാൻ[11] എന്ന പേരായ വിത്തു വിതെക്കുന്നു. ഒരു മാസം കഴിഞ്ഞാൽ അതു ഞാറായിത്തീരും[12]. അപ്പോൾ അതിനെ പറിച്ചു കണ്ടങ്ങളിൽ[13] ഊരേ ഊരേ നടേണം. രണ്ടാം മാസത്തിൽ കരിനാട്ടി മറിയും[14]. ആ മാസത്തിന്റെ ഒടുവിൽ കണ ആയ്‌വരും[15]. പിന്നേ പിട്ടലും കതിരും[16] പുറപ്പെട്ടും. അതു 10, 20 ദിവസങ്ങൾ്ക്കുള്ളിൽ പാലാകയും[17] 10 ദിവസംകൊണ്ടു വിളയുകയും[18] ചെയ്യും. അതു തൊണ്ണൂറു ദിവസംകൊണ്ടു വിളയുന്നതുകൊണ്ടാകുന്നു അതിന്നു തൊണ്ണൂറാൻ[11] എന്നു പേരുള്ളതു. നെല്ലുകൾ വെവ്വേറേ സമയങ്ങളിലും സ്ഥലങ്ങളിലും വിളയുന്നതുകൊണ്ടു പല വിധമായിരിക്കുന്നു. കഴമ[19] എന്നു പേരുള്ളതു മേടത്തിൽ (ഏപ്രിൽ) വിത്തിറക്കിയാൽ[20] കന്നിയിൽ (സെപ്തെമ്പർ) വിളയും. അതിന്നു കന്നിവിള എന്നു പെർ. മുണ്ടോൻ[21] വിത്തു മേടത്തിൽ വിതെച്ചു എടവത്തിൽ (മേയി) പറിച്ചു നടുകയും മകരത്തിൽ (ജനുവരി) കൊയ്യുകയും ചെയ്യുന്നു. ഇതു വെള്ളം അധികമായി നില്ക്കുന്ന കണ്ടത്തിൽ മാത്രമേ ഉണ്ടാകയുള്ളു. ഇതിന്നു മകരവിള[22] എന്നു പറയും. പുഴവക്കത്തോ[23] അധികം വെള്ളമുള്ള മററു വല്ല സ്ഥലത്തോ ഉള്ള വയലുകളിൽ കൃഷി ചെയ്യേണം എങ്കിൽ വേനൽ[24]കാലത്തിൽ നല്ലവണ്ണം ഉഴുതു വളമിട്ടു തയ്യാറാക്കിയശേഷം കണ്ടത്തിലെ മണ്ണു നല്ല

1) Margin. 2) Corner. 3) തക്കുക strike; ഉടെക്ക to break in pieces. 4) Manure. 5) Sow. 6) വാരുക scoop with the hands, take in a heap with the right hand; വിതറുക strew. 7) From വാളുക to sow, cultivate. 8) Furrow. 9) Pull out and plant (transplant). 10) Vernal equinox. 11) Kind of paddy. 12) Young plant fit for transplanting. 13) Division of a rice-field. 14) കരിനാട്ടി transplanted paddy taking root, assuming a dark-green colour; മറിയുക to turn over. 15) Knots (joints) will be formed. 16) Spike of corn. 17) Become milky. 18) Ripen. 19) Excellent rice reaped in Kanni after 6 months' growth. 20) To plant. 21) = മുണ്ടകം a rice of slow growth (yielding the best straw). 22) Crop of January. 23) River-side. 24) Hot season. 25) Broad hoe. 26) = കുമ്പൽ heap. 27) കതിർ small

വീതിയുള്ള വലിയ പടന്ന[25]കൊണ്ടു കൊത്തി ചെറിയ കൂമ്പാരങ്ങളായി[26] കൂട്ടി വെക്കേണം. ഇതിന്നു കതിർ കൂട്ടുക[27] എന്നു പേർ. അതിന്മേൽ ചെയ്യുന്ന കൃഷിക്കു വാലി[28] എന്നു പേർ. ആയതു ഇടവമാസത്തിൽ (മേയി) വിതെക്കേണം. ഒരു മാസംകൊണ്ടു ഞാറാകും. എങ്കിലും പിന്നെ ഒരു മാസത്തിന്നിടെ കൈക്കൊട്ടുകൊണ്ടു കൊത്തിയിറക്കേണം. അപ്പോൾ വയൽ എല്ലാം ശേഷമുള്ള കൃഷിനിലങ്ങൾ പോലെ നിറഞ്ഞിരിക്കും. ചിങ്ങത്തിൽ (ആഗുസ്ത്) കരിനാട്ടി മറിയുകയും[29] കന്നിയിൽ പിട്ടലും കതിരും വരികയും തുലാമാസം (ഒക്തോബർ) 10-ാംനു മുതല്ക്കു കൊയ്ത്തു തുടങ്ങുകയുമാം. ഇങ്ങിനെ വിളയുവാൻ 6 മാസം വേണം.

ചില വയലുകളിൽ ഒരു കൊല്ലത്തിൽ രണ്ടു കറി കൃഷി ചെയ്യാം. അതു പുഞ്ചപ്പാട്ടിലത്രെ[30]. ഒരു കൃഷിമാത്രം ഉണ്ടാകുന്ന വയലുകൾക്കു കരക്കണ്ടം[31] എന്നു പേർ. രണ്ടാമത്തെ കൃഷി ചെയ്യുന്ന വിത്തു ചിറ്റേനി[32]. ഈ വിത്തു വലിയ പൊതിയായി[33] കെട്ടി ചിങ്ങമാസത്തിന്റെ ആരംഭത്തിൽ വെള്ളത്തിലിടുന്നു. നേരത്തോടു നേരം വരുമ്പോൾ അതെടുക്കയും പിറ്റെ ദിവസം ആ സമയത്തു തന്നേ അതു കഴിച്ചു വിത്തിനെ പച്ച വാഴയിലയിൽ ചൊരിയുകയും പച്ച (ചാണം) കുടകയും[34] ചെയ്യും. അതിന്മേൽ പിന്നേയും വാഴയിലയിട്ടു കനം[35] വെക്കയും വേണം. ഈ കനവും പച്ചയുടെ ചൂട്ടുംകൊണ്ടു പിറ്റേന്നു തന്നേ തൊണ്ടമുഴക്കും[36]. അതിന്റെ പിറ്റേന്നു മുളവരികയും[37] കാൽ നീളുകയും[38] ചെയ്യും. അന്നോ പിറ്റേന്നോ വിതെക്കുന്നതിന്നു വിരോധമില്ല. ഒരു മാസവും പത്തുദിവസവും കഴിഞ്ഞാൽ ഞാറിന്റെ പുല[39] തീരുന്നതുകൊണ്ടു ഞാറു പറിച്ചു അതിന്റെ പിടി[40] കല്ലിന്മേൽ വെച്ചു വേരിനെ തച്ചു[41] കഴുകി അയിരിയാക്കി[42] വെക്കേണം. നാലു ദിവസം കഴിഞ്ഞാൽ ഞാറിന്റെ പുല തീരും. അതിന്നു മുമ്പായി ഞാറു പറിച്ചു നട്ടാൽ പുഴു തിന്നുകളയുന്നതാണ്. ആ അയിരിമേൽ വളരേ കനത്തിൽ ചളി[43] വാരിവെക്കേണം. എന്നാൽ മൂന്നു ദിവസം കഴിഞ്ഞാൽ പുതിയ വേർ പൊട്ടും. കന്നിയിലേ[44] ആദ്യവിള കൊയ്തു ശേഷം വയൽ നന്നാക്കീട്ടു അതിൽ അവ നട്ടു വരുന്നു. അതു അഞ്ചാം മാസത്തിൽ അതായതു മകരമാസത്തിൽ കൊയ്യാം.

നെല്ലു കൊയ്തു ശേഷം കററകളായി[45] കെട്ടിക്കൊണ്ടു വന്നു മെതിച്ചു[46] തുററി[47] നാലു ദിവസത്തോളം വെയിലത്തിട്ടുണക്കേണം. വീണ്ടും തുററിയാൽ സൂക്ഷിച്ചു വെപ്പാൻ പാകമായിത്തീരുന്നു[48]. അതിനെ കൃഷിക്കാർ കളപ്പുരയിലോ[49] പത്തായത്തിലോ[50] കൂട്ടിവെക്കുന്നു. ഈ നെല്ലു ആളുകൾ പുഴുങ്ങി[51] മണിയുടെ വായി തുറന്നുവരുമ്പോൾ കിഴിച്ചു[52] വെയിലത്തിട്ടുണക്കുന്നു. കൈകൊണ്ടു തരുങ്ങുമ്പോൾ[53] ഉമി[54] നീങ്ങുന്നെന്നു കണ്ടാൽ എടുത്തു നിലത്തിട്ടു ഉലക്ക[55]കൊണ്ടു കുത്തി ഉമി കളയുന്നു[56]. അതിന്റെ ശേഷം പാററി[57] ഉരലിലിട്ടു വെളുപ്പിക്കും. പിന്നെ ചേറി[58] തവിട്ടും[59] അരിയും

---

mounds of earth in rice-fields, on which the rice is sown and after it is grown sufficiently, is transplanted with a hoe. 28) A kind of bearded paddy. 29) See 14. 30) Wet land. 31) Fields yielding only one crop. 32) A sort of rice said to have come out from China. 33) Bundle. 34) Throw out. 35) Weight. 36) To swell as tumour. 37) Young plant. 38) Grow long. 39) Pollution. 40) A handful. 41) See 3. 42) = ഐരി hayrick. 43) Mud, mire. 44) September. 45) Sheaf of corn, bundle of gram. 46) Thrash. 47) Fan or winnow grain. 48) Maturity, season. 49) = കളം thrashing floor, barn. 50) A large chest to keep rice etc. 51) Parboil, to be boiling. 52) Take down. 53) = തരങ്ങുക to husk. 54) Husk, chaff. 55) ഉലക്ക and ഉരൽ pestle and wooden mortar for beating rice. 56) Throw away. 57) Let fly, dust. 58) Husk. 59) Bran. 60) To be broken into small pieces. 61) = പാററൽ അരി

വെവ്വേറേ ആകും. അരിക്കു കുത്തു കൊള്ളുന്നതിനാൽ അതു നുറുങ്ങി[60] പോകും. അതിൽ ഏററവും ചെറുതിന്നു കണ്ണരി എന്നും അതിൽ അല്പം വലുതിന്നു നുറുക്കരി അഥവാ പാറലരി[61] എന്നും നുറുങ്ങാത്തതിന്നു നെടിയ അരി[62] എന്നും പേർ. ചാക്കിലും മൂടയിലും കയററി വരുന്ന അരിയുടെ തുളി[63] ചൂളയിൽ[64] വെച്ചിട്ടാകുന്നു കളയുന്നതു. ആയതു കുത്തി വെളുപ്പിച്ച ശേഷം മാത്രമേ ചോറു വെപ്പാൻ ഉപയോഗിക്കാറുള്ളു. വെളുപ്പിച്ച അരിയെ കഴകി അരിച്ചു[65] പച്ചവെള്ളത്തിലിട്ടു വേവിച്ചാൽ വെള്ളത്തോടു കൂടെയുള്ളതിന്നു കഞ്ഞി എന്നും വെള്ളം വാൎത്തതിന്നു[66] ചോറു എന്നും പറഞ്ഞുവരുന്നു.

പച്ചരി[67] എന്ന മറെറാരു വിധം അരി ഉണ്ടു. ആയതു നെല്ലു പുഴുങ്ങാതെ വെയിലത്തിട്ടുണക്കി കുത്തി തുളി കഴിച്ചു പാററി[68] വെളുപ്പിച്ചാൽ പലമാതിരി പലഹാരങ്ങൾക്കായും പശെക്കായും മററും ഉപയോഗമായിത്തീരും. തവിടു കോഴി, പശു, മൂരി, പന്നി മുതലായ നാൽക്കാലികൾക്കു ആഹാരമാകുന്നു. ഉമി തീ കെടാതെ സൂക്ഷിപ്പാനും ഉമിക്കരി[69] പല്ലു തേപ്പാനും[70] നന്നു. Contributed by P. A.

166. കല്ലണിക്കാൎക്ക 5 കണ്ടിക്കോൽ കെട്ടേണ്ടതിന്നു 3 ഉറുപ്പികയും 3 പണവും കൊടുക്കേണ്ടി വന്നാൽ 150 കോൽ നീളവും 10 കോൽ ഉയരവും 18 വിരൽ കനവുമുള്ള ഒരു മതിലിനെ പണിയിച്ചാൽ അവൎക്ക എത്ര ചെല്ലും? if we have to give a stone-cutter 3 Rupees and 10 annas for building up 5 cubic kōls, what will be required for building a wall 150 kōls long, 10 kōls high, and 18 inches broad?

കനം = അകലം here; കണ്ടി cubic; as to money and dimensions see page 91. ചെല്ലുക besides "pass through", "passion" means also "cost", "be required".

167. രണ്ടേ ഒന്നേ എട്ടു ഉണ്ടാകേണ്ടതിന്നു എഴേ എട്ടും അഞ്ചേ പന്ത്രണ്ടും എന്നതിനോടു എത്ര കൂട്ടേണം? ഒന്നേ മൂന്നേ നാലു ശേഷിക്കേണ്ടതിന്നു പതിനാലേ മൂന്നേ എട്ടിൽനിന്നു എത്ര കിഴിക്കേണം? how much must be added to $\frac{7}{8} + \frac{5}{12}$ in order to get $2\frac{1}{8}$? how much must be subtracted from $14\frac{3}{8}$ in order to leave $1\frac{3}{4}$? (*cf.* § 213, 7.)

168. ഒരു മുക്കോണിന്റെ മൂന്നു അന്തൎക്കോണുകൾ രണ്ടു സമകോണുകളോടു സമം the three interior angles of a triangle are equal to two right angles.

169. ൧൨-ാം സൂത്രം ആവിതു: ഒരു രേഖയുടെ പുറത്തു കിടക്കുന്ന ഒരു വിന്ദുവിൽനിന്നു ആ രേഖയിന്മേൽ ഒരു ലംബരേഖയെ വരെക്കുന്നതെങ്ങിനേ? the 12th Proposition runs thus: how do you draw a perpendicular line from a point outside of it?

170. ഗുരുനാഥൎക്ക അല്ലാതെ വായിക്കരുതാതെയുള്ള ഈ പുസ്തകത്തെ നീ എടുത്തു വായിച്ചതു എന്തുകൊണ്ടാണ? എന്നെ ദുഃഖിപ്പി

---

powder-like rice. 62) From നെട്ട long whole rice freed from husks. 63) Husk, dust. 64) Brick-kiln. 65) Sift, clean rice by washing. 66) Pour. 67) Rice freed from the husk without moderation. 68) See 51. 69) Coal made of ഉമി. 70) Rub, clean.

പ്പാൻ അത്രേ നീ അതു ചെയ്തതു why did you take and read this book, which ought not to be read save by the master? you did it only in order to grieve me. As to വായിക്കരുതാതെ see § 197, 4.

§ 244. ചെയ്തതു (ex. 170) represents a use of *the Neutral Personal Noun,* with which we meet frequently; *f. e.* ഹൃദയത്തിൽ നിറഞ്ഞു വഴിയുന്നതിൽനിന്നല്ലോ തന്റെ വായി ഉരിയാടുന്നതു for out of the abundance of the heart his mouth speaketh. Luke 7, 45. These instances will throw light besides upon the most common kind of questions in Malayalam: നീ അതു ചെയ്തതു എന്തുകൊണ്ടു? (§ 102). At first sight this Neutral Personal Noun at the end of sentences seems to be superfluous, but in many cases it answers to the English "it is" or "is it" conveying emphasis. It makes a difference whether I say "he has done it", (അവൻ അതു ചെയ്തു) or "it is he, who has done it" (അവനല്ലോ അതു ചെയ്തതു). In some cases we see employed also the copula "ആകുന്നു"; *f. e.* അവനോടു ആകുന്നു നാം തർക്കിക്കുന്നതു (*cf.* § 173), but in most cases ആകുന്നു is omitted and the word to be emphasised is pointed out by അല്ലോ or അത്രേ (വഴിയുന്നതിൽനിന്നല്ലോ); അപ്പങ്ങളെ തിന്നവരോ അയ്യായിരം പുരുഷർ തന്നേ ആയതു; അതു അറിയായ്കകൊണ്ടല്ലോ തെറ്റി ഉഴലുന്നതു.

പട്ടണത്തിലുള്ള സ്ത്രീകളും കുട്ടികളും നിമിത്തമല്ലോ കനിവു തോന്നിയതു. (It was on account of. . . . that he felt compassion) മനുഷ്യനിൽനിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ തീണ്ടൽ ഉണ്ടാക്കുന്നതു; നിന്റെ ബലഹീനത വിചാരിച്ചത്രേ ഞാൻ അതു കല്പിച്ചതു. In some cases even അല്ലോ or അത്രേ is to be understood. ഒരു കള്ളനെക്കൊള്ളെ എന്നപോലേ നിങ്ങൾ എന്നെ പിടിച്ചുവെപ്പാൻ വാളുവടികളുമായി പുറപ്പെട്ടതു; ഞാൻ നീതിമാന്മാരെ അല്ല പാപികളെ വിളിപ്പാൻ (അല്ലോ) വന്നതു.

Hence the answer to a question containing a Neutral Personal Noun (വായിച്ചതു ex. 170) will contain a Neutral Personal Noun too.

In the same manner the Neutral Personal Noun employed in questions corresponds to the English "is it" in emphatic questions, for നീ ഇതു ചെയ്തതു എന്തുകൊണ്ടു? means in full: എന്തുകൊണ്ടാകുന്നു നീ ഇതു ചെയ്തതു? why is it that you did this?

§ 245. ആവിതു (ex. 169) introduces a new kind of quotation, more European-like, but less common than what has been mentioned in connexion with എന്നു (*cf.* § 77). ആവിതു, following Nouns like "order" (കല്പനയാവിതു), "word" (വചനമാവിതു), means literally "will be or is this" (ആവു Second Future of ആകുന്നു and ഇതു). Of course it may also be employed after the Neutral Personal Noun of a *Verbum discendi* അവൻ പറഞ്ഞതാവിതു. . . . as much as: "what he said is the following". ഇതു or അതു may also be added to the *Verbum discendi* itself before a quotation; *f. e.* അവൻ പറഞ്ഞിതു: നീ എന്നെ വിട്ടു പോക, in the same manner ചൊല്ലുന്നിതു, പറയുന്നിതു, ഉപദേശിച്ചിതു, but ചൊല്ലിയതു, ഉത്തരം ചൊല്ലി തുടങ്ങിയതു (the Past Tense ending in ഇ, അതു is taken instead of ഇതു). This kind

of quotation may be resorted to in order to avoid monotony especially in lengthy conversations. For change's sake we see employed even the pure *Verbum discendi*, just as in English or German also the "Historical Praesens" (പറയുന്നു) helps to cause some variety of expression. To illustrate these different ways of quotation we give part of the conversation between Christ and the Samaritan woman (John 4, 7–11): ഒരു ശമൎയ്യക്കാരത്തി വെള്ളം കോരുവാൻ വരുന്നു, അവളോടു യേശു: "എനിക്കു കുടിപ്പാൻ തരിക" എന്നു പറയുന്നു. ശമൎയ്യസ്ത്രീ അവനോടു: നീ യഹൂദൻ എങ്കിലും ശമൎയ്യയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നതു എങ്ങിനേ? എന്നു പറഞ്ഞതിന്നു യേശു ഉത്തരം ചൊല്ലിയതു: നീ ദൈവത്തിൻ്റെ ദാനത്തെയും നിന്നോടു കുടിപ്പാൻ തരിക എന്നു ചോദിക്കുന്നവൻ ഇന്നവൻ എന്നതിനെയും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ആയിരുന്നു. സ്ത്രീ അവനോടു പറഞ്ഞു: കൎത്താവേ നിനക്കു പാളയും ഇല്ല കിണറും ആഴമുള്ളതല്ലോ.

§ 246. What we have come to know now, about the *Numerals* in Malayalam is this:

I. *The Cardinals* (see Table III.).

*a.* 2 രണ്ടു and ഇരു; hence 20 = ഇരുപതു; 3 മൂന്നു and മൂ, hence 3000 മൂവായിരം, അഞ്ചു and ഐ, hence: 5000 ഐയായിരം, besides 50 ഐമ്പതു and അമ്പതു.

*b.* 90 തൊണ്ണൂറു, 900 തൊള്ളായിരം and 400 നാനൂറു.

*c.* All these Cardinals, may be declined; to make them Personal Nouns either ആൾ and പേർ (person) may be employed മൂന്നാൾ, ഇരുപതു പേർ, or they are furnished with personal terminations: ഒരുത്തൻ, ഇരുവർ, മൂവർ, നാല്വർ, ഐവർ, അറുവർ, എഴവർ.

*d.* As to Compound Numerals up to 90 simply the tens are placed before the ones (for 1-20 see § 100 and Table III.); *f. e.* 37 മുപ്പത്തേഴ; 79 എഴപത്തൊമ്പതു etc. The same order is kept also as to hundreds and thousands. Mark only that നൂറു changes into നൂററി (from നൂററിൽ Locative) and ആയിരം into ആയിരത്ത്; *f. e.* 345 മുന്നൂററി നാല്പത്തഞ്ചു; 4,789 നാലായിരത്തെഴനൂററെണ്പത്തൊമ്പതു.

II. *Ordinals* are formed by adding ആം, see § 98. Mark that also the Interrogative corresponding to these Numerals may partake of this termination: എത്രാം സ്ഥാനം?

These Ordinals too may be made Personal Nouns: ഒന്നാമൻ, (ഒന്നാമതു, ഒന്നാമത്തവൻ), രണ്ടാമൻ, മൂന്നാമൻ, നാലാമൻ, അഞ്ചാമൻ (അഞ്ചാമവൻ), ആറാമൻ (ആറാമവൾ), എട്ടാമൻ, പത്താമൻ. In the same manner they may be employed like Adjectives: രണ്ടാമത്തേ പുരുഷന്നു; മൂന്നാമത്തേ ദിവസത്തിൽ etc.

III. *Multiplicatives* (and Quotientives, see § 226).

Besides പ്രാവശ്യം, വട്ടം, കുറി, മടങ്ങു, ഉരുട, തുട, ഉരു, മേനി etc. mentioned already, also ആവൃത്തി is employed in Malayalam Mathematics; *f. e.* എത്രാവൃത്തി? എട്ടാവൃത്തി (8 times). In Arithmetical problems it is also sufficient to combine the numbers to be multiplied; ഈരാറു = 16; നാലേഴ = 28. Also the particle ഇററു may be employed; *f. e.* മുപ്പതിററുപ്പത്തു = 30 × 10; അമ്പതിററുനാലു = 50 × 4.

To this class of numbers we may also add the following expressions: *double* ഇരട്ട (also ഇരട്ടിച്ച Adjective Participle of ഇരട്ടിക്ക), ഇരട്ടി (with Dative അതിനു നാലിരട്ടി 4 times as much), hence ഇരട്ട കുട്ടികൾ twins. *A pair* ജോട (Hindustani); *f. e.* ഒരു ജോട (എരു) കാള a pair of bullocks; ദ്വന്ദ്വം (Sanskrit) (see § 261, Sanskrit Numerals).

Also ഒന്നു may be used instead of ഒരിക്കൽ (once). It is a common expression to say: എന്നെ ഒന്നു കാണ്മാൻ വരേണം please, come and see me once. ഒന്നു കയറി ആലൊചിച്ചിൽ, ഒന്നു പരീക്ഷിച്ചു നോക്ക.

## IV. *Distributives* (see § 233).

Besides വീതം, കണ്ടു, കൊണ്ടു (ഉരികൊണ്ടു സേവിക്ക, an ഉരി or half a Nāḻi a time, "weise" in Germ.), പടി and മേനി also the particle ഇച്ച (and ച്ച) is in use; *f. e.* ഇട ങ്ങാഴിച്ച one Itaṅṅaḻi a time. This answers to the interrogatives എത്ര and എന്നേത്ര how much for each?

## V. *Fractions* (see § 213, 7).

Ex. 167 shows, that the general way to form a fraction is to affix ഇൽ to the Numerator and to add the Denominator; thus അഞ്ചേ പന്ത്രണ്ടു $\frac{5}{12}$; മൂന്നേ എട്ടു $\frac{3}{8}$. In the case of mixed fraction the Total too will affix ഇൽ (see ex. 167), hence രണ്ടും ഏഴെ എട്ടു $2\frac{7}{8}$; ഒന്നേ മൂന്നേ നാലു $1\frac{3}{4}$.

In native books also the Locative with ഇരുന്നിയ is used ആറിൽ ഇരുന്നിയ അഞ്ചു $\frac{5}{6}$; അഞ്ചിൽ ഇരുന്നിയ രണ്ടു $\frac{2}{5}$; or the Instrumental: പതിനേഴാലഞ്ചു $\frac{5}{17}$.

There are besides, as in English and German, some stereotype expressions, employed for the most important fractions: $\frac{1}{2}$ പാതി, പകുതി, അര, അൎദ്ധം; $\frac{1}{4}$ കാൽ, നാലൊന്നു, നാലാ ലൊന്നു, പാദാംശം, ചതുരംശം, § 261 (ഒന്നേകാൽ $1\frac{1}{4}$); $\frac{1}{6}$ ആറൊന്നു ഷഡംശം (see § 261); $\frac{3}{4}$ മുക്കാൽ hence അഞ്ചേ മുക്കാൽ $5\frac{3}{4}$; $\frac{1}{8}$ അരക്കാൽ (half of $\frac{1}{4}$); $\frac{1}{16}$ വീശം മാകാണി; $\frac{1}{32}$ അരവീശം; $\frac{1}{20}$ മാ (അരമാ $\frac{1}{40}$, ഇരുമാ $\frac{1}{10}$, $2\times\frac{1}{20}$, നാലുമാ $\frac{1}{5}$); $\frac{1}{80}$ കാണി (അരക്കാണി $\frac{1}{160}$); $\frac{1}{320}$ മുന്തിരി; $\frac{1}{21600}$ ഇമി.

## VI. *Indefinite Numerals,* see § 130, 7; besides these:

ഓരോ, ഓരോരോ each one (as personal: ഓരോന്നു, ഓരോരുത്തൻ; Adjective use: ഓരോവിധത്തിൽ); വല്ല (Adjective participle of വല്ലു) any (വല്ലനാൾ, Adverb വല്ലേടവും anywhere; വല്ലപ്പോഴും at one time; Personal Noun: വല്ലവനും, വല്ലതും, വല്ലവർ); ചില some, several (Personal Noun: ചിലതു, ചിലർ; Adverb, ചിലപ്പോൾ); In colloquial language we meet with expressions like: ചിലതൊക്കയും a little much ("ein bisschen viel"); ചില വസ്തുക്കൾ ഒക്ക certain property; പല many, several, various (Personal Noun: പലർ, പലതു Plural പല, Adverb പലപ്പോഴും) and പല പല many, different. For *much* we have the following: വളരെ, പെരുത്തു, ത്രേലാം, അത്യന്തം, എത്രയും, അത്രയും, അനേകം (അനേകർ). *All* എല്ലാം, സകല, ഒക്കയും, (ഒക്കവേ, ഒക്കവേയും), സൎവ്വം. With the exception of ഒക്കയും these words meaning "all" may be employed as personal Nouns (see § 130. 137). *Whole* മുഴുവൻ, മുററു, പൂജ്യം, (എല്ലാം) also the words expressing a want or absence of something may be mentioned here: ശൂന്യം (nought, a cypher 0); പൂജ്യം (nought or cypher in calculation); നാസ്തി न+अस्ति (nothing, hence

നാസ്തികൻ atheist); അശേഷം ഇല്ല nothing at all; *little* അല്പം, കുറേ, (കുറയ, കുറെച്ച, കുറേശ്ശ; കുറപടി deficiency and നിറപടി perfection); ഇത്തിരി (very little); തെല്ലു (തെല്ലും ഇല്ല not at all തെല്ല കൂടേ some more); ചിന്നം (ചിനക്കം a bit), "a little", also ചിന്നമ്പിച്ച; അസാരം, ഒട്ടു (ഒട്ടും ഇല്ല not at all, ഒട്ടൊട്ടു a little, ഒട്ടേറ much; *f. e.* ഒട്ടേറ പടയാളികളെ ചേൎത്തു; further: ഒട്ടൊഴിയാതെ without any exception, altogether).

Also the Correlative Pronouns എത്ര, അത്ര and ഇത്ര may be called indefinite numbers. ഇത്ര is doubled into ഇത്തിത്ര; *f. e.* ഓരോന്നിൽ ഇത്തിത്ര so much in each.

Some adverbial expressions may also be ranked amongst the Indefinite Numerals: സ്വകാൎയ്യം, തനിയേ, തനിച്ച (alone), മാത്രം, അത്രേ (only), ഏകദേശം (nearly), മതി (enough), പോരാ (not enough), ചില്വാനം (odd, remaining fraction; *f. e.* നൂറിൽ ചില്വാനം ആളുകൾ hundred and some more), ഒന്നാകേ (altogether), ഒന്നിച്ച (together); ഒന്നു is employed not only as the Neuter of ഒരു but also as an Indefinite Number, meaning "something" ആ സമയത്തു ഞാൻ ഒന്നനുഭവിച്ച I suffered something at that time. In the same manner also ഒരു is used very much like കുറേ; *f. e.* ഒരു മാങ്ങ പറിപ്പാൻ പോയി (he) went to pluck some mangoes. നിച്ചൽ (നിച്ചലും) = എല്ലായ്പോഴും.

## Exercise 1.

*Translate.*

*a.*

കപ്പദോക്യയിൽ കൈസരയ്യ പട്ടണത്തു കുറില്ലൻ എന്ന കുഞ്ഞൻ യേശുവെ വിശ്വസിച്ചപ്പോൾ, കുട്ടികൾ പരിഹസിക്കുന്നതും, അച്ഛൻ അടിക്കുന്നതും നിഷ്ഫലമായി നിത്യം യേശുവെ പ്രാൎത്ഥിച്ച വിളിക്കും[1]. ഒടുവിൽ അച്ഛൻ അവനെ വീട്ടിൽനിന്നു തള്ളി, അവനും ശാന്തനായി പുറപ്പെട്ടു. അനന്തരം ന്യായാധിപതി വസ്തുത ഗ്രഹിച്ചു, അവനെ വിളിച്ചു: "നീ തെറ്റു ചെയ്തു, എങ്കിലും ഞാനും അച്ഛനും ക്ഷമിക്കും; അവന്റെ വസ്തുവക[2]യെല്ലാം നിണക്കു കിട്ടും" എന്നും മറ്റും ബുദ്ധി പറഞ്ഞശേഷം, കുഞ്ഞൻ "ആ കഷ്ടംകൊണ്ടു എനിക്കു ദുഃഖം ഇല്ല; അച്ഛൻ എന്നെ വീട്ടിൽനിന്നു തള്ളി, ഇപ്പോൾ ദൈവം നല്ല ഭവനത്തിൽ ആക്കി തീൎക്കും. ചാവിന്നു പേടി ഇല്ല, അതിനാൽ നല്ല ജീവൻ വരുമല്ലോ" എന്നു കേട്ടാറേ, അഗ്നിമരണം വിധിച്ചു. "തീ കണ്ടു പേടിക്കും എന്നാൽ മടക്കിക്കൊണ്ടു വരേണം" എന്നു സ്വകാൎയ്യമായി കല്പിച്ചയച്ചു; അതുവും[3] വ്യൎത്ഥമായി. ന്യായാധിപതി പിന്നേയും അപേക്ഷിച്ചാറേ, കുഞ്ഞൻ "ഞാൻ നല്ല ഭവനത്തിൽ പോകട്ടേ! നല്ല ധനത്തെ അനുഭവിക്കട്ടേ! എന്നെ അയക്കേണമേ" എന്നു ചൊന്നാറേ കരഞ്ഞു നില്ക്കുന്നവരെ കണ്ടു "നിങ്ങൾ സന്തോഷിക്കേണ്ടതാകുന്നു എങ്കിലും ഞാൻ പോകുന്ന പട്ടണത്തെ നിങ്ങൾ അറിയുന്നില്ല" എന്നുരെച്ചു കൈസരയ്യ പട്ടണക്കാൎക്കു വിസ്മയം വരുമാറു[4] മരിക്കയും ചെയ്തു. Dr. Gundert's Church History.

*b.*

പിന്നേ യഹോവ പറഞ്ഞിതു: ചിയോൻ പുത്രിമാർ ഞെളിഞ്ഞുകൊണ്ടു കഴുത്തു നീട്ടി കണ്ണുന[5] ചാടി നടന്നു തത്തിതത്തി[6] നടന്നുകൊണ്ടു കാലുകളാൽ ചിലമ്പൊലി[7] കേൾപ്പിക്കയാൽ, കൎത്താവു ചിയോൻ പുത്രിമാരുടെ നെറുകയെ[8] മുണ്ഡമാക്കി[9] കളയും. അന്നാൾ

1) See § 135. 2) Everything belonging to his property. 3) = അതും, more emphatic. 4) See § 224, 4. 5) Corner of the eye. 6) തത്തുക to trip, tripple. 7) ചിലമ്പ (foot-trinket filled with pebbles for tinkling) + ഒലി (sound). 8) Temples, crown of the head.

കത്താവു ചിലമ്പുകളും[10] ചെറു സൂൎയ്യചന്ദ്രാഭരണങ്ങളും, കാതില ചങ്ങല കവിണിക്കച്ചകളും[11], തലക്കെട്ടു കാൽത്തള[12] അരഞ്ഞാണകളും[13], സൌരഭ്യക്കുപ്പികൾ രക്ഷകളും, മോതിരങ്ങൾ മൂക്കുത്തികളും[14], ഉടയാടകൾ[15] ശാലുകൾ[16] പുടപുടസഞ്ചികളും[17], കണ്ണാടികൾ ചിററാടകൾ[18] തലപ്പാവു മുഖപ്പുടങ്ങളും[19] ആകുന്ന ഭൂഷണത്തെ[20] നീക്കിക്കളയുന്നു. സുഗന്ധത്തിന്നു പകരം ദുൎഗ്ഗന്ധവും കച്ചെക്കു പകരം കയറും പുരികുഴലിന്നു[21] പകരം കഷണ്ടിയും[22] ഉടയാടെക്കു പകരം ചാക്കുകെട്ടും ഭംഗിക്കു പകരം പരിക്കും[23] ഉണ്ടാകും.

Gundert, Isaiah 3, 16—24.

## Exercise 2.

*Translate.*

### 1.

ചന്ദനം (sandal-wood) എട്ടു പണത്തിന്നു (see page 92) പലം (weight of 8 Rupees, see page 92) ഇരുപത്തഞ്ചു കിട്ടുമാകിൽ ഇഹ (ഇവിടേ) ഇപ്പോഴഞ്ചു പണത്തിന്നു എത്ര പലം കിട്ടും?

അതു വരുത്തും പ്രകാരം: എട്ടു—തള്ളയാകുന്നു (first term in the rule of three); ൨൫ പലം പിള്ള തന്നേ (second term of the same kind, as $x$ or the term sought for); ൫ പെറുവാൽ (third term of the same kind as the first); ഇങ്ങിനേ മൂന്നു രാശിയിൽ (sum) പിള്ള തന്നേ നടുവിലേതു; ഇരുപത്തഞ്ചിനെ അഞ്ചുകൊണ്ടു പെരുക്കിയാൽ ൧൨൫, അതിനെ എട്ടിൽ കിഴിച്ചാൽ പതിനഞ്ചു അഞ്ചേ അരക്കാൽ.

$$\frac{25\ (\text{പിള്ള}) \quad 5\ (\text{പെറുവാൽ})}{8\ (\text{തള്ള})} = 15\tfrac{5}{8}$$

### 2.

## Promissory Notes and Receipts.

*Tellicherry, 29th May* 1888.

Ten months after this date I promise to pay to Dr. Strobel or order the sum of Rupees two hundred and seventy-five (Rs. 275) with interest at four per cent, for value received.

N. N.

തലശ്ശേരി, ൧൮൮൮ മേയി ൨൯.

ഡക്തർ സ്ത്രോബെൽ എന്നവൎക്കോ അവരുടെ ചീട്ടു കണ്ടാലോ കിട്ടി ബോധിച്ച സാമാനം വക ഇരുനൂററി എഴുപത്തഞ്ചു ഉറുപ്പിക (൨൭൫) നൂററിന്നു നാലു പ്രകാരം പലിശയോടു കൂടെ ഇന്നു മുതൽ പത്തു മാസംകൊണ്ടു തന്നു വീട്ടുവാൻ ഞാൻ വാഗ്ദത്തം കരാർ ചെയ്യുന്നു. എന്നു

ൻ. ൻ.

---

9) Firewood. 10) See 3. 11) കവിണി (കവണി, കൌണി) Muslin, fine cloth to cover the head; കച്ച (girdle), long cloth. 12) Foot-ring. 13) Waist-string. 14) Nose-ring. 15) Royal dress. 16) Shawl, silk cloth of noblemen. 17) പുടവ woman's cloth; സഞ്ചി bag. 18) Child's dress. 19) പടം fine cloth. 20) Ornament. 21) Curls. 22) See page 122. 23) Wound, scar.

On demand I promise to pay Mr. K. Schaal or order one hundred and eighty Rupees (Rs. 180), for value received. N. N.

കിട്ടി ബോധിച്ച സാമാനം വക നൂററി എണ്പതു (൧൮൦) ഉറുപ്പിക മിസ്തർ കെ. ഷാൽ എന്നവൎക്കൊ അവരുടെ ചീട്ടുപ്രകാരമോ ആവശ്യപ്പെട്ടപ്പോൾ കൊടുപ്പാൻ ഞാൻ വാഗ്ദത്തം (കരാർ) ചെയ്യുന്നു. ൻ. ൻ.

## Receipt.

Received from N. N. ten Rupees (Rs. 10) on account.

L. J. Fr.

## രശീതി.

ഇന്നാരിൽനിന്നു കണക്കു വക പത്തു ഉറുപ്പിക (൰) കിട്ടി ബോധിച്ചു.

എൽ. ജെ. ഫ്രെ ം.

Received from T. Z., through Raman, sixty-five Rupees (Rs. 65) in full of all accounts.

*Tellicherry, May 30th* 1888. A. B.

എല്ലാ വക കണക്കും കൂട്ടി ടി. സെഡ്ഡ്. എന്നവർ രാമൻവശമയച്ച അറുപത്തഞ്ചു (൬൫) ഉറുപ്പിക കിട്ടി ബോധിച്ചു. എന്നു ൧൮൮൮ മേയി ൩൦-ാംനു-

തലശ്ശേരിയിൽനിന്നു. ഏ. ബി.

171. എന്റെ മനഃപീഡയെ കണ്ടു കനിഞ്ഞു എന്നെ വ്യസനാബ്ധിനിമജ്ജനത്തിൽനിന്നു ഉദ്ധരിച്ച ഈ മനുഷ്യന്റെ മനോഗുണത്തെ ഞാൻ ഒരിക്കലും മറക്കാതെ പ്രത്യുപകാരം ചെയ്വാൻ നിത്യം ചിന്തിക്കും the benevolence of this man, who seeing my heavy grief, took compassion and delivered me from immersion into an ocean of distress, I shall never forget, but shall always think about doing a service in return.

മനസ്സ + പീഡ = മനഃപീഡ; മനസ്സ + ഗുണം = മനോഗുണം; വ്യസനം + അബ്ധി + നിമജ്ജനം; പ്രതി + ഉപകാരം = പ്രത്യുപകാരം.

172. നമ്മുടെ ശബ്ദത്തിന്നു ഒരു പ്രതിശബ്ദം കേൾക്കുംവണ്ണം മററുള്ളവരോടു നാം ഏതുപ്രകാരം പെരുമാറുന്നുവോ അതേപ്രകാരം അവർ നമ്മെ സ്നേഹിക്കയോ വെറുക്കുകയോ ചെയ്യും just as we hear an echo in answer to our voice, in the same way according to our dealings with others they will either love or hate us.

പെരുമാറുക to have intercourse, to associate, to deal with.

173. ജന്തുക്കൾ സസ്യങ്ങൾക്കു വേണ്ടുന്ന അംഗാരാമ്ലത്തെയും സസ്യങ്ങൾ ജന്തുക്കൾക്കു ആവശ്യമുള്ള അമ്ലജം എന്ന ഉപകാരമേറിയ ഒരു വായുവിനെയും പുറപ്പെടുവിക്കുന്നു animals produce carbonic acid necessary to plants, and plants produce oxigen, a highly useful gas necessary to animals.

174. "ഒരുത്തൻ വചനത്തെ കേൾക്കുന്നവനല്ലാതെ അതിനെ ചെയ്യാത്തവനായാൽ, അവൻ സ്വഭാവമുഖത്തെ കണ്ണാടിയിൽ നോക്കിക്കൊള്ളു

ന്ന പുരുഷനോടു ഒക്കും. ആയവൻ തന്നെ കണ്ടിട്ടു പുറപ്പെട്ടു ഉടനെ ഇന്ന രൂപമായി എന്നു മറന്നു" if any one is a hearer of the word and not a doer, he is like unto a man beholding his natural face in a mirror: for he beholdeth himself and goeth away and straightway forgetteth what manner of man he was. James 1, 23. 24.

§ 247. മനഃപീഡ, മനോഗുണം, പ്രത്യുപകാരം (ex. 171), പ്രതിശബ്ദം (ex. 172), അംഗാരാഭം (ex. 173), സുഭാവമുഖം (ex. 174) and similar expressions give an opportunity to complete our remarks on *the Junction of Vowels and Consonants* with each other (see § 179).

As to Sanskrit words:

1. A simple vowel long or short, coalesces with the same simple vowel, long or short, into their long vowel: പുരുഷ + ആയുസ്സ് = പുരുഷായുസ്സ് man's life; പുരുഷ + അൎത്ഥം = പുരുഷാൎത്ഥം object of life; അഭി + ഇഷ്ടം = അഭീഷ്ടം wished for.

2. If അ or ആ is followed by any other simple vowel, the two vowels coalesce into the corresponding Guṇa, if followed by a dipthong into their Vṛddhi.

For examples, see § 179, III. 1. 2. Hence:

1) a *or* ā + i *or* ī = ē; *f. e.* യഥാ + ഇഷ്ടം = യഥേഷ്ടം.

2) a *or* ā + u *or* ū = ō; *f. e.* മഹാ + ഉദരം = മഹോദരം.

3) a *or* ā + e *or* ai = ai; *f. e.* ലോക + ഏകം = ലോകൈകം.

4) a *or* ā + o *or* au = au; *f. e.* മഹാ + ഔഷധം = മഹൌഷധം.

5) a *or* ā + ri = ar; *f. e.* ദൈവ + ഋഷി = ദൈവൎഷി (a divine Ṛshi).

3. Simple vowels (except a and ā) followed by a dissimilar vowel are changed into their corresponding Semi-vowel, thus:

1) i *or* ī + $x$ = y + $x$; *f. e.* പ്രതി + ഉപകാരം = പ്രത്യുപകാരം (ex. 171).

2) u *or* ū + $x$ = v + $x$; *f. e.* തനു + അംഗി = തന്വംഗി slender bodied.

3) ri + $x$ = r + $x$; *f. e.* പിതൃ + അനുഗ്രഹം = പിത്രനുഗ്രഹം.

4. Hard consonants before soft consonants are softened, and before nasals they are changed into nasals:

വാക് + ദത്തം (given) = വാഗ്ദത്തം (promise). In the same manner: വാഗ്ദോഷം, വാഗ്വിശേഷം, വാഗ്വൈഭവം (eloquence).

വാക് + മയം (consisting of) = വാങ്മയം, (तत्) തത് + ദിനം (day) = തദ്ദിനം (that day).

5. Sanskrit roots ending in അസ് (अस्) add half an ഉ in Malayalam, but as to their composition with other words the Sanskrit rules must be followed.

The most important words of this kind are: മനസ്സ്, ഉരസ്സ് (breast), തപസ്സ് (heat, self-mortification), തേജസ്സ്, ശിരസ്സ് (head), നഭസ്സ് (cloud, sky), യശസ്സ് (glory), വയസ്സ്, ഉഷസ്സ്.

The chief rules are:

*a.* If followed by *soft consonant*, സ്സ is dropped and അ is lengthened into ഓ; *f. e.* മനോദുഃഖം, മനോജയൻ (overcoming himself), മനോദോഷം (malice), മനോബലം, മനോരഥം (heart's joy), മനോരാജ്യം (building air-castles), etc.—Irregularities in Malayalam

(not tolerated in Sanskrit) are: മനോകണ്ണിക (mind), മനോപാഠം (learning by heart).— Mark besides: തപോബലം, തപോധനൻ, തേജോമയം (consisting of light and power); ശിരോമണി (a gem worn in the crest), ശിരോരോഗം (headache); നഭോമണി (the sun); യശോഹാനി (dishonor); വയോബലം (strength of manhood); തമോഗുണം, നമോനമഃ (നമഃ + നമഃ) adoration!

*b.* If followed by a *hard* Guttural (ക, ഖ), Labial (പ, ഫ), സ്സ് is changed into a Visarga (ഃ); *f. e.* ഉഷഃകാലം (morning); മനഃപൂൎവ്വം, മനഃക്ലേശം; വയഃക്രമം (the order of age). In Sanskrit: മനഃകണ്ണിക and മനഃപാഠം.

*c.* Followed by a hard Palatal (ച, ഛ) സ്സ is changed into ശ; *f. e.* മനശ്ചഞ്ചലം (fickleness of mind; ശിരശ്ഛേദം (beheading).

*d.* Followed by a hard Sibilant (ശ, ഷ) സ is changed into the same sibilant: മനശ്ശില, മനശ്ശുദ്ധി, മനസ്സാക്ഷി.

*e.* Followed by a hard Dental (ത, ഥ) ഉ is dropped; *f. e.* മനസ്താപം (contrition), മനസ്തോഷം (inward joy).

**Remark:** There is a Tadbhava of മനസ്സ, namely മനം in use. Compounds with this form will take place according to the rules laid down in § 179 II. and thus besides മനോദോഷം (മനസ്സ + ദോഷം) also മനദോഷം (മനം + ദോഷം), മനഗുണം, മനപ്രിയം etc. may be seen. To this Tadbhava chiefly Malayalam words are added.

6. The Sanskrit termination ഇസ്സ് comes under consideration in the word ആശിൎവ്വാദം (from ആശിസ്സ് + വാദം) "blessing" and in Compounds of the Adverb നിസ്സ്.

*a.* Before vowels and soft consonants ഇസ്സ് is changed into ര (നിർ). There are innumerable examples: നിരന്തരം, നിരാശ, നിരീശ്വരൻ, നിരുക്തം (etymology of a word) നിൎഗ്ഗുണം, നിൎജ്ജീവൻ, നിൎദ്ദോഷം, നിൎബ്ബന്ധം, നിൎമ്മൎയ്യാദം, നിൎയ്യാണം (death), നിൎവ്വാണം.

*b.* Followed by initial ര, സ്സ് is dropped and ഇ lengthened; *f. e.* നീരസം (നിസ്സ് + രസം).

*c.* Followed by a hard Guttural or Labial, instead of Visarga ഷ, is employed; *f. e.* നിഷ്കളങ്കൻ (spotless), നിഷ്ഫലം; before a Sibilant either Visarga or the same Sibilant: നിഃശ്രീകം unlucky, നിശ്ശങ്കം (fearless); നിസ്സാരം.

*d.* The rules about hard Palatals and Dentals are the same as above 5, *c. e.*; നിശ്ചിന്തൻ (free from care), നിശ്ചഞ്ചലൻ;—നിസ്തമസ്സ് free from darkness.

7. As to the final ർ (*f. e.* in ഉർ) the rules are exactly the same as about നിസ്സ്; for examples see § 201. 4.

## § 248. All these rules on Sandhi (§ 179. 247) are of the highest importance for the *Formation of Compound Nouns* (*cf.* also § 201).

1. As to Sanskrit Compounds § 247. 179 give the necessary information, see besides § 255.

2. As to *Malayalam Compounds:*

*a.* A Noun in its Nominative Case is prefixed to another Noun just as it is. (See § 179. 201. 1 *a*). മഴക്കാലം, രാപ്പകൽ, തീക്കല്ലു, നരിപ്പല്ലു, ഉണക്കമരം, ചേരമാൻനാട്ടു country of a Chēramān.

*b.* The former member takes Substitutes: അൻ, അം.

തെക്കൻകാററു (തെക്കു); കാളക്കോമ്പു (കാള); പുഴക്കര (പുഴ); പനങ്കല (പന); പൂന്തേൻ.

Farther ത്തു or ഇൻ വലത്തുഭാഗം (ത്തു being the substitute); വീട്ടുകാൎയ്യം, വളപട്ടത്തുകോട്ട (the fortress at Val.); ഈഴത്തുദ്വീപു (the island of Ceylon); കിഴക്കിൻപുറം (ഇൻ); പൊന്നിൻതളിക (golden dish).

*c.* ഏ is affixed to the first Noun (see § 201,2 and 213, 3) ഒരാളേണ്ട അന്നഭവം. Especially Adverbs (വലത്തേ പെരുവിരൽ the thumb of the right hand) and the Locative are employed (കണ്ണിലേ വ്യാധി).

*d.* About roots of Adjectives combining with Nouns in order to form Compounds see § 201. 3. Here we may only add, that sometimes also the roots of Adjectives will accept affixes or will be lengthened; *f. e.* ഇളങ്കാറ് (ൻ), പഴഞ്ചൊൽ (ൻ), കൊട്ടങ്കാറ്, പുത്തരി (ത—പുതു + അരി new rice); മുത്തപ്പൻ—ചേവടി (ചെവ്വ് + അടി foot, as object of worship).

*e.* Also the Adverbial Past Participle may be employed for forming Compound Nouns; *f. e.* തീണ്ടിക്കുളി (washing after defilement).

*f.* Even a Pronoun may be used as the first part of a compound. കാരണവൻ കാലം ഒരു കണ്ടി, ഞാങ്കാലം നാലു കണ്ടി in the time of my uncle one kandy, in my time (zetzt—zeit) four. Even in Genitive: തൻറടക്കം decency; തന്റേടം self-competency; തന്റേടക്കാരൻ a person of independent mind. Also ആറു with and without ഏ may serve as part of a compound: അതുകാലം, അതേപ്രകാരം; but it may also be taken as a kind of Adjective in these cases (അതാതു ദിക്കിൽ).

As a rule Malayalam words ought to combine with Malayalam words and Sanskrit words with Sanskrit words, but this rule frequently is transgressed and some compositions of mixed origin have become quite stereotype; *f. e.* മനസ്സുകേട്ടു, മനസ്സുതിരിവു, മനസ്സൊപ്പു, സ്നേഹക്കേടു (especially കേടു may be seen affixed to any quality expressed by a Sanskrit word in order to denote its absence, മനോതാഴ്ച (with tadbhava മനത്താഴ്ച).

**Remark:** In this connexion we may understand the way in which the *name of a fruit* is derived from the name of its plant. കായി (a fruit) is contracted into ങ്ങ and affixed to the plant's name, thus: ചുണ്ടങ്ങ (from ചുണ്ട + കായി), ചുരങ്ങ (fruit of the water-gourd); മാങ്ങ; വഴുതിനിങ്ങ (fruit of the egg-plant, *Solanum melongena*).

§ 249. In § 201 we have already seen, that the formation of Compound Nouns forms one of the most important ways to fill up a gap in the Malayalam language, caused by the absence of *Adjectives.* The different ways to make up for this are the following:

1) ഉള്ള; *f. e.* ഭംഗിയുള്ള വീടു § 54.

2) ആയ; *f. e.* ചോറായ ഉടപ്പു § 88.

**Remark:** മയ്യഴിയിൽ ആണ്ട പുഴ (the river at Mahé) reminds us of a substitute for ഉള്ള, but seldom used. It is the past tense of ആളുക (rule) and means: "possess", "have". Also പെട്ടു and ആന്ന may be mentioned in this connexion, see § 251; *f. e.* അതിശയമാന്ന സംഭവം a wonderful occurence.

An old kind of Adjective we meet with in the Rāma Charitam, namely: ഇതവിയ from ഇതം (ഇതവു) ഇതവിയകാലാൾ well appointed soldiers; തിറവിയ from തിറം (old Mal. തിറവു) strong. This is one of the reasons why Dr. Gundert assigns such a high age to the

Rāma Charitam and considers it to be the oldest specimen of Malayalam composition (13th or 14th century). In modern Malayalam only അഴകിയ (fair, from അഴക beauty) is comparable to these old Adjectives എൻ അഴകിയ ആലയം Isaiah 60, 7.

3) Adjective Participle: ഉണങ്ങിയ മരം. . . . . § 248, 2. *g*.

4) Nouns: പൊൻസൂചി §§ 201, 1. *a*; 248, 2. *a*.

5) Nouns with Substitutes: കിഴക്കിൻ കാററു §§ 201, 1. *b*; 248, 2.

6) Nouns or Adverbs with ഏ: നാളേത്ത, അവിടത്തേ §§ 201, 2; 213, 3; 248, 2. *c*.

7) Roots of Adjectives: ചെറുവിരൽ §§ 201, 3; 248, 2. *f*.

8) Locative with ഏ: ഉള്ളിലേ കണ്ണു §§ 201, 2; 213, 4; 248, 2. *e*.

9) Pronouns: ഞാങ്കാലം § 248, 2. *h*.

10) Sanskrit Adjectives: സന്മാൎഗ്ഗം § 201, 4.

§ 250. ഉപകാരമേറിയ ഒരു വാക്കും (ex. 173) affords opportunity to give a further hint (see § 148) about the position of the Indefinite Article in Malayalam. Europeans are inclined to say: ഒരു ഉപകാരമേറിയ വാക്കും, which is wrong. The Indefinite Article is always placed between the Adjective Participle and its Noun or Pronoun. The same holds true also for Indefinite Numbers, that may be Attributes together with an Adjective Participle. It is not idiomatic to say: പല സാരമേറിയ സംഗതികൾ; പല ഭംഗിയുള്ള ഭവനങ്ങൾ.

§ 251. In ഉപകാരമേറിയ, ഏറിയ is employed to form something like a Compound Adjective, corresponding to English Adjectives ending in "ful" ("voll" and "reich" in German). This Adjective may be affixed to any Noun in order to denote abundance of what is indicated by the Noun; thus ഊക്കേറിയ (powerful—"kraftvoll"), മഹിമയേറിയ (full of majesty—"majestätsvoll glorreich"), etc. വിലയേറിയ (precious—"wertvoll"); or സന്തോഷം പൂണ്ടു പുറപ്പെട്ടു went away full of joy). The contrary is expressed likewise by the Adjective Participle കുറഞ്ഞ denoting want of and poverty in this or that. It corresponds to the German "arm", the second part of a great many Compound Adjectives. സ്നേഹം കുറഞ്ഞ (poor of love—"liebearm"), ബുദ്ധികുറഞ്ഞ ഒരു മനുഷ്യൻ (a man, poor in his intellect—"geistesarm").

§ 252. ഏതുപ്രകാരമോ—അതുപ്രകാരം (ex. 172) ഇന്ന രൂപം (ex. 174) offer an opportunity to finish our remarks on the *Malayalam Pronoun* in general and the Correlative Pronoun in particular.

1) As Personal Pronouns we have come to know:

1*st*. *Pers*. ഞാൻ (ഞങ്ങൾ; നാം, നമ്മൾ, നമ്മൾ).

2*nd*. *Pers*. നീ (നിങ്ങൾ).

3*rd*. *Pers*. താൻ (തങ്ങൾ) and താം see §§ 199. 269. From this തം is derived the Reciprocal Pronoun തമ്മിൽ (*cf*. അന്യോന്യം, പരസ്പരമായി); *f. e*. അവർ തമ്മിൽ ഇണങ്ങി. Also തമ്മിലുള്ള; *f. e*. തമ്മിലുള്ള സമാധാനം etc. A distributive meaning we get by doubling this Locative തമ്മിൽ തമ്മിൽ; അവർ തമ്മിൽ തമ്മിൽ വളരേ ഉപദ്രവിച്ചു കൊണ്ടിരുന്നു.

Instead of നാം we meet also in court style with നോം, Dative നോംക്കു (നോംകു, നൊമ്മക്കു), Accusative നൊമ്മെ, Genitive നൊമ്മുടെ (നൊമ്പുടെ). Of course this നോം appears also as Plural majestaticous for ഞാൻ: "നോം കല്പിച്ചു" etc.

2) Demonstrative and Interrogative Pronouns, characteristic by the vowels അ (ആ), ഇ (ഈ) and എ (ഏ), *cf.* § 108.

a. *Adjective.*

ഈ മനുഷ്യൻ—ആ വീടു—ഏതുക്കാലം?

this man —that house—what time?

**Remark**: The real correlative with അ and ഇ is "ഉ", but it is never used now (*cf.* 212, *b*). Dr. Gundert is of opinion, that it survives in the Adjective Part. Future: ആവൂതു, ചെയ്യൂതു (ഇട്ടവൂതു Jer. 52, 11). One of its meanings being "above", very likely the *Conjunction* ഉം is derived from this. As to the Interrogative എ it is seldom used in connexion with Nouns; even where ഇ and അ are in use; *f. e.* അപ്രകാരം, ഇപ്രകാരം; but ഇവ്വണ്ണം, അവ്വണ്ണം, എവ്വണ്ണം (seldom),—മർത്യനെ നീ ഓൎപ്പാൻ അവൻ എന്താകുന്നു, അവനെ സന്ദൎശിപ്പാൻ മനുഷ്യപുത്രനും എമ്മാത്രം? എക്കാലത്തിലും എവിടത്തിലും സമീപത്തു തന്നേ നിന്നെ കണ്ടെത്തും.—ഇവ്വളവും എവ്വളവും so much, how much?

As an Indefinite Person or Number (with the affix ഉം) we meet this എ in എപ്പേരും every one; എപ്പേൎപ്പെട്ടതു of whatever description.

b. *Adverbial Pronouns.*

| അ | ഇ | എ |
|---|---|---|
| അപ്പോൾ | ഇപ്പോൾ | എപ്പോൾ |
| അത്ര (അത്തിര) | ഇത്ര (ഇത്തിര, ഇവ്വളം) | എത്ര (എത്തിര, എവ്വളം) |
| അത്രോളം, അത്രോടം, അത്രത്തോളം | ഇത്രോടം, ഇത്രത്തോളം | എത്രോളം |
| അവിടെ | ഇവിടെ | എവിടെ എത്രോടം |
| അവ്വിടം | ഇവ്വിടം | എവ്വിടം |
| അന്നു | ഇന്നു | എന്നു[1)] |
| അങ്ങു | ഇങ്ങു | എങ്ങു |
| അങ്ങോട്ടു | ഇങ്ങോട്ടു | എങ്ങോട്ടു |
| അങ്ങുന്നു | ഇങ്ങുന്നു | എങ്ങുന്നു(നിന്നു) |
| അങ്ങിനെ | ഇങ്ങിനെ | എങ്ങിനെ |

1) This എന്നു is very seldom and of course something quite different from the Defective Verb എന്നു. In its form as an Interrogative ("what say?" "when"?) it does scarcely occur, but as an Adverb (ഉം being affixed) we met it long ago: എന്നും, എന്നേക്കും, എന്നെന്നേക്കും always.

c. *Substantive Pronouns.*

| അ | | ഇ | എ | |
|---|---|---|---|---|
| അവൻ (ഓൻ, ആൻ)<br>അവൾ (ഓൾ, ആൾ) | അവർ (ഓർ, ആർ) | ഇവൻ (-ൾ, -ത്തു, -ർ, ഇവ) | ഏവൻ (യാവൻ)<br>ഏവൾ (യാവൾ) | ഏവർ (യാർ) |
| അതു | അവ | | ഏതു (യാതു) | ഏവ (യാവ) |

ഏതു as well as അതു (അതേ, അതാതു) may be employed as Adjectives too (*cf.* § 248, 2. *h.*); *f. e.* ഏതുവിധത്തിൽ, ഏതുപ്രകാരം (ex. 172. § 253) etc.

d. *Indefinite Pronouns.*

ഇന്നരൂപം (ex. 174) does acquaint us with the only Pronoun of this kind (besides most of the Indefinite Numbers). ഇന്ന each, this. It is used as an Adjective in ഇന്നരൂപം such a form, ഇന്നനാൾ such or this day ഇന്നപ്രകാരം in such a manner; ഇന്നിന്ന വസ്തുക്കൾ such and such articles. Also Substantive: ഇന്നവൻ, ഇന്നവൾ, ഇന്നവ etc.; *f. e.* അവൻ എല്ലാവരെയും അറികകൊണ്ടു ഇന്ന മനുഷ്യനിൽ ഇന്നതു എന്നു സാക്ഷി ബോധിച്ചു etc. (John 2, 24); വിശ്വസിക്കാത്തവർ ഇന്നവർ എന്നും, തന്നെ കാണിച്ചുകൊടുപ്പവൻ ഇന്നവൻ എന്നും അവൻ ആദിമുതൽ അറിഞ്ഞിരുന്നു (John 6, 64). Besides: ഇന്നേടത്തു.

Remark: Indefinite Pronouns are also formed from the Interrogative ഏതു, namely: ഏതാനും, ഏതാണ്ടു, ഏതും, ഏതേനും some, any; *f. e.* ഏതാനും ചിലർ some few; ഏതാണ്ടു സൈന്യങ്ങൾ some troops.—In the same manner from എന്തു: എന്തിരം (എന്തറം, എന്തനം, എന്നണം) "used for the name of something unknown, unremembered; *f. e.* ആ എന്തിരം കൊടുക്ക (give that "thing").

§ 253. ഏതുപ്രകാരമോ—അതുപ്രകാരം (ex. 172). This example introduces a construction, in which we see something like a compensation for *Relative Pronouns and Relative Sentences* in Malayalam. All the Interrogative Pronouns may be employed in such a manner, that they represent Relative Pronouns and they are followed by a chief sentence, at the head of which we see the corresponding Demonstrative Pronoun. The same constructions we meet with in English and German; *f. e.* where there is God, there is peace ("Wo man singt, da lass dich ruhig nieder").

In the first or Relative Sentence either എങ്കിലും is added to the Interrogative or ഓ affixed to the Verb; the Conditional or the Concessive also may be employed; *f. e.* എത്ര കൂലിക്കാരെ നീ കാണുന്നുവോ അത്ര കൂലിക്കാരെ ഇങ്ങോട്ടു കൊണ്ടു വാ! എപ്പോൾ എങ്കിലും ശിക്ഷ തട്ടിയാൽ അപ്പോൾ എന്നെ ഓൎക്കും. എത്രത്തോളം (എത്രോളം) നീ ദൈവത്തിൽനിന്നകന്നുപോയാലും അത്രത്തോളം അവന്റെ സ്നേഹം നിന്നെ തിരഞ്ഞു പിന്തുടരാതിരിക്കയില്ല. എങ്ങിനേ നിങ്ങൾ എന്നോടു പെരുമാറുന്നുവോ അങ്ങിനേ ഞാനും പെരുമാറും etc. For the Sanskrit Relatives, see § 262

## Exercise 1.

### വിഷൂചികെക്കൊരൌഷധം.

ചുക്ക[1] കറയാമ്പു[2] കറുവാത്തൊലി[3] ജാതിക്ക[4] ഏററവും കാരമുള്ള[5] കുരുമുളക എന്നിവ ഓരോന്നു ഒന്നേകാൽ ഉറുപ്പികത്തൂക്കം (൨ കഴഞ്ചു[6], ൴ ഔൺസ്[7]) എടുത്തു എല്ലാം പൊടിച്ച ശേഷം ഒരു കുപ്പിബ്രാണ്ടിയിലിട്ടു ഒരു മണിക്കൂറോളം കൂടക്കൂടേ കുലുക്ക. അതിൽ പിന്നെ ൧൨ മണിക്കൂർ കഴിഞ്ഞിട്ടു മാത്രമേ അതു ഉപയോഗിക്കാവൂ.

പ്രയോഗം: ഒരു തംബ്ലർ പകുതിയോളം ചൂടുവെള്ളം പകൎന്നു മൂന്നു നാലു കരണ്ടി പഞ്ചസാരയും ഇട്ട ശേഷം മേല്പറഞ്ഞ കൂട്ടിൽ[8] നിന്നു ഒരു കരണ്ടി എടുത്തു (കുപ്പി കുലുക്കാതെ) തംബ്ലറിൽ പകൎന്നിട്ടു കഴിയുന്നേടത്തോളം ചൂടോടേ കുടിക്കേണ്ടതു. ഒരു മണിക്കൂർ കഴിഞ്ഞിട്ടും ഭേദം കാണുന്നില്ലെങ്കിൽ വീണ്ടും ഒരു മാത്ര[9] കൊടുക്കേണ്ടതു, എന്നാൽ അതു ആവശ്യമായിത്തീരുന്നതു വളരേ ദുൎല്ലഭമായിരിക്കും. രോഗിയെ ചൂടുള്ള കമ്പിളികൊണ്ടു പുതെക്കേണം; കൂടക്കൂടേ കഞ്ഞിവെള്ളം കുടിപ്പാനുമാവശ്യം.

### പൊള്ളൽ.[10]

തീയാലോ ചൂടുവെള്ളത്താലോ പൊള്ളിപ്പോയാൽ ഒരു കരണ്ടി വെണ്ണയും ഒരു മുട്ടയുടെ ചുവപ്പും[11] (ഉണ്ണിയും) എടുത്തു ഈ രണ്ടും തമ്മിൽ കുഴച്ചു[12] നല്ലവണ്ണം ചാലിച്ച[13] ശേഷം ഒരു തുണിക്കഷണത്തിന്മേൽ തേച്ചു മുറിവിന്മേൽ വെക്ക. ഉണങ്ങുന്തോറും ഒരു പുതിയ തുണിക്കഷണം എടുത്തു വീണ്ടും തേച്ചു പ്രയോഗിക്കേണ്ടതു.

## Exercise 2.

### *a.* Absence from business.

രാജമാന്യരാജശ്രീ.

ബഹുമാനപ്പെട്ട രെമ്മസ്സും സായിപ്പവൎകളുടെ സന്നിധാനത്തിങ്കലേക്കു കേളൻ വണക്കത്തോടെ ബോധിപ്പിക്കുന്നതു:

എനിക്കു കഠിനമായി പനിക്കുന്നതുകൊണ്ടു ഇന്നു പണിക്കു ഹാജരാവാൻ കഴിവില്ലാതെ വന്നിരിക്കുന്നു. അതു മാറുന്നതു വരേ കല്പന അനുവദിപ്പാനപേക്ഷിക്കുന്നു.

പ്രിയമുള്ള അന്റോൻ എന്നവർ അറിവാൻ,

എനിക്കു തൊണ്ടവേദനയുള്ളതുകൊണ്ടു നാളേ ഉച്ചതിരിഞ്ഞിട്ടുള്ള ആരാധന നിങ്ങൾ ദയ ചെയ്തു നടത്തിയാൽ വലിയ ഉപകാരമായിരുന്നു.

എന്നു നിങ്ങളുടെ

എൽ. ജെ. എഫ്.

---

1) Dried ginger (ഇഞ്ചി green ginger). 2) Cloves, Gewürznelke, also കറയാമ്പൂ and കരാമ്പു. 3) Cinnamon. 4) Nutmeg. 5) Sharp, pungent. 6) See page 92. 7) ൴ is the Malayalam sign for $\frac{1}{2}$, ൨൬൳ = $26\frac{1}{4}$; ൪൭൴ = $47\frac{1}{2}$; ൩൮൵ = $38\frac{3}{4}$; ൫൯൴ = $59\frac{1}{2}$; ൧൦൵ = $10\frac{3}{4}$. 8) Mixture. 9) Dose. 10) Burning. 11) Red, yolk. മുട്ടക്കരു or വെള്ള is the white of an egg and മുട്ടത്തോടു an egg-shell. 12) Mix. 13) Mix ingredients in fluids; "rühren".

### b. ക്ഷണനം invitation.

പ്രിയമുള്ള നാഥാൻ എന്നവൎക്ക്.

നാളേ വൈകുന്നേരം ഏഴു മണിനേരത്തേ ചായെക്ക് നിങ്ങളും ഭാൎയ്യയും വന്നു ഞങ്ങളോടു കൂടെ സന്തോഷിച്ചു പോവാൻ അപേക്ഷിക്കുന്നു.

### Reply.

ബഹുമാനപ്പെട്ട മദാമ്മ അവൎകൾക്കു നാഥാൻ വന്ദനം ചൊല്ലി എഴുതുന്നതു:

നിങ്ങൾ ഞങ്ങളെ താല്പൎയ്യത്തോടേ ക്ഷണിച്ചതുകൊണ്ടു നന്ദിപറയുന്നു. നിശ്ചയിച്ച സമയത്തിന്നു ഞങ്ങൾ സന്തോഷത്തോടേ വന്നുകൊൾകയും ചെയ്യാം.

## Exercise 3.

### Riddles.

(കടങ്കഥ, തീൻകഥ, തീററുകഥ, തീററിക്കഥ).

൧. കാട്ടു കൊത്തി പാറ കണ്ടു, പാറ കൊത്തി വെള്ള കണ്ടു, വെള്ള കൊത്തി വെള്ളം കണ്ടു. . . . തേങ്ങ.

൨. രക്തം തോൽ മാംസങ്ങളുമില്ല അസ്ഥിയുമില്ല, വക്ത്രമതുണ്ടു[1] ഗഹ്വരതുല്യം[2], മസ്തകമില്ല[3] ഞരമ്പുകളനവധിയുണ്ടു, ആയതമായൊരു വാലുണ്ടു, മനുഷ്യർ കൈയിൽ എടുത്താലുടൻ തന്നേ തോയം[4] തന്നിൽ ചാടും, അരികെ വരുത്തേണം എന്നു നിനച്ചാൽ വേഗം വാൽ പിടിക്കേണം. . . . വല.

൩. കുത്തിയിട്ടാൽ മുളെക്കയില്ല, വേലിമേൽ പടരുകയില്ല, അക്കറി കൂട്ടാത്തവരാരു [മില്ല[5] . . . . ഉപ്പു.

൪. അമ്മ കല്ലിലും മുള്ളിലും, മക്കൾ കല്യാണപ്പന്തലിലും. . . . തെങ്ങു.

൫. ഓട്ടം കുതിര, ചാട്ടം കുതിര, വെള്ളം കണ്ടാൽ നില്ക്കും കുതിര. . . . ചെരിപ്പു.

൬. കറുത്തിരുണ്ടവൻ, കണ്ണു രണ്ടുള്ളവൻ, കടിച്ചാൽ രണ്ടു മുറി. . . . കത്രി.

൭. എന്റെ അച്ഛൻ ഒരു പിടിച്ചോർ തന്നു, തിന്നിട്ടും തിന്നിട്ടും തീരുന്നില്ല. . . . അമ്മിക്കുട്ടി.[6]

൮. ഒന്നാടുമ്പോൾ രണ്ടു നടക്കുന്നു. . . . ഘടികാരം.

൯. കയ്യുണ്ടു, കാലില്ല; കഴുത്തുണ്ടു, തലയില്ല. . . . കുപ്പായം.

൰. വയററിന്മേൽ കണ്ണൻ. . . . ഞണ്ടു.

൰൧. അടിയില്ലാത്ത ചട്ടി. . . . കിണർ.

൰൨. ഒന്നു പെററു പേരും മാററി. . . . വാഴ.

൰൩. മുള്ളുണ്ടു, മുരിക്കല്ല[7]; പാലുണ്ടു, പശുവല്ല. . . . ചക്ക.

൰൪. നാലു കിളികൾ[8] കൂടി ഒരു കൂട്ടിൽ പോയി പുറത്തു വരുമ്പോൾ ഒരു ചോരക്കിളി. . . . വെററിലടക്ക.

൰൫. ഒററപ്പാലത്തിന്നിരട്ട കിണർ. . . . മൂക്കു.

൰൬. എന്റെ അച്ഛൻ രണ്ടു കാളയെക്കൊണ്ടു വന്നു, വലത്തുവെച്ചതിനെ ഇടത്തു വെച്ചൂട ഇടത്തുവെച്ചതിനെ വലത്തു വെച്ചൂട. . . . മെതിയടി (wooden shoes).

൰൭. ഇരിക്കുമ്പോൾ തലയിൽ, കിടക്കുമ്പോൾ നെഞ്ഞത്തു. . . . മേല്പുര.

൰൮. മുള്ളില്ലാത്ത മുളക്കാട്ടിൽ എല്ലില്ലാത്ത എലിക്കുട്ടി . . പേൻ.

---

1) Mouth. 2) Den. 3) Head. 4) Water. 5) = ഉ + കറി. 6) The cylindric stone used to grind with. 7) Erythrina Indica. 8) Parrot; here: 1. വെററില; 2. അടക്ക; 3. പുകയില; 4. ചുണ്ണാമ്പു.

൧൯. ആറിൽനിന്നൊന്നെടുത്തു ഒന്നുകൊണ്ടു മൂന്നാക്കി മൂന്നിൽനിന്നൊന്നെടുത്തു രണ്ടു കൊണ്ടു ആറാക്ക. . . . ഇളമ്പക്ക (bivalve shell, Mytilus).

൨൦. കോഴിക്കാലിന്മേൽ കയറാം, ആനെക്കാലിന്മേൽ കയറിക്കൂടാ=കോഴിക്കു ആലിന്മേൽ കയറാം. ആനെക്കു ആലിന്മേൽ കയറിക്കൂടാ.

൨൧. അട്ടത്തു[9]ണ്ടൊരു കൊട്ടത്തേങ്ങ, തൂക്കിപ്പിടിപ്പാൻ മൊത്തിയില്ല[10] . . . . മുട്ട.

൨൨. ആക്കു്[11] തൂക്കു്[12] മരം, നാലാൾ ചെയ്യു പുണ്യം, ഒരുത്തന്റെ തലമേലിരിക്കട്ടേ. . . മഞ്ചൽ.

൨൩. അസ്ഥി നാസ്തി[13] ശിരോനാസ്തി, ബാഹുരസ്തി[14] നിരംഗുലം[15] | യസ്യമാനുഷ ഭക്ഷ്യോഽപി[16] സോന്യപാദേന[17] ഗച്ഛതി[18] . . . . ഇജാറും കുപ്പായവും.

൨൪. രോഗമേതുമതില്ലാതെ പാത്തി തന്നിൽ കിടക്കയും ദാഹക്ഷുത്തുകളില്ലാതെ[19] കാർഷ്ണ്യചൂർണ്ണ[20]മതുണ്കയും[21] ഉണ്ട ചോറു ദഹിക്കാതെ പിന്നെയങ്ങു ഭുജിക്കയും ദീപമങ്ങഥ തട്ടുമ്പോൾ പ്രാണനങ്ങു ഗമിക്കയും. . . . തോക്കു.

---

# Twenty-first Lesson.

## Something of Malayalam Poetry and Sanskrit Forms in Malayalam.

175. “സലാം! സലാം! ഞാൻ പോകുന്നേൻ!” (ഞാൻ പോകുന്നു).
“വസിച്ചു കൂടാ അടിയേൻ;”
“തൃമുഖത്തോടു എത്തുവേൻ.—നന്നെല്ലാം:|:”

*Transl.* Good bye! good bye! I go away!
Thy servant can no longer stay
O holy face, oh glorious day.—All is well :|:

അടിയേൻ= അടിയൻ; എത്തുവേൻ = ഞാൻ എത്തും.

176. “നീ വൈരി കാണ്കേ, സത്ര്യയെ”
“എനിക്കൊരുക്കിയോൻ;” (= ഒരുക്കിയവൻ).
“സു തൈലം കൊണ്ടെൻ തലയെ” (കൊണ്ടെൻ = കൊണ്ടു + എന്റെ)
“അഭ്യംഗവും ചെയ്തോൻ” (= ചെയ്തവൻ).

*Transl.* In sight of all my enemies
A meal hast thou prepared
With fragrant oils thou hast my head
Anointed thou oh Lord.

---

9) Roof. 10) മൊത്തി calyse. 11) ആഴുക to sink. 12) തൂക്കുക. 13) Is not. 14) ബഹുഃ+ അസ്തി കൈ ഉണ്ടു. 15) വിരലില്ല. 16) മാനുഷഭോജി. 17) അന്യകാൽകൊണ്ടു. 18) നടക്കുന്നു. 3rd Pers, 19) വിശപ്പില്ലാതെ. 20) കറുത്തപൊടി; guupowder. 21) അതു ഉണ്ണുകയും.

177. “പാപം ഒക്കെയും വെടിഞ്ഞു”
“കൂടാ നിന്നെ വിടുന്നോ”ർ (അവർ വിടുന്നു)
“നിന്നെ കൊന്നേൻ! എന്നെ ജീവിപ്പിക്കേണം!” (ഞാൻ കൊന്നു).

*Lit. Transl.* They forsake thee, unable to part sin,
I have killed thee; oh do quicken me.

178. പോരുകെന്നതു കേട്ടു ജാനകി സന്തോഷിച്ചാൾ (=അവൾ സന്തോഷിച്ചു) when the sister (ജാനകി = daughter of ജനകൻ = father) heard, that she shall go, she rejoiced.

179. ചുടുചുട നോക്കി കടുകടച്ചൊന്നാൻ: അലമലമിതു കുലവിനാശിനി!

*Lit. Transl.* Looking hotly hotly he said fiercely: “Enough, enough of this oh destroyer of the tribe”.

അലം enough; ചൊന്നാർ (ചൊന്നു poetical, instead of ചൊല്ലി) = അവർ ചൊല്ലി.

180. “വിശ്വാസത്താൽ പോരാടിയോർ”
“ആശ്വാസം കണ്ടു വാഴുവോർ”.
By faith they did (once) fight
Consoled they rule with might.

181. “ഇതൊക്കെയും പ്രയോഗിപ്പോൻ” (= അവൻ പ്രയോഗിക്കും)
“കില്ലില്ല വെല്ലുവോൻ” (= അവൻ വെല്ലും).
All this he was accustomed to practise
And doubtless he will overcome.

182. ഗൌതമീതീരേ ചെന്നാരസ്തമിച്ചീടുന്നേരം
യാമിനീ കഴിഞ്ഞർക്കനുദിച്ചോരനന്തരം
തേരതിലേറിച്ചെന്നു ഗംഗാതീരവും പുക്കാർ
വാരിയിലിറങ്ങി സന്ധ്യാനുഷ്ഠാനവും ചെയ്താർ.

*Lit. Transl.* When they went to the bank of the river Gōdāvari and ascended
The night was over and whilst the sun rose [Ganges.
They got in their carriage, went and came to the bank of the
They descended to the water and performed their evening devotion.

തീരേ = തീരത്തിൽ from തീരം bank, shore; ചെന്നാർ + അസ്തമിച്ചു + ഈടുന്നു + നേരം; ചെന്നാർ = അവർ ചെന്നു for ഈടുന്നു see § 271; യാമിനി night; അർക്കൻ sun; കഴിഞ്ഞു + അർക്കൻ + ഉദിച്ചു + ഓർ + അനന്തരം (=ഉദിച്ചാറെ); തേർ (chariot) + അതിൽ see § 272; വാരി water; സന്ധ്യ + അനുഷ്ഠാനം (performance of the evening devotion); പുക്കാർ = അവർ പുക്കു; ചെയ്താർ = അവർ ചെയ്തു.

183. “സർവ്വാന്തജ്ഞാനി സാധു താത!”
“സാനന്ദം നിന്നെ പോറ്റുന്നോം” (= ഞങ്ങൾ പോറ്റുന്നു)
“കൃതജ്ഞരായി പാടുന്നോം” (= ഞങ്ങൾ പാടുന്നു).

Oh thou the Omniscient, Father of the poor
Joyfully we do adore Thee
And thankfully we do sing praise unto Thee.

184. വൈദേഹി വിഷണ്ണയായെന്തതെന്നറിയാഞ്ഞു
ഖേദേന ബാഷ്പം വാൎത്തു ലക്ഷ്മണനോടു ചൊന്നാൾ.
Veidēhi (Sīta) not knowing why she was distressed
Her tears flowing sorrowfully she said to Lakshamana.

വിഷണ്ണൻ one distressed, Masc., Fem. വിഷണ്ണ + ആയി + എന്തു + അതു + എന്നു + അറിഞ്ഞു. — ഖേദേന Sansk. Instrum. see § 257; ബാഷ്പം = കണ്ണുനീർ; ചൊന്നാൾ = അവൾ ചൊല്ലി.

185. മനുകുലവരനനുജനുമായി
മനം കലങ്ങാതേ രഥം കരേറിനാൻ (= അവൻ കരേറി).
The king with his younger brother (see § 220, I. 3.)
With a heart not agitated ascended the carriage.

മനു + കുലം + വരൻ = മനുഷ്യകുലത്തിന്റെ വരൻ (the best) = രാജാവു (here Rāman) + അനുജൻ; കരേറിനാൻ = അവൻ കരേറി.

186. നീയും അതിന്നതിർ വെച്ചോൻ (നീ വെച്ചു).
Thou also hast set a limit to it.

187. ദുരന്തശോകങ്ങൾ കലൎന്നെല്ലാവരും
സുമന്ത്രരെ വിളിച്ചിവ്വണ്ണം ചൊല്ലിനാർ (= അവർ ചൊല്ലി).
Mixed with endless grief they all
Called for Sumantrar and said as follows: etc.

ചൊല്ലിനാർ = അവർ ചൊല്ലി; ദുരന്ത = ദുർ + അന്തം = തീരാത്ത; ശോകം = ദുഃഖം (അത്തൽ).

§ 254. All these examples show, that in poetry besides the Personal Nouns explained in § 228, *Personal affixes* are employed, which in colloquial language are dropped, but are still preserved in Tamil. The terminations for the First Person Singular are ഏൻ and അൻ, for the Second Person ആ (ആയോ, ആയല്ലോ) ആൻ, but in ex. 176 we see the Personal Noun (ഒരുക്കിയോൻ, ചെയ്യോൻ) employed instead of this form ("you are he who has prepared" instead of "you have prepared"). For the Third Person the termination is ആൻ (besides ഓൻ in Future) in Masculine and ആൾ in Feminine. In Plural we have the following Affixes: ഓം in the First Person, and ആർ (besides ഓർ in the Present and Future Tenses) in the Third Person, the Second Person is scarcely used. The following table will show the way in which these affixes are employed.

*Present Tense.*

| | Singular. | |
|---|---|---|
| 1*st Person.* | 2*nd Person.* | 3*rd Person.* |
| സ്നേഹിക്കുന്നേൻ | സ്നേഹിക്കുന്നായ<br>സ്നേഹിക്കുന്നായോ<br>(സ്നേഹിക്കുന്നോൻ) | സ്നേഹിക്കുന്നാൻ<br>സ്നേഹിക്കുന്നാൾ |
| | Plural. | |
| സ്നേഹിക്കുന്നോം | സ്നേഹിക്കുന്നീർ | സ്നേഹിക്കുന്നാർ<br>(സ്നേഹിക്കുന്നോർ) |

*Past Tense.*

| | Singular. | |
|---|---|---|
| സ്നേഹിച്ചേൻ<br>കൊട്ടത്തേൻ<br>ചൊല്ലിയേൻ (ചൊന്നേൻ)<br>കൊന്നേൻ | സ്നേഹിച്ചായ<br>സ്നേഹിച്ചായോ<br>ആയല്ലോ)<br>(സ്നേഹിച്ചോൻ)<br>(നന്നാക്കിയോൻ) | സ്നേഹിച്ചാൻ<br>കേറിയാൻ<br>കൊട്ടത്താൾ<br>ചൊല്ലിനാൻ<br>അകപ്പെട്ടാൻ |
| | Plural. | |
| സ്നേഹിച്ചോം<br>കൊട്ടത്തോം<br>ഇരുന്നോം | സ്നേഹിച്ചീർ | സ്നേഹിച്ചാർ<br>കൊണ്ടാർ<br>തുടങ്ങിനാർ<br>പ്രാപിച്ചോർ<br>ചത്താർ<br>വിട്ടോർ |

*Future Tense.*

| | Singular. | |
|---|---|---|
| സ്നേഹിപ്പേൻ<br>ആവേൻ<br>കൊട്ടപ്പേൻ<br>ചൊല്വേൻ | സ്നേഹിപ്പായ<br>സ്നേഹിപ്പാ(നീ)<br>(സ്നേഹിപ്പോൻ)<br>(ചെല്ലുവോൻ) | സ്നേഹിപ്പോൻ<br>സ്നേഹിപ്പാൻ<br>കൊട്ടപ്പോൻ<br>കൊട്ടപ്പാൾ |
| | Plural. | |
| സ്നേഹിപ്പോം<br>ചൊൽവോം<br>കൊൾവോം | സ്നേഹിപ്പീർ | സ്നേഹിപ്പാർ<br>സ്നേഹിപ്പോർ<br>അണിവോർ |

ഏൻ in the First Person is as much as യാൻ, or ഞാൻ, and we find the same termination in the Noun അടിയേൻ (one who is at the bottom of society). In *Tamil* all these forms are still in use; *f.e.* paḍittēn = I read, paḍittōm = we read, paḍittāy = thou readest, paḍittīr = you read, paḍittān = he reads, paḍittāḷ = she reads, paḍittadu = it reads, paḍittār = they read.

§ 255. Especially in poetry frequent use is made of *Sanskrit Compounds,* which in Sanskrit occupy a much more important place than compounds in any other language; they are in Sanskrit really a surrogate for the Syntax, but imperfectly developed in this language. Rules about the manner of composition (Sandhi) have been given already, as to the meanings conveyed by such compositions we may arrange them under the following heads:

I. *Copulative Compositions* (ദ്വന്ദ്വ). They may all be dissolved by "and" (കുസുമരണങ്ങൾ, *cf.* in Malayalam അമ്മയച്ഛന്മാർ. Greek: αὐξομείωσις, "schwarzweissrot" in German), see § 179. 247.

*a.* The second word in Plural: ചന്ദ്രാദിത്യന്മാർ (in Sanskrit Dual ചന്ദ്രാദിത്യൌ); മാതാപിതാക്കന്മാർ (in Sanskrit Dual മാതാപിതരൌ); പിതാപുത്രന്മാർ etc.

*b.* The Compound in Singular Neutral; *f. e.* ചരാചരം (moveable and immoveable); ദിവാനിശം (day and night, νυχθήμερον); ആബാലവൃദ്ധം (young and old).

II. *Determinative Compositions.* The second part is determined by the first.

*a. Attributive Compositions* (കൎമ്മധാരയ), the first part being only an attribute or apposition to the second (*cf.* ἀκρόπολις in Greek, മേല്പുർ in Malayalam); നീലകണ്ഠൻ blue-necked (Šiva); നീലഗിരി (blue mountains). This composition serves especially for comparisons.

To this class belong also Compounds formed by the Sanskrit Interrogative കിം (കിംഫലം fruitless, *lit.* "what fruit?"—perhaps also കുമാരൻ son, *lit.* what a മരണം!—കിമ്പുരുഷൻ monkey, *lit.* "what a man!"). Also the Personal Pronouns തത് and അഹം Prepositions and Adverbs from compounds of this kind, see §§ 262. 268. 270. 276. Other compounds are formed by *Numbers* (പഞ്ചതന്ത്രം, ത്രികാലം, നവദോഷം, നവരത്നം etc., see § 261), and finally compounds may be formed by പൂൎവ്വം, in Sanskrit generally affixed and not preceding (മനഃപൂൎവ്വം, ആദരപൂൎവ്വം, ബുദ്ധിപൂൎവ്വം).

*b. Objective Compositions* (Tatpurusha) in which the first part is depending on the second: ഗോഹത്യം (cow-killing); കുലവിനാശിനി (ex 179); സ്വൎഗ്ഗതി (reaching heaven); മഹീപതി (Lord of the earth). Of this kind are most of the compounds in Malayalam (കിഴക്കെക്കാറു, വീട്ടുകാൎയ്യം) and in European languages (οἰκογενής).

III. *Possessive Compositions* (Bahuvrīhi). The second part forms together with the first a new notion, which becomes a property or attribute to a Noun (*cf.* in Greek μακρόχειρ, longimanus), hence we always have to substitute "having" ("having a long hand"); *f. e.* ധൎമ്മാത്മാ one having character; ചതുൎമ്മുഖൻ one having four faces (Brahma). But of course all other compositions may also be employed as Possessive Compounds in Sanskrit; *f. e.* നീലോല്പലം may mean: "blue lotus" or "having a blue lotus". In Malayalam by the Personal Terminations ambiguity is avoided.

IV. *Adverbial Compositions* (Avyayībhāva), the first part being an Adverb, see § 201, 4 and § 276.

### Exercise 1.

*Phrases of Colloquial Language.*

| | |
|---|---|
| കഞ്ഞി നങ്കലം കുടിച്ചോ? | കഞ്ഞി സകലം കുടിച്ചുവോ? |
| ചെനമ്പ്ര (തെമ്പ്ര) പാൎത്തിട്ടു വാ. | ചിനമ്പ്ര പൊറുത്തിട്ടു (താമസിച്ചിട്ടു) വാ. |
| ഇച്ചിരി നേരം പാൎത്തിട്ടു വാ. | ഇത്തിരി നേരം പാൎത്തിട്ടു വാ. |
| ഞാൻ പോട്ടോ? | ഞാൻ പോകട്ടേ? |
| അവൻ അതു കൊണ്ടന്നിട്ടില്ല. | അവൻ അതു കൊണ്ടുവന്നിട്ടില്ല. |
| അവന്നു തുന്മാൻ കൊടു. | അവന്നു തിന്മാൻ കൊടുക്ക. |
| എന്റെ കൈവശം പൈത്ത (പൈച്ച) ഇല്ല. | എന്റെ കൈവശം പൈസ്സ ഇല്ല. |
| വയററിന്നു പാളച്ച എടുക്കുന്നു. | വയററിൽന്നു പാളലെടുക്കുന്നു (വിശക്കുന്നു). |
| മണിയും കിണിയും എനിക്കറിഞ്ഞുകൂടാ. | മണിയും മററും എനിക്കറിഞ്ഞുകൂടാ. |
| കുളുത്തെള്ളം കുടിച്ചു വരട്ടേ. | കുളുത്ത വെള്ളം കുടിച്ചു വരട്ടേ. |
| വെയിലറെക്കുന്നു. | വെയിലറിക്കുന്നു. |
| പൊള്ളുന്ന വെള്ളം കുടിച്ചോട്ടേ. | ചൂടുള്ള വെള്ളം കുടിക്കട്ടേ. |
| ഓള് കട്ട താററാൻ പോയി. | അവൾ കട്ട താററുവാൻ പോയി. |
| വയലില് വെണ്ണീൻ പാററണ്ടീന്. | വയലിൽ വെണ്ണീർ പാറേറണ്ടിയിരുന്നു. |
| ഉദിപ്പു പൊന്തും മുമ്പേ വരും. | ഉദയം പൊന്തുന്നതിന്നു മുമ്പേ വരും. |
| അടിയൻ അടിയന്റെ കുപ്പാട്ടിലേക്കു പോകുന്നു. | ഞാൻ എന്റെ ചാളയിലേക്കു പോകുന്നു (ചാള = പുലയരുടെ വീടു). |
| നീ മീട്ട വീപ്പിക്കേണ്ട. | നീ മുഖം വീപ്പിക്കേണ്ട (മുഷിയേണ്ട) |
| മോന്തിക്കേ വീട്ടിലെത്തീട്ടുള്ളു. | മോന്തിക്കു മാത്രമേ വീട്ടിലെത്തീട്ടുള്ളു. |
| പയ്യിനെ കറക്കേണം. | പശുവിനെ കറക്കേണം. |
| ഒരു പാട്ട കഞ്ഞി കുടിച്ചു. | വളരെ കഞ്ഞി കുടിച്ചു. |
| വയ്യോട്ടു പോണ്ടാ. | വഴിയോട്ടു പോകേണ്ട. |
| പക്കെ അങ്ങിനെ ആട്ടെ. | പക്ഷേ അങ്ങിനെ ആകട്ടേ. |
| ഓനെന്താ അതു തരാതു? | അവനെന്താണതു തരാത്തതു. |
| നല്ലോണം വാതിൽ ചാരേണം. | നല്ലവണ്ണം വാതിൽ ചാരേണം. |
| ഇമ്മാളത്തത് നിണക്കോൎമ്മയുണ്ടോ. | ഇന്നാളത്തേതു നിണക്കോൎമ്മയുണ്ടോ. |
| എന്റെടത്തെ ഓക്കൊന്നും എട്ടത്തൂടാ | എന്റെ അവിടത്തെ (= വീട്ടിലേ). അവൾക്കു യാതൊന്നും എടുത്തുകൂടാ. |
| ആടേയെഞ്ഞാനുണ്ടായികപല്ലൊ. | അവിടേയെഞ്ഞാൻ ഉണ്ടായിരിക്കുമല്ലോ. |
| എനിക്കൊട്ടും വയ്യ. | എനിക്കൊട്ടും വഹിയാ. |
| ചായിന്റെ പണി എടുക്കാണ്ടും പോകട്ടേ. | ചാവിന്റെ പണി എടുക്കാതെയും പോകട്ടേ. |
| അവൻ കാൽ മടക്കാൻ പോയി. | അവൻ പൊറായിക്ക് പോയി. |
| അവൻ വെറും അമ്ക്ക്. | അവൻ വെറും അമ്കൻ. |
| ഓനെ എനിക്കു പണിക്കു തരെപാ. | അവനെ എനിക്കു പണിക്കു തരുമോ. |
| ആ പശുവിനെ ഓനു വിക്കീൻ. | ആ പശുവിനെ അവന്നു വില്ക്കുവിൻ. |
| എന്റെ ഉശിർ കത്തിപ്പോയി. | എന്റെ ഉയിർ കത്തിപ്പോയി. |

| | |
|---|---|
| എൻെറ ചീമൻ പോയി. | എൻെറ ജീവൻ പോയി. |
| ഇതു ഇമ്മടെ നാടാണ്. | ഇതു നമ്മുടെ നാടാകുന്നു. |
| ഇങ്ങള് എവിടേ പോകുന്നു. | നിങ്ങൾ എവിടേ പോകുന്നു. |
| വണ്ടി കൊണ്ടു കീച്ചു. | വണ്ടികൊണ്ടു പോയി കിഴിച്ചു. |
| വെള്ളം കയന്ന മറിച്ചൊ? | വെള്ളം മുഴവൻ മറിച്ചുവോ? |
| തെല്ലോളം പൊറുത്താല്യം. | തെല്ലോളം പൊറുത്തുകൊൾവിൻ. |
| നെല്ലോണം കൊണമില്ല. | നെല്ലോളം ഗുണമില്ല (നന്നല്ല). |
| പുയിക്കു തൊപ്പൻ തിന്നരുതു. | പുഴക്കു അധികം തിന്നരുതു. |
| ഇട്ടമ്മൽ കൊണ്ടു ചാടീട്ടു വാ. | ഇട്ടൽമേൽ കൊണ്ടുപോയി ചാടീട്ടു വാ. |
| അവനിന്നലേ വന്നിനായിനോ? | അവൻ ഇന്നലേ വന്നിരുന്നുവോ? |
| ഓളൊരു മിട്ടക്കത്തി തന്നേ. | അവളൊരു മിട്ടക്കത്തി തന്നേ. |
| ആ മൂദേവീൻെറ മീട്ട കാണ്ണെണ്ട. | ആ മൂദേവിയുടെ മുഖം എനിക്കു കാണേണ്ട. |
| നങ്ങ എന്താക്കേണ്ടു. | ഞങ്ങൾ എന്താക്കേണ്ടു (ചെയ്യേണ്ടു). |
| മരം വീയാതിരിപ്പാൻ ചരയിച്ചൊ. | മരം വീഴാതിരിപ്പാൻ ചരതിച്ചുകൊൾക. |
| കൂട്ടാനില്ലാതെ ചോറു വെയിച്ചൂട. | കൂട്ടവാനില്ലാതെ ചോറു വെയിച്ചുകൂടാ (വെയിക്ക Tdbh. of ഭുജിക്ക). |
| കാളാഞ്ചി തേച്ചു മോറട്ടേ. | കോളാമ്പി തേച്ചു മോറട്ടേ. |
| ഞാൻ കൈതക്കൽ ഒല്ലി പുതെച്ചു. | ഞാൻ കൈതോലപ്പായി പുതെച്ചു. |
| കാര്യത്തിന്നു കററി കിട്ടീട്ടില്ല. | കാര്യത്തിന്നു തുമ്പു (തെളിവു) കിട്ടീട്ടില്ല. |
| പറയുന്നതിന്നു കൊക്ക പറയല്ല. | പറയുന്നതിന്നെതിർ പറകൊല്ല. |
| കാര്യത്തിന്നു തിക്കാണം കിട്ടി. | കാര്യത്തിൻെറ ഠിക്കാണം (വിവരം, വസ്തുത) കിട്ടി. |
| അമുക്കിനെ കണ്ടാ മതി. | അമുക്കനെ കണ്ടാൽ മതി (വെറുക്കം). |
| കരുവില ചപ്പി. | വെററില ചവെച്ചു (വെററില മുറുക്കി). |
| മോന്ത്യേരം വന്നാൽ കിട്ടൂല. | മോന്തിനേരത്തു വന്നാൽ കിട്ടുകയില്ല. |
| വത്താനം പറഞ്ഞു കുത്തിരുന്നാ പോരാ. | വൎത്തമാനം പറഞ്ഞു കുത്തിരുന്നാൽ പോരാ. |
| പയമ്പായി ചുട്ടുകളയേണം. | പഴമ്പായി ചുട്ടുകളയേണം. |
| മാങ്ങ തിന്നാൻ പൂതിയുണ്ടൊ? | മാങ്ങ തിന്നുവാൻ പൂതി(Tdbh. of ഭ്രുതി)ഉണ്ടോ? |
| പണം നല്ലോണം തങ്കരിച്ചോളണം. | പണം നല്ലവണ്ണം സംഗ്രഹിച്ചുകൊൾ്കവേണം. |
| തക്കാരത്തിന്നു പോരുന്നെടോ? | എടോ സല്ക്കാരത്തിന്നു പോരുന്നുവോ? |
| പൈച്ചിററ് പൊറുത്തൂട. | വിശന്നിട്ടു പൊറുത്തുകൂടാ. |
| ലീനമെടുക്കുന്നു. | അപസ്മാരം എടുക്കുന്നു. |
| വയററിന്നു നൊമ്പലം എടുക്കുന്നു. | വയററിൽനിന്നു നൊമ്പരം എടുക്കുന്നു. |
| പെരിഞ്ഞിം പോക. | വിരഞ്ഞു പോക. |
| ഞാൻ പോട്ടേക്കിനേ. | ഞാൻ പോകട്ടേ. |
| പായിരാക്കു പുറത്തു നടക്കേണ്ട. | പാതിരാവിൽ പുറത്തു നടക്കേണ്ട. (പായിരാക്കു Tdbh. of പാതിരാക്കു). |
| എനിക്കൊരാവശ്യത്തിനു പോകണ്ടീന്. | എനിക്കൊരു അടിയന്തരത്തിന്നു പോകേണ്ടിയിരുന്നു. |
| ഈ മനിയൻ എന്താണ് പറയുന്നു. | ഈ മനുഷ്യൻ എന്താണ് പറയുന്നു. |
| നിങ്ങ ഓടെക്കു പോന്ന്. | നിങ്ങൾ എവിടേക്കു പോകുന്നു. |
| ഇക്ക് വയ്യാ. | എനിക്കു വഹിയാ. |
| ഇക്ക് വയ്യേം. | എനിക്കു കഴിയുമോ. |

| | |
|---|---|
| നൊമ്പടെ കഞ്ഞൊടെള്ളം കുടിച്ചു. | നമ്മുടെ കഞ്ഞിയുടെ വെള്ളം കുടിച്ചു. |
| ഒരുകായിന് മെളക് തരീൻ. | ഒരു കാശിന്നു മുളക് തരുവിൻ. |
| തെയ്വത്താണെ നേർ. | ദൈവത്താണെ നേർ. |
| എക്കു ഒരു പൈ വേണ്ടീന്. | എനിക്കൊരു പശു വേണ്ടിയിരുന്നു. |
| ചോറു പെക്കേണം. | ചോറു വെക്കേണം. |
| വരട്ടേക്കി. | ഞാൻ പോകട്ടേ. |
| ഇതേക്കി. | ഇതാ. |
| ഓന്റെ ഒപ്പുരം പോയി. | അവന്റെ ഒരുമിച്ചു പോയി. |
| എനിക്കു മാവില്ല. | എനിക്കു പാടില്ല. |
| മോത്ത് രണ്ടു തന്നാലില്ലേ? | മുഖത്തു രണ്ടടി തന്നാൽ ഇല്ലേ? |
| എന്തേയിനു. | എന്തായിരുന്നു. |
| ഞാൻ മുണ്ടായെ വന്നു. | ഞാൻ വെറുതേ വന്നു. |
| ഓക്ക് എന്നോടു ചൊടിയാ? | അവൎക്കു എന്നോടു ചൊടിയാകുന്നുവോ? |
| അയിററിങ്ങക്ക് കുടിക്കാനേതുമില്ല. | അവൎക്കു കുടിപ്പാൻ (കഞ്ഞി) ഏതുമില്ല. |
| എനിക്കേതുമരുതു. | എനിക്കു യാതൊന്നും ചെയ്വാൻ വഹിയാ (സുഖമില്ല). |
| നല്ലേരം (മുന്നം മുന്നം) പോയതാണ്. | നല്ല നേരത്തു (ഒന്നാം കുറി) പോയതാകുന്നു. |
| പണ്ടേ ഒക്കം അവന്നു. | പണ്ടു തന്നേ അവന്നങ്ങിനേ ആകുന്നു. |
| വണ്ണേയല്ല അവൻ തന്നതു. | വെറുതേയല്ല അവൻ തന്നതു. |

## Exercise 2.

*(Free Translation.)*

1. ഉണ്ണി[1]ക്കിടാക്കൾ പിഴെച്ചു കാൽ വെക്കില്ലും Wenn Kinder strauchelnd nur zu gehen wagen,
2. കണ്ണിന്നു കൌതുകമുണ്ടാം പിതാക്കൾക്കും Die Väter sehn's mit staunendem Behagen.
3. മേല്പോട്ടു പോവാൻ പ്രയാസമുണ്ടേവനും Nicht leicht ist es wahrlich nach oben zu streben,
4. കീഴ്പോട്ടു പോവതിന്നേതും പണിയില്ല Doch talwärts brauchst Du nicht Müh' Dir zu geben.
5. താൻ വളൎത്താൽ വിഷവൃക്ഷമെന്നാകിലും Du hast den Giftstrauch selbst gepfleget,
6. താൻ മുറിക്കുന്നതു യോഗ്യമല്ലേതുമേ[2] Oh hau' nicht ab, was du ja selbst geheget!

188. മനസാ കൎമ്മണാ
വാക്കിനാലും പിന്നേ
വന്ദിക്കാവു നിന്നെ.

*Transl.* With my heart and deed
With my mouth once more
I shall thee adore.

മനസാ=മനസ്സിനാൽ; കൎമ്മണാ=കൎമ്മത്താൽ; വന്ദിക്കാവു I must adore or may I adore.

189. ചിറകിന്നെനിക്കുണ്ടാകേ
വേഗത്തിൽ പറക്കും നാകേ.

---

1) ഉണ്ണി young, infant; കിടാവു child. 2) യോഗ്യമല്ലേതുമേ quite improper.

*Transl.* Oh get me wings today
Homewards I fly away.

ചിറക + ഇന്നു + എനിക്കു ഉണ്ടാകേ. For ഉണ്ടാകേ see § 213, 1; നാകേ = നാകത്തിൽ (നാകം heaven).

190. പട്ടിണി വേണ്ടതെല്ലാൎക്കുമുണ്ടായ്വരും
കെട്ടുപോമോരോരോ രാജ്യങ്ങളും പ്രഭോ!
There will be privation of necessary food to all
And kingdoms will be ruined, oh Lord.

വേണ്ടതു + എല്ലാൎക്കും + ഉണ്ടായി + വരും; പ്രഭോ Vocative of പ്രഭു lord, prince.

191. കലയാനകളെക്കണ്ടു ഭയപ്പെട്ടോരുവൻ വേഗാൽ ചെന്നു
വലിയൊരു വള്ളിപിടിച്ചു കരേറിപ്പോകുന്നേരം [ണം
വലിയൊരു വാനരമെന്നു നിനെച്ചിതു മറെറാരു വേടൻ ബാ
ബലമൊടു കൂട്ടിയതേറ്റു മരിച്ചിതു ഫലമില്ലാതേ.
In seeing mad elephants he was afraid and quickly proceeding
To a large creeper, he seized it and went up, but just then
Another hunter took him for a great monkey, and an arrow
With power, he discharged, which took effect and the man died
[for nothing.

കലയാന = മദിക്കുന്ന ആന (മദയാന); വേഗാൽ = വേഗത്തിൽ; വാനരം = കുരങ്ങു; ബാണം = അമ്പു; ബലമൊടു = ബലത്തോടു.

192. ഹാ സത്സഭാ! മാരക്ഷ വന്നുവോ
എനിക്കു നിങ്ങളാൽ?
Oh glorious host! salvation great
Shall I receive through you?

സത്സഭ = സൽ + സഭാ; മാ = മഹാ.

193. എല്ലാ പാപത്തിൽ ദ്വിധാ
കൂലി നല്കി രക്ഷിതാ.
To every sin a double reward
Was (justly) added by the Lord.

ദ്വിധാ twofold; രക്ഷിതാ Saviour.

194. ബാലന്മാൎക്കു അമ്മ നീ
പെണ്ണുങ്ങൾക്കു നല്ല താതൻ
പുരുഷനു തോഴൻ നീ
സൃഷ്ടിക്കൊക്കെ ആദ്യജാതൻ.
Thou art a mother for the young,
A good father to the daughters,
A friend to a man
And the first-born of the whole creation.

*Free* (Thou art a mother to the child,
The daughter's father good and mild,
The strong man's true and faithful friend,
Creation's first-born, heaven-sent.)

195. തതഃ, അന്ന്യന്റെ ഹൃദയം
നിനക്കശേഷം ജ്ഞാപിതം.
Then the heart of another one
Will be perfectly known unto thee.

തതഃ then; ജ്ഞാപിതം = അറിയപ്പെട്ടതു.

196. കണ്ണിന്നും പിടിപെടാത്തവയെല്ലാം
എണ്ണിയെണ്ണി വിവരത്തോടു ചിത്തേ
നിർണ്ണയിപ്പതിന്നു നല്ലോരു ശാസ്ത്രം;
കണ്ണകത്തു തെളിയാത്തവനന്ധൻ.
All what the eye cannot lay hold of
Counting, counting distinctly in the mind
For to perceive it there is a science;
He is blind who is not clear inside of his eyes.

There is a science by means of which we are enabled to perceive distinctly in our mind things which the eye cannot lay hold of and count them. He who cannot perceive things inwardly is really blind.

ചിത്തേ = ചിത്തത്തിൽ; അന്ധൻ = കുരുടൻ.

197. ത്രാഹിമാം! ത്രാഹിമാം
ശത്രുവിൻ പരീക്ഷയിൽ
അടിയന്നു നീ സങ്കേതം
എങ്കിൽ, അസ്ത്രം തൂവുകിൽ
അരുതച്ചം, ഇല്ല ഖേദം.
Save me! Save me!
If thou art my refuge
In the enemy's temptation
In a shower of arrows
There ought to be no fear, no distress.

ത്രാഹി Sanskrit Imperative of the root ത്രാ save (ത്രാണം preservation); മാം = എന്നെ; തൂവുക to scatter; അച്ചം fear.

198. എന്നു കേട്ടു ചേൎന്നു കൂടി
ചെന്നിതെവർ വാഴന്നോൽ.
In hearing this they met together
The deities of the temples rule.

വാഴുന്നോൽ = വാഴുന്നോർ = വാഴുന്നവർ (see § 228); in the same manner also മൂത്തോൽ; ചെന്നി temple.

199. ഭൈമിയെ പണയമാക്കീടുക നളജള!
ഭൂമിയും ധനങ്ങളുമടങ്ങി നമുക്കെടോ!
താമസം വേണ്ടാ മമനാട്ടിൽ നീ വാസിക്കേണ്ടാ,
ഭൂമിപാലകശ്രേഷ്ഠൻ ഞാൻ തന്നേ കല്പിക്കുന്നേൻ.
Make Damayanti a pawn! oh foolish Naḷa,
We are in possession of land and money hey!
We do not want delay, do not stay in my country
I the great king himself do command this.

ഭൈമി daughter of ഭീമ (see § 236) Damayanti; ജള Vocative of ജളൻ blockhead; എടോ Interjection hey (honouring); ഭൂമി + പാലകൻ + ശ്രേഷ്ഠൻ.

200. നീ ഇല്ലാഞ്ഞാൽ ഇതൊന്നുമേ വരാ;
ചതഞ്ഞ നെഞ്ഞിൽ പുക്ക നിന്നെ താ!
If thou not here, of all this nought I see
Take in my bruised heart Thyself give me.

ചതയുക to be bruised, squashed.

§ 256. The preceding examples prove, that in poetry frequently *Sanskrit Cases* are in use. A great many Sanskrit Nouns appear in the *Nominative Case* without any alteration whatever; *f. e.* മഹാൻ great one; ഭവാൻ you (*hon.*), വിദ്വാൻ sage; പിതാ father; ഭ്രാതാ brother (frater); സഖി friend. Ex. 190 furnishes an instance of the *Sanskrit Vocative:* വിഭോ and പ്രഭോ. Nouns ending in ഉ (വിഭു, പ്രഭു, ഗുരു) form their Vocative in ഓ. സഭെക്കു തല നീ പ്രഭോ! ശരീരം ഞങ്ങളും ഗുരോ! thou oh Lord, art the head of the Church, and we, oh master, are her body." As to the Vocative of Personal Nouns ending in അൻ we know, that ൻ (which is a Malayalam termination to indicate Masculine Gender, the Sanskrit Nominative ending in അസ്സ്; *f. e.* नाथस् or नाथः നാഥസ്സ്, നാഥഃ) is dropped; *f. e.* എന്നാളും സൎവ്വനാഥ എന്തോ ഇറങ്ങുവാൻ? (why, oh universal Lord thou didst descend so far?) ഹാ വരികെൻ ആദിത്യ! oh do come my sun! കൃപാനിധേ! വിശ്വസ്തരെ എന്നും കടാക്ഷിക്കേണമേ! oh! Thou ocean of grace look for ever kindly upon Thy faithful ones. The last example shows, that Sanskrit Nouns ending in ഇ form their Vocative on ഏ, not affixed by augmentation as in Malayalam (കൃപാനിധിയേ) but by elision. Hence സഖേ! (oh friend); പതേ (oh lord); ദയാനിധേ. The Vocative of nasal stems (rajan) denoting relationship (ending in tar) and of the "Nomina agentis" (giver) is formed in the following manner: രാജൻ from രാജാ; ഭവൻ from ഭവാൻ; പിതഃ (or പിതർ) from പിതാ; മാതഃ (or മാതർ) from മാതാ; ദാതഃ (or ദാതർ) from ദാതാ giver; but ദാഷ്യേ, Nominative ദാഷ്യം in Sanskrit).

§ 257. As to the *Social Case* or Instrumental Case, which are one and the same in Sanskrit, (§ 205) we know one termination ഏന already (ദിവസേന, സുഖേന etc.); *f. e.* ഞങ്ങൾക്കും സ്വൎഗ്ഗാരോഹണം ഭവിപ്പാൻ നീ ആകൎഷണം പ്രയോഗിക്ക ദിനേന oh do attract us daily so that we may ascend to heaven. In the same manner are formed: ക്രമേണ, ശാസ്ത്രപ്രമാണേന etc. All Sanskrit Nouns ending in Malayalam in അ or അം will form their Instrumental in this manner, but Nouns ending in Sanskrit in a long ആ and in Feminine take യാ; so യദൃച്ഛയാ, കാംക്ഷയാ, ആജ്ഞയാ, ഭാൎയ്യയാ, ചിന്തയാ, അവസ്ഥയാ, ഉപേക്ഷയാ, സേവയാ, പ്രജയാ, കന്യയാ, പ്രതിമയാ, ദയയാ; *f. e.* ഈ ഞങ്ങളിൽ നിൻ വാക്യം പാലിക്ക ദയയാ (= ദയയോടെ or ദയയാൽ). This second termination ആ we met with also in ex. 188. ഞാൻ പോരാട്ടകൾ (പോരാട്ടക + ഉൾ) നിൎബ്ബന്ധം കൊണ്ടുടൻ സൎവ്വാത്മനാ! with the whole of my mind I must fight at once according to an inward obligation. നിൻ രക്ഷിതാവോടെഴുനീല്ക്ക, മുദാ rise joyfully with your Saviour. Very often we meet with the following formula: മനസാ, വാചാ, കൎമ്മണാ (by heart, mouth and hand).

Nouns ending in a consonant [മുദ് (मुद्), മനസ്സ്, വാച്] simply will add ആ: മുദാ, മനസാ, വാചാ, വചസാ, തേജസാ etc. Nasals and Nouns ending in i or u insert ന, hence കൎമ്മണാ (from कर्मन्) രാജ്ഞാ, വിധിനാ, ജന്തുനാ etc. Participles ending in വാൻ, (വന്ത്) take താ; *f. e.* ഭവാൻ, ഭവതാ.—Mark farther the Nouns of Relationship and *Nomina agentis:* പിത്രാ, മാത്രാ, താത്രാ.

§ 258. The *Sanskrit Ablative* (see ex. 182) is frequently used instead of the Malayalam Social or Locative (പേഗാൽ). As to Nouns ending in അം this syllable is dropped and ആൽ affixed; *f. e.* ഉറ്റോർ ഉടൽ മറച്ചാൽ സ്നേഹാൽ കരയും നാം if the body of those dear to us is buried, we will weep in love (സ്നേഹത്തോടേ). ഞാൻ വാഴ്ത്തും ആദരാൽ I shall praise (thee) respectfully (ആദരവോടേ). കെട്ടഴിപ്പാൻ തച്ചിടിപ്പാൻ തേടുന്നു ബലാൽ to unlose (the ties) and to demolish the building we seek powerfully. Other Ablatives of this kind are: ക്രമാൽ, സാക്ഷാൽ, ക്ഷണാൽ, വിശേഷാൽ, ദൈവവശാൽ (by God's providence), ദൈവയോഗാൽ, വിധിവശാൽ, (§ 238) ഗുരുമുഖാൽ etc.

Sometimes നൃണാം, the *Genitive Plural* of നരൻ (man), occurs (മനുഷ്യരുടെ); *f. e.* ദേഹി എന്നുള്ള രണ്ടക്ഷരം ഇല്ലാതെ ദേഹനാശം വരുന്നാകിൽ സുഖം നൃണാം ലജ്ജെക്കതില്പരം മറ്റെന്തു കാരണം. ഓടുന്ന രഥത്തിന്റെ വണ്ടിയെന്നതു (wheel) പോലേ കൂടുന്ന ശരീരിണാം (മനുഷ്യരുടെ) ഉച്ച (ഉയൎച്ച) നീചതകൾ.

§ 259. In ex. 189 and 196 we see employed the Sanskrit *Locative* (നാകേ instead of നാകത്തിൽ; ചിത്തേ for ചിത്തത്തിൽ), again ആം is dropped and ഏ affixed. ദൈവം മദ്ധ്യേ ഉണ്ടു (മദ്ധ്യത്തിൽ); പടെച്ച മുമ്പില്ലും എൻ നാമം— വരെച്ചു ജീവപുസ്തകേ (before I was created my name was written into the book of life). In the same manner ഭൂതലേ; ദൂരേ (ദൂരത്തിൽ); ദേശേ; ആകാശമാൎഗ്ഗേ; പക്ഷേ; ദിനേ (ദിനത്തിൽ, ദിവസത്തിൽ). Nouns ending in a Consonant or in a Nasal (രാജൻ, നാമൻ in Sanskrit) and the Participles terminating in ആൻ form

their Locative by affixing ഇ; *f. e.* രാജ്ഞി (രാജാ); മനസി (മനസ്); ഭുവി (ഭൂഃ); ഭവതി (ഭവാൻ).—എന്തൊരാശ്വാസം, സ്വസ്ഥനിവാസം, ശാശ്വതഹാസം, തൽസന്നിധൌ! what a consolation, a state of rest, eternal bliss in His presence! സന്നിധൌ instead of സന്നിധിയിൽ. Nouns ending in ഇ take ഔ by elision. In the same manner: ധിയൌ, രാത്രൌ, സഖ്യൌ etc.

§ 260. താ (ex. 200) and മാ (ex. 192) represent some *Abbreviations* or *Contractions*, which occur very often in poetry. താ is the Imperative of തരിക give! തികെച്ചുതാ. But it is poetical license, if കാക്കുക is shortened into കാ; *f. e.* നിന്നെ കാ keep thyself. As to മാ we have to consider it as a contraction of മഹാ. So in മാപാപം, മാപ്പിള്ള, മാവെള്ള, മാഭേവ, മാകൃപ; *f. e.* എനിക്കീ രാത്രിയിൽ മാഭേവ, വാത്സല്യം വന്നരിച്ചതേ; വൈകാതേ അണഞ്ഞു മാപാപിയെ വാ; മാശക്തനായി ആരോഹണം; കേൾപ്പിച്ച വാക്കുകൾ എല്ലാം വിളങ്ങിക്കുന്ന മാകൃപ; വിനീതിയാം തൻ നെഞ്ഞു മാദുഃഖത്താൽ നിറഞ്ഞു his meek heart was filled with an immense grief; എൻ ദുഃഖം കൊണ്ടും മാവിലാപത്താലേ ഞാൻ ചത്തു — നാക്കു or നാവു we see now and then shortened into നാ; *f. e.* അഗ്നി തൊട്ട നാ; അണ്ണാക്കിനോടു പററി നാ the tongue cleaving to the palate. ചാകാം (ചാക+ആം) may be shortened into ചാം; *f. e.* വിശ്വസിച്ചവർ സഹായം, നില്ക്കിലേ സുഖേന ചാം he who believes may die happily, help being available to him; ചാം വരേ until death. In the same manner ഇരിയാതെ or ഇരാതെ instead of ഇരിക്കാതെ (*f. e.* അനന്യനായി ഞാനേ ഉള്ള, വിധവയായിരാതെ അപുത്രത്വം അറികയില്ല) and ഓരാതെ instead of ഓക്കാതെ (*f. e.* മത്ര്യനെ ഓരാതെ പോയി പോൽ Is. 33, 8); *cf.* ഓരാഞ്ഞു; കേളാതെ etc. Also Imperatives (Plural) are shortened; *f. e.* കല്പക്കീൻ (കല്പക്കുവിൻ)! വരീൻ (വരുവിൻ)! etc.

§ 261. ദ്വിധാ in ex. 193 introduces a new kind of the *Sanskrit Numerals*. The Sanskrit *Cardinals* up to ten, some of which we have met with here and there, are the following: 1 ഏകം; 2 ദ്വി (zwei); *f. e.* ദ്വിജനോടു ചൊല്ലിനാൻ he said to the Brahman (ദ്വി 2; ജൻ = ജനിച്ചവൻ, the whole ബ്രാഹ്മണൻ); 3 ത്രി; 4 ചതുർ (*quatuor*, in Latin); 5 പഞ്ചം (πέντε in Greek); *f. e.* പഞ്ചസേനാധിപന്മാരമൊരുമിച്ചു; 6 ഷൾ; 7 സപ്തം (*septem* in Latin); 8 അഷ്ടം (*octo*); 9 നവം (*novem*); 10 ദശം (*decem*).

These Cardinal Numbers appear in some well known Sanskrit compounds (*cf.* § 255, II. *a*): ഏക in ഏകദേശം one side of a thing (almost); ഏകപത്നി only one wife, faithful wife; ഏകഭാവം and ഏകമനസ്സു one-mindedness; ഏകാഗ്രം singleness of heart. ദ്വി in ദ്വിപക്ഷം a dilemma; ദ്വിഭാഷി an interpreter; ദ്വിവചനം dual. ത്രി in ത്രികാലം (വൎത്തമാനം present, ഭൂതം past, ഭാവി future); ത്രിമൂൎത്തി (Brahma, Vishṇu, Šiva); ത്രിലോകം (heaven, earth, hell); ത്രിവൎണ്ണം tricoloured; ത്രിശൂലം a trident. ചതുർ in ചതുരശ്രം; ചതുൎമ്മുഖൻ (നാന്മുഖൻ) Brahma; ചതുൎയ്യുഗം the four ages (see page 93); ചതുർവൎണ്ണം the four castes; ചതുഷ്പാദം (നാല്ക്കാലി) quadruped. പഞ്ചം in പഞ്ചകോണം a pantagon; പഞ്ചനദം Punjab; പഞ്ചപാതകം five principal sins (killing a Brahmin, drinking spirits, theft of gold, disobedience towards the Guru, cow-killing); പഞ്ചരത്നം, പഞ്ച

ലോഹം (gold, silver, copper, iron, lead); പഞ്ചവൎണ്ണം (white, black, red, orange, green); പഞ്ചേന്ദ്രിയം five senses. ഷഷ് in ഷൾപദം a bee, insect. സപ്തം in സപ്തസ്വരം the seven notes; സപ്തവ്യസനങ്ങൾ (സ്ത്രീസേവ, ചൂതു, നായാട്ടു, സുരാപാനം, വാക്പാരുഷ്യം, ദണ്ഡപാരുഷ്യം, അൎത്ഥദൂഷണം Bharat). അഷ്ടം in അഷ്ടാംഗഹൃദയം a famous medical work, നവം in നവരാത്രി a feast of nine days. ദശം in ദശാംശം a tenth, tithe; ദശപുരം (Decapolis); ദശാവതാരം the ten Avatāras.

As to the *Ordinals* the Masculine Gender is 1st പ്രഥമം (πρῶτος, *primus*); 2nd ദ്വിതീയം; 3rd തൃതീയം; 4th ചതുൎത്ഥം; 5th പഞ്ചമം; 6th ഷഷ്ഠം; 7th സപ്തമം; 8th അഷ്ടമം; 9th നവമം; 10th ദശമം; *f. e.* ദശമദിവസോദയേ = പത്താം ദിവസം സൂൎയ്യോദയത്തിൽ. The Feminine Gender: പ്രഥമ; ദ്വിതീയ; തൃതീയ; ചതുൎത്ഥി; പഞ്ചമി; ഷഷ്ഠി; സപ്തമി; അഷ്ടമി; നവമി; ദശമി.

These Feminine Ordinals cause a special interest on account of their furnishing us with the necessary terms for designating the *Cases in Sanskrit and Malayalam,* in which languages they are simply numbered (see page 201). ദ്വിധാ means "in two ways" or "double" like ദ്വിഗുണം; ത്രയം threefold; ചതുൎഗ്ഗുണം fourfold, പഞ്ചധാ fivefold. ഏകാദശ eleven; ദ്വാദശ twelve (*duodecim*); ത്രയോദശ thirteen; ചതുൎദ്ദശ fourteen; പഞ്ചദശ fifteen; ഷോഡശ sixteen; വിംശതി twenty; ശതം hundred; സഹസ്രം thousand; അയുതം ten thousand; ലക്ഷം or ശതസഹസ്രം hundred thousand; പ്രയുതം million; കോടി ten millions; അൎബ്ബുദം hundred millions; മഹാൎബ്ബുദം thousand millions; പത്മം ten thousand millions; മഹാപത്മം hundred thousand millions; ഖൎവ്വം billion; മഹാഖൎവ്വം ten billions; മഹാകോടി ten trillions etc.; *f. e.* പത്തു കിട്ടുകിൽ നൂറു മതിയെന്നും, ശതമാകിൽ സഹസ്രം മതിയെന്നും, ആയിരം പണം കയ്യിലുണ്ടാകുമ്പോൾ അയുതമാകിലാശ്ചൎയ്യമെന്നതും ആശയാലുള്ള പാശമിതിങ്കനു വേൎവ്വിടാതെ കരേറുന്നു മേല്ക്കുമേൽ if one gets ten, (he thinks) an hundred would be sufficient; if it is an hundred, he thinks about a thousand; if a thousand are in his hand, (he thinks) if it would be ten thousand, then well done; thus disconnecting himself from the rope (പാശം) of hope, he will rise higher and higher.

Mark: ശതാധിപൻ a centurion, captain; സഹസ്രാധിപൻ a colonel; സഹസ്രവാൎഷ millennium.

§ 262. തതഃ (ex. 195), തൽ (§ 259) are two instances of *Sanskrit Pronouns.*

I. തൽ is one of the *Sanskrit Demonstrative Pronouns.* It is Neuter and its real form is തത് (तत्). It might also be called a Personal Pronoun, for its Nominative Case (Masculine സസ് सस्; Feminine സാ सा and തത് तत्) means: he, she, it. It takes in besides the place of the Article in Sanskrit. In Malayalam only the Neuter Gender is in use especially in compositions; so *f. e.* തൽകാലം the time being then and now; തൽപരം (തദനു) = അതിന്റെ ശേഷം; തൽക്ഷണം at once; തത്സമയം present time, due time; തദ്ദിനം that day; തദ്ദുഷ്ടൻ that rogue etc. It corresponds to the Malayalam അതു (*cf.* അതുകാലം!) which also takes the place of "it" (Personal Pronoun) and "that" (Demonstrative); *cf.* "es" and "jenes" in Ger-

man. Mark that before ക, ഖ, ച and ത the final ൻ changes into ൽ and before ഭ into ഭ. In Mangalore they have begun to print താന്ത്ര്യം instead of താളൂശ്യം, but of course the pronunciation still will be താളൂശ്യം.

Remark: താൽ may also be a Malayalam form derived from and identical with താൻ (താന്റെ); *f. e.* താല്ക്കലം one's own family.

The real *Demonstratives* are:

1. ഏഷഃ (एषः), Fem. ഏഷാ, Neuter ഏതൽ (एतत्) *this* something (very near, the Greek: ὅδε, ἥδε, τόδε) are but seldom used in Poetry (ഏഷാ ഞാൻ; ഏതല്ലാതെ; ഏതന്തരേ meanwhile; ഏതാനി now).

2. അയം (अयं), Fem. इयं iyam, Neuter ഇദം (इदं) *this* (indefinitely, the Greek: οὗτος, αὕτη, τοῦτο) ഇങ്ങിനെ ദമനകൻ ചൊല്ലിനാൻ: ഇദം അറിഞ്ഞതു എങ്ങിനെ അറി ഞ്ഞു നീ? Damanakan spoke thus: How did you know this then?

3. അസൌ (असौ) Masculine and Feminine, Neuter അദഃ (अदः) *that* (the Greek ἐκεῖνος, ἐκείνη, ἐκεῖνο) only the Masculine occurring but seldom (*he*), instead of അദഃ തത് is employed. For the Personal Pronoun see § 270.

II. The *Sanskrit Relative Pronoun* is:

യഃ (यः), Feminine യാ, Neuter യത് (यत्) *who* or *which* (ὅς, ἥ, ὅ in Greek). യൽ (യത് a correlative to തൽ which must follow in order to form Relative Sentences); *f. e.* യൽകൊണ്ടും ഉപായം കൊണ്ടു സാധിക്കാ, തൽകൊണ്ടും പരാക്രമം കൊണ്ടു സാധിക്കയില്ല whatsoever (which thing) we cannot accomplish by clever means, that we will also not achieve by exertions (valour). യസ്മിൻ ദേശേ (Panch. I.) in which country also (Locative of യൽ).

III. The *Sanskrit Interrogative* is.

കഃ (कः), Feminine കാ, Neuter കിം (किं) *who* or *which?* (the Greek τίς-τί; *cf.* കിം and *quis* in Latin). Besides the Ablative of കഃ or കിം (കസ്മാൽ *whence, why*) does occur in Malayalam Poetry. The Neuter കിം occurring in some compounds (see § 255, II. *a*), കു (a contraction of ka + va) imply inferiority or a wicked action; *f. e.* കുരൂപം what form, ugly; കുമന്ത്രി a wicked minister; കുമിത്രൻ etc. So also കിംഋണൻ; കിം ക്ഷണൻ, കിംക്ഷണൻ, കിംദേവൻ people who make light of debts, moments, small things, God. കിം വദന്തി (3rd Person Plural) "what do they say?" a rumour (ശ്രുതി).—കിം കാ രണം നീ ഒളിച്ചു പോയതു വൃഥാ? for what reason did you hide yourself in vain? ബുദ്ധി അ തേ ബലം സർവ്വജനങ്ങൾക്കും, ബുദ്ധിയില്ലാത്തവൻ ബലം കൊണ്ടു കിം ഫലം?

IV. *Compound Pronouns.*

*a.* By adding ദൃശം (दृश) to the Pronouns mentioned above the following Compound Pronouns, occurring also in Malayalam literature, have been formed: താദൃശം such like; യാദൃശം what or which like; ഈദൃശം this like (such); കീദൃശം what like? ചൊ ല്ലേടോ ദമനകാ, കീദൃശം ഇദം? എന്നു ചൊല്ലിനാൻ. . . . ശിലീമുഖൻ (Langohr, hare) ചൊന്നാൻ: ഈദൃശം സ്ഥാനങ്ങളിൽ ആൾക്കു ഭേദമില്ലെന്നു ഉത്തമന്മാർ ചൊല്ലുന്നു. The hare said: The most excellent people say, that there is no regard of person as to this kind of appointments.

*b.* By adding വൽ (वत् in Sanskrit) Compound Pronouns implying quantity are formed: താവൽ *so much* (താവൽ സുതന്മാർ all his sons അശേഷം); യാവൽ *as much*; ഇയത്തു so much; കിയത്തു (*quot?*) how much? കല്പിക്ക യാവൽ പ്രമാണം say how far! By യാവൽ—താവൽ also Relative sentences may be formed analogous to those formed with എത്ര—ഇത്ര see § 253.

*c.* Adding ചിൽ (चित्) or ചന to കിം the latter is formed into the Indefinite Pronoun കിഞ്ചിൽ or കിഞ്ചന somewhat. Masculine കശ്ചിൽ (കഃ + ചിൽ) some one; Feminine കാചിൽ.—കിഞ്ചനകലം പരിപാലിച്ചു കിളൎപ്പിച്ചു ("make to sprout"); ഗ്രന്ഥതാത്പൎയ്യം കിഞ്ചിൽ ഭാഷയായി ചൊല്ലീടുന്നേൻ.

V. Of the *Pronominal Adjectives* it will suffice to mention here the most important, introduced long ago: സൎവ്വം (all); വിശ്വം all (universe); ഉഭയം both (*f. e.* in ഉഭയസമ്മതം covenant); അന്യ other; ഇതരം other (not to be confounded with the Malayalam ഇത്തരം this kind); പൂൎവ്വം east or prior; ദക്ഷിണം south or right; ഉത്തരം north or subsequent; അവരം west or lower; besides: അപരം other, hinder, west.

"സ്വപക്ഷത്തിൽ തൻ പ്രീതി—വാക്കോളം ഉന്നതം"

"അംഘ്രികൾ നീക്കം വീതി—പൂൎവ്വാപരായതം".

*cf.* Ps. 103, 11. 12. പൂൎവ്വം + അപരം + ആയതം (length).

VI. *Adverbial Pronouns.* The Sanskrit language possesses not a few suffixes, which in difference from ordinary terminations are restricted in their use to certain words and particularly to pronominal bases. Mark, that also the ordinary case-terminations are used in an adverbial sense (ചിരേണ in a long time, ചിരാൽ (Ablative चिरात्) long ago, Dative ചിരായ for a long time, Accusative ചിരം long time etc.). The chief *Adverbial terminations* are:

*a.* തഃ with an Ablative meaning; by this are formed: തതഃ (ex. 195) thence, അവിടുന്നു; ഇതഃ (ഇതം + തഃ) and അതഃ hence, ഇവിടുന്നു; യതഃ (യൽ + തഃ) whence; കുതഃ whence, എവിടുന്നു; *f. e.* ഇതിനുടയ ഹൃദയമപി ഗളം അപി കുതസ്സഖേ = ഇവന്റെ ഹൃദയവും കഴുത്തും എവിടേനിന്നു സഖേ oh friend wherefrom does come his heart and neck? സൎവ്വതഃ everywhere, entirely.

*b.* ത്ര Locative: തത്ര (അവിടേ); അത്ര (ഇവിടേ); കുത്ര (എവിടേ); യത്ര (where); *f. e.* തത്ര നിന്നൊരു ശബ്ദം ശ്രവിച്ചു (I heard a sound there from); അത്ര തന്നേ വാസനൌസൗഖ്യം; നമുക്കിതു കുത്ര സംഗ്രഹിക്കേണ്ടു (where should we collect it for us?) ഏകത്ര at one place, together; സൎവ്വത്ര (എല്ലാടവും) everywhere.

*c.* ദാ Temporal: തദാ (തദാനീം) = അപ്പോൾ; യദാ (when Relative); കദാ = എപ്പോൾ; സൎവ്വദാ always, at all times; ഏകദാ at one time, once; സദാ always; ഇദാനീം now, ഇപ്പോൾ. തദാ ചൊല്ലിനാൻ; സൎവ്വദാ സൌമ്യൻ; ഏകദാ പറഞ്ഞതു മനസ്സിൽ കടക്കാതെ, ലോകത്തിൽ ഗുണം പറയുന്നതു പാഴിൽ തന്നേ. ഏവൻ എന്നാലും പിന്നേ സന്നിധൌ സദാകാലം സേവിച്ചു നില്ക്കുന്നോരിൽ സ്വാമിക്ക കൃപയുണ്ടാം.

*d.* ഥാ modal: തഥാ = അങ്ങിനേ; (തഥാ വിദ്വാന്മാർ കഥിക്കുന്നു; തഥാവിധൻ = അങ്ങിനേയുള്ളവൻ); യഥാ as, Relative; സൎവ്വഥാ in every way; അന്യഥാ in another way: Also ഥം may be taken, so in: ഇത്ഥം ഇങ്ങിനേ thus; *f. e.* വിധിവിഹിതം ഇത്ഥം this is God's will, fate. ഇത്ഥം നഖത്തോടു മാംസം കണക്കനേ ബദ്ധം തദാ കാകമൃഷികസ്നേഹവും.—കൃത്യവും അകൃത്യവും, സത്യവും അസത്യവും, ഇത്ഥം ഉള്ളതിൽ ഒന്നും ചെറുമേ ഗ്രഹിക്കാതെ, മൎത്യനും പശുക്കളും ഏതുമേ ഭേദം നാസ്തി. കത്ഥം = എങ്ങിനേ? In this connection also അഥ (Lat. *et*) then, now, thus.—യഥാ is employed in a great many compounds; *f. e.* ജീവനീർ യഥേഷ്ടം കോരും we shall draw living water as we like (ഇഷ്ടം പോലേ); യഥാകാമം *ad libitum;* യഥാക്രമം in order; യഥാസ്ഥാനം in proper state; യഥാവിധി according to precept; യഥാശാസ്ത്രം according to the scriptures; യഥാൎത്ഥം properly, true; യഥോചിതം (യഥാ + ഉചിതം) suitably. So also in Relative sentences always followed by തഥാ (*cf.* യൽ-തൽ യാവൻ-താവൻ etc.; *f. e.* യഥാ രാജാ തഥാ പ്രജാ as the king so the subjects.

§ 263. നിൎണ്ണയിപ്പതിനു (ex. 296) represents an instance of the frequent use of the *Second Future* and its Personal and Neutral Noun in Poetry. Especially Personal Nouns ending in ഓൻ and ഓർ will be employed. ആയവണ്ണം ഞാൻ യുദ്ധം ചെയ്യതിന്നൊരുമ്പെട്ടേൻ: നില്പോരോടു കൂടേ വീണ മീട്ടി with those standing I played the harp. In the same manner: വിശന്നു ദാഹിപ്പോൎക്കും to those who hunger and thirst; ശേഷിപ്പതേ വിലാപം what will be left is only lamentation; മരിപ്പുകാലം വന്നേ when the time of death will draw near.

We read farther: പട്ടാഭിഷേകം വളരേ ഘോഷത്തോടേ കഴിപ്പിച്ചു, ഉണ്ണിരാമക്കോയിൽ എന്നു നാമധേയം ധരിപ്പിച്ചു മുമ്പേ പെരിമ്പടപ്പിന്നു ധൎമ്മമില്ലാത്ത പൊങ്കമ്മട്ടം മുതലായവറെറ കല്പിപ്പൂതും ചെയ്തു (Ker. Par. page 78). Here കല്പിപ്പൂതും is employed instead of കല്പിക്കയും, and we may consider ഉതു affixed to കല്പിച്ചു as an old Correlative to അതു and ഇതു (see §§ 212, *b.* 252, 2); it seems to occur besides in Poetry in connexion with the Finite Verb too; തമസ്സു നീ ജയിച്ചുതേ (simply ജയിച്ചു); വന്നുതേ came.

§ 264. ഹാ in ex. 192 and എടോ (ex. 199) introduce two of the *Malayalam Interjections.* ഹാ is an exclamation of astonishment and joy, or pain and grief. ദാഹമുണ്ടെടോ എനിക്കു ശക്തിപോരാ ഓട്ടുവാൻ Eḍō! I am thirsty and strength fails me to run. നന്നെടോ ഭമനകാ നിന്നുടെ നീതിവാക്യം—എടോ expresses a calling like ഹേ and ഇതാ (ഇതോ); അതാ (അതോ) and അല്ലയോ, besides അഹോ; *f. e.* ഹേ ലോകമേ! ആർ നിന്നെ കൊന്നഹോ! Common exclamations of joy or astonishment are, besides ഹാ, ശിവശിവ! അപ്പാ (എൻറപ്പാ) അച്ഛാ; and the Sanskrit ഭോ; *f. e.* ഭോ ഭോ! ഹിരണ്യകാ! വിസ്മയം വിസ്മയം! ശിവ, ശിവ! തരം കെട്ടന്നില്ലയോ? (will nature not be lost?) Interjection of pain and grief are besides അയ്യോ! and ഹാ also: അയ്യയ്യോ! അയ്യോ പാപം alas! what a pity! കഷ്ടം, ഹാ കഷ്ടം. അയ്യോ is only an exclamation of pain and it is wrong to say in prayer: അയ്യോ ദൈവമേ! (Oh God!) instead of ഓ ദൈവമേ or better: അല്ലയോ ദൈവമേ. In the same manner also അല്ലയോ പ്രി

യരേ and not അയ്യോ പ്രിയരേ! The chief interjection for expressing contempt is ഛീ, besides also ഛെ or ഛേ. To express assent generally a nasal ഉം, ഓം, ഉവ്വ (in the South of Malabar taking the place of അതേ = അതു + ഏ *cf.* § 213, 4), and നിശ്ചയം are employed, whilst ഓഹോ in most cases will indicate doubt. എടാ (എടീ, എടി) in difference from ഏടോ (hey!) can only be used in addressing male inferiors, and under other circumstances may be taken as an insult. ചാകുന്ന മൎത്ത്യങ്കന്നും (§ 269) പുല്ലു പോലേ ചമയുന്ന മനുഷ്യപുത്രങ്കന്നും ഭയപ്പെടുവാൻ നീ ആരുപോൾ (§ 210, 2) എടീ Is. 51, 12.

§ 265. In ശ്രേഷ്ഠൻ (ex. 199) we meet with a *Sanskrit Superlative.* There are two kinds of Comparisons in Sanskrit:

I. The Comparative adds തരം and the Superlative തമം (corresponding to τέρος and τάτος in Greek). Comparative seldom, *f. e.* പ്രിയതരം dearer; but Superlative more frequent: പ്രിയതമം, ഉത്തമം highest (from ഉ ദ), *f. e.* ഉത്തമപുരുഷൻ. There is still a Superlative of ഉത്തമം, namely: ഉത്തമോത്തമം (ഉത്തമ + ഉത്തമ, *cf.* § 247, 2) best of the best, ഉത്തമം being the square and ഉത്തമോത്തമം the cubic of "good"; — അല്പതരം, സാധുതരം.

II. Comparative: ഈയസ്സ് (ईयस्); Superlative ഇഷ്ഠം (corresponding to ίων and ιστος in Greek). This Comparative scarcely occurs in Malayalam (അല്പീയസ്സ് less; ശ്രേയസ്സ് better, from ശ്രീ; സ്ഥേയാൻ more firm), but the Superlative is not uncommon at all; *f. e.* ശ്രേഷ്ഠൻ (most excellent, from ശ്രീ); അല്പിഷ്ഠം very little; ധൎമ്മിഷ്ഠൻ most virtuous; പ്രേഷ്ഠം dearest; പാപിഷ്ഠൻ worst, a great sinner; വരിഷ്ഠൻ the best (വരം excellent); വൎഷിഷ്ഠൻ the greatest, oldest (വൃദ്ധൻ); സാധിഷ്ഠൻ most perfect; സ്ഥേഷ്ഠൻ most firm etc. വരം, വരീയസ്സ്, വരിഷ്ഠം good, better, best.

§ 266. Sanskrit words can be introduced in Malayalam *ad libitum*, still words scarcely used in colloquial language very often do occur in Poetry. Not only that, *f. e.* പിതാ is used instead of അച്ഛൻ, we also read ജനകൻ (from ജൻ, *gingo* Lat.) ചൊല്ലാൽ; എന്നു ചോദിച്ചു ജനകൻ (father); in the same manner ജനനി mother; ജാനകി daughter of ജനകൻ (Sīta); *f. e.* ഉണ്ടായ നാളേ ജനനി മരിച്ചിതു—ജനിതാവു father. For ജാതൻ (son) see ex. 194; so ജാതം born, arisen; *f. e.* മൎത്ത്യരിൽ ദൈവം ജാതം God is born amongst men. In the same manner കാന്തൻ instead of ഭൎത്താവു; *f. e.* വെള്ളവും കാച്ചി കളിപ്പിച്ചു കാന്തനെ she boiled water and bathed her husband; wife കാന്ത; സുതൻ son; സുത daughter.

Also Sanskrit *Adverbs* are introduced into Malayalam Poetry (see § 262, VI.); *f. e.* കാലം കഴിഞ്ഞു പുരാ that time is already (*formerly*) gone; ഒന്നല്ല ദുഃഖങ്ങൾ പിണെച്ചു പുരാ not one (only many) afflictions did embarrass me formerly; ബാല്യകാലത്തിൽ കൊടുത്ത വെള്ളം നിനെച്ചല്ലയോ നാളികേരങ്ങളനാരതം the cocoanut tree (നാളികേരം) does it not think continually of the water that was given to it in its youth? അനാരതം = ഇടവിടാതെ.—ഇദം പുനഃ സംഘടിപ്പിപ്പാൻ മഹാ പ്രയത്നം സഖേ! to

unite this *again* will be a great exertion, oh friend! ഞാൻ വീണ്ടും ഈ പ്രദേശത്തു സൌഖ്യം ആയി നടക്കുന്നേൻ Thus (ഇപ്രകാരം) I walk about in this country in good health; ഞണ്ടു കഴിച്ചാശു കൊന്നു കേട്ടില്ലേ did you not hear how the crab bit and killed (it) *quickly* (വേഗത്തിൽ); യദൃച്ഛയാൽ ചെന്നു കണ്ടു *accidentally* he went there and saw (him); വൃഥാ "in vain", we know already (also വൃഥാവിൽ to no purpose); ഇന്നു താഴ്ച എന്നി വാഴ്ച കൊള്ളുന്നു യുക്തം to-day humiliation, without glory (rule) is fit (for me) *surely*. എന്റെ കൈ നിന്റെ മെയ് പുണരേണം നൂനം my hand must embrace thy body *certainly*.

§ 267. *a*. Not only Sanskrit Verbs also Flexions of the Verb are introduced in Malayalam Poetry. So in ex. 195 we met with the form ജ്ഞാതം (= അറിയപ്പെട്ടതു), which is Past Perfect Passive in Sanskrit and answers to the Neuter Noun derived from the Adjective Past Participle of the Passive Voice (അറിയപ്പെട്ട). The Participle Passive Perfect is formed in Sanskrit either by affixing ത (sometimes ഇത) or ന to the root. This Participle, like the Latin or Greek Participle, has three Genders, and is declined according to the അ. Declension; *f. e.* ശക്തഃ, Feminine ശക്താ, Neuter ശക്തം. Introduced into Malayalam these Participles are employed as Nouns. Personal Masculines take the termination അൻ (ശക്തൻ instead of ശക്തഃ), Personal Feminine end in അ (ശക്ത for ശക്താ) and the rest will form Nouns ending in അം; *f. e.* സ്നേഹിതൻ (സ്നേഹിക്കപ്പെട്ടവൻ beloved one, male friend); സ്നേഹിത (സ്നേഹിക്കപ്പെട്ടവൾ female friend); സ്നേഹിതം (സ്നേഹിക്കപ്പെട്ടതു friendship). Nouns of this kind in Malayalam are: ശക്തൻ (√ ശക്); ഭിന്നം (√ ഭിദ്) split, defeat; ഗീതം (√ ഗാ) song; ഹീനം, ഹീനൻ (√ ഹാ) deprived of, defective; പൂർണ്ണം and പൂരിതം (√ പൂർ) filled, accomplished; ഗതം (√ ഗാ); ജാതൻ, ജാതം, ജനിതൻ (√ ജൻ) see § 266; കൃതം, കൃതം (കൃതജ്ഞൻ = കൃതം + ജ്ഞൻ one knowing what has been done, grateful; കൃതഘ്നൻ = കൃതം + ഘ്നൻ one who kills or forgets what has been done, ungrateful); ചിന്തിതം; ജീവിതം; ദുഃഖിതൻ; ബിംബിതം (what has been reflected); ഭാഷിതം; ശോഭിതം (splendour); ഖ്യാപിതം, ഖ്യാപിതൻ (fame, famous one); ഹതം (√ ഹൻ) killed; ദത്തം (√ ദാ) given; നമ്മുടെ നൃപോക്ഷിതം; ഖ്യാപിതതന്നം ഹാനി വന്നു പോം; നമ്മുടെ നിശ്ചിതം മഹാദോഷം; ശത്രുക്കളാൽ ദത്തമാം ഭോഗ തിന്നം; ക്ഷേമം എന്റെ ഉള്ളിൽ പൂരിതം (നിറെക്കപ്പെട്ടതു); എന്നോടു കള്ളന്മാരു സന്തോഷകല്പിതം (കല്പിക്കപ്പെട്ടതു); ലോകത്തിൽ ഭയം, ഏകനാൽ ജിതം (ജയം പ്രാപിക്കപ്പെട്ടതു); അവ്യക്തം സ്പഷ്ടമായി പ്രകാശിതം (പ്രകാശിക്കപ്പെട്ടതു); പുരോക്തൻ എന്നു ജീവിതൻ (ജീവിപ്പിക്കപ്പെട്ടവൻ).

This kind of Noun occurs but very seldom in prose; almost all of them may be rendered by a common Noun too; *f. e.* കല്പിതം = കല്പന; ബിംബിതം = ബിംബം; രഹിതം = രഹസ്യം; ദത്തം = ദാനം. a. s. o.

Of course being originally Participles they may be employed in the place of Adjectives or Adjective Participles too; *f. e.* ചിന്തിതം കാര്യം മുടക്കീടുവാൻ എന്തു മൂലം? (ചിന്തിച്ച കാര്യം); രക്ഷിതധനം (രക്ഷിച്ചധനം); ചിരേണ സമ്പാദിതം വർദ്ധിപ്പിച്ചു തത്ക്ഷണം സത്പാത്രങ്ങളിൽക്കുളേണം ചെയ്തീടേണം increasing perpetually the wealth acquired we must place it at once as an offering in worthy vessels.

*b*. In ex. 197 we meet with a *Sanskrit Imperative* too (ത്രാഹി); ത്രാഹി is Imperative Singular Second Person of ത്രാ save = oh save! Other Imperatives of this kind are ജയ (= നീ ജയിക്ക); വദ speak; രക്ഷ (= രക്ഷിക്ക); കഥയ tell; പശ്യ behold (√ പശ്) = കാ

ങ്കിൽ, ഓർത്താൽ; ശ്രുണു (√ ശ്രു hear); ദേഹി (= ദാ!); പാഹി (√ പാ save!) ഏഹി come (√ a + i). അസ്തു is the Third Person Imperative Singular of അസ്മി I am, *f. e.* in ശുഭമസ്തു, സുഖമസ്തു, നമോസ്തു etc.; *f. e.*

"ഹാ ഹാ! മഹാരാജ! രക്ഷിക്ക! രക്ഷിക്ക!
ഹാ ഹാ! മഹാദേവ! പാഹിമാം! പാഹിമാം!"
"ദേഹിയെന്നക്ഷരം ചൊല്ലും ജനത്തിന്റെ
ദേഹത്തിൽനിന്നു മാറും മഹാലക്ഷ്മിയും"
"ദേഹി എന്നു രണ്ടക്ഷരം പറക". (= beg!)

Also the Imperative Plural occurs; *f. e.* in ദത്ത.

## Exercise 1.

*Language of Pulayars.*

പുലയരുടെ സംഭാഷണം.

| | |
|---|---|
| ആന്, ഉക്കാന്, എള്ളിപ്പറമ്പത്താത്തന്, എറിയാത്തന്, എള്ളെയ്യ്, അങ്കള് ഓയിക്കോട്ടങ്കാടീല് ഉല്ലുമെട്ടും ഒണ്ടേപായി. | ഞാനും ഉക്കാനും എള്ളിപ്പറമ്പത്താത്തനും (ചാത്തനും) ചെറിയ ചാത്തനും, എള്ളെയ്യും ഞങ്ങൾ കോഴിക്കോട്ടു അങ്ങാടിയിൽ പുല്ലുകെട്ടും കൊണ്ടുപോയി. |
വാട്ടമെന്നിയേ ചിരാൽ[5] തളിർക്കുമസംശയം[6]
ദുഷ്ടവാക്കിനാൽ ദഗ്ധമായതു[7] തളിർക്കില്ല.
ഒട്ടേറക്കാലം[8] കഴിഞ്ഞാലുമെന്നറിയേണം.

Iṭṭikōmbimaṭhavāsa Pañčatantram.

### II.

ഭാര്യയാകുന്നതവൾ, ഏവൾ മന്ദിരദക്ഷ.[1]
ഭാര്യയാകുന്നതവൾ, ഏവൾ സൽപ്രജാവതി.[2]

---

1) = കുട്ടിയുടെ; *cf.* നായിന്റെ. 2) To the hill. 3) See § 213, 8. 4) = ഇപ്പോൾ. 5) Do not know where the bridge has broken. 6) ആററം something, somewhat.

I. 1) Jungle. 2) അകെക്ക, അകെച്ചു to bud, അകെച്ചീടും = അകെക്കും see § 271. 3) See § 257. 4) Forest, jungle. 5) ചിരം long time; *Adv.* ചിരായ, ചിരാൽ, ചിരേണ *Dat. Abl.* and *Instr.* 6) അസംശയം. 7) ദഗ്ധം Part. Past Pass. Neuter, *cf.* § 267, *a.* ദഹ് (दह्) to burn, ദഹ് + തം = ദഗ്ധ, ഹ before ത being changed into ഗ, and ത into its aspirated soft consonant; hence: "burned" ദഹിക്കപ്പെട്ടതു. 8) After a little while.

II. 1) മന്ദിരം = വീടു, ദക്ഷൻ (*fem.* ദക്ഷ) dexterous; hence: വീട്ടുപണിക്കു പ്രാപ്തിയുള്ളവൾ. 2) Fruitful, not to be confounded with പ്രജാപതി king; സൽപ്രജാവതി നല്ല = മ

ഭാൎയ്യയാകുന്നതവൾ, ഏവൾ വല്ലഭപ്രാണ.[3]
ഭാൎയ്യയാകുന്നതവൾ, അതിഥിപ്രിയ[4] ഏവൾ.
പാതിയും മനുഷ്യന്നു ഭാൎയ്യയെന്നറിഞ്ഞാലും.
മേദിനീപതേ[5] ഭാൎയ്യ വലിയ സഖിയല്ലോ!
ധൎമ്മാൎത്ഥ[6]കാമങ്ങൾക്കും[7] കാരണം ഭാൎയ്യയത്രേ.
കൎമ്മികളാകുന്നതും ഭാൎയ്യാവത്തുക്കളത്രേ.[8]
ബന്ധുമാനാകുന്നതും ഭാൎയ്യയുള്ളവനത്രേ.
അശ്രാന്തം[9] പ്രിയം പറയുന്നതും ഭാൎയ്യയത്രേ.
വിശ്വാസ്യനാകുന്നതും ഭാൎയ്യയുള്ളവനത്രേ.
സാക്ഷിയായീടുന്നതും ഭാൎയ്യയുള്ളവനത്രേ.
പരബീജത്തെ[10] ധരിച്ചീടുന്ന കുലസ്ത്രീകൾ[11]
നരകം പ്രാപിച്ചീടും കുലവും നശിച്ചീടും.

Mahābhāratam.

## III.

തങ്കലേ പ്രഭുത്വവും[1] കാട്ടിനില്ക്കുന്ന ഭവാൻ
സങ്കടം ശമിപ്പിപ്പാൻ ആളല്ലെന്നതും വന്നു.
തന്നുടെ കാൎയ്യത്തിങ്കൽ ദീക്ഷിച്ചു വസിക്കുന്ന
ദുൎന്നയന്മാരെ[2] ചെന്നു സേവിക്കുന്നവൻ ഭോഷൻ.[3]
പൎവ്വതങ്ങളും മരക്കൂട്ടവും[4] ലതകളും[5]
ദുൎവ്വഹങ്ങളല്ല[6] ഏതും ഭൂമിക്കെന്നറിക നീ!
ദീനമാനുഷന്മാരിൽ കാരുണ്യമില്ലാത്തൊരു
മാനുഷാധമന്മാരെ[7] ധരിപ്പാൻ പാരം ദണ്ഡം.[8]
തന്നുടെ ജനനം കൊണ്ടന്യനാം ഒരുത്തന്റെ
ഉന്നതി[9] വരുന്നാകിൽ ധന്യനശ്ശരീരവാൻ.[10]
തന്നുടെ ഉദരത്തെ പൂരിപ്പാനകോവിദൻ.[11]
മന്നിൽ[12] ഇല്ലൊരുത്തനും എന്നതു ഗുണമല്ല.
കൎമ്മ വാക്കായങ്ങളാൽ[13] അന്യരെ പാലിക്കേണം.
ധൎമ്മം ഒന്നിതു തന്നേ പോരും എന്നറിഞ്ഞാലും.
നിൎമ്മലൻ[14] നിരഞ്ജനൻ[15] വിശ്വനായകൻ[16] ദേവൻ
ധൎമ്മമുള്ളവൎകളിൽ പ്രീതനായി വരും,[17] ദൃഢം.

Naḷačaritam.

---

ക്കളുള്ളവൾ. 3) വല്ലഭൻ husband; *fem.* വല്ലഭപ്രാണ a wife that will not survive her husband. 4) അതിഥി guest. 5) മേദിനി earth, പതി lord, the whole = king, see § 255, II. *b*. 6) See § 268, 18. 7) Pleasure. 8) ഭാൎയ്യയുള്ളവർ. 9) Married. 10) Illegal issue. 11) Noble women.

III. 1) Authority, sovereignty. 2) People of bad conduct, playing tricks. 3) Fool. 4) A clump of trees, grove. 5) Creeper (വള്ളികൾ). 6) Unbearable, troublesome. 7) See § 276, 1. 8) Stick, punishment, hard labour. 9) Height, advancement. 10) ധന്യൻ fortunate, ശരീരവാൻ person. 11) അകോവിദൻ = അറിയാത്തവൻ. 12) Earth. 13) Body. 14) The Pure, God. 15) Without pain, pure, God. 16) Lord of the universe. 17) Beloved.

## IV.

ശതകൂപത്തിൽ[1] പരം വാപി[2] എന്നറിഞ്ഞാലും;
ശതവാപിയിൽ പരം യാഗം[3] ഒന്നെന്നു കേൾപ്പൂ;[4]
ശതയാഗത്തിൽ പരം പുത്രന്മാരൊന്നല്ലോ നൂനം;[5]
ശതപുത്രരിൽ പരം സത്യം ഒന്നെന്നു കേൾപ്പൂ.
സഹസ്രമശ്വമേധത്തോടൊരു[6] സത്യംതന്നെ;
സഹസ്രപത്രോത്ഭവൻ[7] തൂക്കി പണ്ടെന്നു കേൾപ്പൂ;
അന്നേരത്തൂങ്ങിയതു സത്യമെന്നറിഞ്ഞാലും.[8]
മന്നവാ[9] സത്യത്തെക്കാൾ വലുതില്ലൊന്നുമോൎത്താൽ.
സൎവ്വവേദവുമൊക്ക നിത്യവും ജപിക്കിലും,
സൎവ്വതീൎത്ഥങ്ങളിലും നിത്യവും കുളിക്കിലും,
സത്യത്തിൻ ഫലം സഹസ്രാംശമില്ലറിഞ്ഞാലും.
സത്യത്തിൽ പരം ഒരു ധൎമ്മം ഇല്ലോൎക്കേണം നീ.

Mahābhāratam.

## Exercise 3.

*(Free Translation.)*

| | |
|---|---|
| 1. ഉദിച്ചിട്ടസ്തമിക്കുമ്പോൾ | Zwischen Auf-und Niedergang |
| 2. പകലങ്ങു കഴിഞ്ഞുപോം; | Zieht sich hin ein Tag so lang; |
| 3. അതിന്നകത്തെന്തു പുണ്യം[1] | Was zu thun und was zu lassen |
| 4. സമ്പാദിച്ചെന്നുമോൎക്കണം. | Sollst du wohl zu Herzen fassen! |
| 5. നല്ലകാലമൊരുവന്നു വരുമ്പോൾ | Ist die rechte Zeit gekommen, |
| 6. ഇല്ലൊരേടവുമവന്നു മുടക്കം.[2] | Alles muss dir schliesslich frommen. |
| 7. ശല്യമൊന്നിലവനന്നു[3] തുടൎന്നാൽ | Will sich was in Weg dir stellen, |
| 8. തെല്ലടങ്ങി[4] മരുവുന്നതു[5] കൊള്ളാം.[6] | Weich! es legen sich die Wellen. |
| 9. ന്യായമാരു പറഞ്ഞാലും ആയതപ്പൊഴെടുക്കണം. | Die Wahrheit nimm aus jedem Munde; |
| 10. കുറഞ്ഞവരിൽനിന്നിട്ടും കുറവില്ലറിയുന്നതു. | Ist klein der Mund, wenn köstlich nur die Kunde. |

IV. 1) Pit, well. 2) An oblong tank. 3) Sacrifice. 4) See § 174. 5) Surely. 6) സഹസ്രം (1000) + അശ്വ (horse) + മേധം (sacrifice). 7) ബ്രഹ്മാവു risen from the lotus. 8) See § 232. 9) King, *Voc.* see § 256. For more specimens of good Malayalam poetry see Dr. Gundert's പാഠമാല (out of print).

1) A good action, merit. 2) Obstacle, hinderance. 3) ശല്യം ഒന്നിൽ അവന്നു; ശല്യം embarrassment. 4) തെല്ലു a little. 5) മരുവുക to abide. 6) See § 141.

# APPENDIX I.

## Malayalisms.

അകവും പുറവും നോക്ക examine closely. അകടുവികടാക്കി spoiled it all. അങ്ങാടിപ്പാട്ട the talk in the town. അച്ചാരം വെക്ക betroth. അടവുകൾ പിഴെക്ക fail in examination. നല്ല അടി (കശാൽ) good luck. മൂന്ന അടിച്ചു പോയി it struck three o'clock. ശ്വാസം അടങ്ങി died. വയററിന്ന അടിക്ക to impose a fine. എടുത്തതിന്ന അടുത്ത കൂലി pay according to the work done. മുട്ടെക്കടുത്ത കോഴി a young fowl about to lay the first egg. അനുഭവം വെക്ക plant a parambu. അതിന്റെ ഇപ്പുറവും അപ്പുറവും നോക്കാതെ without hesitation. അഭയം പറക ചെല്ലുക വീഴുക surrender on discretion. അമ്മിട്ടം (the lower lip) കടിക്ക mark of displeasure, perplexity. അരവൈദ്യൻ a tolerable physician. അരങ്ങത്തു വരിക, അരങ്ങേറുക exhibit publicly. അരിയും തണ്ണീരും എത്തീട്ടില്ല did not die. അരിയുടെ നീളം life time. അറിമുഖം ഉണ്ടാക്ക (വരുത്തുക) to contract acquaintance. അറാത്ത വാക്ക് conditional promise. അറുതി ചെയ്യു (വെക്ക) finish, fix the last term. അററം കണ്ട ബുദ്ധി thorough knowledge. ഇങ്ങേ അററം ഒരു കാശുപോലും ഇല്ല even a pie. അററമററം കേറുക to be in furious passion. അല്ലും തല്ലും പറക grumble, make grievance of it. അവററ പോയി those fellows went. അവളിൽ അവന്ന മനസ്സുഴിഞ്ഞു he fell in love with her. അസ്ഥ വാങ്ങുക to become a beggar, be reduced to nothing. നാട്ടിൽ അഴിയുന്ന മൎയ്യാദ current custom. അഴക്കറുക്ക to snuff a candle.

ഒന്നിന്നും ആകാ good for nothing. ആചാ(ശാ)രം തീൎക്ക, കൊടുക്ക to restore dowry, divorce. ആഞ്ഞി നോക്കുക searching look. അവനെ ആട്ടം പാട്ടം കൊടുത്തു പായിച്ചു കളഞ്ഞു drove him off by a sharp word. ഇവൻ ഒരു ആണി ആകുന്ന prime mover. ആന്തരമില്ലാത്തവൻ superficial man. ആരും ഓരും ഇല്ലാത്തവൻ left alone in the world. കേട്ടവാറാക്കീല did as if he had not heard it. ആറുനോററുപോക to be under a vow, to bathe and fast, to go on one's way, governed by one single thought, unmindful of hunger etc. അവൻ അതിന്ന ആൾ he is responsible for that.

പടയിലും ഇടയിലും at home and abroad. ഇട പറക = അവധി to speak for one, intercede. ഇടത്തൊണ്ട വിറെച്ചു ചൊല്ലുക to be choked. ഒരുവേൻറടം കഴിക്ക to do one's duty, to pass one's days. തന്റെ ഇടത്തും വലത്തുമായി with shield and sword. ഇടത്തിട്ട നാവു വലത്തിട്ടില്ല did no more speak. ഇടിപൊടിയായി in haste. ഇടിപൊടിയാക്കി reduced to dust, of furious combat. അവന്ന ഇടിവു പററി he was degraded. ആണയിടുക swear. ഇണങ്ങിന്ന പുറത്തു വെക്ക to suspend from caste privileges. അവന്ന ഇരുത്തം കൊള്ളുന്നില്ല tumbled. വിഷം ഇറക്കുക to expel poison. വീട്ടിൽ നിന്നിറക്കുക to send out of the house. ഒരുവനെ ഇറക്കി കളക to dispossess the tenant. വല്ലതും ഇറങ്ങുക to swallow anything. ദീനം ഇറക്കം വെച്ചു the patient is getting better. ഇറക്കേണ്ട സമയം as long as I live. നാം ഇങ്ങോട്ടു ഇറങ്ങുക let us go.

ഒന്നും ഇറങ്ങാത്ത സമയം when dying. എണ്ണ ഇളമിച്ചു പോയി (തണുപ്പു പററി) the oil has lost its virtue.

ഈറ എന്നു പറയിക്ക (disgust). ഈറ്റെടുക്ക to be in labour.

ഉക്കത്തെടുക്ക to carry a child (after the manner of Natives, on the hips). ആരാന്റെ ഉക്കത്തു പാൎക്ക (എറയത്തു) let under one's jutting roof. ഉച്ചതിരിഞ്ഞു afternoon, also height of age (above 50 years). ഉച്ച് പിടിക്ക to become a crack-brained man. ഉടെക്കത്തരം പറക = തറുതല പറക to speak indirectly, evasively. മാങ്ങ ഉണ്ണി തിരിഞ്ഞു the blossom has developed *a fruit*. അറിമുഖം ഉണ്ടാക്ക to contract acquaintance. ഒരുവന്റെ ചോർ ഉണ്ടു പോയി to be once indebted to anybody. ഉത്തരവും പ്രതിയും ഇല്ല silent. ഉന്തും തള്ളും quarrel. അവന്റെ ഉപ്പും വെള്ളവും എത്തീട്ടില്ല (ആയുസ്സ്, അരിനീളം). തമ്മിൽ ഉരനില്ക്ക resist, to fight it out. കാൎയ്യം ബഹു ഉരുസൽ ആയ്പ്പോയി in confusion. ഉരുക്കഴിക്ക, ഉരുവിടുക to repeat. മനസ്സിൽ ഉരു എത്തിപ്പോയി an impression fixed on the mind. ഉരുത്തിരിയുക to be shaped as child in womb, become distinguishable. ഉരുട്ടും പിരട്ടും പറക to speak nonsense. ഉരുണ്ടു പിരണ്ടു പോസ്സുളക to fly for life, to tumble off anyhow. ഉറക്കം ഇളെക്ക, സഹിക്ക to keep awake (*opp.* തെളിക). ഉറക്ക് ഒഴിയുക to awake, watch. ഊക്കുക dose. കുററം ഉറെക്ക to prove a charge. മനസ്സ് ഉറെക്ക to decide. മുട്ടെക്കു ഉലാവുക a he ton seek where to lay egg. ഉള്ളത്തിൽ പററുക (ഏറുക) a thought to raise.

ഊടായി പറക, നോക്ക, കേൾക്ക to communicate a secret, watch, listen curiously. നല്ല ഊട്ടിൽ തീരുക born most auspiciously. ഊന്നി വായിക്ക (വാക്കു ഊന്നുക) spell through, read laboriously. ഊരും ഉടലും ഇല്ല neither influence nor security. ഊററം പറക boast, threaten. ഊഹം കൊണ്ടു കോട്ട കെട്ടുക build castles in the air.

എന്റെ വീട്ടിൽ എച്ചിലും കപ്പയും ആയി we are reduced to greatest poverty. വീടു എടുക്ക to build a house. വായിൽനിന്നു വീണാൽ എടുത്തൂടാ cannot be retracted. നാവെടുത്തു പറക to speak loudly. എണ്ണപ്പെട്ടവൻ influential, respected. എണ്ണിപ്പറക to speak diffusely. ഒരുവനോടു എത്തുക to overtake or conquer any one. എനിക്കു ഒരുവനെ കൊണ്ടു എത്തുക to have any profit by somebody. എറിഞ്ഞു പറക to talk as if throwing at one. എള്ളോളമില്ല not a bit.

ഏടാകൂടം കൂട്ടുക to raise a mutiny. ഏടാകൂടം കാട്ടുവാൻ ഭാവിച്ചു showed a rebellious spirit. വഴിക്കലേക്കു ഒരു ഏണി ഇരിക്കട്ടേ may he meet with opposition. ഏന്തി ഏന്തിക്കൊണ്ടു നടക്ക to walk with evident pain. ഏറക്കുറ കണ്ടു മുതൽ nearly all the property. ഏററം കെട്ടുക to fasten a string to creepers. ഏലായി nicely done.

സംഗതിക്കു ഒത്തതു പോലേ പറക in keeping with the circumstances. നാം ഒത്തു നില്ക്കേണം ready for help. ഒടി വെക്ക to use enchantment. ഒടി തീൎക്ക to counteract enchantment. ഒട്ടുക്കാക, ഒട്ടിടുക to sum up. ഒന്നിനൊന്നായി പറക to leave no point answered. ഒഴിച്ചു തരിക to vacate. ഒരു നാളുമില്ല never.

ഓടുക understand. ബുദ്ധിക്കു ഓട്ടം ഉണ്ടു quick apprehension. ഓട്ട തോണിയിൽ ഒഴക്കുക to try and get rid of me. ഓതി ഇറക്ക to expel poison by formulas. ഓളം കളിക്ക (ഇടുക) to live in pleasure or grand style.

കടം ചെയ്യു (കൂട്ടുക) to make debts. കടം കൊൾക; മേടിക്ക to borrow. കടം കൊടുക്ക to lend. കടം ഇളെക്ക (പൊറുക്ക) to remit. കടം ഒഴിക്ക (വീട്ടുക) to pay

debt. കാൽ കടയുക the leg pains from walking. കടി കടി എന്നു പറക to speak harshly. ചിരട്ട ചെവിക്കു കടിപ്പിക്ക torture by pinching the ear. കണക്കിൽ ഇടുക to charge an account. കണക്ക് ബോധിപ്പിക്ക to give account. കണക്കു തീൎക്ക to settle accounts. നല്ല കണക്കിൽ പറഞ്ഞു കൊടുത്തു to speak exhaustingly on. നല്ല കണക്കിൽ അടിക്ക to beat soundly. കണക്കിൽ ആക്ക kill. കാൎയ്യം കണക്കിൽ ആക്ക achieve. അവൻ പോവാൻ കണക്ക് he has gone it seems. എനിക്കു എല്ലാം കണക്കു I am content with all. കണക്കും കാൎയ്യവും or കൈയ്യും കണക്കും public business. കണ്ണിൽ ചോര ഇല്ലാത്തവൻ pitiless. കണ്ണിമ കൂട്ടിയില്ല; കൺകൊണ്ടു പൂട്ടിയില്ല could not sleep. കണ്ട കാഞ്ഞവൻ steady, stubborn, perverse. നിന്റെ കണ്ട താറ്റി കളയും I shall break your neck. കണ്ടവൎക്കു കൊടുക്ക to give the next best. കണ്ടു കണ്ടില്ലെന്നിരിക്കുന്നവർ one hardly known. കണ്ടേടവും anywhere. കണ്ട മുതൽ all the property. കത്തലടക്ക to take the morning meal. കത്തിക്കാഞ്ഞു പോക to be scorched by the sun. കഥ കഴിഞ്ഞു died. കഥ കഴിക്ക kill. മുഖം കനപ്പിക്ക to frown. കനം കെട്ടി പറക to speak plausibly. കപ്പൽ തീൎക്ക to build a ship. കപ്പൽ ഏറുക embark. കപ്പൽ ഇറക്ക launch. കപ്പൽ നീക്കുക start. കപ്പൽ ഓട്ടുക sail. കപ്പം കാട്ടുക to declare oneself a vassal. കപ്പം കെട്ടുക to give tribute. കഫം കട്ടക്കി വലിക്ക to have a sore throat. കമ്പി കളിക്ക, പിണയുക to be ensnared. കഞ്ഞിക്കു കയറിക്കൊൾക to go home to take food. പണി കയറുക to rise from labour. എഴുതി കയറുക to finish with writing. കര കാണുക to come to a conclusion. കര കാണാതിരിക്ക to be bewildered. കര കണ്ടവൻ thoroughly versed. കരക്കിടുക bring to shore. കറുപറക, കറുപഠിക്ക to invent a story, make out without a teacher. കലശൽ (അടിപിടി) കൂടുക to quarrel. നെഞ്ഞുകലിക്ക to be in a rancid state. കല്പിച്ചു കൂട്ടുക to fix on a course to be pursued. കല്പിച്ചു കൂട്ടിക്കൊണ്ടു ചെയ്ക to do intentionally or in spite of one. കല്ലിൽ ഇട്ടകാൽ disappointment. തലയിലേ കല്ലിളക്കുക to be crazy. കവുളി തുപ്പുക to rinse the mouth. കക്ഷം വെക്ക to lay the forefinger upon the nose in expression of surprise or sorrow. കളവു കാട്ടുക to idle away time. കളവും കയ്യുമായകപ്പെടുക to be seized in the very act. എന്റെ കള്ളിയിൽ ആക on my side or party. വല്ലതും കഴിക്ക to eat. ഒഴികഴിവു പറക to excuse oneself. കാടിയും പീരയും തിന്നു being very poor. കാടായി കിടക്ക to lie in waste. കാടും പടലും പറക to talk in a confused manner. കാടും മലയും കയറുക to walk hard. കാടു വാവാ വീടു പോപോ എന്നു പറയുന്ന കാലം death. വെള്ളം കാട്ടുക to water cattle. കാണാപാഠം by heart. കാണിച്ചുകൊടുക്ക betray. അവനു കാതൽ ഇല്ല=നിസ്സാരൻ. തീ കായുക (കുളിർ മാറുക) to warm oneself. നിലാവു കായുന്നു the moon shines. കാൎയ്യമായി സംസാരിക്ക speak without illustration. അവന്റെ കാൎയ്യം കഴിഞ്ഞു he is dead. നിണക്കെന്തു കാൎയ്യം what have you to do with this? പറഞ്ഞെന്തു കാൎയ്യം what is the use of further talking. കാൎയ്യമായുള്ളതു ചൊല്ലി gave good advice. കാൎയ്യം എന്നോൎത്തു thought is reasonable. കാൎയ്യം തന്നേ it is a fact. ഇതിൽ കാൎയ്യം ഒന്നും ഇല്ല it is of no use. കാൎയ്യം നടക്ക business to be done. കാറ്റുകൊണ്ടു നടക്ക (ഏല്ക്ക) take an airing. അവനു കാറുണ്ടു he is crazy. കാറാക്ക to make one crazy. കാൽ പിടിക്ക a client to prostrate himself at a superior's feet; to beg pardon. വയറ്റിന്നു കാളുന്നു to burn from hunger. ആ കിടയിൽ ആരും കാണാ

ററില്ല none like him. കിടക്കട്ടെ (വേണ്ടതില്ല) let it be. കിത്തി കിത്തി നടക്ക to walk on tiptoes. കിറഞ്ഞു വാങ്ങുക to insist or force it from one. കിളറവു തോക്കി വലിക്ക to pull a boat over long waves or a long sea. കിഴിച്ചു പറക jeer. കുടൽ കത്തിപ്പോക to be frightened. കുടവൻ (വയറൻ) pot-bellied. കുടേറ്റം spasms in the bowels. വെള്ളം കുടിച്ചു ചാക to be drowned. കുടി മാറുക to wean. കുണ്ടി കുട്ടുക to stop the entrance of water. കാൎയ്യത്തിന്നു കുത്തം ഉണ്ടു that can be helped. ത്രാസിൽ കുത്തിക്കാൽ = മറെറാരുത്തൻെറ ചൊൽപ്പടിക്കു നടക്കുന്നവർ, പക്ഷം പറയുന്നവർ (to be partial). തോണി കുത്തുക to push a boat with poles, to row. കുത്തി ഇരിക്ക to sit on one's heels. തല കുത്തി പോക head to sink. കൈ കുത്തി നടക്ക to walk on all fours. വെള്ളം കുത്തി ഒലിക്കുന്നു the water rushes down. കുത്തി കവരുക house-breaking. കുത്തി കൊട്ടുക to calumniate. കുത്തി തിരുത്തുക to correct a writing. കുത്തി പ്പറക to speak pointedly. കുത്തി പ്പൊട്ടിക്ക to open a boil. കുത്തി പ്പൊളിക്ക to force open a door. കുത്തി വെക്ക (കുരുപ്പ കീറിവെക്ക) to vaccinate. മുഖം കുത്തി വീഴുക to fall on one's face. മുട്ടുകുത്തുക to kneel. കുനിക്കു പറക to speak consciously, to find fault with. കുപ്പ കിളപ്പിക്ക to provoke one. തൂക്കം കുറഞ്ഞു വീഴുക to lose the balance and fall. അങ്കം കുറെക്കുന്നു to fight a duel. ഇടി കുറെക്ക lightning to strike. മറുക്കുറി എഴുതുക to reply. കുറി യിടുക to mark the forehead. കുറി ഇല്ല don't know. കുറി കിട്ടുക, ഉണ്ടാക to prove. പണം കുറിയിൽ ആയ്പ്പോക money outstanding. കുശുമ്പു പറക talebearing. കുളത്തിലിറക്ക to deceive. കുളത്തിൽ ഇറങ്ങുക to despair. കൂട്ടവും കുറിയും quarrels. ദിവസം കഴിച്ചു കൂട്ടുന്നു contrives to support himself. കൂട്ടി ച്ചേൎത്തു വില്ക്ക to adulterate drugs. കൂട്ടി ക്കടിപ്പിക്ക, കുത്തിക്കടിപ്പിക്ക set against each other. കൂട്ടി പ്പറക (കെട്ടിപ്പറക) to exaggerate. കൂട്ടി ക്കൊണ്ടു പോക (ചെല്ക) to take along. അറവും പറവും കെട്ടവൻ an impudent. ഇടംകെട്ടവൻ inconsistent, narrow-minded. കാററം കുത്തുക to be proved. സ്നേഹം (മമത) കെട്ടുക to make friendship. കെട്ടി നില്ക്കുന്ന വെള്ളം stagnant water. കെട്ടി ഇരിപ്പു property in store. കെട്ടി പ്പാക്ക to be detained. കെട്ടി മാട്ടുക to construct a dam. കെട്ടി മേയുക to thatch. കെട്ടിയടക്കം seizure of mortgaged grounds, indemnity for unpaid rents, or failure of payment of interest. കെട്ടി യൊഴിക്ക to leave a house with one's baggage. കെട്ടി വെക്ക to lay up in store. കെട്ടുകെട്ടിപ്പോക to go for a journey. കെണിയും പണിയും അറിഞ്ഞവൻ one full of ways and means. മണം കേൾക്കുന്നു to smell. കൊണ്ട കൊ intimacy. ഒരു കയ്യായിരിക്ക to be at alliance. കയ്യാൽ കൂടുന്നപ്രകാരം according to one's means. കൈ ഏറുക to come to blows. കൈ ഏല്പ assault. കൈ ഏല്പിക്ക to take charge of. കയ്യൊഴിക to abandon, to be at a leisure. കൈകണ്ട വിദ്യ practised; expert. കൈ പിടിക്ക to reconcile. കൈഫലമുണ്ടാക luck in a physician, great results of poor means used. കൈ ബന്ധംകൊണ്ടു by a slip of hand. കൈ മടക്കുവാൻ ഏതും ഇല്ല have nothing to give. കൈ വിടുക abandon. കൊക്കയും കൊളുത്തും പറക to speak so as to embroil the matter. കൊഞ്ഞനം കാട്ടുക to make wry faces. തീ കൊടുക്ക to set fire. വൈരം കൊടുക്ക to bawl out. ഓർ ആൾക്കു കൊടുത്തതും തിന്നതും പറയുന്നതു ശീലമില്ല I don't like to stir up old accounts. കൊണ്ടു കൊടുക്ക to hand over. കൊണ്ടു താ bring here. കൊണ്ടുക്കാട്ടുക produce. കണക്കിലേററം കൊണ്ടു കയററുക add to it overmuch. കൊതി കൂടു

ക (കണ്ണു, വാറുക) to be bewitched by an evil eye, to have the appetite injured by a bystander. കൊത്തി വിളിക്ക a hen calling her chickens. നല്ല കൊത്തു = വരവു; ഒരു കൊളുത്തി laid a mind, set about to execute a deep plan. കൊള്ളി മുറിക്ക to vow lasting enmity by breaking a stick. കൊള്ളിവാക്ക പറക sarcasm, taunt. കോടി കൊടുക്ക to give unwillingly. വാക്കുകൊണ്ടു കോട്ട കെട്ടുക to talk much. കോട്ടുവായി ഇടുക (വായിടുക) to yawn. നല്ല കോപ്പാക fine thing. നല്ല കോൾ very fine. കോറുവായി പറക to speak sarcastically. ഇവിടെ കോളല്ല intolerable; I can't stop. കോൾമയിർ കൊൾക horripilation.

ഖണ്ഡിച്ചു പറക to speak decisively.

ഗൂഢിച്ചു പറക to speak with reserve. ഗുണത്തിനു പോക have something to do with. കത്തിൽ ഗുണദോഷങ്ങൾ കാണുന്നില്ല no details on the letter.

ചങ്ങാതിത്വം പിടിക്ക separate and reconcile disputants. ചട്ടം വെക്ക (ഇടുക) to lay down a rule, law. ചതിച്ചു പോകുമോ? does he leave us (said in love)? ചതുരംഗം, ചൂതുചതുരംഗം, ചൂതിങ്കരുവെക്ക, കളിക്ക, പൊരുക to play chess.[1] ആനച്ചന്തം വെച്ചു നടക്ക stately walk. ചമ്മണപ്പടി (ചമ്മണംപടി) ഇട്ടിരിക്ക (ചമ്പറ or ചമ്മണം കൂട്ടി ഇരിക്ക) to sit cross-legged. നിലം ചവിട്ടാതെ സേവിക്ക to take a medicine very early, still in bed. ചാടി വീണു കടിക്ക to leap against and bite. ചാകാറെ ചാക almost dead. ചാകാത്തതു എല്ലാം തിന്നുക to eat all except poison. ചെന്നു ചാടുക to precipitate. ഉടൽ ഒമ്പതു ചാണും വിറെക്ക to tremble all over (the body nine spans). ചാത്തികാരം പിടിക്ക to adjust a quarrel. എവിടേക്കു ചാഞ്ഞിരിക്കുന്നു where do you intend to go? ചാർച്ചയും ചേർച്ചയും ഉണ്ടാക to have friends of any kind. ചാർത്തി കൊടുക്ക to write for one. തൊണ്ട ചിനക്കുക (ഒച്ച കാട്ടുക) hem (räuspern), utter a warning cry to avert pollution. തൊട്ടാൽ ചിനുങ്ങി a child that cries at the slightest touch. കണ്ണു ചിമ്മിക്കളക to overlook. രണ്ടു കൈയിലും ചിരട്ട പിടിച്ചു പോക or നടക്ക to beg. ചിറ കെട്ടുക, കോരുക (മാടുക, മറിക്ക, തടുക്ക) to dam a river. ചിറ കുഴിക്ക, മുറിക്ക, വിടുക to dig a tank, to empty it. ചീച്ചുകളക (പറക) to render useless, dishonor. ചുട്ടു പുകയുക to perspire. ചുററിക്കെട്ടി പറക to speak round about. ചുററി വളയുക, പിടിക്ക to besiege, to embrace. ചുവട്ടു പിടിക്ക to take root, grow rich. ചുഴിഞ്ഞു ചോദിക്ക to investigate closely, to ask endless questions. ചൂടാന്തരം എടുക്ക to feel inward heat. ചൂണ്ടി ചൂണ്ടിപ്പറക allude, hit with words. ചൂതുവെക്ക (കളിക്ക, പൊരുക, ആടുക) grumble, play with dice. ചെന്നു പിണയുക to get into mischief, to be taken in. നേരം ചെന്നു it is late. ചെമ്പു പുറത്തായി his guilding has worn off; he is found out. ഒരു ചെമ്പിലെ ചോറു eating the same meal. ചെലവു കഴിക്ക (ആക്കുക) to spend money, waste. ചെലവു ഇടുക, ചെലവു കഴിക to spend, to lay out, to live upon. ചെലവു കഴിക്ക to keep house. ചെവി കടിക്ക to malign. ചെവി ഇരെക്ക (മൂളുക, ഊതുക) ears to tingle. ചെവിട്ടിൽ പോക to obey. ചെവിട്ടു താഴ്ത്തി നടപ്പാൻ പാടില്ല I can hardly venture out, so ashamed I am of what people say. ചെളുക്ക

1) Chess-board ചതുരംഗപ്പലക; King രാജാ; The Queen is called മന്ത്രി ("minister"); the Bishop ആന (elephant); Horse കുതിര; Tower തേർ (chariot); Peasants കാലാളുകൾ Footmen. Terms: ഇക്ഷുരച്ചു, വെച്ചുരച്ചു, രാജാ നിന്നു (check-mate).

എടുക്ക skin to burst as between the toes. പറഞ്ഞതിന്നു ചേൎച്ച ഇല്ല the statements do not agree. നല്ല ചേൎച്ച ഉണ്ടു nice, to fit well. ചേലും ചട്ടവും a good character.

തലെക്കു ഒരു ചൊട്ടു a disappointment. കാൎയ്യം ചൊട്ടിപ്പോയി the matter proved abortive. തമ്മിൽ ചൊട്ടിപ്പോയി they fell out. അവനെ ചൊല്ലി എനിക്കു നിവൃത്തി ഇല്ല = അവന്റെ നിമിത്തം എനിക്കു സഹിച്ചുകൂടാ; ചൊല്ലിക്കൂട്ടുക to repeat a lesson. ചൊല്ലിക്കൂട്ടിക്ക to hear a child's lesson. ചൊല്ലിക്കൊടുക്ക, തരിക to teach, suggest. കണ്ണിൽ ചോര ഇല്ലാത്തവൻ pitiless.

ജീവൻ കത്തിപ്പോക to be frightened. തകൃതി പറക to talk big. ഒരുവനോടു തങ്കമുണ്ടാക to be in love. തടി ഉപേക്ഷിക്കുന്ന കാൎയ്യം enough to lead one to commit suicide. തട്ടം മുട്ടം പറക to oppose, object. കാൎയ്യം തട്ടിപ്പോക the scheme has proved abortive. തട്ടാമുട്ടി പറക controvert, evade. ഈ തരങ്ങൾക്കു ഞാനാളല്ല I cannot stand such a treatment. തരത്തിലാക്കുക to make comfortable. തരന്തരമായെടുക്ക to take according to the circumstances. തരം നോക്കുക to look for an opportunity. തരി പോലും ഇല്ല not a bit. അതിൽ തരിച്ചുപോയി quite taken up with it. തറക്കാർ moffussilites. തറവാട്ടുകാരൻ (മാനമൎയ്യാദക്കാരൻ) educated and well-to-do people. വാൽ തറിക്ക to put the tail between the legs. തലച്ചോററിൽ (ശിരസ്സിൽ) എഴുതുക one's destiny (ദൈവകല്പിതം, വിധി). തലമുട്ട കണ്ടില്ല I have not seen him at all.

പഴക്കവും തഴക്കവും continual experience. താക്കീതു അയക്ക to warn. താക്കോൽ കൊടുക്ക to mount a clock or watch. താങ്ങിപ്പറക to defend. താണു കൊടുക്ക to yield, give in. താമസവാക്കുകൾ കേട്ടു words of dark import. നെല്ലും തായാട്ടവും പറക to talk threatening injustice. താലോലഭാവം കാണിക്ക to spoil a child. താളം പിഴക്ക to miss time. വെയിൽ താഴ്ക to be towards evening. തേഷ്ചയും വീഷ്ചയും wear and tear. തിന്നു നിരങ്ങി നടക്ക to idle about. തിന്മാൻ കൊണ്ടുവാ bring betel. തിരക്കി നോക്കുക to look close. ഇടവും വലവും തിരിയാത്തവൻ illbred, clownish. വിഷം തീണ്ടി മരിക്ക die from snake bite. എന്നെ തീട്ടി പറഞ്ഞു alluded to me. കണക്കിടപാടു തീൎക്ക to settle accounts. തീൎച്ചയും മൂൎച്ചയും ഇല്ല nothing settled. തീൎച്ച പറക to speak decidedly (to mention last price). ഈശ്വരൻ തുണ in the name of God. തുമ്പ അറിയാതെ പറഞ്ഞു spoke not to the purpose. തുമ്പില്ലാതെ പറക to babble. പണിയും തുരവും ഇല്ല no employment. തുറന്നു പറക to open one's mind freely. അവൻ തുലഞ്ഞുപോയി I got rid of him, he died.

വടക്കോട്ടു തെണ്ടുക to go on pilgrimage. തെറുത്തു നോക്ക to fix one with the eye. അവർ തമ്മിൽ തെററി quarrel. ഒററയും തെററയും here and there. കാലം തെററിക്ക to disappoint by delay. തെററെന്നു as quick as short. കാർ തെളിഞ്ഞു it has cleared up. ആരാനെക്കൊണ്ടു തേച്ചു പറക to wound by allusions. കോപം തേടുക run into anger. തൊക്കി പറക to defend. തൊട്ടു വാശി തീൎക്ക to avoid touching. തൊപ്പി കിട്ടുക to be defeated at play. തൊള്ളയിടുക, തൊള്ളപൊളിക്ക to bawl, to make an indistinct sound with the mouth. തോററം വിളിക്ക to sing lullaby for children to sleep.

ദത്തു നീങ്ങുക, പിഴുക്കുക, ഒഴിക adoption to relinquish. ദത്തു കയറുക, പൂക്കു to be adopted. ദത്തു എടുക്ക, വെക്ക to adopt. ദയ വിചാരിച്ചു (ചെയ്യു) please. ദിക്കു മുട്ടുക to lose the way. ദൂഷ്യം പറക to find fault with. വേഷം ധരിക്ക assume shape. ധൂപം കാട്ടുക to burn incense.

നഖശിഖാപൎയ്യന്തം from top to toe. നഞ്ചു തിന്നപോലെ ആയി stupified. നഞ്ഞിടുക to catch fish. നടകൊൾക to walk solemnly. നടാനടെ one after the other. ചൊല്പടിക്കു നടക്ക to obey. നടാടെ somewhat before this; for the first time. നടിപ്പാൻ തക്ക വാക്കുകൾ provoking language. നന്ദി അറിക be thankful. നന്ന നന്നെത്രയും very well. നന്മ വരട്ടെ farewell. നല്ല പാമ്പു cobra. നല്ല ഭോഷൻ perfect fool. നല്ല ജാതി high caste. നാടു കടത്തുക transportation. നാടോടിഭാഷ current language. നാടു കുത്തിനില്ക്ക to stoop down. നാനാ വിധമാക്ക, വരുത്തുക disperse, waste. നാനാ വിധക്കാരൻ a profligate, adulterer. നാനാ വിധം കൂടാതിരിക്ക to live peaceably. നാററം പിടിക്ക begin to spoil. നാളം കോളം daily wages. നാൾപോക്കുക to spent or pass time. നിറയ ഉണ്ടിട്ടു with a full stomach. നിറം കെട്ടുക to lose one's character. ദോഷത്തിന്ന നിവൃത്തി amend. നിഴലെത്ര what is the time? നീട്ടി പാടിക്ക to drawl in singing. നീട്ടിപ്പറക to speak slowly. നീട്ടിക്കൊടുക്ക to give into the hand, point out. നീന്തി കടക്ക, കരേറുക to swim to the shore. നൂൽ ഓട്ടുക, നൂൽ ഇളെക്ക to line, to wind up. നെഞ്ഞേററവൻ bold. നെഞ്ഞിനോടു നെഞ്ഞു പാഞ്ഞു breast against breast. നെഞ്ഞിത്തു തച്ചു കരതി അടെച്ചു lamenting. നൈന വെക്ക to become fat, proud. നൈയിൽ കൈ മുക്കുക ordeal. നേരം ചെന്നു it is late. നേരം ക്ഷമിക്ക to give time. കാൽ നേരായി വന്നു the leg healed. നേരായി വരിക come to terms. നേരും നിലയും truth and right. കണക്കിന്റെ നേൎവ്വഴി—പോലെ ഉള്ളതു കൊടുക്ക what is justly due. കാൎയ്യത്തിന്റെ നേൎവ്വഴിപോലെ according to the merits of the case. നേൎവ്വഴിക്കു വരിക to submit. വീൎപ്പു നേൎത്തു പോകുന്നു to die. നൊടിച്ചു വിളിക്ക to call one near as a dog. നോമ്പു പിടിക്ക, കാക്ക, നോല്ക്ക to observe fasting.

പകവീളുക, പോക്കുക to revenge. പകരം ആക്ക to substitute. പകരം ചെയ്യു revenge. പകരത്തിന്ന പകരം like for like. പകരം വീട്ടുക, വീളുക, കൊടുക്ക to remunerate. പക്ഷം പറക to maintain one's own cause or friends. വേണ്ട എന്ന പക്ഷക്കാർ those that are against it. പട വെട്ടുക to commence a fight. പട ഓടുക, തിരിഞ്ഞു മണ്ടുക, മടക്കുക to be defeated. പട ഏല്ക്ക, കഴിക്ക fight a battle. പട ജയിക്കുക to take the field. പട കയറുക to storm. ഒരു പടിയായിരിക്ക neither better nor worse. പട്ടിണി ഇടുക, വെക്ക to abstain from food, as one day after a death. പട്ടിണി കിടക്കുക to starve. പട്ടോല ചാൎത്തുക to sign an order. അവന്നു പതപ്പില്ല he is void of natural affection. പരപ്പിൽ ചൊല്ലി circumstantially. പരമുഖത്തു നോക്കുക to lust. പരീക്ഷ കൊടുക്ക to go up for an examination. പറഞ്ഞേച്ചു പോരുക return after performing a commission. കണ്ണു പറിക്കാതെ നോക്ക fix the eyes upon something. അവന്നു നന്നായി പററി went to his heart. പററി കൊൾക obtain possession. ഒരുവനെ പററിക്ക to cheat one. പള്ളി കൊൾക retire to rest. പഴകിപ്പോയി an old hand at something. പഴി വാങ്ങുക to take revenge. മനസ്സിന്ന നല്ല പാകം വന്നിരിക്കുന്നു has become humble. ബുദ്ധി പാകം വരുത്തുക to direct properly. ന്യായത്തിന്ന പാങ്ങില്ല the reasoning is not to the purpose. പാങ്ങു പറക to excuse. നിന്റെ പാട്ടിന്ന പോയ്ക്കോ mind your business. കണ്ട പാടു in the same way as before. ഒരു പാട്ടിലായിരിക്ക in a tolerable order. പാടും പേയും പറക to scold. പാട്ടാക്ക്വോക to become public. പായും പലകയും തന്നു treated as her

husband. ഒട്ടും പാൎക്കാതെ at once. പാറാവിൽനിന്നു വിട്ടയച്ചു released from confinement. പാവിടുക, പാവോടുക to make a warp. പാളയം കെട്ടുക, ഇറങ്ങുക to encamp. പിച്ചനട the waddling of children when they begin to walk. പേയും പിച്ചും പറക to be delirious. ഉന്തും പിടിയുമാക to quarrel, fight. ഉറക്കം പിടിക്ക to go on sleepy. പിട്ടു പറക impose on. പിട്ടു കാട്ടുക threaten. പിന്നോക്കം മാറുക retreat. വാക്ക പിരളുക to talk to no purpose. പിഴ ഏല്ക്ക, ചൊല്ക, കേൾപ്പിക്ക, മൂളുക to confess. പുകഞ്ഞു പോയി failed completely. പുടംവെക്ക, ഇടുക put to the test. ചുവരിന്മേൽ നില്പാൻ പുതം കിട്ടുന്നില്ല cannot get a footing. എന്തു പുതുമ ആയ്‌ what can it be. പുറം കാട്ടുക to turn the back on one (flight or discourtesy). പുറത്താക to come out (a secret). പുറത്താക്ക to exclude. പുറത്തു പറക to speak out. വേല പൂജ്യം ആക്ക to lose appointment. കാൽ പെരുത്തു പോക to be benumbed. പാൽ പെരുത്തു (തെരുത്തു) പോയി milk spoiled. പേച്ചി പേച്ചി നടക്ക dragging one leg (as drunkards). ഭാഷ പേൎക്ക to translate. പൈ കെട്ടുക to satisfy hunger. പൈമാശി നോക്കുക, എടുക്ക to survey a ground. പൊക്കണം ഇടുക, തോളിലിടുക to go begging. പൊങ്ങൽ പറക to talk impudently. പൊടന (പോങ്ങ) (*f. e.* ഒരു പൊടന അരി) as much as can be held by two hands. പൊട്ടി കരഞ്ഞു, ചിരിച്ചു bursting cry or laughter. ഒരു വെടി പൊട്ടി a gun fired. പൊട്ടി തെറിച്ചവൻ one who has lost all self-command. പൊട്ടിച്ചു പറക to chatter aloud. വിരൽ പൊട്ടിക്ക to crack the finger. ആക്കം പൊട്ടിയവൻ discontented. വായി പൊത്തുക to hold the hands before the mouth (reverentially). പൊത്തി പൊതിഞ്ഞു വെക്ക to conceal a matter. പൊത്തിപ്പിടിക്ക to seize round the shoulders and arms. പൊലിക്കടം കൊടുക്ക to lend on usury. കത്തു പൊളിക്ക to open a letter. പൊളിച്ചെഴുതുക to cancel and renew a deed. മാൎഗ്ഗം പൊളിക്ക to apostatise. പൊളിച്ചു കെട്ടുക to thatch afresh. പരീക്ഷയിൽ പൊളിഞ്ഞു പോയി to fail. പൊള്ളുന്നതും കുളുന്നതും warm and cold meals. എനിക്ക എന്തു പോയി what do I lose by it? പോയയാണ്ടു last year. പൊയ്ക്കൊൾക to take oneself off. ഒരു പോക്കിൽ കൊടുക്ക to manage it economically. പോക്ക വരവു passing to and fro, intercourse, income and expenditure. ജീവനെ പോക്കുക venture, sacrifice life. പോരാതെ പോക insufficient. ആറു ഉറുപ്പികെക്ക പോരുന്ന കത്തി worth six rupees. പോരുന്നവൻ competent. പോന്നു പോരാത്തു right and wrong. ചത്തു പ്രായമാക to be well nigh dead. പ്രിയം വിളിക്ക to praise an article for sale.

കാൎയ്യത്താൽ ബന്ധിക്ക to take part in a business. ബുദ്ധി പറക, ഉപദേശിക്ക to admonish. ബുദ്ധിവെക്ക, ബുദ്ധികൊള്ളിക്ക to grow wiser, to comprehend. ബോധം കെട്ടു വീണു swooned. ഇനി നിണക്ക മനസ്സിൽ ബോധിച്ച പോലെ do as you think best. ബോധിച്ചു കൊൾക be persuaded. നിണക്ക ബോധമുള്ള ആൾ approved by you.

ഭഗീരഥ പ്രയത്നം പോലെ Herculean task. ഭരമേല്പിക്ക to give in charge. ഭരമേല്ക്ക receive in charge. ഭസ്മം ഇടുക, തൊടുക, ഭസ്മക്കുറിയിടുക to rub ashes on the forehead. എന്റെ ഭാഗം my lot. ഭേദഭേദങ്ങൾ various items.

മംഗലം കൂറുക to congratulate. മംഗലമസ്തു farewell! മട്ടിച്ചുകളക (വട്ടത്തിലാക്ക) play a trick unawares. മട്ടിന്നു നില്ക്ക to know one's place. മണി മുട്ടുക, തട്ടുക, കൊട്ടുക to strike a bell. മണി ഇളക്കുക, കിലുക്കുക to ring a bell. ഉറുപ്പിക മണിയുന്നില്ല

the rupee does not sound. മണിച്ചു വിളിക്ക to call for a dog or a servant. മതി കെടുക to lose consciousness. കണ്ടാൽമതിയാകയില്ല I am never tired of seeing. മതിപോരുക to suffice. മദ്യപിച്ചുകൊണ്ടു നടക്ക to lead a drunkard's life. മദ്ധ്യേ മദ്ധ്യേ from time to time, again and again. മനമഴിഞ്ഞു melted by love. മനം പൊറുക്ക to have patience. മനോരാജ്യം ചിന്തിക്ക, വിചാരിക്ക to build air-castles. ആചാരം മന്ദമാകുന്നു goes out of fashion. നല്ല മയമായിരിക്ക to conduct oneself well. കോൾമയിർ കൊൾക horripilation. മരണപ്പാച്ചൽ പായുക to run for life. മരിച്ചുകളക to commit suicide. മരിച്ചു മരിക്കാതെ barely escaping. മായത്തു് ആട്ടുക to drive away. ആൾമറ കെട്ടുക to build a wall of wells. കാട്ടു മറഞ്ഞു പാൎക്ക to lie in ambush. കീഴ് മേൽ മറിയും വണ്ണം to roll. അവൻെറ മറു കണ്ണിൽ ആകുന്നപോ he is greedy for everything. മറുമുഖം നോക്ക to commit adultery. അതുകേട്ടു മലൎന്നുപോയി I was persuaded, defenceless. കുട മലൎത്തി വെക്ക put the umbrella down. മക്കി തെളിയിക്ക to snuff a candle. മഴ പെയ്യു; മഴ നില്ക്കു to rain; rain to cease. മാട്ടിവെച്ചു took him fairly in. മാനം നോക്ക to have respect of persons. മാനം കാട്ടുക to appear at court, pay a dumb visit, show courage. മാൎഗ്ഗം പൊളിക്ക to renounce a religion. മാൎഗ്ഗം കൂട്ടുക to admit into a religion. മാൎഗ്ഗം ചേരുക, കൂടുക, പൂകുക to join a religion. ചൊടി മാറുക one's rage to be over. പല്ലു മാറുക to get new teeth. മാററം വരിക, ചെയ്ക, ആക്ക to transfer officials. മാററു മരുന്നു antidote. മാററമായി പറക to contradict. മാലയിടുക to marry (esp. of princess), to choose one's husband. മാലാൻ കട്ടുക്കുക to outwit the Mālān (being very cunning). മിനക്കെടുക to idle away time. കൺ മിഴിക്കുന്നതിന്നുമ്പേ in less than a moment. വാരി മിഴിങ്ങി to gulp down. മിഴുങ്ങിപ്പറക to slur, speak inarticulately. മിടിട്ടു കുടിക്ക to sip like animals. മുഖം മുറിച്ചു പറക to speak impartially. എന്റെ മുഖം നോക്കി പറഞ്ഞു dared to tell me. മുഖം കെട്ടുപോയി put to shame. മുഖതാവിൽ in the presence of. മുഖത്തിട്ടടിക്ക to beat one's own child (without a cause) before somebody, implying thereby that the person deserved to be beaten. ഒരു നാൾ മുങ്കൂട്ടി a day before. മുടക്കിവെക്ക to lay up for a better market. പണം മുടക്കുക to advance money. തല മുടി കൊഴിയുക, വീഴുക to grow bald. മുടിഞ്ഞുപോ I wish you were dead. മുട്ടക്കോഴി a laying fowl (never put to brood). മുട്ടിന്നു എടുക്കുക for this time of need. ബുദ്ധി മുട്ടിപ്പോക to fail an argument. മുട്ടിച്ചു നടക്ക, പണിയുക without rest. മുന്നോട്ടു വെക്ക to revolt. മുറയിടുക to noise, complain. മുറം തുറുക to sift grain. മുറി വൈദ്യൻ half a doctor. മുഖം മുറിക്ക affront. മുറിയത്തിൽ ഒരു വഴി a short cut. മുറുക്ക, മുറുക്കയായിട്ടു most urgent. വെററില മുറുക്ക to chew betel nut. മുല മാററുക to wean. മുല വിടുക, മുലകുടി മാറി is weaned. മുല കുടിക്ക to suck the breast. മുഷിച്ചൽ തോന്നുക, ഭാവിക്ക, വിചാരിക്ക, വെക്ക to feel amiss. നിന്റെ മുഖത്തു മീശ മുളച്ചിട്ടില്ലേ you have no courage. മുഴം ഇടുക, വെക്ക to measure with fore arm. മുഴങ്കാല്‌ കുത്തി (മുട്ടു കുത്തി) to kneel. പാൽ മുഴുത്തുപോയി congeal. മൂക്കിൽ കൈ കുത്തുക to give in. മൂക്കു കൊഞ്ഞിച്ചു പറക to speak through the nose. മൂക്കു ചീന്തുക, ചീററുക, പിഴിയുക to blow the nose മൂരി നിവിരുക, വിടുക, (വിജൃംഭിക്ക) to stretch oneself. ആയുധങ്ങളെ മൂൎച്ച കൂട്ടുവിൻ, ഊട്ടുവിൻ whet your swords. നെൽ മൂൎച്ച കൂടുന്നു harvest is near. മൂലയിലായ്പോക to become useless. മൂലാഗ്നി കത്തുക to have strong appetite. ചെവി മൂളുക ears to tingle. വയറു മൂളുക rumbling of bowels. അവൻ അതിന്നു മൂളിയില്ല

he did not consent or agree to that. മൂളി or മൂണ്ടകേൾക്ക listen attentively. മെയ്യറക്ക to faint etc. മെയ്യിടുക to transfer property to another person. മേളം കൂട്ടുക to unite in a concert. മേളം കൊട്ടുക to play. മേൽകീഴാക topsy-turvy. നിണക്ക ഒരു മേൽകീഴില്ലേ you do not care for rank. മൊഞ്ചും മൊട്ടും പറക, കാട്ടുക discorteously to speak or behave. മൊട്ട അടിക്ക to shave the head completely. മൊഴിയും മൊഴികേടും wrong or right. മൊഴിവഴി just behaviour. മോതിരക്കൈ a gentleman's hand. മോത വീഴുക to ship a sea. മോന്തി കുടിക്ക to gulp down.

യമലോകപ്പിരട്ടൻ one who cheats the devil. യാത്ര ചൊല്ലു, ഉണർത്തിക്ക, പറക to say good-bye. യാത്ര അയക്ക to send off, accompany for a short distance. യാത്ര ആക to set out. യാത്ര ആക്ക to despatch. അതിന്നു യുക്തി ഉണ്ടു that will do, very possible, plausible, quite conclusive. യുക്തി വിരോധം unseemly. യുക്തി യുക്തം adopted for the occasion. യുദ്ധം ഏററിടുക to give battle. യോഗം കൂട്ടുക to bring together a meeting. യോഗ്യം പൊറുക്ക to undertake a responsibility.

സത്യത്തെ രക്ഷിക്ക to keep an oath. രണ്ടാം പണി doing over again. രണ്ടനേരം twilight. രണ്ടും കെട്ട neither good nor bad. രാജി ബോധിപ്പിക്ക to retract a case. രാജി ആക to be reconciled. രാജി ആക്ക to compromise. രാജി കൊടുക്ക settle a complaint by amicable arrangement, take one's resignation.

ലാക്ക മുട്ടുക reduced to straits. ലാക്ക വെച്ചു mind has set in.

വക കാണുന്നില്ല no livelihood. വക വെക്ക to place to the account of, make allowance for, to mind. വകഞ്ഞു കൊടുക്ക to have a work done by agreement, so much for each job. വടക്കൻ ഭാഗം കിഴിക്ക to dismiss by the back-door a deceased Nayar's wife previous to his burial. പരന്ന വടിവു free hand. വട്ടം പിടിക്ക to move always round, be obstinate. വട്ടം പോരുക to go about dejected. വണ്ണേ കുടിക്ക the pure (medicine). വണ്ണേ കൊടുക്ക unasked. വമ്പുകൾ കാട്ടുക to behave insolently. വയറു ഇളക്ക to purge. വയററു പാടിന്നു പോക to go to work. വയസ്സു ചെല്ലു become old. വന്നു പോട്ടേ let it come, if unavoidable, I am ready for it. ഒരു വററു പോലും ഉണ്ടായിരുന്നില്ല not a bit. കൈ വററിപ്പോക to have nothing more to give. വല വെക്ക to set a net. വല ഇടുക, വീശുക to cast a net. വല അടെക്ക to mend nets. വല ഉണ്ടാക്ക, കെട്ടുക to make a net. വല പോക to go fishing. വലത്തിടുക, വലംവെക്ക, വലത്തുവെക്ക circumambulate. ചുരുട്ടു വലിക്ക to smoke a cigar. വല്ലാതെ തോന്നുക not to feel comfortable. ഒരു വഴി കല്പിക്ക to provide a livelihood. വഴി പറക, വഴിക്കാക്കുക to account for, set right. വഴി തെററുക, വഴിപിഴെക്ക to go astray. വഴിയെ പോയി, വഴിയോട്ടു പോയി get behind. വഴി യായ്പ്പോയി, വഴിയാക, വഴിവരിക come right, mend. വഴി വിടുക, കൊടുക്ക, നല്കുക, മൂളുക to let one pass. വഴിയും മൊഴിയും തിരിക്ക to decide disputes about honour and right. കുറേ വാങ്ങിനില്ലു give room. കുടി വാങ്ങിപ്പോക to emigrate. പിന്നോക്കം വാങ്ങുക to withdraw. വാചകം തീക്ക to draw up a deed. വാട്ടം വരുത്തുക to put to shame. വാട്ടം പിടിക്ക to incline to one side. വായി കീറിയവൻ maker. വായിലാക to be already half-eaten. വാ പിളൎന്നു നില്ലു, വാ പറക to abuse. വായ്യാരം പറഞ്ഞു big talk. വാ വിടുക to yawn. വാരിക്കൊടുക്ക to give liberally. നെല്ലിന്നു വാറില്ല no great demand. വാറു വെക്ക to prize, make much of. നല്ലവാറ് very drunk. വാൎത്തകൾ നടത്തുക to spread rumours.

വാലൊട്ടിച്ചുപോക to draw in the tail, to be humbled. വാശി പറയുന്നു obstinate contradiction. ഉപ്പു വാഴുക (വിളയിക്ക) to make salt. പെണ്ണിനെ വാഴിക്ക to get a girl married. വിക്കിവിക്കിപ്പറക to stammer. വിടകൊടുക്ക to dismiss honorably. വിടകൊൾക get oneself dismissed. വിടവാങ്ങുക to go. വിടതൊഴുതു took farewell. എന്നെ തടവിലിട്ടു വിടക്കാക്കേണ്ട don't undo me. ഇരു വിന വന്നു കൂടി misfortunes came not singly. വില നിരക്ക agree about. വില സമ്മായം ആക്ക, വില ചുരുക്ക, ഇരുത്തുക, മുറിക്ക, വെക്ക settle. വില ഏറുക to buy dear. എന്തു വില how dear! വലിയ വില dear. അരുതെന്നു വിലക്കൊല്ല don't refuse. വിലങ്ങിവെക്ക (വിലക്കുക) to cross out writing. വിലങ്ങിച്ചുകൂടാ I cannot get out, however I turn. വില്ലും കത്തിയും ഉള്ളവൻ energetic. ഒരു വിവരം അറിയുന്നില്ല all in a maze. വിവശപ്പെടുക്ക to drive mad with torments. വിവാഹം നിശ്ചയിക്ക betroth. വിശപ്പു അടങ്ങാറില്ല I am always hungry. വിശപ്പു അടക്ക; ദാഹം തീർക്ക (ഇളെക്ക) to appease hunger; quench thirst. വിഷം തീണ്ടുക to be bitten (by a snake). നിന്റെ കൈവിളയാടിയാലേ നന്നായിരിക്കു it will be done well only if you take it in hand. കൊമ്പു വിളങ്ങുക to appear on the stage. വിളക്കു ഇടുക, വെക്ക to place a lamp in honour of Gods etc. വിളക്കു കെടുക്ക, ഊതുക, പൊലിക്ക, മറെക്ക, നിറെക്ക to put out. വിളക്കു തെളിയിക്ക, നിറത്തുക to trim a lamp. വിഴുങ്ങുക (കോപം) to swallow. വീണവായിക്ക to play the piano. വീൎപ്പു കളക, കഴിക്ക, വിടുക, അയക്ക to breathe out. വീൎപ്പു കൊൾക, ഇടുക to take breath. വീൎയ്യം വലിപ്പിക്ക or വെളിപ്പിക്ക to brag. വീറു പിടിപ്പിക്ക to ask an exorbitant price. വീറു കാണിക്ക to praise up goods. അത്ര വീറു (പൊങ്ങച്ചം) കാട്ടേണ്ട, വീറു കാട്ടുക to act the grandee. വല (മീൻ) വീശുക to cast the net. വീഴവീഴ ചെയ്തു made to fall off one by one. വീഴക്കാരം പറക superfluous talk. പറഞ്ഞുവെക്ക be sure to tell. എന്നെ വെച്ചു പോയി unconcerned about me. പുഷ്ടി (തടി) വെച്ചു grow fat, stout. ഒരു കൊല്ലം വെച്ചു passing by one year, deferring. വെച്ചു പറക to allude slightly. വെച്ചേക്ക to leave off, give up. വെടി പിഴെക്ക to missfire. വെടി പറക (പൊളി പറക) idle talk (mixed up with lies). വെട്ടവെളിച്ചം broad day light. ഇടി വെട്ടുക the lightning to strike. വെപ്പു വെക്ക to burn tiles. രണ്ടു വെയിൽ കൊണ്ടു two days'. വെയിൽ കൊൾക, കായുക expose oneself to the sun. വെയിലോടെ പോരുക to come in the heat of the day. വെറും വയറ്റിൽ സേവിക്ക empty stomach. വെറ്റില കീറി പകുക്ക entire disrupture of a family. വെറ്റിലപ്പാക്കും കൊടുത്തു to confirm an agreement. വെളിയിലാക്ക to put out, release. മുഖ വെളിവു a fair happy face. നേരം വെളുക്കുക the sun to rise. നിലാവു വെളുക്കുക the moon to rise. വെള്ള കീറിക്കൊണ്ടു ഇരിക്ക, വരിക the morning to dawn. വെള്ളകയറുക to dawn, the moon to rise. വെള്ള വീശുക to show a flag of truce. വെള്ളയിൽ പറഞ്ഞു uncoloured truth. വെള്ളം കുടിച്ചു മരിക്ക to be drowned. വേണ്ടതില്ല never mind. വേർ പാകി (നിന്നൊരു വാഴ്ച) well rooted. വേർ പായുക, ഓടുക to spread. വേലി കെട്ടുക, അടെക്ക, പൊളിക്ക to make a hedge. വേഷം ധരിക്ക, കളക, അഴിക്ക, തിരിക to assume a disguise. വേളി പിടിക്ക to grow frightened, as cattle. നേരം വൈകി it is late. വൈവരം കൊടുക്ക to cry aloud as women, children. വ്യവഹാരം പറക to litigate.

ശകുനം നോക്ക, പാൎക്ക to consult omens. ശണ്ഠകൾ ഇടുക to fight. ശബ്ദം ഇടുക to make noise. ശബ്ദം തിരിക to pronounce distinctly. ശബ്ദം പിഴെക്ക, ഒക്കാതെ out of

tune. ശരണം പ്രാപിക്ക to throw oneself on one's mercy. ശരി പൃതം പോരുക to suit one's taste. ശശശൃംഗം (a hare with horns) an absurdity. ശസ്ത്രാസ്ത്രവിദ്യകൾ fencing and archery. വ്യാധിക്കു ശാന്തം വരും disease will be cured. നല്ല ശിക്ഷയിൽ ഉണ്ടു I enjoyed my meal very much. ശിപാൎശി ചെയ്ക to give a recommendation. ശീതം പിടിക്ക (ജലദോഷം) to catch a cold.

സത്യം വാങ്ങുക (ഒരുവനെക്കൊണ്ടു) സത്യം ചെയ്യിക്ക to take an oath. സന്ധിക്കൂട്ടുക to make peace. സമയം നോക്ക to watch for an opportunity. സമയവും സത്യവും ചെയ്ക solemn promises. ചോദ്യത്തിന്നു സമാധാനം കൊടുക്ക to settle a question. സമാധാനം ആക്ക, സമാധാനപ്പെടുത്തുക to reconcile parties. ആക്ടിലെ താല്പൎയ്യത്തിന്നു സംബന്ധിക്കും comes within the provisions of the Act. ഇതിനെ നിങ്ങൾക്കു സമ്മതം ആക്കി തരാം either I shall prove it to you or get your consent for it. പള്ളിയെ പ്രതിഷ്ഠിക്ക (സംസ്കരിക്ക) to consecrate a church. സവാരിക്കു പോക to ride out. സാമാന്യം നല്ലതു (വേണ്ടതില്ല, മെക്കില്ല) upon the whole good. എന്നു സിദ്ധം it is acknowledged. സൂചിമുനയെക്കൊണ്ടു കുത്തുവാനുള്ള നിലം കൊടുക്കുന്നില്ല not yield an inch. മരുന്നു സേവിക്ക (ചെയ്ക) to take medicine. സ്ഥിതി ചെയ്ക to settle. സ്നേഹം വീഴുക to fall in love. സ്വകാൎയ്യമായി പോക, പറക go, speak alone. സ്വകാൎയ്യക്കത്തു private letter. സ്വപ്നം കാണുക to have a dream.

ഹിതങ്ങൾ പറക to give mixed advices. ഹിതാഹിതം more or less to the point. ഹിതങ്ങളെ വിചാരിക്ക, പ്രിയാപ്രിയങ്ങളെ വിചാരിയാതെ to mind the matter, not the feelings. ഹൃദയം (കള്ളി) തുറന്നു പറക unbosom oneself. ഹൃദയം കാട്ടാതെ reserved. ഹേതുവല്ലാത്ത മാനുഷൻ innocent.

# APPENDIX II.

## Some Important Words borrowed from other Languages and being in vogue in Malayalam.

### I. Syrian.

കൂദാശ one of the seven sacraments of Rome. നസ്രാണി a Nazarene, Syrian or Syro-Roman Christian. ബെസ്ഫക്കാന the purgatory, *Nasr.* മല്പാൻ Doctor of Divinity. മശിഹ the Messiah. മാറാൻ Lord, a large inferior yam. മാലാക an angel. മെത്രാൻ a bishop. ശ്ലീഹാ an apostle. ഇസ്ത്രി smoothing iron. ഉണ്ടിക and ഹുണ്ടിക bill of exchange. ഉറുപ്പിക rupee. കട്ടാരി dagger. കീൽ pitch. കീശ, കീസ pocket. ചിട്ടി a note, chit, document given by the Travancore Government. ചേലാ one forced to become a Muhammedan. ടപ്പാൽ post, relay of bearers. തമ്പു tent. തൊപ്പി a hat, cap. തോക്ക a gun. സാൽ a "shawl", silk.

### 2. Persian.

അച്ചാർ pickles. അൾമാറി almeira, wardrobe. ഉറുമാൽ handkerchief, headcloth. ഓഹരി share, part, portion. കാക്ക, കാക്കാൻ (paternal uncle, kākō maternal uncle) mother's brother. കൂജ gogglet. ഗുമസ്തൻ agent in government employ. ചാവുക്ക horse-whip. ചുറുക്ക vinegar. ജീൻ a saddle, a wooden anchor. തയ്യാർ ready. ത്രാസ്സ balance. ദൎബ്ബാർ audience, hall. ദിവാൻ a minister of state, vezir's office in Cochin and Travancore. നങ്കൂരം an anchor. മേല്ക്കൊയ്മ? 

ബന്തർ port, bunder. ബന്തോവസ്ത settlement, arrangement. ബഹാദർ champion, hero, a title. ബാദാം almond, also *terminalia.* മാലിഖാന what is due to the mālik or proprietor, when set aside from the management of his estates, annual allowance to deposed Rājas. മൈതാനം a plain, flat, open field. മോഹർ gold coin, 15 Rupees. യാദാസ്ത a memorandum, postscript. രഹദാരി collection of duties on roads, passport specifying that the duties are paid, free pass. ലഗാം a bridle. ശരാശരി from end to end. ശിപ്പായി a soldier; peon ശിപാൎശി recommendation. ശിരസ്ത office. സൎക്കാർ Government. സവാരി riding. സമാൻ apparatus, materials, baggage, things.

### 3. Portuguese.

ഏലം, ലേലം auction. ഒലുമ്പ plummet. കമീസ് shirt. കസേര, കസേല chair. കരിശു cross. കൊമ്പസാരിക്ക to confess. ജനവാതിൽ window. തുറുങ്കു a jail. തുവാല towel. പിന്താരിക്ക to paint. പീപ്പ cask. പോൎക്ക pig. വത്തക്ക water-melon, *Cucurbita citrullus.* വരാന്ത verandah. വസ്സി vessel, basin. വില്ലൂതു velvet. വിശാകരി a hinge, iron band or clamp.

## 4. Arabic.

ആമീൻ person in charge, native judge. അൎജി, ഹൎജി petition. അവീൻ opium. അസ്സൽ original, primary first sort (അസ്സലായി = നന്നായി). ഇഞ്ജീൽ, ഇൻജീൽ evangelium. ഇക്ക uncle. ഇനാം gift, present, grant. ഇബിലീസ് devil, rogue. ഇമാൻ faith, honor. ഈമാൻ faith, credit. ഉപ്പാ father. ഉമ്മ mother. കടലാസ്സ് paper, letter. കപ്പി pulley to draw water. കലായി calaim, tinning of vessels. കവാത്തു drill, military exercise. കശാപ്പുകാരൻ, കസ്സായി butcher. കാപ്പി, കപ്പി coffee. കാപ്പിരി Negro, കാഫിർ infidel. കീമ alchymy. കുറുവാൻ the Koran. ഖജാന treasury. ചുക്കാൻ helm, rudder, paddle. ചൈത്താൻ satan, devil, demon. ജാമീൻ security, bail. ജാസ്തി addition, increase. ജിന്നു a genius, demon. ജില്ല side, a district, judicial province. തകരാർ altercation, wrangling. തമാശ show, spectacle, fun. തൎജ്ജമ dragoman, translation. താലൂക്ക് district; ദീൻ religion, Islam. ബതൽ, വതൽ, വതിൽ substitution. ബാക്കി remnant, surplus. മുസ്ലി, മുസല്മാൻ a Muhammedan, Mussalman. മുസ്സാവരി travelling. മുഹറം sacred, the first month of the Muhammedan festival. മേശ a table. റബ്ബി lord, god. റാക്ക് arrack, spirit. റാത്തൽ a pound of 12 oz. വസൂൽ collection, the revenue collected. വിലാത്തി country, especially Europe. മസാല spices, curry-powder. മാപ്പു pardon, exemption. മുനിഷി secretary, 'munshee'. മുനിസി or മുനിസിഫ് a judge ('Munsif', District Judge of a Talook in Malabar, Zillah of Travancore). സുന്നി an orthodox Muhammedan. ഹജൂർ royal presence, principal Collector's office. ഹജ്ജു pilgrimage to Mecca. ഹൎജി petition, memorial, representation. ഹറാം forbidden, unlawful. ഹാജർ present at hand. ഹാജി pilgrim to Mecca. ശാഫി a chief one of the four sects. സബൂർ the Psalms of David. സലാം peace, greeting, thanks. ഹൎജി petition, memorial, representation. സാബൂൻ soap. സാഹിബ് a lord, gentleman.

## 5. English.

കമ്മിട്ട്, കമിററ് to commit. കാടതു guard. കുമ്പഞ്ഞി company. ജനരാൽ general. ജേൽ jail. തിമ്പൾ, തുമ്പിൾ thimble. പാക്കെട്ടു pocket. പോലീസ്സ് police. പൌൺ pound. ബുറുഷ brush. ബൂട്ടുസ് boots. ബോട്ടു boat. മുൻസിപ്പാൽ muncipal. രപ്പോടത്തു report. രശീതി receipt. റജിസ്ത്രു registration. റിക്കാട്ടു record. ലീസ്റ്റ് list. വാറണ്ടു, വാറാണ്ടു warrant. വീൽ bill. സൎക്കലർ circular. സൎക്കീട്ടു circuit. സിവീൽ civil. ശെഷൻ session. സ്പെഷ്യാൽ special. ഹാസ്പത്രി hospital. ഹെഡ്ഡ് head.

# APPENDIX III.

## Tables.

### TABLE I. (*Noun.*)

***Singular.***

| | | | | | | | | |
|---|---|---|---|---|---|---|---|---|
| *Nom.* | മകൻ[1] | പേർ[2] | കൈ[3] | രാജാ (രാജാവു)[4] | വീടു[5] | കയറു[6] | ദൈവം[7] | God. |
| *Voc.* | മകനേ | പേരേ | കയ്യേ | രാജാവേ | വീടേ | കയറേ | ദൈവമേ | oh God! |
| *Acc.* | മകനെ | പേരിനെ or പേരെ | കയ്യെ | രാജാവിനെ | വീട്ടിനെ | കയററിനെ | ദൈവത്തെ | God. |
| *Instr.* | മകനാൽ | പെരിനാൽ | കയ്യാൽ | രാജാവിനാൽ | വീട്ടിനാൽ | കയററിനാൽ | ദൈവത്താൽ | by God. |
| *Soc.* | മകനോടു | പേരിനോടു | കയ്യോടു | രാജാവിനോടു | വീട്ടിനോടു | കയററിനോടു | ദൈവത്തോടു | with God. |
| *Dat.* | മകനു | പേരിനു | കൈക്കു | രാജാവിനു | വീട്ടിനു | കയററിനു | ദൈവത്തിനു | to God. |
| *Gen.* | മകന്റെ | പേരിന്റെ (പേരുടെ) | കയ്യുടെ | രാജാവിന്റെ | വീട്ടിന്റെ | കയററിന്റെ | ദൈവത്തിന്റെ | of God. |
| *Loc.* | മകനിൽ | പേരിൽ (പേരിങ്കൽ) | കയ്യിൽ | രാജാവിൽ | വീട്ടിൽ | കയററിൽ | ദൈവത്തിൽ | in God. |

***Plural.***

| | | | | | | | | |
|---|---|---|---|---|---|---|---|---|
| *Nom.* | മക്കൾ | പേരുകൾ | കൈകൾ | രാജാക്കൾ | വീടുകൾ | കയറുകൾ | ദൈവങ്ങൾ | Gods. |
| *Voc.* | മക്കളേ | പേരുകളേ | കൈകളേ | രാജാക്കളേ | വീടുകളേ | കയറുകളേ | ദൈവങ്ങളേ | oh Gods! |
| *Acc.* | മക്കളെ | പേരുകളെ | കൈകളെ | രാജാക്കളെ | വീടുകളെ | കയറുകളെ | ദൈവങ്ങളെ | Gods. |
| *Instr.* | മക്കളാൽ | പേരുകളാൽ | കൈകളാൽ | രാജാക്കളാൽ | വീടുകളാൽ | കയറുകളാൽ | ദൈവങ്ങളാൽ | by Gods. |
| *Soc.* | മക്കളോടു | പേരുകളോടു | കൈകളോടു | രാജാക്കളോടു | വീടുകളോടു | കയറുകളോടു | ദൈവങ്ങളോടു | with Gods. |
| *Dat.* | മക്കൾക്കു | പേരുകൾക്കു | കൈകൾക്കു | രാജാക്കൾക്കു | വീടുകൾക്കു | കയറുകൾക്കു | ദൈവങ്ങൾക്കു | to Gods. |
| *Gen.* | മക്കളുടെ | പേരുകളുടെ | കൈകളുടെ | രാജാക്കളുടെ | വീടുകളുടെ | കയറുകളുടെ | ദൈവങ്ങളുടെ | of Gods. |
